IO

| വാല്യം 84 |
|---|

പഴയന്നൂർ ബ്ലോക്ക്

(തൃശ്ശൂർ ജില്ല)

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

# ഒമ്പതാം പദ

# ജനകീയ പദ



# വികസന റിപ്പോർട്ട്

## തിരുവില്വാമല ഗ്രാമപഞ്ചായത്ത്

## 1996

84-6

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## വികസന റിപ്പോർട്ട്

**തിരുവില്വാമല ഗ്രാമപഞ്ചായത്ത്**

**1996**

**വികസന സെമിനാർ**

**30.11.96**

**ഗവ : വൊക്കേഷണൽ ഹൈസ്കൂൾ**

**തിരുവില്വാമല**


അധികാരം ജനങ്ങളിലേക്ക്



K. RADHAKRISHNAN
MINISTER FOR THE WELFARE OF
BACKWARD AND SCHEDULED
COMMUNITIES

*സുഹൃത്തേ,*

*ഒൻപതാം പദ്ധതി ആസൂത്രണത്തോടനുബന്ധിച്ച് പ്രത്യേക ഗ്രാമസഭ യോഗങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്ന നമ്മുടെ ഗ്രാമത്തിലെ പ്രശ്നങ്ങളും, വികസനസാധ്യതകളും അടങ്ങുന്ന ഈ റിപ്പോർട്ടും, ജനകീയ ആസൂത്രണ പ്രവർത്തകരും പൂർണ്ണമായ ലക്ഷ്യത്തിലെത്തട്ടെ എന്ന് ആശംസിക്കുന്നു.*

*വിനയപൂർവ്വം*

**കെ. രാധാകൃഷ്ണൻ**

**S. AJAYA KUMAR**
Member of Parliament
(Lok Sabha)

A.K.G. Mandiram,
Ottapalam, Kerala
Phones : 644541 (Off.)
644673 (Res.)
3736369 (Delhi)



പ്രിയ സുഹൃത്തേ,

ഒൻപതാം പദ്ധതി ജനകീയ-
പദ്ധതിയാക്കാനുള്ള സമഗ്ര
മായ ഗ്രാമതലആസൂത്രണം,
ഊർജ്ജസ്വലമായി നടന്നുവ-
രികയാണല്ലൊ...

അതിന്റെ ഭാഗമായി, തിരു-
വില്വാമല ഗ്രാമപഞ്ചായത്ത്
പ്രസിദ്ധീകരിക്കുന്ന പഞ്ചാ-
യത്ത് വികസനറിപ്പോർട്ടിനും
ജനകീയാസൂത്രണ പ്രസ്ഥാന
ത്തിന്റെ പ്രവർത്തകർക്കും
എല്ലാവിധ ആശംസകളും നേ-
ർന്നുകൊള്ളുന്നു.

സ്നേഹപൂർവം,

[signature]



*തിരുവില്വാമല ഗ്രാമ പഞ്ചായത്ത്*
*തുടക്കം കുറിച്ച ജനകീയാസൂത്രണ*
*പരിപാടിക്ക് വിജയാശംസകൾ*

**വി. കെ. എൻ**



# ജനകീയാസൂത്രണം എന്ത് ? എന്തിന് ?

കെ. ശശികുമാരനുണ്ണി
ഗ്രാമ പഞ്ചായത്ത്
പ്രസിഡണ്ട്

പൂർണ്ണമായ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയയാണ് ജനകീയാസൂത്രണം എന്ന പ്രയോഗം കൊണ്ട് വിവക്ഷിക്കുന്നത്. ഇത് അടിസ്ഥാന തലത്തിൽ തുടങ്ങുന്ന ഒരു പ്രവർത്തനമാണ്. അതാതു പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് അവസരം പ്രദാനം ചെയ്യുന്നു എന്നതാണിതിന്റെ പ്രധാന സവിശേഷത. അതുകൊണ്ടുതന്നെ ഇത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമാണുതാനും.

ഒമ്പതാം പദ്ധതിയുടെ 35/40 % തുക പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്നതാണെന്ന് ബഹു: മുഖ്യമന്ത്രി ഇതിനകം പ്രസ്താവിച്ചിട്ടുണ്ട്. ഈ തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അടുത്ത വർഷം ലഭിക്കുമെന്ന് വിശ്വസിക്കുന്നു. ഇതിലേക്കുള്ള പദ്ധതികളാണ് പഞ്ചായത്തുകൾ പൂർണ്ണമായ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യേണ്ടത്. ഈ പദ്ധതികളുടെ നിർവ്വഹണവും ജനപങ്കാളിത്തത്തോടെയാണ് നടത്തേണ്ടത്. അതിനാൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾക്ക് പ്രായോഗികത അനിവാര്യമാണ്. അവ അതാത് പ്രദേശങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതായിരിക്കണം. പൂർണ്ണമായ പൊതുജന പങ്കാളിത്തം തീർച്ചയായും ഇതിന്റെ മുഖ്യഘടകമായിരിക്കുകയും വേണം; എന്നുമാത്രമല്ല ഉൽപ്പാദനരംഗത്തിന് കഴിവതും പ്രാധാന്യം നൽകിക്കൊണ്ടുള്ളതുമാകണം. അതിനാൽ പൊതുജനതാല്പര്യം പൂർണ്ണമായും ഉൾക്കൊള്ളുന്നതായിരിക്കണം പദ്ധതി ആസൂത്രണം. ഒരു വിധത്തിലുമുള്ള വിഭാഗീയ പ്രാദേശിക ചിന്തകളും ഇവിടെ പാടില്ല. ഈ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ കാഴ്ചപ്പാടിൽ കാതലായ മാറ്റം വരുത്തുകയാണ് ഒന്നാമതായി വേണ്ടത്. സമഗ്രപ്രാദേശിക വികസനത്തിനും പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾക്കുമാണ് മുൻതൂക്കം നൽകേണ്ടത്.

ഈ ജനകീയ പദ്ധതി ആസൂത്രണത്തിന് തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നതിനുമായി പ്ലാനിങ്ങ് ബോർഡ് ഇതിനകം തന്നെ രണ്ടുഘട്ടങ്ങളിലായി വിവിധതലപരിശീലനങ്ങളും നൽകിക്കഴിഞ്ഞു. എല്ലാവിഭാഗം ഉദ്യോഗസ്ഥരുടെയും സജീവസഹകരണവും പങ്കാളിത്തവും ഈ യജ്ഞത്തിന് കൂടിയേ കഴിയൂ. പരിശീലത്തിനു നിയോഗിക്കപ്പെട്ടവർ, ഉദ്യോഗസ്തവൃന്ദം, അതാത് തലങ്ങളിലെ വിദഗ്ദർ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ വിഭാഗീയതകൾക്കതീതമായി സ്വയം പര്യാപ്തഗ്രാമസൃഷ്ടിക്കായി എല്ലാആളുകളും സ്ഥാപനങ്ങളും തീവ്രശ്രമം നടത്തുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഒരു പറ്റം സ്വയംസന്നദ്ധസേവകരുടെ സമർപ്പണമനോഭാവത്തിന്റെയും തൃഷ്ണയുടെയും ഉൽപ്പന്നമാണ് ഈ റിപ്പോർട്ട്. ഇതിന്റെ രചനാവേളയിലാണ് ആശ്രയിക്കേണ്ടി വന്ന വിവരശേഖരണത്തിന്റെയും വിദഗ്ദോപദേശത്തിന്റെയും പ്രാധാന്യം മനസ്സിലായത്. വിവരങ്ങളെ അപഗ്രഥിച്ച് വിവിധ വികസനമേഖലകളെ പഠിച്ചറിയാനും ഭൂപ്രകൃതിയും ജനപ്രകൃതിയും ജൈവസമ്പത്തും കണ്ടറിയാനും കേട്ടറിയാനും ഈ കൂട്ടായ്മയിലൂടെ കഴിഞ്ഞു.

ഇനി വേണ്ടത്; കണ്ടെത്താൻ കഴിഞ്ഞ പ്രശ്നങ്ങളിൽ നിന്നും സാദ്ധ്യതകളിൽ നിന്നും പരാഹരനിർദ്ദേശങ്ങളും അതിലൂടെ പദ്ധതി ആവിഷ്കാരവുമാണ്. ഇതിനു സഹായകമാവുംവിധം സമ്പുഷ്ടമായ ചർച്ചകൾ വികസനസെമിനാറിൽ ഉരുത്തിരിയുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം
ഗാന്ധിജി

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



ഇടശ്ശേരി ശ്രീധരൻ നമ്പൂതിരി

(1953-1963)

**ഇടശ്ശേരി ശ്രീധരൻ നമ്പൂതിരി**
ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്



പി. എ. എൻ. മേനോൻ

(1963 - 1984)

**പി. എ. എൻ. മേനോൻ**
മുൻ പഞ്ചായത്ത് പ്രസിഡണ്ട്



വി. കെ. സരസ്വതിയമ്മ

(1988 - 1989)

**വി. കെ. സരസ്വതിയമ്മ**
മുൻ പഞ്ചായത്ത് പ്രസിഡണ്ട്

## ഗ്രാമപഞ്ചായത്ത് സാരഥികൾ



കെ ശശികുമാരനുണ്ണി
പഞ്ചായത്ത് പ്രസിഡണ്ട്



വി. കുമാരൻ
പഞ്ചായത്ത് വൈസ് പ്രസിഡണ്ട്



പി. ആർ. പ്രഭാകരൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെർമാൻ



സി. കുട്ടപ്പൻ
പഞ്ചായത്ത് മെമ്പർ



ബാബു
പഞ്ചായത്ത് മെമ്പർ



ജയചന്ദ്രൻ
പഞ്ചായത്ത് മെമ്പർ



ഗേപകുമാർ പി.
പഞ്ചായത്ത് മെമ്പർ



പത്മജ
പഞ്ചായത്ത് മെമ്പർ



സി. വള്ളി
പഞ്ചായത്ത് മെമ്പർ



ഷീലാപണിക്കർ
പഞ്ചായത്ത് മെമ്പർ



സരസ്വതി
പഞ്ചായത്ത് മെമ്പർ

## ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ



**ഇ. വേണുഗോപാല മേനോൻ**
ജില്ലാ പഞ്ചായത്ത് മെമ്പർ



**പത്മാവതി**
പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



**കെ. പി. ശ്രീജയൻ**
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

## ഉപദേശകസമിതി അംഗങ്ങൾ



**ഐ. ചന്ദ്രശേഖര വാര്യർ**
ടെക്നിക്കൽ മെമ്പർ (റിട്ട.)
കെ. എസ്. ഇ. ബി.
ഉപദേശകസമിതി



**വി. കെ. സരസ്വതിയമ്മ**
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.)
എഡ്യുക്കേഷൻ
ഉപദേശകസമിതി



**ബാബു. ജെ. പുന്നൂരാൻ**
റിട്ട. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
കേരളാ വാട്ടർ അതോറിറ്റി

**ജനറൽ കൺവീനർ**



എൻ കുമാരൻ
(ജനറൽ എക്‌ഷൻ ഓഫീസർ, പഴയന്നൂർ ബ്ലോക്ക്)

# എഡിറ്റോറിയൽ ബോർഡ്



**എം. ആർ. ഗോപി**



**കെ. ജയപ്രകാശ് കുമാർ**



**പി. സേതുമാധവൻ**



**ടി. പി. ബാലഗോപാലൻ**



**ബാലകൃഷ്ണൻമാസ്റ്റർ**


MAP OF THIRUVILWAMALA PANCHAYAT
(1) WARDBOUNDARIES
(2) PWD ROAD
(3) PANCHAYAT ROAD
(4) THODU
(5) RIVER
PWD
N


ELECTRICAL 11KV LAY OUT - THIRUVILWAMALA PANCHAYATH
BHARATHA PUZHA
CHEERAKUZHI PUZHA
S.S PZR
1.
2.
3.
4.
(NOT IN SCALE)
110KV LINE
11 KV LINE
TRANSFORMER
LOW VOLTAGE AREA.
UN ELECTRIFIED AREA.

# ആമുഖം

ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ് വികസനം. സമ്പത്തിൻെറ ഉത്പാദനം മാത്രമല്ല, നീതിപൂർവ്വകമായ വിതരണവും കൂടി വികസനത്തിന് അനുപേക്ഷണീയമാണ്. കേരളത്തിലെ വികസന പ്രക്രിയയുടെ വളരെയേറെ പ്രകീർത്തിക്കപ്പെട്ട ഒരു വശമാണ് നീതിപൂർവ്വകമായ വിതരണത്തിൻെറ കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടം. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണമേന്മ ജനങ്ങൾക്ക് ഉറപ്പു നൽകുന്നതിന് കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടത്തിൻെറ പിന്നിലേക്ക് കടന്നാൽ മൂന്നു കാരണങ്ങൾ നമുക്കു കാണാൻ കഴിയും. ഇതിൽ ഒന്നാമത്തേത് സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യവും പൊതു വിതരണ സംവിധാനവും ഏതാണ്ട് സാർവ്വത്രികമാക്കിയതാണ്. രണ്ടാമത്തേത് ഭൂപരിഷ്കരണം നാട്ടിൻപുറങ്ങളിലെ സമ്പത്തിൻെറ വിതരണം കൂടുതൽ നീതി പൂർവ്വകമാക്കി തീർത്തു. ജനജീവിതത്തിൻെറ സർവ്വതലങ്ങളിലും ഇതു ഗാഢമായ സ്വാധീനം ചെലുത്തി. മൂന്നാമതായി ചെറുതും വലുതുമായ തൊഴിലാളി സംഘടനകൾ തൊഴിലാളികളുടെ, വിശേഷിച്ചും നാട്ടിൻപുറങ്ങളിലെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തിയതിലൂടെ ജീവിത നിലവാരം ഉയർത്തുന്നതിൽ വിജയിച്ചു.

എന്നാൽ സാമ്പത്തിക വിതരണത്തിൻെറ മേഖലയിൽ നിന്ന് സമ്പത്തിൻെറ ഉല്പാദന മേഖലയിലേക്ക് നീങ്ങുമ്പോഴാണ് കേരളത്തിന്റെ ദൗർബല്യം വെളിവാകുന്നത്. 1970 കളുടെ മദ്ധ്യം മുതൽ ഒരു ദശാബ്ദത്തിലേറെ കാർഷികോല്പാദനത്തിൽ വർദ്ധനയേ ഉണ്ടായില്ല. വ്യവസായ രംഗത്തെ നില ഇതിലേറെ പരിതാപകരമാണ്.

കേരളം നേരിടുന്ന ഈ വികസന വെല്ലുവിളികളെ ഇന്നത്തെ നാനാവിധ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എങ്ങനെയാണ് നേരിടുക. ഒന്നാമതായി വ്യവസായവല്കരണത്തിന് ആക്കം കൂട്ടാനുള്ള ശക്തമായ നടപടികൾ സംസ്ഥാന തലത്തിൽ നടകണം. രണ്ടാമതായി കൃഷി ചെറുകിടവ്യവസായം മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ ഉല്പാദന ക്ഷമതയും ഉയർത്തുന്നതിനും, വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സേവനത്തുറകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ശക്തമായ ജനകീയ ഇടപെടലുകൾ പ്രാദേശികമായി ഉണ്ടാകണം. ഇതിനായി ഈ മേഖലകളിലെ ആസൂത്രണത്തേയും പദ്ധതി നടത്തിപ്പിനേയും വികേന്ദ്രീകരിക്കുക. ആസൂത്രണ വികേന്ദ്രീകരണം എന്നുപറഞ്ഞാൽ എല്ലാകാര്യങ്ങളിലും താഴെത്തട്ടിൽ തന്നെ തീരുമാനം എടുക്കുക എന്നർത്ഥമില്ല. വൈദ്യുതി, വൻകിട വ്യവസായം, വൻകിട ജലസേചനം എന്നിവ സംബന്ധിച്ച ആസൂത്രണം സംസ്ഥാന തലത്തിലേ സാദ്ധ്യമാകൂ. മറ്റു പല മേഖലകളെ കുറിച്ചും താഴത്തെ തട്ടുകളിലും.

പദ്ധതിയെപ്പോലെ തന്നെ പ്രധാനമാണ് അതു രൂപപ്പെടുത്തുന്ന രീതിയും, പദ്ധതി രൂപവല്കരണം മുതൽ അതു നടപ്പിലാക്കുന്നതുവരെ എല്ലാ ഘട്ടത്തിലും ജന പങ്കാളിത്തം ഉറപ്പു വരുത്തുക വഴി ജനങ്ങളിൽ ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്താൻ കഴിയും. ഇന്ന് ജനങ്ങൾക്കിടയിൽ വ്യാപകമായി കാണുന്ന നിരാശയും 'ഒന്നും ശരിയാവില്ല' എന്ന മനോഭാവവും മാറ്റിയെടുത്ത് അവരിൽ പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും ദിശാബോധവും വളർത്തണം. ഈ ലക്ഷ്യം മുൻനിർത്തിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്.

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# വികസന റിപ്പോർട്ട് തിരുവില്ല്വാമല

**പഞ്ചായത്ത് പൊതുവിവരണം**

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : തിരുവില്ല്വാമല ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്ത് ആസ്ഥാനം | : ചുങ്കം, തിരുവില്ല്വാമല |
| ഉൾപ്പെടുന്ന വില്ലേജുകൾ | : തിരുവില്ല്വാമല, കണിയാർകോട്, പാമ്പാടി |
| ബ്ലോക്ക് പഞ്ചായത്ത് | : പഴയന്നൂർ |
| താലൂക്ക് | : തലപ്പിള്ളി |
| ജില്ല | : തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : ചേലക്കര |
| ലോകസഭാ മണ്ഡലം | : ഒറ്റപ്പാലം |
| വിസ്തീർണ്ണം | : 37.94 സ്ക്വ. കി. മീ. |
| അതിരുകൾ | : കിഴക്ക്. പെരുങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകൾ<br>പടിഞ്ഞാറ്. ചീരക്കുഴി പുഴ<br>തെക്ക്. ചീരക്കുഴി പുഴ<br>വടക്ക്. ഭാരത പുഴ |
| ജനസംഖ്യ | : 24175<br>സ്ത്രീ. 12691<br>പു. 11484 |
| സാക്ഷരതാ % | : 92% |
| വാർഡുകളുടെ എണ്ണം | : 11<br>സ്ത്രീ സംവരണം 4<br>പട്ടികജാതി സംവരണം 1<br>ജനറൽ 6 |
| പ്രസിഡണ്ട് | : കെ. ശശികുമാരനുണ്ണി. |
| വൈ. പ്രസിഡണ്ട് | : വി. കുമാരൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : പി. ആർ. പ്രഭാകരൻ |

## ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭം

കേരളജനത സുഭിക്ഷതകൊണ്ടാടുന്ന പൊന്നോണം പിറക്കുന്ന ചിങ്ങപ്പുലരിയിൽ ജനകീയാസൂത്രണ യജ്ഞത്തിന്റെ കേളികൊട്ട് ഉണർന്ന കാര്യം അറിയുമല്ലോ. ഈ പ്രസ്ഥാനത്തിന്റെ സംസ്ഥാന തല ഉൽഘാടനമാണ് ചിങ്ങമാസം ഒന്നാം തിയ്യതി തിരുവനന്തപുരത്ത് സെനറ്റ്ഹാളിൽ വെച്ച് ജിവിതത്തിന്റെ നാനാതുറകളിൽപ്പെട്ട പ്രഗൽഭരുൾക്കൊള്ളുന്ന സദസ്സിനെ സാക്ഷിയാക്കി മൂന്ന് മുൻമുഖ്യമാരുടെയും മറ്റ് വ്യക്തിമുദ്രപതിപ്പിച്ച വിശിഷ്ഠരുടെയും സാന്നിദ്ധ്യത്തിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചത്.

സംസ്ഥാന ആസൂത്രണബോർഡും തദ്ദേശ ഭരണ വകുപ്പും സംയുക്തമായിട്ടാണ് ഈ പരിപാടിക്കു് നേതൃത്വം നൽകുന്നത്. സംസ്ഥാനത്തെ ആസൂത്രണപ്രക്രിയയിൽ ഒരു പുതുയുഗത്തിന് തുടക്കം കുറിക്കുന്ന ഈ പദ്ധതി ആസൂത്രണത്തിന് ഭരണസമിതികളേയും പൊതുജനങ്ങളേയും പ്രാപ്തരാക്കുന്നതിനുള്ള വിപുലമായ സംവിധാനങ്ങൾ ഒരുക്കുകയാണ്. ഇതിലേക്ക് വേണ്ടി വിദഗ്ദ്ധരുൾപ്പെട്ട ഒരു ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ആദ്യഘട്ടത്തിൽ വിശേഷാൽ ഗ്രാമസഭകൾ സമ്മേളിച്ചു അതതു പ്രദേശത്തെ പ്രത്യേകതകൾ ഉൾക്കൊണ്ട്കൊണ്ട് വികസനസ്ക്കീമുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് നാം നടത്തിയത്. ഇതിന് ജനങ്ങളെ പ്രാപ്തരാക്കുന്നതിനും മറ്റുമായി പഞ്ചായത്ത് തലത്തിൽ ലോക്കൽ റിസോഴ്സ് പ്ലെയ്ൻ പരിശീലനം നടത്തുകയുണ്ടായി. പരിശീലന വിവരം ഒന്നാം പട്ടികയിൽ ചേർക്കുന്നു.

പട്ടിക 1

| | പുരുഷൻ | സ്ത്രീ | ഉദ്യോഗസ്ഥർ |
|---|---|---|---|
| ഒന്നാംഘട്ടം | 118 | 17 | 12 |
| രണ്ടാംഘട്ടം | 135 | 27 | 19 |

തുടർന്നു നടന്ന ഗ്രാമസഭകളിൽ ശരാശരി 110 പേർ വീതം പങ്കെടുക്കുകയുണ്ടായി. പങ്കാളിത്തം പട്ടിക രണ്ടിൽ ചേർക്കുന്നു.

പട്ടിക 2

| ഗ്രാമസഭ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 11 | 1,018 | 223 | 1,241 |

## ചരിത്രപശ്ചാത്തലം

കൊച്ചി ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന നാട്ടുരാജ്യത്തിന്റെ ഭാഗമാണ് തിരുവില്വാമല. കേരളത്തിലെ ഒടുവിലത്തെ ചേരമാൻ പെരുമാൾ ആയിരുന്ന കുലശേഖരവർമ്മയുടെ സഹോദരി പുത്രനും പെരുമ്പടപ്പ് നമ്പൂതിരിയുടെ മകനുമായ രാജാവ് പെരുമ്പടപ്പ് സ്വരൂപത്തിന്റെ രൂപം കൊടുത്തു. പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനം പൊന്നനി താലൂക്കിലെ വന്നേരിയിലുള്ള പെരുമ്പടത്തിൽ തന്നെ ആയിരുന്നു. പിൽക്കാലത്ത് കൊച്ചിയിലേക്ക് ആസ്ഥാനം മാറുകയും കൊച്ചിരാജ്യം രൂപമെടുക്കുകുയും ചെയ്തു. പരസ്പരം പോരടിച്ചു കഴിഞ്ഞിരുന്ന അറുനൂറുനാട്ടുരാജ്യങ്ങളുണ്ടായിരുന്ന ഇന്ത്യയിൽ ആദ്യമായി ഒരു ജനപ്രതിനിധിസഭ എന്ന ഭരണപരിഷ്ക്കാരം മദ്രാസിൽ തീപ്പെട്ട രാമവർമ്മ തമ്പുരാനാണ് കൊണ്ടു വന്നത്. 1923ൽ ഇതു സംബന്ധിച്ച വിളംബരമുണ്ടായി. 1925 ൽ കൊച്ചിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളും നോമിനേറ്റ് ചെയ്യപ്പെടുന്നവരും അടങ്ങുന്ന സഭ നിലവിൽ വന്നു. 1934 തെരഞ്ഞെടുപ്പിൽ തിരുവില്വാമലയിലെ ശ്രീമാൻ. ടികെ. നായർ നിയമസഭാംഗമായി ഉത്തരവാദഭരണമെന്ന ലക്ഷ്യം മുൻനിർത്തി കൊച്ചിരാജ്യത്ത് കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസ്സ് എന്ന രാഷ്ട്രീയപ്രസ്ഥാനം 1935 ൽ ഉടലെടുത്ത് ശ്രീമാൻ ടികെ.നായരായിരുന്ന അതിന്റെ നേതാവ് കൊച്ചിരാജ്യത്ത് ആദ്യത്തെ രാഷ്ട്രീയപ്പാർട്ടി ഉണ്ടാക്കിയ ടി.കെ.നായർ കൊച്ചിനിയമസഭയിൽ ഉത്തരവാദഭരണം സംബന്ധിച്ച് ഉപക്ഷേപം അവതരിപ്പിക്കുകയുണ്ടായി. 1942 ൽ തെരഞ്ഞെടുക്കപ്പെട്ട മന്ത്രിക്കെതിരെ ഇന്ത്യയിൽത്തന്നെ ആദ്യത്തെ അവിശ്വാസപ്രമേയം അവതരിപ്പിച്ചു പാസ്സാക്കി ഗ്രാമോദ്ധാരണമന്ത്രിയായ ഖ്യാതിയും ടി.കെ.നായർക്കുണ്ട്. അദ്ദേഹം 1948 ൽ കൊച്ചിരാജ്യപ്രധാനമന്ത്രിയുമായി ടി.കെ.നായരുടെ ശ്രമഫലമായി തിരുവില്വാമലയിൽ ജനങ്ങൾക്ക് മരച്ചീനിക്കൃഷി, കുഴൽവെള്ളം എത്തിക്കൽ തുടങ്ങിയ വളരെയേറെ സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ട്.

ജനപ്രതിനിധിസഭയുടെ ആരംഭഘട്ടത്തിൽത്തന്നെ കൊച്ചിരാജ്യത്തെ ഭരണാധികാരി തിരുവില്വാമലയിൽ നിന്ന് ഉണ്ടായിരുന്നതിന്റെ ഗുണങ്ങൾ നമുക്കുണ്ടായിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പാർട്ടിക്കാർക്ക് ജനകീയ അടിത്തറയില്ലായിരുന്നു. സാമൂഹ്യഘടനനോക്കിയാൽ, പ്രാകൃതവും ഭൂവുടമസമ്പ്രദായ ഒരു ഏർപ്പാടാണ് ഉണ്ടായിരുന്നത് എന്നു കാണാം.

കൃഷിയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന മഹാഭൂരിപക്ഷം ജനങ്ങൾക്കും പട്ടിണിയും ദുരിതവുമായിരുന്നു. നാണ്യവിളകൾ നാമമാത്രം ആയിരുന്നു. ഭൂസ്വത്തിന്റെ 90 ശതമാനവും വിരലിലെണ്ണാവുന്ന കുടുംബങ്ങളിൽ നിക്ഷിപ്തമായിരുന്നു. അമിതപാട്ടവും കുറഞ്ഞകൂലിയും നിലനിന്നുപോന്നു. ദാരിദ്ര്യവും, രോഗങ്ങളും ജനങ്ങളെ നിത്യനരകത്തിൽ എത്തിച്ചിരുന്നു. തൊഴിൽ എടുക്കുന്നവരിൽ ഏറിയ പങ്കും അയിത്തജാതിക്കാരെന്ന പേരിൽ അകറ്റി നിർത്തപ്പെട്ടിരുന്നു. നേരിട്ടുകൃഷിനടത്തിയിരുന്ന ജൻമികൾ, സ്ത്രീകളെ മാറുമറയ്ക്കാൻ പോലും സമ്മതിച്ചിരുന്നില്ല. തൊഴിലാളികൾ മൃഗങ്ങളെ പോലെ മർദ്ദിക്കപ്പെട്ടിരുന്നു. അടിമത്തത്തിന്റെ കരാളഹസ്തങ്ങളിൽപ്പെട്ടു ദുരിതമനുഭവിച്ച തൊഴിലാളികളും അവരെ ഉഴവുമൃഗങ്ങളെപ്പോലെ കൈകാര്യം ചെയ്തിരുന്ന ഭൂവുടമകളും ഇന്നും ജീവിച്ചിരിപ്പുണ്ട് എന്ന് പറയുമ്പോൾ ഈ വ്യവസ്ഥിതി അടുത്തകാലത്തെമാറിയുട്ടുള്ളു എന്ന് ഊഹിക്കാമല്ലോ. കുടിയൊഴിപ്പിക്കലും തൊഴിൽ നിഷേധവും 1950 നുശേഷവും ഇവിടെ നടന്നിട്ടുള്ളതായികാണാം. ജാതീയമായ ഉച്ചനീചത്വം പാടെ തുടച്ചു നീക്കാൻ കഴിഞ്ഞിട്ടില്ല. സാർവ്വത്രികവിദ്യാഭ്യാസവും, ഭൂപരിഷ്കരണനിയമവും ഭൂവുടമാസമ്പ്രദായത്തിൻ അന്ത്യം കുറിച്ചു. നാടൊട്ടുക്കു് നടന്നമാറ്റത്തിന്റെ ഭാഗമായി ഫ്യൂഡൽപ്രഭുക്കളുടെ പല്ലും നഖവും കൊഴിഞ്ഞു. പിന്നീടുള്ള മാറ്റം ധ്രുതഗതിയിലാണ്. നാണ്യവിളകളുടെ വർദ്ധനവും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കൂലിവർദ്ധനവും ഇവിടെയും പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. മെച്ചപ്പെട്ട ജീവിതനിലവാരം കൈവരിക്കാൻ ഏറെക്കുറെ ആളുകൾക്കും കഴിഞ്ഞിട്ടുണ്ട്. ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചിട്ടുള്ളതിനോടൊപ്പം മനുഷ്യമനസ്സുകളിലെ ജാതി, മത വിഭാഗീയ ചിന്തകൾ ഇല്ലാതാവണം. അതും കൂട്ടായ്മയിലൂടെ മാത്രമേ നേടാനാവൂ. ജനകീയ ആസൂത്രണ യജ്ഞങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ട് മനുഷ്യമനസ്സുകളുടെ അകൽച്ച ഇല്ലാതാക്കാനും സന്തോഷം പ്രദാനം ചെയ്യുന്ന, സമാധാനവും സമ്പൽസമൃദ്ധിയുമുള്ള ഒരു പുത്തൻ സമൂഹത്തെ വാർത്തെടുക്കാനും നമുക്ക് യത്നിക്കാം.

## ഭൂപ്രകൃതി

തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി വളരെയേറെ സവിശേഷതകൾ നിറഞ്ഞതാണെന്ന് കാണാം. തൃശൂർ ജില്ലയുടെ വടക്കുകിഴക്കെ തുരുത്തിലാണ് 37.94 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത് സമുദ്രനിരപ്പിൽ നിന്ന് ആവറേജ് 50 മീറ്റർ ഉയരത്തിലാണ്. പറയുമ്പോൾ തൃശൂർ ജില്ലയിലാണെങ്കിലും പാലക്കാടിനോടും തമിഴ്നാടിനോടും സാദൃശ്യവും വെച്ചുപുലർത്തുന്ന പല കാഴ്ചകളുണ്ടിവിടെ. പക്ഷേ മലബാറിന്റെ കൾച്ചർ ഉണ്ടുതാനും.

ഗ്രാമപഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും തെക്കും അതൃത്തികൾ പുഴയാൽ ആലിംഗനം ചെയ്തിട്ടുള്ളതായി കാണാം. കിഴക്കൻ അതൃത്തി പാലക്കാട് ജില്ലയുടെ ബൗണ്ടറിയുമാണ്. കൃത്യമായി പറഞ്ഞാൽ പെരുങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകൾ ഇവിടെ മയിൽ വളർത്തുകേന്ദ്രമുണ്ട് ഇനി ഈ അതിരുകളിലെ പ്രധാനപ്പെട്ട വർത്തമാനവിശേഷങ്ങൾ എന്തൊക്കെയാണ് എന്ന് നോക്കാം. വടക്കൻ അതൃത്തി ആയിക്കോട്ടെ ആദ്യം പുണ്യനദിയായ ഭാരതപ്പുഴ ശാന്തമായി ഒഴുകുന്നു. അവിടെ പാമ്പാടി ശുദ്ധജല വിതരണപദ്ധതിയുണ്ട്, ചെക്ക് ഡാം ഉണ്ട്, മരച്ചീനിയിൽ നിന്നും ചാരായം നിർമ്മിക്കുന്ന കമ്പനിയുണ്ട്, പഞ്ചായത്ത് ശ്മശാനമുണ്ട് അതും കഴിഞ്ഞാൽ "ഭാരതഖണ്ഡ സമാപ്തേ"എന്ന ഐതിഹ്യപ്രധാനമായ പിതൃതർപ്പണകേന്ദ്രവും പഞ്ചപാണ്ഡവന്മാരാൽ സ്ഥാപിതമായതെന്ന് പഴമക്കാർ പറഞ്ഞു വിശ്വസിക്കുന്ന ഐവർമഠക്ഷേത്രവും കാണാം. അവിടെ നിന്നും പടിഞ്ഞാറെമൂലയിൽ ഗായത്രിപുഴ സന്ധിക്കുന്നുതും നമുക്ക് കാണാം. പാലക്കാട് ജില്ലയിൽപ്പെട്ടതാണെങ്കിലും നമ്മുടെ വടക്കൻ അതൃത്തിയുടെ ധാരണ ലഭിക്കുവാനായി ലക്കിടി റയിൽവെ സ്റ്റേഷനിനും തുഞ്ചൻ സ്മാരകവും, പാലപ്പുറം എൻ.എസ്.എസ്. കോളേജും കയറാപാറയിലെ കേന്ദ്രീയ വിദ്യാലയവും പറഞ്ഞുവെയ്ക്കാം.

# ജനപ്രകൃതി

1991 ലെ കാനേഷുമാരി കണക്കുപ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 24715 ആണ്. ഇതിൽ പുരുഷൻമാർ 11484 ഉം സ്ത്രീകൾ 12691ഉം ആണ്. സ്ത്രീജനസംഖ്യ 52% വരും. സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1100 സ്ത്രീകളാണ് ഉള്ളത്. ഇത് തൃശൂർ ജില്ലയിലെ അനുപാതത്തിന് തുല്യമാണ്. 90% പുരുഷൻമാർ 86.93% സ്ത്രീകളും സാക്ഷരരാണ്. പഞ്ചായത്തിലെ ജനസാന്ദ്രത 637 ആണ്. കുടുംബങ്ങൾ 4973.

പട്ടികജാതി ജനസംഖ്യ 5867 ആണ്. ഇതിൽ സ്ത്രീകൾ 3082 ഉം പുരുഷൻമാർ 2785 ഉം ആണ്. ഇവർ ആകെ ജനസംഖ്യയുടെ 24.27 % വരും.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. കൃസ്ത്യൻ മുസ്ലിം ന്യൂനപക്ഷവിഭാഗങ്ങളും അധിവസിക്കുന്ന ഒരു ഭൂപ്രദേശമാണിത്.

കന്നടഭാഷയും സംസ്ക്കാരവും സമന്വയിപ്പിച്ച് ജീവിക്കുന്ന കുത്താമ്പുള്ളിയിലെ ദേവാങ്കർ ചെട്ടിയാർ സമുദായവിഭാഗങ്ങൾ അധിവസിക്കുന്ന കുത്താമ്പുള്ളിയും തമിഴ് ഭാഷയും സംസ്ക്കാരവും വച്ചുപുലർത്തുന്ന എരവത്തൊടിയിലെ മുതലിയാർമാർ എരവത്തൊടിയിലും 24 മന ചെട്ടിയാർമാർ ആക്കപ്പറമ്പിലും അധിവസിക്കുന്നു..

ചരാത്രീതകാലത്തെന്നോ ആന്ധ്രപ്രദേശിൽ നിന്നും കുടിയേറി പാർത്തുപോന്നവരെന്നു വിശ്വസിക്കുന്ന നായിഡുമാർ അധിവസിക്കുന്ന പട്ടിപ്പറമ്പും ഈ പഞ്ചായത്ത് പ്രദേശം തന്നെ. സാമാന്യമായി പറഞ്ഞാൽ ദക്ഷിണേന്ത്യയുടെ ഒരുചെറിയ പതിപ്പ് എന്നു വിശേഷിപ്പിക്കാവുന്ന പഞ്ചായത്താണ് നമ്മുടേത്. തമിഴ്, കന്നട, ആന്ധ്ര ഉത്സവാഘോഷങ്ങളായ പൊങ്കൽ ആഘോഷങ്ങളും മാരിയമ്മൻ ഉത്സവാഘോഷങ്ങളും ദീപാവലിയും ഇവിടെ കൊണ്ടാടുന്നു.

**പട്ടിക 1 ജനസംഖ്യ വാർഡുതിരിച്ച്**

| | | സ്ത്രീ | പു. | ആകെ |
|---|---|---|---|---|
| 1. | മലവട്ടം | 1511 | 1303 | 2814 |
| 2. | തിരുവില്വാമല | 1114 | 992 | 2106 |
| 3. | പട്ടിപ്പറമ്പ് | 1265 | 1059 | 2324 |
| 4. | എരവത്തൊടി | 1182 | 1108 | 2290 |
| 5. | കുത്താമ്പുള്ളി | 993 | 846 | 1839 |
| 6. | ഒരലാശ്ശേരി | 1171 | 956 | 2127 |
| 7. | പാമ്പാടി | 1308 | 1175 | 2443 |
| 8. | മലേശമംഗലം | 1083 | 985 | 2070 |
| 9. | പടി[illegible]മുറി | 1076 | 1026 | 2102 |
| 10. | പറക്കോട്ടുപാടം | 962 | 978 | 1940 |
| 11. | കൂടാരംകുന്ന് | 1057 | 1063 | 2120 |
| | ആകെ | 12724 | 11451 | 24175 |

പട്ടിക 2 പട്ടികജാതി ജനസംഖ്യ

| | | സ്ത്രീ | പു. | ആകെ |
|---|---|---|---|---|
| 1. | മലവട്ടം | 254 | 274 | 528 |
| 2. | തിരുവില്വാമല | 155 | 171 | 326 |
| 3. | പട്ടിപ്പറമ്പ് | 232 | 268 | 500 |
| 4. | എരവത്തൊടി | 288 | 317 | 605 |
| 5. | കുത്താമ്പുള്ളി | 9 | 11 | 20 |
| 6. | ഒരലാശ്ശേരി | 323 | 351 | 674 |
| 7. | പാമ്പാടി | 350 | 361 | 711 |
| 8. | മലേശമംഗലം | 470 | 524 | 994 |
| 9. | [illegible] | 173 | 196 | 369 |
| 10. | പറക്കോട്ടുപാടം | 251 | 286 | 537 |
| 11. | കൂടാരംകുന്ന് | 280 | 323 | 603 |
| | ആകെ | 2785 | 3082 | 5867 |

വടക്കൻ അതൃത്തിയുടെ വർത്തമാന വിശേഷങ്ങൾ ഇതൊക്കെയാണെങ്കിൽ പടിഞ്ഞാറെ അതൃത്തിയിലേക്ക് ഏതൊക്കെയാണ് എന്ന് നോക്കാം. ഗായത്രിപുഴ ഒഴുകി ഭാരതപ്പുഴയിൽ അലിയുന്നു. അവിടെ തങ്കനൂലിൽ സ്വപ്നവർണ്ണങ്ങൾ കോർത്തിണക്കി തുണി നെയ്യുന്ന ഒരു പരമ്പരാഗതനെയ്ത്തുതൊഴിലാളികളെ കാണാം. തമിഴ് കന്നട സംസ്ക്കാരങ്ങളെ സമന്വയിപ്പിക്കുന്ന ക്ഷേത്രഗോപുരങ്ങൾ എഴുന്നു നില്ക്കുന്നതും കാണാം. കുറച്ചുകൂടി സൂക്ഷ്മനിരീക്ഷണത്തിലൂടെ പടിഞ്ഞാറെ ഭാഗത്തായി ജവഹർ നവോദയവിദ്യാലയവും ഉണ്ടെന്ന അറിവ് കിട്ടും (ഇത് കൊണ്ടാഴി പഞ്ചായത്തിലാണെന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നു.) പാറക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ഈ അതിർത്തിയിലാണ്.

തെക്കനതിർത്തിയിലെ പ്രധാന വർത്തമാനവിശേഷം ചീരക്കുഴി ഡാം തന്നെ. നമ്മുടെ ഗ്രാമത്തിലേക്കുള്ള മുഖ്യകവാടമായ രാമവർമ്മപാലം ( ചീരക്കുഴി പാലം) തെക്കേ അതിർത്തിയുടെ മുഖ്യവർത്തമാനവിശേഷമാണ്. പിന്നെയോ.............. പണ്ട്കൊച്ചിരാജാവ് തിരുവില്വാമലയിലേക്ക് പരിവാരങ്ങളുമായി എഴുന്നള്ളിയിരുന്നത്രെ. ചീരക്കുഴിപ്പുഴ മുറിച്ചുകടന്ന് ഈ എഴുന്നള്ളത്തുയാത്ര കടന്നുവന്നിരുന്ന കടവിന് ഏഴുന്നള്ളത്തുകടവെന്ന് ഇന്നും പേര്. നടന്നുവന്ന പാതയ്ക്ക് ഇന്നും പേർ എഴുന്നള്ളത്തുപാത ഇട്ടിച്ചിരിക്കുണ്ട് ലിഫ്റ്റ് ഇറിഗേഷന്

ഇങ്ങനെ വർത്തമാന വിശേഷങ്ങൾ ഏറെയുണ്ട് നമ്മുടെ അതിർത്തികളിൽ. ഇനി നമുക്ക് അതിർത്തിവിട്ട് പഞ്ചായത്തിന്റെ ഉൾഭാഗത്തെ ഭൂപ്രദേശം ഒന്നു മനസ്സിലാക്കാം. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി രണ്ടു പഠനപര്യടനങ്ങൾ ഈ പഞ്ചായത്തിൽ നടത്തുകയുണ്ടായി. പഠന പര്യടന വേളയിൽ നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും ജലസമ്പത്തും ജൈവസമ്പത്തും കണ്ടു മനസ്സിലാക്കാൻകഴിഞ്ഞു എന്നതു നേരാണ്. കണിയാർകോട്-പാമ്പാടി വില്ലേജുകൾ ഉൾപ്പെടുന്ന ഭൂപ്രദേശം വടക്കുനിന്ന് തെക്കോട്ട് ചരിഞ്ഞും നീരൊഴുക്ക് കിഴക്കുനിന്ന് പടിഞ്ഞാറോട്ടും ആണെന്ന് ഒന്നാം പഠനപര്യടനസംഘതലവൻ വിദ്യുച്ഛക്തി വകുപ്പിൽ നിന്നു് റിട്ടിയർ ചെയ്ത ടെക്നിക്കൽ മെമ്പർ ശ്രീ. ചന്ദ്രശേഖരവാര്യർ രേഖപ്പെടുത്തുന്നു. ഉയർന്ന കുന്നിൻമണ്ട താരതമ്യേന കുറവാണെന്നും മലാറ, പാലയ്ക്കൽ പറമ്പ് എന്നീ ഭാഗങ്ങളാണ് താരതമ്യേന ഉയർന്ന പ്രദേശങ്ങളെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ചെറിയ കുന്നിൻപ്രദേശവും നേരിയ ചെരുവുപ്രദേശവും ഉയർന്ന പീഠഭൂമിയും തീരസമതലങ്ങളും ഉള്ളതായും അദ്ദേഹം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ സസ്യാവരണവും വിവരിച്ചിട്ടുണ്ട്. താഴ്ന്ന സമതലങ്ങളിലേയും ഉയർന്നപ്രദേശങ്ങളിലേയും ജലലഭ്യതയും രേഖപ്പെടുത്തിയിട്ടുണ്ട്.

തിരുവില്വാമല വില്ലേജ് ഉൾപ്പെടുന്ന ഭൂപ്രദേശം വടക്കുഭാഗം ഭാരതപ്പുഴയോടും തെക്കുഭാഗം ചീരക്കുഴിപ്പുഴയോടും ചെരിവുള്ള ഭൂപ്രദേശമാണ്. നീരൊഴുക്ക് കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ആണ്. തീരസമതലം ചെറുചെരിവ്, കുത്തനെയുള്ള ചെരുവ്, മലനിരകൾ, ഫോറസ്റ്റ്, പീഠഭൂമി, പാറക്കെട്ടുകൾ എന്നീ ഭൂസ്വഭാവങ്ങളാണുള്ളത്. ഏറ്റവും ഉയർന്ന ഭൂവിഭാഗം വില്വാമലയും പുനർജ്ജനി ഉൾപ്പെടുന്ന പ്രദേശവുമാണ്. സമതലങ്ങളിലും ഉയർന്ന കുന്നിൻ മണ്ടയിലും ജലലഭ്യതയുള്ളതായും രണ്ടാം പഠനപര്യടനസംഘം കണ്ടെത്തി. ചുരുങ്ങിയത് ആറ് ചോലകളും ഈ മല നിരകളിൽ കാണാൻകഴിഞ്ഞുവെന്ന് രണ്ടാംപഠനപര്യടന സംഘത്തിന് നേതൃത്വംവഹിച്ച ശ്രീമതി. കെ.പി.ശോഭ വിലയിരുത്തുന്നു.

മൺതരങ്ങൾ

1. മണൽമണ്ണ്
2. ഫലഭൂയിഷ്ഠിയുള്ള എക്കൽമണ്ണ്
3. ചരലു കലർന്ന ചെമ്മണ്ണ്.
4. പാറപൊടിഞ്ഞ പൂഴിമണ്ണ്.

മുഖ്യവിളകൾ

നെല്ല്, തെങ്ങ്, റബ്ബർ, കപ്പ, വാഴ, പച്ചക്കറികൾ

**മൺതരങ്ങൾ**

1. മണൽമണ്ണ്, ചരൽമണ്ണ്
2. ചെമ്മണ്ണ്
3. കരിംപാറ

**മുഖ്യവിളകൾ**

1. നെല്ല്
2. വാഴ
3. കവുങ്ങ്
4. തെങ്ങ്
5. റബ്ബർ
6. പച്ചക്കറികൾ



## പഠനപര്യടന രേഖാ ചിത്രം (2)

തിരുവില്വാമല,പാമ്പാടി വില്ലേജ്







## പഠനപര്യടനത്തിലൂടെ ...











[illegible]

## [illegible]ളുകളിൽ

1. കൃഷി ജലസേചനം
2. മൃഗസംരക്ഷണം, [illegible]
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം
5. പൊതുജനാരോഗ്യം, [illegible] പരിസരശുചിത്വം
6. വിദ്യാഭ്യാസം
7. പാർപ്പിടവും [illegible]
8. സംസ്കാരം
9. സഹകരണമേഖല
10. പട്ടികജാതി പട്ടിക[illegible]
11. വനിത
12. ധനകാര്യ [illegible]



# കൃഷി ജലസേചനം

# കൃഷി, ജലസേചനം

സ്വാതന്ത്ര്യ സമ്പാദന കാലഘട്ടത്തിലെ തിരുവില്വാമല പോലുള്ള ഗ്രാമപ്രദേശങ്ങളുടെ വരുമാനത്തിൻെറ 65 %ത്തോളം സംഭാവന നൽകിയിരുന്നത് കാർഷിക മേഖലയായിരുന്നു. ഇപ്പോൾ ഇത് 30% മാത്രമായി കുറഞ്ഞിട്ടുണ്ട്. തിരുവില്വാമലയിലെ ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയാണ്. ഇന്ന് തൊഴിൽ രഹിതരായ നിരവധി ആളുകൾ കൃഷിയിലാണ് അഭയം തേടിയിട്ടുള്ളത്.

തിരുവില്വാമലയിലെ കാർഷിക വൃത്തിയുടെ ഗതകാലചരിത്രം

ഈ നൂറ്റാണ്ടിൻെറ പ്രരംഭ ദശയിൽ 30 ഓളം പേരുടെ കൈവശം മാത്രമായി കൃഷിഭൂമി ഒതുങ്ങി നിന്നിരുന്നു. പ്രധാനവിളകൾ നെല്ല്, തെങ്ങ്, കവുങ്ങ്, ഇവ മാത്രമായിരുന്നു. കാലാവസ്ഥയെ മാത്രം ആശ്രയിച്ചുകൊണ്ടായിരുന്നു കാർഷിക പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നത്.( എങ്കിലും പരിമിതമായ ജനസംഖ്യ ഒരു പരിധി വരെ ഈ പ്രദേശത്തെ ഉല്പാദനത്തെ ആശ്രയിച്ചുതന്നെയാണ് കഴിഞ്ഞുവന്നിരുന്നത്.ഗ്രാമ പ്രദേശങ്ങളുടെ പെട്ടെന്നുള്ള വളർച്ചകർഷകരുടെ കുടിയേറ്റവും നമ്മുടെ ഗ്രാമത്തിലേക്ക് വ്യാപകമായ തോതിൽ ഉണ്ടായിട്ടുണ്ട്.

മത്തൻ, കുമ്പളം,പാവൽ, പടവലം, വെണ്ട, വഴുതിന, ചേമ്പ്, ചേന, പയറുവർഗ്ഗങ്ങൾ എന്നീ ഒട്ടുമിക്ക പച്ചക്കറികളും ജൈവവളങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ചുകൊണ്ട് കൃഷി ചെയ്യുന്ന പ്രവണത നമുക്കുണ്ടായിരുന്നു. വിശാലവിസ്തൃതമായ ഈ പ്രദേശത്തിൻെറ ഭൂമിശാസ്ത്രപരമായ സവിശേഷതയാൽ വളർത്തുമൃഗങ്ങളെക്കൊണ്ടും സമ്പന്നമായിരുന്നു. ഈ ഭൂവിഭാഗത്തിൽ അതുകൊണ്ടുതന്നെ കാലി വളവും നമുക്ക് സുലഭമായിരുന്നു. ഇന്നത്തെ അവസ്ഥയെ അപേക്ഷിച്ച് കൂടുതൽ മഴ ലഭിച്ചിരുന്ന അക്കാലത്ത് പച്ചിലകളാലും വള്ളിപ്പടർപ്പുകളാലും ഔഷധസസ്യങ്ങളാലും വളരെയധികം വിലപിടിപ്പുള്ള വൃക്ഷങ്ങളാലും കാർഷിക പ്രവർത്തനങ്ങളുടെ പരിപുഷ്ടിക്ക് പ്രേരകഘടകങ്ങളായിരുന്നു. മണ്ണിൻെറ ഘടനക്ക് മാറ്റം വരുത്താതെയും ഫലപുഷ്ടിക്ക് കോട്ടം വരുത്താതെയും വിളപരിപാലനം നടത്തുന്ന കാര്യത്തിൽ കർഷകർ തൽപ്പരരായിരുന്നു. ശരാശരി 15 മുതൽ 20 മേനിവരെ വിളവ് ലഭിച്ചിരുന്നു. മൂപ്പുള്ളതരം വിത്തിനങ്ങളായ തവളക്കണ്ണൽ, രാജവെമ്പാല, ചെങ്കഴമ, വെളുത്തിരിക്കഴമ, എന്നിവയും കരപ്പുറങ്ങളിൽ കട്ടമോടൻ, സ്വർണ്ണാലി (അവിൽഉണ്ടാകുന്നതിന് ഏറ്റവും സ്വാദുള്ള നെല്ല്.) വാതസംബന്ധമായ രോഗങ്ങൾക്ക് ചികിത്സക്ക് ഉപയോഗിച്ചിരുന്ന നവര എന്നീ ഇനങ്ങളുമാണ് വ്യാപകമായി കൃഷിചെയ്തിരുന്നത്. ഇന്ന് ഈ ഇനം വിത്തുകൾ നമുക്ക് ലഭ്യമല്ല. ജാതിവ്യവസ്ഥകളും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്നെങ്കിലും ഭൂവുടമകളും കർഷകതൊഴിലാളികളും തമ്മിൽ അഭേദ്യമായ സൗഹൃദബന്ധമാണ് നിലനിന്നിരുന്നത്. വിശേഷദിവസങ്ങൾ ഒഴിച്ച് ആണ്ടിൽ മിക്ക ദിവസങ്ങളിലും (കർക്കിടക പേമാരി ഒഴികെ) കർഷകത്തൊഴിലാളികൾക്ക് പണി ലഭിച്ചിരുന്നു.

നാടുവാഴി ജന്മിത്ത ഭൂപ്രഭുത്വത്തിൻെറ നട്ടെല്ലൊടിച്ച ഭൂപരിഷ്കരണ നിയമങ്ങളോടെ കാർഷികരംഗങ്ങളിൽ വളരെയധികം മാറ്റങ്ങൾ തിരുവില്വാമലയിലും ഉണ്ടായി. വിരലിലെണ്ണാവുന്ന ജന്മിമാരുടെ കൈവശം ഉണ്ടായിരുന്ന കൃഷിഭൂമി മുഴുവൻ സാധാരണക്കാരായ കർഷകരുടേയും കൃഷിപ്പണിക്കാരുടേയും കൈകളിലെത്തി. കൈവശഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതുമൂലം 2600ഓളം പേരുടെ കൈകളിലേക്ക് കൃഷിഭൂമി കൈമാറ്റം ചെയ്യപ്പെട്ടു.സാധാരണക്കാരൻെറ കൈകളിൽ കൃഷിഭൂമി എത്തിയതോടുകൂടി ഗ്രാമീണ ജനതയുടെ നിത്യദാരിദ്രത്തിന് അറുതി വന്നുതുടങ്ങി. എങ്കിലും കൃഷിഭൂമിയുടെ തുണ്ടവൽക്കരണം, ശാസ്ത്രമേഖലയിലുണ്ടായ വളർച്ച, ഉല്പാദനക്ഷമത ധൃതിപിടിച്ച് വർദ്ധിപ്പിക്കാനുള്ള വ്യഗ്രത, എന്നിവ മൂലം കാർഷിക വൃത്തിയിലെ സദാചാരം പടിപടിയായി കുറഞ്ഞു വന്നു കർഷകർ തമ്മിലുള്ള മൽസരവും കൃഷിഭൂമികളിൽ അശാസ്ത്രീയമായ രാസവളപ്രയോഗങ്ങളും വ്യാപകമായ തോതിൽ വർദ്ധിച്ചുവന്നു. പാശ്ചാത്യനാടുകളിൽ നിരോധിക്കപ്പെട്ട കീടനാശിനികളും രാസവളങ്ങളും വിപുലമായ തോതിൽ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കാര്യത്തിൽ നാം പിന്നോട്ടല്ല. തെക്കൻ കേരളത്തിൽനിന്നുള്ള കർഷക

രുടെ വരവോടുകൂടി നെൽകൃഷിയെ അപേക്ഷിച്ച് തോട്ടവിളകൾക്ക് പ്രാമുഖ്യം. നമ്മുടെ ഗ്രാമപ്രദേശങ്ങൾക്ക് കൈവന്നിട്ടുണ്ട്.തോട്ടവിളകളിൽ മുഖ്യമായും റബ്ബറും, നാണ്യവിളകളിൽ സുപ്രധാനമായ തെങ്ങും, സുലഭമായിട്ടും കാർഷിക അനുബന്ധ വ്യവസായങ്ങൾ നമ്മുടെ ഗ്രാമപ്രദേശത്ത് ഉയർന്നു വന്നിട്ടില്ലന്നുള്ളത് വേദനാജനകമാണ് .മാത്രമല്ല മേൽപ്പറഞ്ഞ കാർഷിക പ്രവർത്തനങ്ങളുടെ വർദ്ധനവും കൂട്ടുകുടുംബ സംവിധാനം തകർന്നതും പാർപ്പിടങ്ങളുടെ വർദ്ധനവും കൃഷിഭൂമിയുടെ വിസ്തൃതി കുറയാൻ ഇടയാക്കി. എങ്കിലും തിരുവില്വാമല പഞ്ചായത്തിലെ ജനസാന്ദ്രതയും കൃഷിഭൂമിയും തമ്മിലുള്ള അനുപാതം പരിശോധിക്കുന്ന ഏവർക്കും ബോധ്യപ്പെടുന്നപോലെ ഇവിടുത്തെ കൃഷികൊണ്ടുതന്നെ സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ട് വിശദവിവരങ്ങളിലേക്ക് ഞങ്ങൾ കടക്കട്ടെ.

## തിരുവില്വാമല ഗ്രാമ പഞ്ചായത്തിൻെറ ഭൂവിസ്തൃതി.

തിരുവില്വാമല കണിയാർകോഡ്, പാമ്പാടി, വില്ലേജുകളിലായി യഥാക്രമം, 2002 001 ഹെക്ടർ, 1193, 864ഹെക്ടർ 577 731 ഹെക്ടർ എന്നിങ്ങനെ മൊത്തം 3793.596 ഹെക്ടർ ഭൂമിയിൽ ഈ പഞ്ചായത്ത് വ്യാപിച്ച് കിടക്കുന്നു.

കിഴക്കുനിന്നും പടിഞ്ഞാറോട്ട് നീരൊഴുക്കുള്ള ഈ പ്രദേശത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ മലനിരകളാലും മറ്റു മൂന്ന് ഭാഗങ്ങളാലും പുഴകളാലും സമ്പന്നമാണര മൂന്ന് ദിക്കുകൾ ഒരു അരഞ്ഞാണം പോലെ പുഴകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു എങ്കിലും അവയിലെ ജലസമ്പത്ത് വിനിയോഗിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ചീരക്കുഴി പുഴയോടനുബന്ധിച്ച് ഇട്ടിച്ചിരിക്കുണ്ട് അരക്കമല പാറകടവ്, എന്നീ ലിഫ്റ്റ് ഇറിഗേഷൻ ഈപഞ്ചായത്തിനകത്തുണ്ട്. മൊത്തം കൃഷിഭൂമിയുടെ 25% മാത്രമേ മൂന്ന് പദ്ധതികളെകൊണ്ട് നമുക്ക് പ്രയോജനപ്പെടുന്നുള്ളൂ.മേൽ പറഞ്ഞപദ്ധതികളിൽ ഇട്ടിച്ചിരിക്കുണ്ട് പദ്ധതിയുടെ ചുവട്ടിൽ നിന്നും മണലെടുത്തുവരുന്നത് ഒരുഭീഷിണിയായിട്ടുണ്ട് കോക്കൊട്ടുകളും, പകോത്തുതോട് എന്നിവയും ഭാരതപുഴയിൽ ഉടനടി പ്രവർത്തനം ആരംഭിച്ചേക്കാവുന്ന ചെക്ക്ഡാമും ഒട്ടനവധി വലിയകുളങ്ങളും, ചെറുകുളങ്ങളും കിണറുകളും ഈ പഞ്ചായത്തിനകത്തുണ്ട്.



# കർഷകതൊഴിലാളികൾ

പതിനായിരംകർഷകതൊഴിലാളികൾകൃഷിഭൂമിയുമായി ഈ പഞ്ചായത്തിൽ ബന്ധപ്പെടുന്നുണ്ടെങ്കിലും ഈ മേഖലയിൽ സ്ഥിരമായി നിൽക്കുന്നുവർ 6000 ത്തോളം മാത്രമാണ്. 5000 തോളം തൊഴിലാളികൾ വർഷത്തിൽ മിക്ക കാലയളവിലും മറ്റു തൊഴിലുകളിൽ ഏർപ്പെട്ടുവരുന്നതായാണ് കാണുന്നത് മറ്റുതൊഴിലാളികളുടെ ആദായവും കാർഷികാവൃത്തിയിലെ വിരസതയുമാണ് ഇതിനുകാരണം കാർഷികപ്രവർത്തികൾ നല്ലൊരു ഉപജീവനാർഗ്ഗമാണ് എന്നബോധം സാധാരണജനങ്ങളിൽ ഇനിയും വളർന്നുവരേണ്ടിയിരിക്കുന്നു.

## കാർഷികരംഗത്തെപ്രശ്നങ്ങൾ

### നെല്ല്

ആദായകരമല്ലാത്തതിനാലാവാം നെൽകൃഷി താരതമ്യേന മറ്റുപഞ്ചായത്തുകളേപോലെ ഈ പഞ്ചായത്തിലും കുറഞ്ഞുവരികയാണ് മാത്രമല്ല പാർപ്പിടത്തിന്റെ ആവശ്യകതയും ജലസേചന സൗകര്യങ്ങളിലെ പരിമിതിയും രാസവളം കീടനാശിനി എന്നിവയുടെ ക്രമാതീതമായ വർദ്ധനവും ജൈവവളങ്ങളുടെ ദൗർലഭ്യവും തൊഴിലാളികളുടെ ലഭ്യതകുറവും ക്ാർഷികരംഗത്തെ കൂട്ടായ്മ ഇല്ലാത്ത അവസ്ഥയും മറ്റു കൃഷികളിലെ ലാഭകൂടുതലും നെൽകൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അത്യുൽപാദനശേഷിയുള്ള നെല്ലിനങ്ങളുടെ പ്രചാരക്കുറവും ടാക്ടർപോലുള്ള ആധുനികകാർഷിക ഉപകരണങ്ങൾ കൃഷിഭൂമിയിൽ എത്തിക്കുന്നതിനുള്ള അസൗകര്യങ്ങളും ഇന്നും നിലനിന്നുവരുന്നു.. രാസവളങ്ങളും കീടനാശിനി തുടങ്ങിയവയുടെ അമിതപ്രയോഗംമൂലമുണ്ടായ മണ്ണിന്റെ അമ്ലത്വ വർദ്ധനവും മറ്റുഘടകങ്ങളിലുണ്ടായമാറ്റവുംനെല്ലു ഉൽപാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

### തെങ്ങ്

ഉൽപാദനശേഷി കുറഞ്ഞതെങ്ങിനങ്ങളും കൂമ്പചീയൽ മച്ചിങ്ങകൊഴിച്ചിൽ മുതലായരോഗങ്ങളും, കൊമ്പൻചില്ലിപോലുള്ള കീടങ്ങളുടെ

രാസവള ഉപയോഗം വിവിധ വർഷങ്ങളിൽ - ടണ്ണിൽ




## കൃഷിഭൂമിയുടെ ഘടന

വില്വാമലയും അതിനോടുചേർന്നുകിടക്കുന്ന ചെറുകുന്നുകളും ചെരിഞ്ഞപ്രദേശങ്ങളും പുഴയോടുചേർന്നുകിടക്കുന്ന സമതലപ്രദേശങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്. കുന്നിൽ പ്രദേശങ്ങളിൽ ചരലുകലർന്നമണ്ണും സമതലപ്രദേശങ്ങളിൽ മണൽകലർന്ന പശിമരാശി മണ്ണുമാണ് കാണാൻകഴിയുന്നത്. അല്ലാത്തപ്രദേശങ്ങളിൽ ചുവന്നമണ്ണും കാണാൻകഴിയും വൈവിധ്യമാണ് ഭൂപ്രകൃതി വൃത്യസ്തയിനം സസ്യജാലങ്ങൾക്ക്വളരാൻ പര്യാപ്തവുമാണ് പഠനപര്യടനവേളയിൽ "രുദ്രാക്ഷവും"ഗണപതിനാരകവും, നമ്മുടെ നാട്ടിൽ കാണാൻകഴിയാത്ത മലേഷ്യ, സിംഗപൂർ എന്നീ രാജ്യങ്ങളിൽ കാണാകഴിയുന്ന അപൂർവ്വയിനം ചെടികളും ഫലവൃക്ഷങ്ങളും കാണാൻകഴിഞ്ഞു.മലേഷ്യൻ റമ്പുത്താൻ, ദുരിയൻ, മങ്കോസ്റ്റിയൻ, മൂന്ന് തരം ചെറികൾ മലേഷ്യൻ പേര, മലേഷ്യൻ കമുങ്ങ്,മലേഷ്യൻ ഓറഞ്ച് ചൈനപേര, സിംഗപ്പൂർ പ്ലാവ്, സിംഗപ്പൂർ പേര, സിംഗപ്പൂർ ചിംഗ്ട. തുടങ്ങിയ നിരവധിയിനങ്ങൾ കാണാൻകഴിഞ്ഞു.

## രാസവളങ്ങളും കീടനാശിനികളും

| | | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|
| No: | രാസദ്രവ്യം | രാസവളം | കീട നാശിനി | രാസവളം | കീട നാശിനി | രാസവളം | കീട നാശിനി |
| | | | ദ്രവം / ഖരം | | ദ്രവം / ഖരം | | ദ്രവം / ഖരം |
| | സഹകരണം | — | — | — | — | — | — |
| | സ്വകാര്യം | 315 ടൺ | 136 ലിറ്റർ<br>260 കിലോ | 340 ടൺ | 145 ലിറ്റർ<br>270 കിലോ | 360 ടൺ | 145 ലിറ്റർ<br>280 കിലോ |

ആക്രമണവുംനാളികേരം ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജലസേചനത്തിനുള്ള സൗകര്യകുറവുംഉൽപ്പാദനത്തിന് തടസം നിൽക്കുന്നുണ്ട് നാളികേരത്തിന്റെ വിലയിലുണ്ടാവുന്ന ക്രമരഹിതമായ ഏറ്റകുറച്ചിലുകൾ കേരകർഷകരെ സാരമായി ബാധിക്കുന്നുണ്ട്. നാളികേരത്തിന്റെ വിപണന സാധ്യതകുറവും കൊപ്രഉണ്ടാക്കുന്നതിനും എണ്ണയാക്കുന്നതിനുമുള്ള സൗകര്യക്കുറവും കേരകർഷകരെ റബർകൃഷിപോലുള്ള മറ്റു മേഖലകൾ തെരഞ്ഞെടുക്കുന്നതിന് പ്രേരിപ്പിക്കുന്നു.

## കവുങ്ങ്

മുൻകാലങ്ങളിൽ വ്യാപകമായി കവുങ്ങ് കൃഷിചെയ്തുവന്നിരുന്നു എങ്കിലും ജലദൗർലഭ്യം കവുങ്ങ് കൃഷിയെ വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ ഈയിടെയായി കവുങ്ങ് കൃഷിയിലേക്ക് വീണ്ടും കർഷകർ തൽപരരായിട്ടുണ്ട്.

## കുരുമുളക്

ഈ പഞ്ചായത്തിലെ ജലസേചന സൗകര്യമുള്ള മിക്കവാറുംസ്ഥലങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ കുരുമുളക് കൃഷിനടത്തിവരുന്നുണ്ട്.

## കശുമാവ്

ഈ പഞ്ചായത്തിലെ തരിശുഭൂമികളിൽ പണ്ടുകാലത്ത് ധാരാളം കൃഷിചെയ്തുവന്നിരുന്നനാണ്യവിളയായ കശുമാവ് കൃഷി റബ്ബർ കൃഷിയുടെ ആധിപത്യത്തിൽ വളരെയധികം കുറഞ്ഞതായി കാണുന്നുണ്ടെങ്കിലും പുതിയ ഇനങ്ങളായ കനകം മുതലായ വിത്തുകൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന ചുരുക്കം ചില കർകരെയിന്നും കാണാവുന്നതാണ്.

## റബ്ബർ

മറ്റുകൃഷിമേഖലകളെ അപേക്ഷിച്ച് കൂടുതൽപേരും ആകൃഷ്ടരാവുന്ന റബ്ബർ ഈ പഞ്ചായത്തിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണെന്നത് സ്വാഗതാർഹമാണ്. എങ്കിലും ഭക്ഷ്യവിളകളെ മറികടന്നുകൊണ്ട് റബ്ബർകൃഷിയിലേക്കുള്ള കർഷകരുടെ രംഗപ്രവേശത്തെ ഉത്കണ്ഠയോടുകൂടി കാണേണ്ടിയിരിക്കുന്നു. റബ്ബർ കർഷകർക്ക് റബ്ബർബോർഡിൽ നിന്നും യഥാസമയം സഹായധനങ്ങൾ ലഭിക്കാത്തതും ധനകാര്യസ്ഥാപനങ്ങളുടെ റബ്ബർ കർഷകരോടുള്ള സമീപനവും റബ്ബറിൻെറ വിപണനത്തിലെ അസൗകര്യങ്ങളും ഈപ്രദേശത്ത് റബ്ബർ അധിഷ്ഠിതമായ വൻകിട, ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ അഭാവവും റബ്ബർ കർഷകരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നുണ്ട്.

### പയറുവർഗ്ഗങ്ങൾ

വിള പരിവർത്തനത്തിൻെറ സാധ്യതകളെകുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്ന കർഷക ജനതയാണ് നമുക്കുണ്ടായിരുന്നത്. മുതിര. ഉഴുന്ന്, ചെറുപയർ, നാടൻപയർ, മുതലായ പയറു വർഗ്ഗകൃഷിയിൽ അടുത്തകാലത്ത് കർഷകർക്കുണ്ടായ താല്പര്യക്കുറവുമൂലം മണ്ണിലെ നൈട്രജൻെറ അളവിൽ സാരമായ കുറവുണ്ടായിട്ടുണ്ട്.

### കിഴങ്ങുവർഗ്ഗങ്ങൾ

ഇടവേളകളായും അല്ലാതെയും വ്യാപകമായി കൃഷിചെയ്തിരുന്ന കപ്പ, മധുരക്കിഴങ്ങ്, കൂർക്ക, കാവത്ത്, ചേമ്പ്, ചേന, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളിലെ പുതിയ ഇനങ്ങൾ നമ്മുടെ നാട്ടിൽ ഇന്ന് സുലഭമല്ല. അതുകൊണ്ടുതന്നെ ഉല്പാദനശേഷി കുറഞ്ഞ ഇനങ്ങളാണ് ഇന്ന് വ്യാപകമായി ഈ പ്രദേശങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്.

### പച്ചക്കറികൾ

പച്ചക്കറികൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ കൃഷിചെയ്തു വരുന്നുണ്ടെങ്കിലും പള്ളിഞ്ഞാൽ പ്രദേശങ്ങളിലുള്ള പച്ചക്കറി കൃഷി പ്രായേണ നമ്മൾക്കന്യമാണ്. പച്ചക്കറിയുടെ മൊത്തം ഉപഭോഗത്തിൻെറ 40 ശതമാനത്തോളം ഈ പഞ്ചായത്തിൽ നിന്നുതന്നെ ലഭ്യമാണ്. എങ്കിലും മറ്റു കൃഷികളോടുള്ള അമിതമായ പ്രതിപത്തിമൂലമാകാം പച്ചക്കറി കൃഷി ഇന്നും മുഖ്യ ജീവാതോപാധിയായി വളർന്നുവന്നിട്ടില്ലെന്നുകാണാം

### ഫലവൃക്ഷങ്ങൾ

കേരളത്തനിമയുടെ പ്രതീകമായിരുന്ന നാടൻമാവിനങ്ങളും, പ്ലാവുകളും, മറ്റു ഫലങ്ങൾ തന്നിരുന്ന വൃക്ഷങ്ങളും ക്രമേണ കുറഞ്ഞുവരുന്നതായാണ് കാണുന്നത്. കൈവശ ഭൂമിയിലെ വിസ്തൃതിയിലെ പരിമിതിയായിരിക്കാമെന്നുതോന്നുന്നു ഇത്തരം ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ വിമുഖരാണ് നാം ഇന്നും.

## തിരുവില്വാമല പഞ്ചായത്ത് - തെങ്ങുകളുടെ വിവരം

| വാർഡ് നമ്പർ | തെങ്ങ് കൃഷി ഹെക്ടർ | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | സ്റ്റെംബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | | | ആകെ | മണ്ഡരി | ലീഫ്റോട്ട് | ബഡ്റോട്ട് | | | |
| 1. | 60.79. | - | - | 10639 | - | 563 | 347 | -50 | - | 960 |
| 2 | 53.66 | - | - | 9391 | - | 232 | 195- | 10 | -- | 437 |
| 3. | 65.10 | - | - | 11393 | - | 1030 | 536 | 20 | .. | 1586 |
| 4 | 15.28 | - | - | 2675 | - | 175 | 96 | - | .. | 271 |
| 5 | 18.88 | - | - | 3305 | - | 234 | 176 | 10 | .. | 420 |
| 6 | 55.66 | - | - | 9742 | - | 425 | 231 | 30 | .. | 686 |
| 7 | 43.49 | - | - | 7612 | - | 584 | 175 | - | .. | 759 |
| 8 | 23.00 | - | - | 4024 | - | 375 | 231 | 20 | .. | 626 |
| 9 | 31.00 | - | - | 5384 | - | 232 | 173 | - | .. | 405 |
| 10 | 38.90 | - | - | 6819 | - | 321 | 126 | 10 | .. | 457 |
| 11 | 40.24 | - | - | 7096 | - | 431 | 236 | - | .. | 667 |
| | | | | | | | | | | |
| | | | | | | | | | | |

## മറ്റു ഫലവൃക്ഷങ്ങളെ പറ്റിയുള്ള വിവരണം.
## വിള വിസ്തീർണ്ണവും ഉൽപാദനവിവരവും

| വിള | വിസ്തീർണ്ണംഹെക്ടർ | മൊത്തം | ഉൽപ്പാദനക്ഷമത ഹെക്ടറിന് |
|---|---|---|---|
| നെല്ല് (1ാം വിള) | 875.00 | 1750.ടൺ | 2.ടൺ |
| (2ാം വിള) | 800.00 | 1440." | 10.' |
| (3ാംവിള) | 30.00 | 75. " | 2.5 " |
| പയർ | 10.00 | 20 " | 2.0 |
| എള്ള് | 1.00 | 250. കിലോ | 250. കിലോ |
| പച്ചക്കറികൾ | 25.00 | 37.57 ടൺ | 1.5 ടൺ |
| തെങ്ങ് | 446.00 | 31232 ലക്ഷം തേങ്ങ | 7000 തേങ്ങ |
| വാഴ | 22.00 | 330 ടൺ | 15 ടൺ |
| മരച്ചീനി | 25.00 | 250 | 10. |
| കുരുമുളക് | 20.00 | 3.2 | 116 |
| പ്ലാവ് | 75.00 | 385 | 5 ടൺ |
| കശുമാവ് | 60.00 | 24 | 400 കെ.ജി |
| മാവ് | 100.00 | 500 | 5 ടൺ |
| റബ്ബർ | 450.00 | 450 | 17 |
| കവുങ്ങ് | 25.00 | 216 ലക്ഷം അടക്ക | 8.64 ലക്ഷം. |

## സാദ്ധ്യതകൾ

തിരുവില്വാമല പഞ്ചായത്തിൽ സ്വകാര്യ മേഖലയിലും, ദേവസ്വം വകഭൂമിയിലും സർക്കാർ വകവനഭൂമിയായും ധാരാളം ഭൂമി തരിശായികിടക്കുന്നതായാണ് കാണാൻ കഴിയുന്നത്. സ്വകാര്യമേഖലയിലെ ഭൂമിയുടെ ഉടമസ്ഥരുമായി ബന്ധപ്പെട്ട് സാമ്പത്തികമെച്ചമുള്ള കാർഷികപ്രവർത്തികളിൽ അവരെ ഉൽബുദ്ധരാക്കേണ്ടതുണ്ട് കൈവശഭൂമി തരിശിടുന്ന പ്രവണത നൂറുശതമാനംനിരുൽസാഹപെടുത്തേണ്ടിയിരിക്കുന്നു. ദേവസ്വം വക ഭൂമിയിൽ ഒട്ടുമിക്കതും വിനോദസഞ്ചാരികളെ ആകർഷിക്കത്തകതാണ് ആയതുകൊണ്ട്തന്നെ മലമ്പ്രദേശമായ ഈ സ്ഥലങ്ങളിൽ ആകർഷകമായ വൃക്ഷവിഭവങ്ങൾക്കാണ് മുൻതൂക്കം നൽകേണ്ടത്, കൊച്ചിൻ ദേവസ്വം ബോർഡുമായിബന്ധപ്പെട്ട് ഈ സ്ഥലം പുഷ്ടിപെടുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്ന, ദേവസ്വം ബോർഡിന്റെ കൈവശമുള്ള പ്രദേശം പഞ്ചായത്തിന് വിട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുകയും അതുവഴിവിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് വിനോദസഞ്ചാരവകുപ്പുമായി ബന്ധ

പെടേണ്ടതാണ്. വരും കാലങ്ങളിൽ പഞ്ചായത്തിന്റെ വിഭവസമാഹരണത്തിനും പ്രശസതിക്കും നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ ഇതു വഴി കഴിയും.

വനം വകുപ്പ് പഞ്ചായത്തിലെ സംരക്ഷിതവനമേഖലയിൽ ആവശ്യമായ താൽപര്യം കാണിക്കുന്നതായി തോന്നുന്നില്ല കൂടുതൽ മരങ്ങളും പക്ഷിസങ്കേതങ്ങളും ഈ സ്ഥലങ്ങളിൽ അനിവാര്യമാണ് വനവൃക്ഷങ്ങൾക്ക് യോജിച്ചതൈകൾ ഉൽപാദിപ്പിക്കുന്ന നഴ്സറികളും ഈ പ്രദേശങ്ങളിൽ തുടങ്ങുന്നത് നന്നായിരിക്കും.

ണം നമുക്ക് സാധ്യമാവുകയുള്ളു. വിശാലമായ ഒരു നീർമറി പ്രദേശമായ തിരുവില്വാമലയിൽ കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ നീർമറി വികസനപരിപാടി ഉടൻ സമാരംഭിക്കേണ്ടിയിരിക്കുന്നു. റബ്ബർതോട്ടങ്ങളിലും തെങ്ങിൻതോപ്പുകളിലും തരിശുകിടക്കുന്ന കൃഷിഭൂമികളിലും ചെറുചാലുകളും കുഴികളും ഉണ്ടാക്കി ഈ പ്രദേശത്ത് പെയ്യുന്ന മഴയുടെ ബഹുഭൂരിഭാഗവും നമുക്ക് സംഭരിക്കുവാൻ കഴിയും.

ഗ്രാമങ്ങളുടെ സവിശേഷത തന്നെ കുളങ്ങളാണല്ലോ നമ്മുടെ പഞ്ചായത്തിൽ 12

### തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ കാർഷിക ഉപകരണങ്ങൾ

| ഉഴവുഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സാക് സ്പ്രേയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങു കയറ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
| 2 | 3 | 55 | 20 | 70 | 2 | 1 | 3 | 125 |

ആമുഖത്തിൽ തിരുവില്വാമല പഞ്ചായത്തിൽ കൂടുതലും മലമ്പ്രദേശങ്ങളും കുന്നിൻ ചെരുവുകളും ആണെന്ന് പറഞ്ഞുവല്ലോ മണ്ണു സംരക്ഷണപ്രവർത്തനങ്ങളും ആധുനിക രീതിയിലുള്ള ജലവിതരണവും ഉടനടി ആവിഷ്കരിക്കേണ്ടതായിരിക്കുന്നു.. മണ്ണുപരിശോധന കേന്ദ്രവും കൃഷിവകുപ്പും പൊതുജനപങ്കാളിത്തവും ഒത്തൊരുമിച്ചാലേ ഈ മേഖലയിൽ ഒരുദീർഘവീക്ഷ

പഞ്ചായത്ത് കുളങ്ങളും 60 സ്വകാര്യകുളങ്ങളും 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും മറ്റു ജലസേചനസൗകര്യങ്ങളും ഉണ്ട്. മിക്ക പദ്ധതികളും കുളങ്ങളും, ചെറുകുളങ്ങളും ഉപയോഗശൂന്യമായി കിടക്കുന്നു. ഇവ കൂടുതൽ കൃഷിഭൂമിക്ക് ഉപയോഗപ്രദമാക്കാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതായുണ്ട്. ഒമ്പതാം പദ്ധതിയുടെ പ്രാരംഭവർഷങ്ങളിൽ തന്നെ ഇവയുടെ നവീകര

ണപ്രക്രിയ പൂർത്തിയാക്കുന്നതുവഴി ഉൽപാദനം ഇരട്ടിയാക്കാൻ കഴിയും വരൾച്ചയുടെ വറുതിയിൽനിന്ന് രക്ഷപ്പെടുന്നതിനും കുടിവെള്ളത്തിന്റെ ലഭ്യത ശതഗുണീഭവിപ്പിക്കുന്നതിനും ഇതുകൊണ്ട്മാത്രം നമ്മൾക്ക് കഴിയും.

## അടിയന്തിരമായി അനുവർത്തിക്കേണ്ട പുതുക്കിപണിയലുകൾ.

**അരക്കൻമല** നിലവിലുള്ള ഈ പദ്ധതിയുടെ കനാലുകൾ കേടുപാടുകൾ തീർക്കേണ്ടിയിരിക്കുന്നു. 30 എച്ച് .പി. വീതമുള്ള 3 മോട്ടോറുകൾ മിക്കവാറും പ്രവർത്തനക്ഷമമല്ല ഇത് റിപ്പേർ ചെയ്യുകയും വേണം.

**ഇട്ടിച്ചരിക്കുണ്ട്** 81.28 ഹെക്ടർ കൃഷി ഉപയുക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ താഴെയുള്ള പ്രദേശങ്ങളിൽനിന്ന് മണലെടുക്കുന്നത് പൂർണ്ണമായി നിരോധിക്കേണ്ടതുണ്ട്. പദ്ധതി പ്രദേശങ്ങളിലെ കനാലുകളുടെ മൂന്ന് വശവും കോൺക്രീറ്റ് ചെയ്യുകയും മറ്റു അറ്റകുറ്റപണികൾ നടത്തുകയും 60 എച്ച് പി. വീതമുള്ള 4 മോട്ടോറുകൾ നവീകരിക്കേനണ്ടതും അടിയന്തരപ്രാധാന്യമുള്ള കാര്യമാണ് ആയക്കെട്ടുപ്രദേശം 100 ഹെക്ടറും കൂടി ഒമ്പതാം പദ്ധതിയിൽ വികസിപ്പിക്കേണ്ടിയിരിക്കുന്നു.

**പാറക്കടവ്** 50 എച്ച് പിയുടെ 3 മോട്ടോറുകളിൽ ഒന്നുമാത്രം ഈ പദ്ധതിയിൽ പ്രവർത്തനക്ഷമമായുള്ളൂ. മറ്റുമോട്ടോറുകളും പ്രവർത്തനക്ഷമമാക്കുകയും കനാലിന്റെ 3 വശവും കോൺക്രീറ്റ് ചെയ്യുകയും അറ്റകുറ്റപണികൾ ചെയ്യുകയും ചെയ്താൽ ആയകെട്ടുപ്രദേശം പൂർണ്ണമായും ജലസേചനയോഗ്യമാക്കാൻ കഴിയും

**താമരകുളം** വലിയൊരു പാടശേഖരത്തിന്റെ മദ്ധ്യഭാഗത്തുസ്ഥിതിചെയ്യുന്ന ഈ കുളത്തിന്റെ നാലുഭാഗം കെട്ടുകയും ജനനിർഗ്ഗനമനചാലുകൾ സ്ഥാപിക്കുകയും ചെയ്താൽ 200 ഏക്കോറോളം ഭൂമി പുതിയതായി കൃഷിക്കുയുപയുക്തമാക്കുവാൻ സാധിക്കും.

**ചെമ്പക്കുളം** പഞ്ചായത്തിലെ ഏറ്റവും നല്ലകുളങ്ങളിലെ ഒന്നായ ഇതിലെ ജലലഭ്യത പരിശോദിച്ച് കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്

**ആറമ്പറ്റകുളം** ചമ്പകുളം വളരെ അടുത്തായതുകൊണ്ട് നല്ലൊരു ജലസമ്പത്ത് നമ്മൾക്ക് കാർഷികാവശ്യാങ്ങൾക്ക് നീക്കിവെക്കുവാൻ കഴിയും

**കാട്ടുകുളം** ദിവസേന നൂറുകണക്കിനാളുകൾ കുളിക്കുന്നകുളമെന്നതുകൊണ്ട് അവരുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടുതന്നെ അയൽ പ്രദേശങ്ങളിലെ കൃഷി ആവശ്യങ്ങൾക്കും ഇതിലെ വെള്ളം ഉപയോഗിക്കാൻവേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ചക്കിപ്പറ്റ** ഈ കുളം 4 അതിരുകളും കെട്ടിനേരാക്കുകയും ആഴംകൂട്ടുകയുംചെയ്താൽ 25 ഏക്കർ നെൽ കൃഷി രണ്ടാം വിളരക്ഷിച്ചെടുക്കാനും ആപ്രദേശത്തുകാർക്ക് കുളിക്കുവാനും സൗകര്യപ്പെടും

**കോക്കോട്ടുക്കുളം** 57 ഏക്കർപ്രദേശം ആയകെട്ടുവരുന്ന ഈ കുളം പഞ്ചായത്തതിർത്തിയിലെ ഏറ്റവും വലിയകുളമാണ്. 4. 9. 11. വാർഡുകളിലെ നിവാസികൾക്ക് കുളിക്കുന്നതിനും മേൽ പറഞ്ഞ 57 ഏക്കർ മുഴുവൻ ജലസേചനം നടത്തുന്നതിനും ഒരേ ഒരു ഉപാധി ഈ കുളമാണ് അറ്റക്കുറ്റ പണികൾ വളരെ പെട്ടെന്നുതന്നെ നടത്തിയില്ലെങ്കിൽ ഈ കുളം ഉപയോഗശൂന്യമാകുവാൻ സാദ്ധ്യതവളരെകൂടുതലാണ്.

**കണ്ടൻചോല** നടുവത്തുപാററോഡിന്റെ വടക്കുവശം മലേശമംഗലം പഴയപോസ്റ്റാഫീസിന്റെ ഭാഗത്തുള്ള ഈചോലയിൽ വെള്ളം സംഭരിച്ച് പടിഞ്ഞാറെവശം വഴിവിട്ടാൽ 75 ഏക്കറോളം ഭൂമിയിൽ ജലസേചനം നടത്തുവാൻ സാധിക്കും

**കാട്ടിൻചിറചോല** നീണ്ടവേനൽ കാലത്തു ജലം കെട്ടിനിൽക്കുന്ന ഈസ്ഥലത്ത് ബണ്ടുകെട്ടി ഏകദേശം 50 ഏക്കർസ്ഥലം കൃഷി ജലസേചനയോഗ്യമാക്കാം ചോഴിയംകോട്റോഡിന്റെ വലതുഭാഗത്തുനിന്നും തുടങ്ങുന്ന തോടിന്റെ രണ്ടുവശവും കെട്ടി ആനപ്പാറഭാഗത്ത് ഒരുചീർപ്പിട്ട് കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്

**പകവത്ത്തോട്** മലേശമംഗലത്തുനിന്ന്

ആരംഭിക്കുന്നതും സുമാർ 8 കിലോമീറ്ററോളം നീളമമുള്ളതും പടിഞ്ഞാറ് ഇട്ടിച്ചിരിക്കുണ്ട് സ്കീമിന്റെ മുകൾ ഭാഗത്ത് (ചീരക്കുഴി) ചെന്നെത്തുന്നതുമായ പകവത്തുതോടിൽ ജലസേചനത്തിനായി മണ്ണൂർകുന്ന് കോട്ടോട്ട്, മേപ്പാടം പാടം, പൂതനർക്കര, പണിക്കകുന്ന്, ചാട്ടൂള, കുണ്ടുപറമ്പ്, തുടങ്ങിയ ക്രോസ്ബാറുകളുണ്ട്. ഇവയൊക്കെതന്നെ 2 വിളയ്ക്ക് ഉപകാരപ്രദമാകുമെന്ന ലക്ഷ്യത്തോടെയാണ് പണികഴിച്ചതെങ്കിലും ജലം സംഭരിക്കുന്നതിന് ഇപ്പോൾ ഇവ ഫലപ്രദമല്ല. വലിയ ഷട്ടറുകൾ ഫലവത്താക്കുകയും മീൻ പാറ ഭാഗത്ത് ഒരുതടയിണ നിർമ്മിക്കുകയും വേണം.

**മണ്ണൂർകുന്ന്ചെക്ക്ഡാം** ഇതിന്റെ വെള്ളംകെട്ടി നിൽക്കുന്നഭാഗത്തിന്റെ ഒരുഭാഗംകെട്ടി ജലംസംഭരിച്ച് 30 ഏക്കർ നെൽകൃഷിയും പച്ചക്കറികൃഷിയും ചെയ്യാവുന്നതാണ്.

**വെള്ളക്കുളം** ഈ കുളത്തിന്റെ ആഴം ഇപ്പോൾ ഉള്ളതിൽ നിന്നും ഒന്നരമീറ്റർ താഴ്ത്തിയാൽ ഈ പ്രദേശത്തുള്ള കൃഷി 35 ഏക്കറോളം രണ്ടാം വിളക്ക് ഉപയോഗപ്പെടുത്താവുന്നതാണ് നാലാംവാർഡിലെ മിക്കവാറും ജനങ്ങൾക്ക് കുളിക്കുവാനുള്ള സൗകര്യവും ഈ കുളത്തിലാണ്.

**പാറക്കുളം** പഞ്ചായത്ത് കുളമായ ഈ കുളത്തിൻെറ 2 ഭാഗം കെട്ടി അറ്റകുറ്റപ്പണികൾ ചെയ്താൽ 30 ഏക്കറോളം കൃഷി രക്ഷിച്ചെടുക്കാൻ കഴിയും

പാറക്കോടുപാടത്തുള്ള പഞ്ചയാത്തുവക മോട്ടോർ പമ്പുസെറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് പ്രവർത്തനക്ഷമമാക്കിയാൽ 40 ഏക്കർ പ്രദേശം ജലസേചനയോഗ്യമാക്കാൻ കഴിയും

പാറക്കോട്ടുപാടത്തിൻെറ കുന്നുള്ള ഭാഗത്തുനിന്നും വരുന്ന തോട്ടുവെള്ളം പാടത്തേക്ക് ചാടി നിലം നികന്നു വരികയാണ്. ആ തോട് പുഴവരെ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

പാറക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ചേപ്പേപ്പാടം വരെ എത്തിക്കേണ്ടതാണ്.

**പട്ടിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ** ഈ പദ്ധതി നടപ്പിലാക്കാനായാൽ 2,3,8 വാർഡുകളിലെ രണ്ടാം വിള പൂർണ്ണമായും രക്ഷിച്ചെടുക്കാൻ കഴിയും. ചീരക്കുഴി പുഴയുടെ കൂട്ടുകല്ലിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ നൂറ്റി അൻപത് ഏക്കറോളം ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും. ഭൂതക്കയത്തിൽനിന്നും വെള്ളം പമ്പുചെയ്ത് നിലവിലുള്ള മലമ്പുഴ കനാലിൽക്കൂടി ജലസേചനം നടത്താവുന്നതാണ്. മലമ്പുഴ, മേജർ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് കനാൽവഴി വെള്ളം ലഭ്യമാക്കിയാൽ 7ാം വാർഡിൻെറ മിക്ക കൃഷി സ്ഥലങ്ങളും ജലസേചന യോഗ്യമാക്കാൻ കഴിയും. ഭാരതപ്പുഴയിൽ നിലവിലുള്ള ചെക്ക്ഡാമിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ 7,9,11,8,വാർഡുകൾ മിക്കവാറും ജലസേചനയോഗ്യമാക്കാൻ കഴിയും നിലവിലുള്ള ഫില്ലറുകൾ ഇപ്പോഴുള്ളതിനേക്കാൾ 1 മീറ്റർ കൂടെ ഉയരം കൂടുന്നത് നന്നായിരിക്കും.

### മലാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

ഈപദ്ധതി ആ സൂത്രണം ചെയ്ത് നടപ്പിലാക്കുകയാണെങ്കിൽ 4,5,9,10 വാർഡിലെ കൃഷിയുടെ 75ശതമാനം പ്രദേശം 2 വിള കൃഷിക്ക് അനുയോജ്യമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി മേൽപറഞ്ഞവാർഡുകളിലെ കിണറുകളിലും കുളങ്ങളിലും വെള്ളം നല്ലരീതിയിൽ നിലനിൽക്കുകയും ചെയ്യും. പഞ്ചായത്തിലെ സമതല പ്രദേശങ്ങളിൽ മിക്കവാറും സ്ഥലത്ത് ലെള്ളം എത്തിക്കുവാൻ ഈ പദ്ധതി കൊണ്ടുകഴിയും.

### *കൂട്ടിൽമുക്കിൽ ചെക്ക്ഡാം*

ഏറ്റവും കൂടുതൽ ജലലഭ്യതയുള്ള പഞ്ചായത്തിലെ ഈ പ്രദേശത്ത് ചെക്ക് ഡാം പണിത് കനാൽ നിർമ്മിച്ചാൽ കണിയാർകോഡ് വില്ലേജിലെ എല്ലാവിധ കൃഷിയും രക്ഷിച്ചെടുക്കാൽ കഴിയും .കുടിവെള്ളമടക്കമുള്ളപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധിക്കും. കുളങ്ങളിലും കിണറുകളിലും വെള്ളം നിൽക്കുന്നതുവഴി തിരുവില്വാമല കൊണ്ടാഴി പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമവും പരിഹരിക്കാം.

### സമഗ്ര ജലസേചന പദ്ധതി

വിപുലമായ ജലസ്രോതസ്സുള്ള 14 ഭാഗങ്ങളിലായി 120 ഏക്കർ പറമ്പ് കൃഷി ജലസേചന യോഗ്യ

മാക്കുവാൻ ഒരു സമഗ്ര ജലസേചന പദ്ധതി ഈ പഞ്ചായത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ സാദ്ധ്യതയുണ്ട്.

## നൂതന കൃഷി സംരംഭങ്ങൾ

പാടശേഖര സമിതി ഭാരവാഹികളും കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചിച്ച് കൂൺ, ഔഷധ സസ്യങ്ങൾ, ഓർക്കിഡുകൾ മറ്റ് സാമ്പത്തിക പ്രാധാന്യമുള്ള സസ്യങ്ങൾ എന്നിവയുടെ കൃഷി മുറകൾ നമ്മുടെ പഞ്ചായത്തിൽ സമാരംഭിക്കാവുന്നതാണ്. തിരുവില്വാമല പഞ്ചായത്തിലെ പട്ടിപ്പറമ്പ് പ്രദേശത്ത് ചീരക്കുഴിപുഴക്ക് സമീപം 60 ഏക്കർ ഭൂമി റവന്യൂ ഡിപ്പാർട്ട്മെൻറ് ഓരോ വർഷവും കൃഷിയിറക്കുന്നതിന് കർഷകർക്ക് ലേലം ചെയ്തുക്കൊടുത്തുവരുന്നുണ്ട്. ഈയിനത്തിൽ ഗവൺമെൻണ്ടിനും,കർഷകർക്കും ലഭിക്കുന്ന ആദായം നാമമാത്രമാണ്.

ഈ ഭൂമി കൃഷിവകുപ്പിന് കൈമാറ്റുകയും, അത്യുൽപാദന ശേഷിയുള്ള നെൽവിത്തിനങ്ങളും, പച്ചക്കറി വിത്തികൾ, തെങ്ങിൻ തൈകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുവാൻ യോജിച്ചവിധത്തിൽ സർക്കാർ അധീനതയിലുള്ള ഒരു വിത്തുൽപാദന കേന്ദ്രം ആരംഭിക്കാവുന്നതാണ്.

## *ചെറുതും വലുതുമായ കുളങ്ങൾ*

സ്വകാര്യ ഉടമയിലുള്ള 60 ഓളം വലുതും ചെറുതുമായ കുളങ്ങൾ ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്. സമീപപ്രദേശത്തെ കർഷകരുടേയും കൃഷി വകുപ്പിൻെറയും പഞ്ചായത്തിൻെറയും ഉടമസ്ഥൻമാരുടേയും കൂട്ടായ സഹകരണത്തോടുകൂടി ഒരു സമഗ്ര ജലസേചന പദ്ധതി നടപ്പിലാക്കിയാൽ 450 ഹെക്ടറെങ്കിലും കൃഷിഭൂമി സമ്പന്നമാക്കുവാൻ നമുക്ക് കഴിയും.

മലവട്ടത്ത് മലയടിവാരത്ത് ജലസ്രോതസ്സുള്ള ഭാഗത്ത് തടയണകെട്ടി വർഷക്കാലങ്ങളിൽ വെള്ളം സംഭരിച്ച് യഥേഷ്ടം കൃഷി ആവശ്യങ്ങൾക്ക് വെള്ളം ഉപയോഗിക്കാൻ വേണ്ട നടപടി ഉടൻ ആരംഭിക്കേണ്ടതും അപ്രകാരം ജലം സംഭരിച്ചാൽ ആ പ്രദേശത്തെ കൃഷി ഉല്പാദനം വർദ്ധിപ്പിക്കാനും സാധിക്കും.

## നെൽകൃഷി

ഈ പഞ്ചായത്തിലെ അതിർത്തിയിൽ 26 അംഗീകൃതപാടശേഖര കമ്മിറ്റികളിലായി 875 ഹെക്ടർ കൃഷിഭൂമിയുണ്ട്.

ഗ്രൂപ്പ് ഫാമിംഗ് സംവിധാനം സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വളരെ ഭംഗിയായി നടന്നുവരുന്നുണ്ടെങ്കിലും തിരുവില്വാമല പഞ്ചയാത്തിൽ ഈ സംവിധാനം ഫലപ്രദമയ രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

കൃഷിവകുപ്പിന്റെ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതിയും കർഷകസമിതിയുടെ അംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തിലെ പോരായ്മയും കർഷക ക്ലബുകൾ ഇല്ലാത്തതും കാരണം കർഷകർക്ക് നെൽകൃഷി പരിപാലനത്തിൽ വേണ്ടത്രപരിജ്ഞാനം ഉണ്ടായിട്ടില്ല.

പാടശേഖര കമ്മിറ്റികളുടെ സുഗമവും സുതാര്യവുമായ പ്രവർത്തനത്തിലൂടെ നെൽകൃഷിയുടെ ഒട്ടനവധി പ്രശനങ്ങൾ നമ്മൾക്ക് പരിഹരിക്കുവാൻ കഴിയും ഒമ്പതാം പദ്ധതിയുടെ തുടക്കത്തിൽ തന്നെ പാടശേഖരസമിതികൾ പൂർണ്ണമായി സജ്ജമാക്കുകുയും അർപ്പണബോധത്തോടെ പ്രവർത്തനോൻമുഖരാവുകയും ചെയ്താൽ ഇപ്പോഴുള്ള നെൽ ഉൽപ്പാദനത്തിന്റെ മൂന്ന് മടങ്ങ് നെല്ല് നമുക്ക് കൊയ്തെടുക്കുവാൻ കഴിയും. ആയതിലേക്ക് ഏതാനും നിർദ്ദേശങ്ങൾ സജീവപരിഗണനക്കായി സമർപ്പിക്കുന്നു.

1. എല്ലാ പാടശേഖരങ്ങളിലും മണ്ണു പരിശോധന ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കുക (കൃഷി ഭവനുമായി ബന്ധപ്പെട്ട പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്ന മണ്ണു പരിശോധന ശാല ഉണ്ടാക്കേണ്ടതാണ്.)
2. മണ്ണുപരിശോധന റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മണ്ണിന്റെ അമ്ലത്വം ഉണ്ടെങ്കിൽ ആയത് നീക്കം ചെയ്യേണ്ടതും കമ്മിറ്റിയുടെ നേതൃത്വത്തിൽ കുമ്മായപ്രയോഗം നടത്തേണ്ടതുമാണ്. പഞ്ചായത്തിലെ പാടശേഖരകമ്മിറ്റികൾക്ക് ആവശ്യമായ മൊത്തം കുമ്മായം സർവ്വീസ് സഹകരണസംഘം മുഖേന വാങ്ങി വിലക്ക് വിതരണം ചെയ്യാവുന്നതാണ്.
3. ഓരോ പാടശേഖരങ്ങളിലും മണ്ണിന്റെ ഘടനക്കും ജലലഭ്യതക്കും യോജിച്ചുള്ളവിത്ത് കൃഷി ഭവനുമായി ബന്ധപ്പെട്ട് അന്വേഷിച്ചറിഞ്ഞ് സംഭരിച്ച് കൃഷി ഇറക്കാവുന്നതാണ്.
4. പ്രാരംഭഘട്ടത്തിൽ വളപ്രയോഗം മണ്ണുപരിശോധനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്ര

| തിരുവില്വാമല പഞ്ചായത്ത് - പാടശേഖര സമിതികളുടെ വിവരം | | | |
|---|---|---|---|
| നമ്പർ | പാടശേഖരങ്ങളുടെ പേര് | റെജി.നമ്പർ | വിസ്തീർണ്ണം ഹെക്ടർ |
| 1 | കുറുമങ്ങാട് കർഷക സമിതി | 821/91 | 50 |
| 2 | കിണറ്റിൻക്കര കർഷക സമിതി | 339/93 | 50 |
| 3 | പുത്തൻമാരി കർഷക സമിതി | 787/91 | 25 |
| 4 | കോട്ടാട്ടിൽപടി കർഷക സമിതി | 731/91 | 20 |
| 5 | പരക്കോട് കർഷക സമിതി | 657/91 | 15 |
| 6 | കയറംപാറ കർഷക സമിതി | 662/91 | 45 |
| 7 | അപ്പേക്കാട്ട് പകവത്ത് കർഷക സമിതി | 527/91 | 30 |
| 8 | ചീരക്കുഴി കർഷക സമിതി | 654/91 | 40 |
| 9 | കണിയാർക്കോട് കർഷക സമിതി | 772/91 | 45 |
| 10 | കൂട്ടാല കർഷകസമിതി | 804/91 | 55 |
| 11 | കുത്താമ്പുള്ളി കർഷകസമിതി | 201/92 | 15 |
| 12 | മലേശമംഗലം കർഷകസമിതി | 220/93 | 30 |
| 13 | ചെമ്പൻക്കോട് കർഷകസമിതി | 187/92 | 30 |
| 14 | ആക്കപറമ്പ് കർഷകസമിതി | 387/93 | 55 |
| 15 | പാറക്കടവ് കർഷകസമിതി | 670/91 | 38 |
| 16 | ഒരലാശ്ശേരി കർഷകസമിതി | 1/92 | 60 |
| 17 | പന്തല്ലൂർ കർഷകസമിതി | 796/91 | 20 |
| 18 | കാക്കശ്ശേരി തീണ്ടാപ്പാറ കർഷകസമിതി | 734/91 | 25 |
| 19 | കാക്കശ്ശേരി മീനിക്കോട് കർഷകസമിതി | 831/92 | 30 |
| 20 | പാമ്പാടി കൊല്ലയ്ക്കൽ കർഷകസമിതി | 37/92 | 30 |
| 21 | പാമ്പാടി സോമേശ്വരം കർഷകസമിതി | 682/91 | 35 |
| 22 | കുറുമങ്ങാട്ട്പ്പടി കർഷകസമിതി | 703/91 | 20 |
| 23 | കുതിരംപാറ കർഷകസമിതി | 832/91 | 18 |
| 24 | ആനപ്പാറ കർഷകസമിതി | 647/93 | 64 |
| 25 | വരണംപാടം കർഷക സമിതി | 704/91 | 30 |

മേ നടത്താവൂ.

5. മരുന്ന് തളിക്ക് പാടശേഖരകമ്മിറ്റിമുഖേന സംവിധാനം ഏർപ്പെടുത്തുകയും ആവശ്യമെങ്കിൽ മാത്രം കീടനാശിനി പ്രയോഗിക്കുകയും ചെയ്യുക.

6. രണ്ടാം ഘട്ട വള പ്രയോഗം ഒരേസമയത്തു തന്നെ ചെയ്യേണ്ടതാണ്.

7. ഒരു പാടശേഖരത്തിൽ ഒരേസമയത്തുതന്നെ വിത്തിറക്കുക.

8 നീർച്ചാലുകൾ പൊട്ടുന്നതുമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കാൻ കൂട്ടായ ശ്രമം നടത്തുകയും ചിലവ് പാടശേഖരകമ്മിറ്റി വഹിക്കുകയും ചെയ്യുക.

9. വിളവെടുപ്പിന്, പരിധിയിൽ വരുന്ന കർഷക തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ഒരേനിരക്കിലുള്ളതും അർഹതയുള്ളതുമായവേതനം നൽകുകയും ചെയ്യുക, വിളവെടുപ്പ്കഴിഞ്ഞാൽ പാടശേഖരകമ്മിറ്റിയുടെ നേതൃത്വത്തിൽ ആഘോഷം നടത്തുകയും ഏറ്റവും കൂടുതൽ വിളവ് ഉൽപ്പാദിച്ച കർഷകനും, കമ്മിറ്റിയുടെ സഹകരണത്തിന് ഏറ്റവും കൂടുതൽ പ്രവർത്തിച്ച കർഷകനും പാടശേഖരത്തിൽ ഏറ്റവും മികവ് പ്രകടിപ്പിച്ച കർഷകതൊഴിലാളിക്കും പാരിതോഷികം നൽകുകയും ചെയ്യുക.

10. പാടശേഖരകമ്മിറ്റികളുടെ വിസ്തീർണ്ണം,

ഉൽപ്പാദനം, തൊഴിലാളികളുടെ എണ്ണം, പ്രവർത്തനങ്ങളുടെ പുരോഗതി, വരവുചെലവുകണക്കുകൾ എന്നിവ പഞ്ചായത്തുതലത്തിൽ പരിശോധിച്ച് പ്രോത്സാഹനങ്ങൾ നൽകാവുന്നതാണ്.

11. സർക്കാറിൽ നിന്നും കൃഷിവികസനത്തിന് അനുവദിക്കുന്ന തുക പാടശേഖരകമ്മിറ്റികളുടെ പ്രവർത്തനവും ആവശ്യകതയും വിലയിരുത്തി മാത്രം പഞ്ചായത്തിൽനിന്നും വിതരണംചെയ്യേണ്ടതാണ്.

രണ്ടാവിളക്കും തുടർന്നും മേൽ പറഞ്ഞ രീതിയിൽ പ്രവർത്തനം മുന്നോട്ട്കൊണ്ടുപോകാവുന്നതാണ്.

13. രണ്ടാവിളക്കും മൂന്നാംവിളക്കും പറ്റാത്തതും അതേസമയം പൂവൽനിലനിൽക്കുന്നതുമായ സ്ഥലങ്ങളിൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിവർത്തിതകൃഷി സമ്പ്രദായത്തിൽ പയറുവർഗ്ഗചെടികൾ കൃഷിചെയ്യുക കൃഷിയിടത്തിലെ നൈട്രജന്റെ അളവ് സ്ഥിരീകരിക്കാനുംമണ്ണിന്റെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കാനും ഇതുവഴി കഴിയേണ്ടതാണ്.

14. കൃഷി ഭൂമിയിലെ ജൈവവളപ്രയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി നെൽകൃഷിക്കാർ ഓരോരുത്തരും അവരവരുടെ വീട്ടിൽ ഓരോ കന്നുകാലികളെയെങ്കിലും വളർത്തുകയും വേലിക്കരുകിൽ പച്ചിലവളച്ചെടികൾ നട്ടുവളർത്തുകയും ചെയ്യേണ്ടതാണ്.

15. കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നെല്ലുസംഭരണം നടത്തുകയും സർവ്വീസ് സഹകരണബാങ്ക് ഇതിന്റെ വില്പനക്ക് മുൻകയ്യെടുക്കുകയുംചെയ്താൽ നെല്ലിന് മെച്ചപ്പെട്ടവില ലഭിക്കുമാറാകും.

## തെങ്ങ് _ കവുങ്ങ്

അത്യുൽപാദനശേഷിയുള്ള തെങ്ങിനങ്ങളെ കുറിച്ച് ജനങ്ങൾക്ക് അറിവുനൽകുകയും തൈകൾ ലഭ്യമാക്കുന്നതിന് സകരണബാങ്കിന്റെയും കൃഷിഭവന്റേയും ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ് കേരകർഷകസമിതിയുടെ പ്രവർത്തനം ഉജ്ജ്വലമാക്കുകയും പഞ്ചായത്തിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സമഗ്രകേരവികസനസമതിയുടെ തുക അതാതു വർഷം തന്നെ വിനിയോഗിക്കുകയും വേണം. ഒമ്പതാം പദ്ധതി ആരംഭിക്കുന്നതിനു മുമ്പുതന്നെ 40 കിണറുകളും ,40 പമ്പുസെറ്റുകളും നമുക്ക് കർഷകർക്ക് നൽകുവാൻ പദ്ധതിനിലവിലുണ്ട് തുടർന്ന് ഓരോ വർഷവും ഈ പദ്ധതിയിൽ 100 കിണറുകളും 100 പമ്പുസെറ്റുകളും വീതം നല്കുവാനുള്ള പദ്ധിതിക്ക് രൂപം നല്കാവുന്നതുമാണ്.

തെങ്ങു കയറ്റയന്ത്രം റോക്കർ സ്പ്രേയർ എന്നിവ വ്യാപകമായി പ്രചാരത്തിലാക്കുകയും കൊപ്ര ഡ്രയർ യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കുകയും കേര കർഷക സഹകരണ സംഘം രൂപീകരിക്കുകയും വേണം. തെങ്ങിൻ തടങ്ങളിൽ ചകിരി കുഴിച്ചിട്ട് ജലാംശം നിലനിറുത്തുന്നതിനും നടപടി സ്വീകരിക്കണം. നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ട് പുതുതായി തുടങ്ങുന്ന തെങ്ങിൻ തോപ്പുകൾക്ക് സബ്സിഡി നൽകുന്നതിന് മുൻഗണനന നൽകുകയും വേണം. ഒരു കൃഷിയും ചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിലും കുഴികൾ കുഴിച്ച് ജലാംശം നിലനിർത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വാഴകൃഷി

നേന്ത്രവാഴ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വാർഡുതലത്തിൽ സമ്മാനങ്ങൾ ഏർപ്പെത്തുകയും കണ്ണാറ മുതലായ പ്രദേശങ്ങളിൽ നിന്ന് പരീക്ഷണാർത്ഥം കർഷകരുടെ സഹകരണത്തോടുകൂടി വാഴക്കന്നുകൾ എത്തിക്കുകയും വേണം. തിരുവില്വാമല സഹകരണബാങ്ക് മുഖാന്തിരം ഓരോ സീസണിലും 5 ലോഡു വാഴക്കന്നുകൾ കൊണ്ടുവന്ന് കർഷകർക്ക് വിലക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഇതോടൊപ്പം മറ്റ് വാഴക്കന്നുകളും ലഭ്യമാക്കണം.

## പയറുവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും

നാഷണൽസീഡ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് കർഷകസമിതികളിലൂടെ പയറുവർഗ്ഗ വിത്തുകൾ വിതരണം ചെയ്യുകയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതായാൽ പയറുവർഗ്ഗ_കിഴങ്ങുവർഗ്ഗത്തിൽ സ്വയം പര്യാപ്തത നേടുവാൻ സാധിക്കും. ഈ പഞ്ചായത്തിൽ ഇപ്പോൾ ഗവർമ്മെണ്ട് അംഗീകാരത്തോടെ ഒരു സ്വകാര്യനെഴ്സറി പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കുകൂടി ഇതുപോലുള്ള നെഴ്സറികൾ അനുവദിക്കേണ്ടതാണ്. അംഗീകൃത നെഴ്സറികളിൽ തെങ്ങ്, കവുങ്ങ്, എന്നിവ കൂടാതെ കുരുമുളക്, ജാതി, ഗ്രാമ്പു, കശുമാവ്,

എന്നിവയും മറ്റു സസ്യവർഗ്ഗങ്ങളും ഔഷധ സസ്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

### പച്ചക്കറി കൃഷി സാധ്യതകൾ

പുതിയതരം വിത്തുകൾ കേരളകാർഷിക സർവകലാശാല (മണ്ണുത്തി എന്നിവരുമായി ബന്ധപ്പെട്ട ഒമ്പതാം പഞ്ചവൽസരപദ്ധതിയുടെ ആരംഭത്തിൽതന്നെ കർഷകർക്ക് ലഭ്യമാക്കണം. പച്ചക്കറി കൃഷി വികസനത്തിന് പ്രത്യേക സമിതി രൂപീകരിക്കുകയും ഓരോ വർഷവും 100 കർഷകരെ വീതം പരിശീലനത്തിന് അയക്കുകയും വേണം. 20 സെൻറിൽ കൂടുതൽ കൃഷിഭൂമി ഉള്ള എല്ലാ വീടുകളിലും 5 സെൻറ് പച്ചക്കറി കൃഷി നിർബന്ധമാക്കണം. അടുക്കളത്തോട്ടം വ്യാപകമാക്കുവാൻ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

സ്ക്കൂൾ കുട്ടികൾക്ക് പച്ചക്കറി വിത്ത് പാക്കറ്റുകൾ നൽകുകയും വേണം. എല്ലാ സ്ക്കൂളുകളിലും 15 സെൻറ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി നിർബന്ധമാക്കണം.സ്ക്കൂൾ അദ്ധ്യാപകരുടെ സഹകരണം ഈ കാര്യത്തിൽ ഉറപ്പാക്കണം. ചുരുക്കിപ്പറഞ്ഞാൽ ഒമ്പതാം പദ്ധതി കാലഘട്ടത്തിൽത്തന്നെ തിരുവില്വാമല പഞ്ചായത്തിനാവശ്യമായ മൊത്തം പച്ചക്കറി ഉൽപ്പാദനം ഈ പഞ്ചായത്തിനകത്തുതന്നെ സാധ്യമാക്കണം.

---

മടിയന്മാരുടെ പ്രവർത്തി ദിവസവും മൂഢന്മാരുടെ പ്രവർത്തി ദിവസവും എന്നും നാളെയായിരിക്കും.

**യുങ്ങ്**

നിനക്ക് വെള്ളം തരുന്ന കിണറ്റിലേക്ക് കല്ലെറിയരുത്.

**താൽമുദ്**

ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതും ചെയ്യണ്ടതാത്തതു ചെയ്യുന്നതും ഒരുപോലെതെറ്റാണ്.

**തിരുക്കുറൾ**



# മൃഗസംരക്ഷണം

# മൃഗപരിപാലനം മൽസ്യമേഖല

കഴിഞ്ഞ മൂന്നു ദശാബ്ദ കാലയള വിൽനമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചക്ക് മൃഗ സംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽവന്ന കുറവും വ്യവസായ സംരഭങ്ങളുടെ മുരടിപ്പും തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധതിരിയാൻ കാരണമായിഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സമ്പദ് വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. കഴിഞ്ഞ രണ്ടു ദശാബ്ദ വേളയിൽ മൃഗസംരക്ഷ രംഗത്ത് അസൂയാവഹമായ വളർച്ചയും വികസനവുമാണ് ഉണ്ടായിട്ടുള്ളത് പാലിൻെറ മൊത്തം മൂല്യം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാളും അധികമാണ് എന്നത് ഏറെ ശ്രദ്ധേയമാണ്. മൃഗസംരക്ഷണമേഖലയിൽ കൂടുതൽ പ്രോൽസാഹനം നൽകുകയാണെങ്കിൽ ജൈവവള ലഭ്യതകൂടുന്നത് നിമിത്തം കാർഷിക മേഖലയുടെ ഉൽപ്പാദനവും കൂടാൻ സാധിക്കും.

മൃഗസംരക്ഷണ മേഖലയുടെ വികസനം, പാൽ, മുട്ട, മാംസം, മുതലായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവർദ്ധനവ്, വെറ്റിനറി സർവ്വീസിന്റെ വികസനം, ആധുനിക വൽക്കരണം, ആസൂത്രണം എന്നിവയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞകാലയളവിൽ പ്രധാനമായും പാലിന്റെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും കൈവരിച്ച വളർച്ച അസൂയാവഹമാണ്. നാടൻ പശുക്കളുടെ ഉൽപ്പാദനം 30 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതകഗുണമുള്ള സങ്കരയിനം 80 ശതമാനം വരെ ഉയരുകയുണ്ടായി. കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വംശ വർദ്ധനവ് ജനിതകഗുണമേൻമ വർദ്ധനവും ഉൽപാദനക്ഷമതവർദ്ധനവും സാദ്ധ്യമാക്കാൻ നമുക്ക് കഴിഞ്ഞു

കോഴിയിറച്ചിയുടേയും കോഴിമുട്ടയുടേയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉൽപാദനം ഇനിയും സാധിച്ചിട്ടില്ല. കേരളത്തിൽ മാംസത്തിന്റെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ് മാംസോൽപാദന സംരക്ഷണ വിപണന രംഗമാകട്ടെ അസംഘടിതമേഖലകളിലും കേരളത്തിന്റെ മാംസോൽപാദനത്തിനുള്ള മൃഗങ്ങളിൽ 85, 90 ശതമാനം വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത് ക്രയവിക്രയം ചെയ്യുന്ന സമ്പത്തിന്റെ ഏറിയപങ്കും സംസ്ഥാനത്തിന്റെ പുറത്തേക്ക് ഒഴുകുന്നു. അതുകൊണ്ട് സ്വയംപര്യാപ്തതക്കുതകുന്ന, അതിന് മുൻതൂക്കം നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉൽപാദകന്റെ കൈകളിൽ എത്തിചേരും.

സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത് കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരുസാമൂഹ്യപ്രക്രിയയാണ് എന്നതിനാൽ മൃഗസംരക്ഷണമേഖലയിൽ ഉണ്ടാവുന്ന ഏത് പുരോഗതിയും ഗ്രാമീണസമ്പത്ത് ഘടനയെ സംപുഷ്ടമാക്കുന്നതാണ്

കാർഷികമേഖലയായിരുന്ന തിരുവില്വാമലപഞ്ചായത്തിൽ നാടൻ ഇനങ്ങളായ കാള, പോത്ത്, എരുമ ആട്, പശു, കോഴി എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ ജൈവവളം ഉപയോഗിച്ചായിരുന്നു അന്ന് കൃഷിചെയ്തിരുന്നത് കൃഷി ഉപോൽപന്നങ്ങളായ വൈക്കോൽ, പുല്ല് ,പിണ്ണാക്ക് തവിട്, പുളി,അരി എന്നിവയായിരുന്നു മൃഗങ്ങൾക്ക് തീറ്റയായി നൽകിയിരുന്നത് മേച്ചിൽസ്ഥലങ്ങളും ആവശ്യത്തിന് ഉണ്ടായിരുന്നു.

ആധുനിക കൃഷിസമ്പ്രദായങ്ങൾ നിലവിൽവന്നതോടെ കാർഷികമേഖലയിൽ മൃഗങ്ങൾ അവഗണിക്കപ്പെട്ടുതുടങ്ങി. കാളക്കുപകരം ട്രാക്ടറും ട്രില്ലറും നിലം ഉഴുതാൻ ഉപയോഗിച്ചുതുടങ്ങി. ഗതാഗതമേഖലയിലും കാളകളും പോത്തുകളും ഭാഗികമായി ഒഴിവാക്കപ്പെട്ടു. പറമ്പുകൾ തുണ്ടുകളായതോടെ മേച്ചിൽ സ്ഥലങ്ങളും കുറഞ്ഞു. കൃഷികുറഞ്ഞതും പുതിയയിനം നെൽവിത്തുകളുടെ ഉപയോഗവും കാരണം വൈക്കോൽ ലഭ്യതയും കുറഞ്ഞു. രാസവളങ്ങളുടേയും കീട

നാശിനികളുടേയും ഉപയോഗങ്ങൾ വർദ്ധിച്ചുവന്നതോടെ മൃഗങ്ങൾക്കും രോഗങ്ങൾ കൂടി കന്നുകാലിവളർത്തലിൽനിന്നും ജനങ്ങൾ പിൻതിരിഞ്ഞു തുടങ്ങി. പാൽ, ഇറച്ചി, മുട്ട എന്നിവക്കുവേണ്ടി മൃങ്ങളെ ആശ്രയിച്ചേമതിയാകൂ സങ്കരയിനം പശുക്കളുടെ ആവിർഭാവത്തോടെ പശുവളർത്തലിൽ ജനങ്ങൾ താൽപര്യം കാട്ടിതുടങ്ങി.

## ക്ഷീരസഹകരണ സംഘങ്ങൾ

തിരുവില്വാമലഗ്രാമപഞ്ചായത്തിൽ 2 ക്ഷീര സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട് മൂന്നാമത് ഒരെണ്ണം കൂടി പാമ്പാടിയിൽ രൂപീകരിച്ചുകഴിഞ്ഞു. ഒന്നാമത്തെ ക്ഷീരസഹകരണസംഘം 1983 84 ൽ എരവെത്തൊടി കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. രണ്ടാമത്തേത് 1992ൽ പട്ടിപറമ്പ് കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. ഈ രണ്ടു സംഘങ്ങളുടേയും പ്രവർത്തനത്തിൽ വൈവിധ്യവൽക്കരണം ആവശ്യമാണ്. ആപ്പ്കോസിന്റെ സാമ്പത്തിക സാങ്കേതിക സഹായം പരമാവധി ഉപയോഗിക്കാൻ കഴിയണം.

തിരുവല്വാമല പഞ്ചായത്തിൽ പൊതുവെ കാണപ്പെടുന്ന പക്ഷിമൃഗാദികൾ

1 ജേഴ്സി സങ്കരയിനം പശുക്കൾ
2. ബ്രൗൺ സിസ് പശുക്കൾ " "
3. ഹോൾസ്റ്റൈയിൻ ഫ്രീ ഷെയിൻ " "
4. നാടൻ
5. മലബാറി ആടുകൾ
6. നാടൻകോഴികൾ
7. ഗിരരാജാകോഴികൾ
8. സങ്കരയിനം പന്നികൾ

തിരുവല്വാമലപഞ്ചായത്തിലെ കന്നുകാലി സമ്പത്ത് ( 1987 ലെ സെൻസസ്)

| ഇനം | നാടൻ | സങ്കരയിനം | മേൽതരം |
|---|---|---|---|
| 1. പശു | 3058 | 625 | |
| 2. കാള | 570 | 94 | |
| 3. എരുമ. | 263 | | |
| 4. പോത്ത് | 474 | | |
| 5 ആട് | | | |
| പെൺ | 1621 | | |
| ആൺ | 493 | | |
| 6. പന്നി | | | |
| 7 പട്ടി | 1653 | | |
| 8. കോഴി | 19794 | 538 | |
| 9 താറാവ് | 13 | | |

### മൃഗാശുപത്രി

പമ്പാടി കേന്ദ്രമാക്കി ഒരുവെറ്റിനറി ആശുപത്രി പ്രവർത്തിച്ചുവരുന്നു സ്ഥിരമായി ഡോക്ടർ ഇല്ലാത്തതാണ് പ്രധാനപ്രശ്നം ഈ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഉണ്ടാകുകയും ക്ഷീരസംഘങ്ങൾ വഴി സേവനം കർകർക്ക് ലഭിക്കുകയും വേണം ഇപ്പോൾ ഡോക്ടറെകൂടാതെ ഒരു ലൈവ്സ്റ്റോക്ക് അസിസ്റ്റന്റും ഒരു അറ്റന്ററും ഒരു പാർട്ട് ടൈംസ്വീപ്പറും പ്രവർത്തിയെടുത്ത് വരുന്നുണ്ട്.

നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി
2. മുയൽ വളർത്തൽ
3. ഊർജ്ജിതപന്നിവളർത്തൽ പദ്ധതി
4 ആടുവളർത്തൽ
5. ഇറച്ചികോഴിവളർത്തൽ
6 മുട്ടകോഴിവളർത്തൽ
7. വീട്ടുവളപ്പിലെ കോഴിവളർത്തൽ
8 മിനിഡയറിയൂണിറ്റ് പദ്ധതി

ഗ്രാമസഭയിൽ നിന്നും വന്ന നിർദേശങ്ങൾ

1. മുട്ടകോഴി ഇറച്ചികോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക
2. പാൽ വിപണന സൗകര്യം വിപുലീകരിക്കുക
3. ഗുണനിലവാരമുള്ള കാലിത്തീറ്റ കോഴിത്തീറ്റ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക
4. മൃഗാശുപത്രിയുടെ സൗകര്യം വർദ്ധിപ്പിക്കുക
5. കൃത്രിമ ബീജസങ്കലനസൗകര്യം വ്യാപിപ്പിക്കുക
6. തീറ്റപുൽ കൃഷി ഏർപ്പെടുത്തുക്കുക

പേവിഷബാധ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുക

### സാധ്യതകൾ

1. പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

2. പഞ്ചായത്ത് പുറംപോക്ക്സ്ഥലങ്ങൾ തരിശുനിലങ്ങൾ എന്നിവ തീറ്റപുൽകൃഷിക്കു വേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കതകാവുന്നതാണ്.

3 നിലവിലുള്ള പാൽ വിപണന സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ പാൽ അളവ്കേന്ദ്രങ്ങൾ തുടങ്ങി പാൽ വിപണന സൗകര്യം

കർഷകന് പ്രാപ്യമായരീതിയൽ പുനരാസുത്രണം ചെയ്യാവുന്നതാണ്.

4. പഞ്ചായത്തുതലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർപോളിസിവഴി ഇൻഷുറൻസ് പരിരക്ഷ നൽകാവുന്നതാണ്.

5. കൃത്രിമ ബീജസങ്കലനത്തിനുവേണ്ടി 500 പശുക്കൾക്ക് 1 എന്നതോതിൽ ബീജസങ്കലനകേന്ദ്രങ്ങൾ ആരംഭിക്കാം

6. വനിതാഗ്രൂപ്പുകളുടെ രൂപീകരണം വഴി മൃഗസംരക്ഷണ മേഖലയുടെ സ്ത്രീപങ്കാളിത്തം ഉറപ്പിക്കാം

7. നിലവിലുള്ള സംഘങ്ങളിൽ വെറ്ററിനറി ഡോക്ടർ ആഴ്ചയിൽ ഒരുദിവസം സന്ദർശനം നടത്തി സേവനം വ്യാപിപ്പിക്കാം

8 മൃഗാശുപത്രിവികസനസമിതികൾ രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയൽ ലഭ്യമാക്കുകയും ചെയ്യാം

9 മൃഗാശുപത്രികളിൽ ആവശ്യമരുന്നുകൾ സൂക്ഷിക്കാം

10 സമഗ്രപേവിഷ നയം ആവിഷ്കരിക്കുകയും പഞ്ചയാത്തിലെ എല്ലാ വളർത്തുനായക്കൾക്കും പ്രധിരോധകുത്തിവെപ്പ് നൽകുകയും ലൈസൻസിങ്ങ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായക്കളെ നശിപ്പിക്കുകയും വേണം.

# മൽസ്യമേഖല

ശാസ്ത്രീമായി മൽസ്യകൃഷിചെയ്യുന്ന കർഷകർ പഞ്ചായത്തിൽ വിരലിലെണ്ണാവുന്നതേയയുള്ളു.. പഞ്ചായത്തിലെ സാധ്യതകൾ പരിശോധിച്ചാൽ അത് ഗണ്യമായി വർദ്ധിപ്പിക്കാമെന്ന് കാണാൻ കഴിയും. പഞ്ചായത്തിൻെറ കൈവശമുള്ള കുളങ്ങളും. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളും. ഉപയോഗപ്പെടുത്തിയാൽ ഇന്നുള്ളതിൻെറ പതിൻമടങ്ങ് ഉൽപ്പാദനം വൻദ്ധിപ്പിക്കുവാൻ കഴിയും. കട്ടല, മൃഗാല, രൊഹു എന്നീ സങ്കര ഇനം മൽസ്യങ്ങളെ കൂടാതെ നാടൻ മൽസ്യവളർത്തലും പ്രോൽസാഹിപ്പിക്കാവുന്നതാണ്.

മൽസ്യകൃഷി ശാസ്ത്രീയമായ രീതിയാൽ ചെയ്താൽ ഉതകും വിധമുള്ള കൃത്രിമ ടാങ്കുകൾ നിർമ്മിച്ച് മൽസ്യസമ്പത്ത് വർദ്ധിപ്പികാവുന്നതാണ്.

മൽത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത അവക്കുള്ള തീറ്റിയുടെലഭ്യത എന്നിവ പഞ്ചായത്തിലെ കൃഷിക്കാർക്ക് പ്രാപ്യമാകും വിധത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ആവശ്യമായ സാമ്പത്തിക സഹായം കർഷകർക്ക് ശാസ്ത്രീയ പരിപാലനത്തിനുള്ള അറിവ് പകർന്ന് കൊടുക്കാൻകഴിഞ്ഞാൽ ഗ്രാമീണ സമ്പത്തുല്പാദന മേഖലയിലേക്ക് മൽസ്യകൃഷിക്ക് നല്ല സംഭാവന നൽകാൻ കഴിയും.

ഒരിക്കലും വീഴാത്തതിലല്ല, വീഴുമ്പോഴൊക്കെ എഴുന്നേൽക്കുന്നതിലാണ് നമ്മുടെ വലിയ മാഹാത്മ്യം.

**കൺഫ്യൂഷ്യസ്**

സത്യത്തെക്കുറിച്ചുള്ള അജ്ഞതയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം.

**ശ്രീ ബുദ്ധൻ**

പാവപ്പെട്ടവരെ സേവിക്കുക. അവർക്കുള്ളത് നൽകുകയെന്നത് ഔദാര്യമല്ല, കടമയാണ്. നിർദ്ദേശമല്ല നിയമമാണ്.

**സെയിൻറ് ഗ്രിഗറി**



# വ്യവസായം

# വ്യവസായം

തൃശൂർ പട്ടണത്തിൽ നിന്നു ഏകദേശം 50 കി.മി. വടക്കു മാറി സ്ഥിതി ചെയ്യുന്ന പ്രകൃതിരമണീയമായ ഒരു പ്രദേശമാണ് തിരുവില്വാമല പഞ്ചായത്ത്. തൃശൂർ ജില്ലയിൽ ആദ്യം 100% സാക്ഷരത നേടിയ പഞ്ചായത്തും ഇതുതന്നെ. ചീരക്കുഴിപ്പുഴയും ഭാരതപുഴയും രണ്ടു ഭാഗങ്ങളിൽ തഴുകി താലോലിക്കുന്ന ചരിത്രപ്രധാനമായ ഒരു പ്രദേശം കൂടിയാണ്.

ഏകദേശം 75 വർഷങ്ങൾക്കു മുമ്പ് യശശരീരനായ കൂട്ടാല നാരായണൻ നായർ തൻെറ സ്വന്തം ഉടമസ്ഥതയിൽ പണികഴിപ്പിച്ച ഓടുനിർമ്മാണ വ്യവസായ സ്ഥാപനം സ്ഥാപിതമായതോടുകൂടിയാണ് വ്യവസായ ഭൂപടത്തിൽ തിരുവില്വാമലയ്ക്ക് ആദ്യസ്ഥാനം ലഭിച്ചത്.

ഇതിനുപുറമെ പരമ്പരാഗതമായ കുലത്തൊഴിലായി ദശാബ്ദങ്ങൾക്കുമുമ്പു തന്നെ ഇവിടെ കൈത ഓല ഉപയോഗിച്ചുള്ള തഴപ്പായ നിർമ്മാണം നിലവിലിരുന്നു. അതു ഇന്നും തുടർന്ന് പോരുന്നുണ്ട്. ഏകദേശം 50 ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളിലേക്ക് ഒന്നു എത്തി നോക്കാം.

ഏതെല്ലാമാണ് ഇവിടുത്തെ പരമ്പരാഗത വ്യവസായങ്ങൾ?

1. കൈത്തറി നെയ്ത്ത് വ്യവസായം:
ഏകദേശം 800ൽപ്പരം കുടുംബങ്ങൾ മുഴുവൻ തൊഴിൽ ചെയ്യുന്ന ഒരു മേഖലയാണിത്. തൃശൂർ ജില്ലയിലെ മാഞ്ചസ്റ്റർ എന്ന് കുത്താമ്പുള്ളി, എരവത്തൊടി എന്നീ സ്ഥലങ്ങളെ നമുക്കു വിളിക്കാം. കാരണം ഇത്രയും കൂടുതൽ കസവു സാരികളും കസവു സെറ്റുമുണ്ടുകളും മറ്റ് കൈത്തറി വസ്ത്രങ്ങളും കുടിൽ വ്യവസായമായിരിക്കുന്ന ഒരു പഞ്ചായത്ത് തൃശൂർ ജില്ലയിൽ വേറെ ഇല്ല.. മാത്രമല്ല ഇവിടെ ഉല്പാദിപ്പിക്കുന്ന വിവാഹ സാരികൾ വിദേശത്തു പോലും പ്രിയങ്കരമായവയാണ്. ഏകദേശം 5 കോടിയുടെ കൈത്തറി വസ്ത്രം ഒരു വർഷത്തിൽ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 3 കൈത്തറി നെയ്ത്തു സംഘങ്ങൾ ഇവിടെയുണ്ട്. ഏകദേശം 1000ത്തോളം പേർക്ക് പ്രത്യക്ഷത്തിൽ ഈ സ്ഥാപനങ്ങൾ തൊഴിൽ നൽകുന്നുണ്ട്. തൃശൂർ ജില്ലയിലെ ഏറ്റവും വലിയ ഏറ്റവും നല്ല കൈത്തറിനെയ്ത്തു സഹകരണ സംഘം തിരുവില്വാമല പഞ്ചായത്തിലെ കുത്താമ്പുള്ളി നെയ്ത്തു സഹകരണ സംഘമാണ് എന്നതും എടുത്തു പറയേണ്ട കാര്യമാണ്.

ഇതിനു പുറമെ പവർലൂം തറികളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലും ആളുകൾക്കു തൊഴിൽ ലഭിക്കുന്നു.

ഇവിടുത്തെ കൈത്തറി ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ വലിയ ഒരു ജനസമൂഹത്തിൻെറ അഭയകേന്ദ്രമാണ് ഈ രംഗം.

ഈ കൈത്തറി നെയ്ത്തു വ്യവസായം വിപുലീകരിക്കുന്നതിനു വേണ്ടി കൂടുതൽ കൈത്തറികൾ സ്വകാര്യമേഖലയിലോ , സഹകരണമേഖലയിലോ ആരംഭിക്കുവാനുള്ള സഹായ സഹകരണങ്ങൾ സർക്കാർ തലത്തിൽ നടപ്പിലാക്കണം. മാത്രമല്ല ഇത്തരം വ്യവസായസംരംഭകർക്ക് പുതിയ ടെക്നോളജി ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്ഥാപനങ്ങൾക്ക് സബ്സിഡി, കുറഞ്ഞ പലിശയ്ക്കു വായ്പകൾ മുതലായവ ലഭ്യമാക്കേണ്ടതാണ്. കൈത്തറി വിദേശത്തേക്ക് കയറ്റിഅയക്കുവാനുള്ള പദ്ധതികൾ

ആസൂത്രണം ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതും ഈ മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. കൈത്തറിനെയ്ത്തിന് അത്യാവശ്യമായ പാവ് ഉൽപാദിപ്പിച്ച് നെയ്ത്തുകാർക്ക് ലഭ്യമാക്കുവാൻ ഒരു വാർപ്പിംഗ് സംഘം തിരുവില്വാമല പഞ്ചായത്തിൽ തുടങ്ങേണ്ടത് അത്യാവശ്യമാണ്.

എരവത്തൊടി കൈത്തറി നെയ്ത്തു സഹകരണസംഘത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുസാരികൾ എറ്റവും വേഗം വിറ്റഴിക്കുവാനുള്ള ഒരു മാർക്കറ്റിംഗ് സംവിധാനവും, സംഘങ്ങൾക്ക് കുടിശികയായി കിട്ടുവാനുള്ള റിബേറ്റ് സംഖ്യ മുഴുവനും എത്രയും വേഗം കിട്ടുവാനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതാണ്. ഏന്നാൽ മാത്രമേ കൈത്തറി വ്യവസായം മുന്നോട്ടു പോവുകയുള്ളൂ, ഒരു ടെക്സ്റ്റയിൽസ് ടെക്നോളജി ആന്റ് ഡിസൈൻ സെന്റർ തിരുവില്വാമലയിൽ ആരംഭിക്കണം.

2) പനമ്പ്, കുട്ട നെയ്ത്തു വ്യവസായം:

പട്ടികജാതി സമുദായത്തിൽപെട്ട ഏകദേശം 250 സാബവ കുടുംബങ്ങളുടെ കുലതൊഴിലാണ് പനമ്പ്, കുട്ടനെയ്ത്ത് വ്യവസായം. മുള, ഈറ്റ മുതലായവ കൊണ്ടുള്ള ഉല്പന്നങ്ങളാണ് ഇവ. ഇവക്ക് ചിലകാലങ്ങളിൽ നല്ല മാർക്കറ്റ് ഉണ്ട്. എന്നാൽ മഴക്കാലത്ത് മാർക്കറ്റ് ഇല്ല ചില സമയങ്ങളിൽ ഇവർക്ക് ആവശ്യാനുസരണം അസംസ്കൃതവസ്തുക്കളായ ഈറ്റയും മുളയും ലഭിക്കാറില്ല. അതിനാൽ ഈ രംഗത്തുപ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ ഈറ്റയും മുളയും ലഭിക്കുന്നതിനുള്ള സംവിധാനവും ഉൽപന്നങ്ങളുടെ വിപണനസൗകര്യങ്ങൾ മെച്ചപ്പെടുത്തന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈറ്റകൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണവും പരിപോഷിപ്പിക്കേണ്ടതാണ്.

3) ഇരുമ്പുപണിക്കാർ:

ഏകദേശം 25 കുടുംബങ്ങളിലായി ഇരുമ്പുപണിക്കാർ ഈ പഞ്ചായത്തിൽ വ്യാപിച്ചിരിക്കുന്നു. ഇവർ നല്ല നിലയിലുള്ള കാർഷികോപകരണങ്ങളും വെട്ടുകത്തി, ചുറ്റിക, അരിവാൾ മുതലായവയും നിർമ്മിക്കുന്നവരാണ്. ധാരാളം വിപണിയുള്ള ഉല്പന്നങ്ങളാണ് ഇവരുടേത്. എന്നാൽ മെക്കാനൈസേഷന്റെ കുറവുമൂലവും സാമ്പത്തിക പരാധീനതമൂലവും ഇവരിൽ പലർക്കും ഈ രംഗത്തു പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഇവർക്ക് സാമ്പത്തികസഹായം യഥാസമയം ലഭ്യമായാൽ ഈ രംഗത്തു കൂടുതൽ കാലം പിടിച്ചുനിൽക്കുവാനും തൊഴിൽ ചെയ്യുവാനും സാധിക്കുന്നതാണ്.

പപ്പടവ്യവസായം :

ഏകദേശം 30 കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് കഴിയുന്നവരാണ്. ധാരാളം തൊഴിൽ സാധ്യതയുള്ള മേഖലയാണിത്. കാരണം ഇവരുടെ ഉല്പന്നം ഒരു നിത്യോപയോഗസാധനമായതു തന്നെ. എന്നാൽ സാമ്പത്തിക പരാധീനത വളരെയധികം ഈ മേഖലയിലുള്ളവരെ ബാധിക്കുന്നുണ്ട്. മെക്കാനൈസേഷൻ നടപ്പിലാക്കി ആവശ്യമായ സാമ്പത്തിക സഹായം ഇവർക്ക് ലഭ്യമായാൽ ഈ രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും,ഈ രംഗത്തുള്ളവരെ ഈ തൊഴിലിൽ തന്നെ പിടിച്ചു നിർത്താനും കഴിയും.

5. ആശാരിപ്പണി:

ഏകദേശം 200 ഓളം കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഉണ്ടെന്നാണ് അറിവ്. ഇവരിൽ ഭൂരിപക്ഷവും നല്ല കരകൗശലവിദ്യയും, തച്ചുശാസ്ത്രവും വശമുള്ളവരാണ്. അതിനാൽ ഇവർക്ക് ആവശ്യമുള്ള സാമ്പത്തികവും മറ്റുമായ സഹകണങ്ങൾ നല്കി കരകൗശലസംഹകരണസംഘമോ മറ്റോ രൂപീകരിച്ച് വിദേശത്തും സ്വദേശത്തുമുള്ള ഓർഡറുകൾക്ക് അനുസരിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുവാനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതാണ്.

6. സ്വർണ്ണപ്പണി:

ഇതും പരമ്പരാഗതമായ ഒരു തൊഴിൽ രംഗമാണ്. ഏകദേശം 750 ഓളം കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ ജീവിക്കുന്നു. ഇവരിൽ പലർക്കും ഇന്ന് പണിയില്ല. കാരണം സ്വർണ്ണവില കൂടിയതും, ജനങ്ങൾ നേരിട്ട് പട്ടണങ്ങളിലെ ജ്വല്ലറികളിൽ പോയി ആഭരണങ്ങൾ വാങ്ങിക്കുന്നതും തന്നെ മുഖ്യ കാരണം. മാത്രമല്ല, സ്വന്തമായി മുതൽമുടക്കി സ്വർണ്ണവ്യാപാരം നടത്തുവാനുള്ള സാമ്പത്തികശേഷിയും, ഇവർക്കില്ല. അതിനാൽ ഇവർക്ക് താല്പര്യമുള്ളവർക്ക് യന്ത്രവൽകൃത സ്വർണ്ണാഭര നിർമ്മാണത്തിൽ പരിശീലനം കൊടുക്കുവാനും ഉള്ള സൌകര്യം ഉണ്ടാക്കികൊടുക്കാവുന്നതുമാണ്.

7. കൊല്ലപ്പണിക്കാർ

ഏകദേശം 10 കുടുംബങ്ങൾ ഈ തൊഴിലുമായി ബന്ധപ്പെട്ട് കഴിയുന്നുണ്ട്. ഇവർ ഉല്പാദിപ്പിക്കുന്ന തുകൽ ചെരിപ്പുകൾ ഇരട്ടിയലധികം വിലക്ക് വില്ക്കുന്നുണ്ട്. ഇവർക്കും സാമ്പത്തിക പരാധീനത വളരെ കൂടുതലാണ്. അതിനാൽ ആവശ്യമായ സാമ്പത്തിക, സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കിയാൽ തുകൽ വ്യവസായം വളരെയധികം പുഷ്ട്ടിപ്പെടുത്തുവാനും. കൂടുതൽ പേർക്ക് തൊഴിൽ നല്കുവാനും കഴിയും.

8. കളിമൺ വ്യവസായം:

ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏകദേശം 50 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരും പരമ്പരാഗതവ്യവസായമായ കളിമൺ പാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ കളിമൺ ലഭിക്കുന്നതിനുള്ള വിഷമവും, വിറകിൻെറ വിലയും, ഉല്പന്നത്തിൻെറ വിപണി മാന്ദ്യവും ഈ കുടുംബങ്ങളെ വല്ലാതെ ബാധിച്ചിട്ടുണ്ട്. അതിനാൽ ഇവർക്ക് ആവശ്യമായ കളിമൺ,വിറക് മുതലായവ ഏറ്റവും ചുരുങ്ങിയ വിലക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും ഉല്പന്നത്തിൻെറ ആകർഷണീയതയും വിപണന സൗകര്യവും മെച്ചപ്പെടുത്തുവാനായി സഹായസഹകരണങ്ങൾ കൊടുക്കേണ്ടതാണ്.

കളിമൺ കൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് വളരെ വിപണിയുള്ളതിനാൽ ഇവരെ പരിശീലനം കൊടുത്ത് ആ മേഖലയിലേക്കു കൂടി താൽപര്യമുള്ളവരാക്കേണ്ടതാണ്.

9. ഓട്ടുപാത്രനിർമ്മാണം:

പരമ്പരാഗതമായ ഓട്ടുപാത്രനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന 2 കുടുംബം ഇവിടെയുണ്ട്. ഇന്ന് ഓട്ടുപാത്രവ്യവസായം പ്രതിസന്ധിയിലാണ്. കാരണം സ്റ്റീൽ,അലുമിനിയം,പ്ലാസ്റ്റിക് മുതലായ പുതിയ തരം പാത്രങ്ങളുടെ രംഗപ്രവേശം തന്നെ. മാത്രമല്ല യന്ത്രവൽകൃതമായ ഓട്ടുപാത്രനിർമ്മാണം പല സ്ഥലത്തും പ്രചാരണത്തിലായി. അതിനാൽ പരമ്പരാഗതമായ രീതിയിൽ ഇന്ന് ഓട്ടുപാത്രനിർമ്മാണം നടത്തുന്നത് അത്ര ലാഭകരമല്ല. അതിനാൽ ഈ തൊഴിൽ യന്ത്രവൽക്കരിക്കുവാനും, സാമ്പത്തികസഹായം ലഭ്യമാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത്രയും പറഞ്ഞത് ഈ പഞ്ചായത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളെകുറിച്ചും അവ ഇന്ന് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചും, പ്രതിസന്ധികളെ അതിജീവിക്കുവാനുമുള്ള മാർഗ്ഗങ്ങളെ കുറിച്ചുമാണ്.

എന്നാൽ പരമ്പരാഗതമായ വ്യവസായങ്ങൾ പരിപോഷിപ്പിച്ചതുകൊണ്ടു മാത്രം നമ്മുടെ നാടിൻെറ വ്യവസായ അഭിവൃദ്ധി പ്രതീക്ഷിച്ച പോലെ ഉണ്ടാവുമെന്ന് തോന്നുന്നില്ല. അതിനാൽ നൂതനമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചും നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചും , നമുക്കു നടപ്പിലാക്കുവാൻ കഴിയുന്ന കുറെ വ്യവസായങ്ങൾ ഉണ്ട്. അവയെക്കുറിച്ച്

ചിന്തിക്കുവാനുംഅവ പ്രവർത്തനക്ഷമമാക്കുന്നതിനും നാം ശ്രമിക്കേണ്ടതാണ്. അവയിൽ ചിലത് താഴെ കൊടുക്കേണ്ടതാണ്.

1. റബ്ബർ അധിഷ്ഠിത വ്യവസായം

ഇന്ത്യയുടെ റബ്ബർ പാൽ ഉല്പാദനത്തിൻെറ ഏകദേശം 93% ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. എന്നാൽ ഈ അസംസ്കൃത വസ്തുവിൻെറ ഉപഭോഗം ഏകദേശം13% മാത്രമാണ്. അതുകൊണ്ടു തന്നെ ഇത്രയും സുലഭമായ ലഭിക്കുന്ന ഒരു അസംസ്കൃത വസ്തുവിനെ ആസ്പദമാക്കിയുള്ള വ്യവസായത്തിന് മുൻഗണന നൽകേണ്ടതാണ്.

ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കേണ്ടതിന്നാവശ്യമായ കോമ്പൗണ്ടുകൾ ഉല്പാദിപ്പിക്കുന്ന ഒരു വലിയ റബ്ബർ ഫാക്ടറി (മദർ യൂണിറ്റ്) ആരംഭിക്കേണ്ടതും , അതിൻെറ കീഴിൽ, ലാറ്റക്സ് ബേയ്സ്ഡ് വ്യവസായങ്ങളായ റബ്ബർ ത്രെഡ്സു നിർമ്മിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതിനും പുറമെ ഡ്രൈ റബ്ബർ കോമ്പൗണ്ടുകൾ കൊണ്ട് നിർമ്മിക്കാവുന്ന ഓട്ടോമോബൈൽ ബുഷുകൾ, ഓയിൽ സീലുകൾ, റബ്ബർ ഫ്ളാപ്പുകൾ മുതലായവയും മായ്ക്കുന്ന റബ്ബർ നിർമ്മിക്കുന്ന ഒരു വ്യവസായ സ്ഥാപനവും തുടങ്ങാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു വ്യവസായസ്ഥാപന് തുടങ്ങുന്നതിലേക്ക് ആവശ്യമായ സ്ഥലവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും പഞ്ചായത്ത് ലഭ്യമാക്കുന്നതായിരിക്കും. വളരെ കൂടുതൽ പേർക്ക് ഈ രംഗത്ത് തൊഴിൽ ലഭിക്കുന്നതിനും, പഞ്ചായത്തിൻേറ റവന്യൂ വരുമാനം കൂട്ടുന്നതിന്നും, ഈ പദ്ധതി പ്രയോജനം ചെയ്യും.

2.പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ

യഥാർത്ഥത്തിൽ ചിന്തിച്ചാൽ നാം ഇന്ന് ഒരു പ്ലാസ്റ്റിക് യുഗത്തിലാണ് ജീവിക്കുന്നത്. മിക്കവാറും എല്ലാവിധത്തിലുള്ള പാത്രങ്ങളും, മരുന്നുകുപ്പികളും, പാക്കു ചെയ്യുന്ന പാക്കറ്റുകളും ഇന്ന് പ്ലാസ്റ്റിക് കൊണ്ടു നിർമ്മിച്ചവയാണ്. അതുകൊണ്ടു തന്നെ പ്ലാസ്റ്റിക് ഇന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വസ്തുവായി മാറിയിരിക്കുകയാണ്. അതിനാൽ താഴെ പറയുന്ന വ്യവസായങ്ങൾ _ പ്ലാസ്റ്റിക് ബേയ്സ്ഡ് ആരംഭിക്കുവാൻ ഈ പഞ്ചായത്തിൽ സാധ്യതത്തിൽ സാധ്യതയുണ്ട്.

1. പ്ലാസ്റ്റിക് റീ പ്രോസസ്ഡ് ഗ്രാന്യൂൾസ് ഉണ്ടാക്കുന്ന ഒരു സ്ഥാപനം
2. പ്ലാസ്റ്റിക് ഇഞ്ചക്ഷൻ മോൾഡഡ് ഐറ്റംസ്.
3. പ്ലാസ്റ്റിക് ബ്ലോ മോൾഡഡ് ഐറ്റംസ്.
4. P.V.C. ഫാബ്രിക്കേറ്റഡ് ഐറ്റംസ്.
5. P.V.C.ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്
6. P.V.C. ബെൻഡ്സ്,
7. ടാപ്സ്, ഹോസ് കണക്ടർ
8. ഡിസ്പോസിബിൾ കപ്സ് ആൻറ് പ്ലേറ്റ്സ്
9. ഡിസ്പോസിബിൾ സിറിഞ്ച്.

ഇവയുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതിക, സാമ്പത്തികപരിജ്ഞാനവും, സഹായവും ലഭ്യമാക്കിയാൽ ഒട്ടു വളരെ പേർക്ക് ഈ രംഗത്ത് തൊഴിൽ നൽകുവാനും, ആഭ്യന്തര വിപണിയിലെ പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കുള്ള ഡിമാൻഡ് ചൂഷണം ചെയ്യുവാനും സാധിക്കും.

3. കരിങ്കല്ല് ജല്ലി:

തിരുവില്വാമല എന്നു കേൾക്കുമ്പോൾ തന്നെ ഏവർക്കും പെട്ടെന്ന് മനസ്സിലാവുന്ന ഒരു കാര്യമാണ് ഈ പ്രദേശം മലയോടു ബന്ധപ്പെട്ടതാണ് എന്ന്. അതുകൊണ്ടു തന്നെ ധാരാളം കരിങ്കല്ല് പാറകൾ ഇവിടെയുണ്ട്. സാമൂഹിക വളർച്ചയുടെ ഭാഗമാണ് നിർമ്മാണപ്രവർത്തനങ്ങൾ എന്നതിനാൽ കെട്ടിടം പണിക്കും, പാലം പണിയുന്നതിനും, റെയിൽവേ ലൈൻ പണിയുന്നതിനും എല്ലാം കരിങ്കല്ല് ജെല്ലി അത്യാവശ്യമാണ്. ഇവിടെ സുലഭമായി ലഭിക്കുന്ന പാറയിൽ നിന്നും,ഈ

പഞ്ചായത്തിലെ 10ാം വാർഡ്,30ാം വാർഡ് എന്നീ വാർഡുകളിൽ കരിങ്കല്ല് പൊട്ടിച്ച് ജല്ലി ഉണ്ടാക്കുവാനുള്ള മെറ്റൽ ക്രഷർ സ്ഥാപിക്കാവുന്നതും നല്ല ലാഭകരമായ രീതിയിൽ ജെല്ലി ഉല്പാദിപ്പിക്കാവുന്നതും ആവശ്യക്കാരുടെ ആവശ്യം ഒരു പരിധി വരെ നിറവേറ്റാവുന്നതുമാണ്. മാത്രമല്ല ഈ മെറ്റൽ ക്രഷറുകൾ പ്രവർത്തനം തുടങ്ങിയാൽ ധാരാളം ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ട് തൊഴിൽ ലഭിക്കുവാനും സാധ്യതയുണ്ട്.

ഈ മെറ്റൽ ക്രഷറിൽ ഉല്പാദിപ്പിക്കുന്ന ബേബി മെറ്റർ, ക്വാറി പൌഡർ എന്നിവ ഉപയോഗിച്ച് കോൺക്രീറ്റ് ഫോളോബ്രിക്സ്, ക്രാസീസ്, ഗ്രിൽസ്, കോൺക്രീറ്റ് കട്ടിള, ജനൽ ഫ്രെയിമുകൾ മുതലായവയുടെ മൂന്നോ നാലോ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. ഇവയെല്ലാം ഇന്ന് കെട്ടിടം പണികൾക്ക്, മതിൽ കെട്ടുന്നതിനും അത്യന്താപേക്ഷണിയതമായവയാണ്. ഇവയിൽ തൊഴിൽ രഹിതരായ നിരവധി പേർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതയുണ്ട്.

4. എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്:

ഏറ്റവും കൂടുതൽ വിപണിയുള്ളതും, മനുഷ്യജീവിതത്തിന്റെ ഒരു ഭാഗവുമായിത്തീർന്നിട്ടുള്ളതുമാകുന്നു. എഞ്ചിനീയറിംഗ് വ്യവസായം. ഇവയിൽ മനുഷ്യന് അവശ്യമായ ഉല്പന്നങ്ങളായ

1. ഗെയിറ്റ് ആൻറ് ഗ്രിൽസ്
2. അഗ്രികൾച്ചറൽ ഇംപ്ലിമെൻറ്സ്,
3. കട്ട്ലറി ഐറ്റംസ്
4. പൂട്ടുനിർമ്മാണം
5. ഷട്ടർ നിർമ്മാണം
6. സ്റ്റീൽ ഫർണിച്ചർ നിർമ്മാണം
7. ടെറസ്സ് വർക്.

മുതലായ കാര്യങ്ങൾ വൃത്തിയായും ,ഭംഗിയായും ചെയ്തുകൊടുത്താൽ നിരവധി വ്യവസായസ്ഥാപനങ്ങൾ മേൽ എഴുതിയ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനായി ഇവിടെ ആരംഭിക്കാവുന്നതാണ്.

5. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം:

അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾക്ക് അനുസൃതങ്ങൾക്ക് അനസ്യൂതമായി നവീനരീതിയിലുള്ള ഒരു വസ്ത്ര നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിലോ, മറ്റു രീതിയിലോ തുടങ്ങാവുന്നതാണ്. ടെയിലറിംഗിലും, ഗാർമെൻറ് മേക്കിംഗിലും നിരവധി അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ ഈ പഞ്ചായത്തിലുണ്ട്. അതിനാൽ അവരെ സംഘടിപ്പിച്ച് ഒരു വസ്ത്രനിർമ്മാണശാലക്ക് സാധ്യത പരിശോധിക്കാവുന്നതാണ്.

6. പേപ്പർ ബേയിസ്ഡ് വ്യവസായം

1.പേപ്പർ കവർ നിർമ്മാണം:

മെഡിക്കൽ ഷോപ്പ്, ബേക്കറി ഷോപ്പ് തുടങ്ങിയവക്കുള്ള കവറുകൾ നല്ല രീതിയിൽ ഉല്പാദിപ്പിച്ച് വിപണനം നടത്തുവാനുള്ള സൌകര്യങ്ങൾ ഉണ്ട്. ഈ സ്ഥാപനം സഹകരണമേഖലയിലോ, പാർട്ട്ണർ ഷിപ്പ് ആയോ തുടങ്ങാം. ചുരുങ്ങിയത് 20 പേർക്കെങ്കിലും, തൊഴിൽ ലഭിക്കും. വനിതാവ്യവസായമായി ആരംഭിച്ചാൽ,നിരവധി ആനുകൂല്യങ്ങൾ സർക്കാറിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും.

2.കോറുഗേറ്റഡ് പേപ്പർ കാർട്ടൺസ് നിർമ്മാണം

തലപ്പള്ളി താലൂക്കിലേയും, തിരുവില്വാമല പഞ്ചായത്തിലേയും, ഏറ്റവും വലിയ കമ്പനിയാണ് *M/s.* സൂപ്പർ സ്റ്റാർ ഡിസ്റ്റിലറീസ് ആൻറ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പാമ്പാടിയിലെ സ്ഥാപനം. ഈ സ്ഥാപനത്തിൽ ഉല്പാദിപ്പിക്കുന്ന ആൾക്കഹോൾ, ബീർ, ഭക്ഷണപദാർത്ഥങ്ങൾ മുതലായവ അവിടെ തന്നെ ബോട്ടിലിംഗ് നടത്തി മാർക്കറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സ്ഥാപനത്തിനും, ഇതുപോലെ പാക്കിംഗിന് അത്യാവശ്യമുള്ള നിരവധി കമ്പനികളും സ്ഥാപനങ്ങളും നമ്മുടെ ഈ സംസ്ഥാനത്തിൽ ഉണ്ട്. അവക്കാവശ്യമായ കാർഡ്ബോർഡ് പെട്ടികൾ വിജയകരമായി

ഉല്പാദിപ്പിച്ച് വിപണനം നടത്തുവുന്നതാണ്.

7.ഫുഡ് ബേയ്സ്ഡ് ഇൻഡസ്ട്രീസ്

നമ്മുടെ പ്രകൃതീദത്തമായ വിഭവസമ്പത്തുകൾ ഉപയോഗിച്ച് പലതരം വ്യവസായങ്ങൾ ആരംഭിക്കുവാൻ കഴിയും. അവ താഴെ കൊടുക്കുന്നു.

1. കറിപൌഡർ നിർമ്മാണം:

വ്യവസായികാടിസ്ഥാനത്തിൽ മുളക്, മല്ലി, മഞ്ഞൾ എന്നിവയും രസപ്പൊടി, സാമ്പാർപൊടി എന്നിവ ഉല്പാദിപ്പിച്ച് വിപണനം ചെയ്യാവുന്നതാണ്. ധാരാളം വിപണനസാദ്ധ്യതയും തൊഴിൽ സാധ്യതകളും ഈ രംഗത്തുണ്ട്.

2. മലർ/അവിൽ വ്യവസായം:

വളരെ സുലഭമായി ലഭിക്കുന്ന നെല്ല് ഉപയോഗിച്ച് മലർ/അവിൽ മുതലായവ ലാഭകരമായി ഉല്പാദിപ്പിക്കാവുന്നതാണ്. ഇപ്പോൾ നിരവധി പേർ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടുതൽ സാമ്പത്തികസഹായങ്ങൾ നല്കിയാൽ കൂടുതൽ പേർക്ക് ഈ മേഖലയിൽ തൊഴിൽ ലഭിക്കുന്നതായിരിക്കും.

3. അച്ചാറുകൾ:

പ്രകൃതിവിഭവങ്ങളായ മാങ്ങ, നാരങ്ങ, നെല്ലിക്ക, മുതലായവ ഉപയോഗിച്ച് നല്ല രീതിയിൽ അച്ചാറുകൾ ഉല്പാദിപ്പിക്കുന്ന ഒന്നോ രണ്ടോ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. ധാരാളം വിപണിയുള്ള ഉല്പന്നമാണിത്. നിത്യോപയോഗസാധനമായതിനാൽ കൂടുതൽ ആളുകൾ ഉപയോഗിക്കും. വളരെയധികം തൊഴിൽ സാദ്ധ്യതയുമുണ്ട്. കൂൺ കൊണ്ടുള്ള അച്ചാർ നല്ല നിലയിൽ ഉല്പാദിപ്പിക്കാവുന്നതാണ്. നല്ല മാർക്കറ്റ് ഉണ്ട്.

ഡ്രൈപിക്കിൾസ് (കൊണ്ടാട്ടം) : പയർ,കയ്പക്ക, മുളക് മുതലായവ കൊണ്ട് ലാഭകരമായി ഉല്പാദിപ്പിക്കാം.

4. ജാം, ജെല്ലി, സിറപ്പ്, സ്ക്വാഷ്, ഫ്രൂട്ട് സലാഡ് മുതലായവ

മുന്തിര,ഓറഞ്ച്,മാങ്ങ, പൈനാപ്പിൾ മുതലായവ ഉപയോഗിച്ച് മേൽ പറഞ്ഞ ഉല്പന്നങ്ങൾ വളരെ എളുപ്പം ഉല്പാദിപ്പിക്കുവാൻ കഴിയുന്നതാണ്. പ്രാദേശികമാർക്കറ്റിൽ തന്നെ ഇവ യഥേഷ്ട്ടം വിറ്റഴിക്കാവുന്നതാണ്. കുറച്ചു പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്.

5. ചക്കവരട്ടിയത്, പഴം വരട്ടിയത് മുതലായവ

നമ്മുടെ പഞ്ചായത്തിൽ ഏറ്റവും സുലഭമായി ലഭിക്കുന്ന ഒരു ഉല്പന്നമാണ് ചക്ക. ഈ അസംസ്കൃതവസ്തു ഏറ്റവും വില കുറഞ്ഞതാകയാൽ ഇത് വാങ്ങി സംസ്കരിച്ച് ചക്ക പ്രഥമൻ ഉണ്ടാക്കുവാൻ ഉള്ള ഉല്പന്നം ഉണ്ടാക്കാവുന്നതാണ്. വളരെയധികം വിപണനസാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളാണിവ.

6. ചിപ്സ്:

നേന്ത്രക്കായ വറുത്തത്, ചക്കവറുത്തത്, ഉരുളക്കിഴങ്ങ് വറുത്തത്, മരച്ചീനി വറുത്തത്, എന്നിവയുംലാഭകരമായി ഉല്പാദിപ്പിക്കാവുന്നതാണ്. ഇവയും ധാരാളം വിപണന സാദ്ധ്യതയുമുള്ള ഉൽപന്നങ്ങളാണ്.

7.അച്ചപ്പം, ഇൻസ്റ്റൻറ് പാലട, സേമിയ

നമ്മുടെ ബേക്കറി വിഭവങ്ങളിൽ മുഖ്യസ്ഥാനം അച്ചപ്പത്തിനുണ്ട്. പട്ടണങ്ങളിലെ പല ബേക്കറികളിലും കാണുന്ന അച്ചപ്പം മുതലായ ബേക്കറി ഉല്പന്നങ്ങൾ ഗ്രാമപ്രദേശത്തു നിർമ്മിച്ച് പട്ടണങ്ങളിൽ എത്തിച്ചവയാണ്. ധാരാളം വിപണി ഇവക്കുണ്ട്.

ഇതിനു പുറമെ ഇൻസ്റ്റൻറ് പാലട, ഇൻസ്റ്റൻറ് സേമിയ എന്നിവയും ഉല്പാദിപ്പിച്ച് നല്ല നിലയിൽ വിറ്റഴിക്കാവുന്നതാണ്. യാന്ത്രികയുഗത്തിൽ മനുഷ്യൻ സമയത്തിന് വലിയ വിലയാണ് കല്പിക്കുന്നത്. അതിനാൽ

ഫാസ്റ്റ് ഫുഡിൻെറ ഉല്പാദനവും,വിപണനവും നാൾക്കുനാൾ വർദ്ധിക്കുന്നുണ്ട്.

ഇതിനെല്ലാം പുറമെ കോഴിവളർത്തൽ, (ഇറച്ചികോഴി, മുട്ടക്കോഴി, കാടക്കോഴി) മുതലായവയും) മുയൽ വളർത്തൽ,പന്നി വളർത്തൽ, ആടുവളർത്തൽ, പശുപരിപാലനം മുതലായവയും ലാഭകരമായി ഈ പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികളാണ്.

8. കൊപ്രാ സംസ്കരണം:

ഏകദേശം 31.23 ലക്ഷം തേങ്ങ നമ്മുടെ ഈ പഞ്ചായത്തിൽ ഒരു വർഷം ഉല്പാദിപ്പിക്കുന്നുണ്ട് എന്നാണ് ഔദ്യോഗികകണക്കുകൾ സൂചിപ്പിക്കുന്നത്. അതിനാൽ നല്ല രീതിയിൽ ഈ നാളികേരം ഉപയോഗിച്ച് താഴെ പറയുന്ന വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.

*1. ഡീഫൈബറിംഗ് യൂണിറ്റ്*

പച്ചതൊണ്ടിൽ നിന്നും യന്ത്രങ്ങൾ ഉപയോഗിച്ച് ചകിരിനാര് ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായ സ്ഥാപനം ഇവിടെ വിജയകരമായി നടപ്പിലാക്കാവുന്നതാണ്. ഏകദേശം 10 പേർക്ക് തൊഴിൽ കിട്ടും.

*ബ്രഷ് നിർമ്മാണയുണിറ്റ്*

ചകിരിനാര് ഉപയോഗിച്ച വിവിധതരം ബ്രഷുകൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് സഹകരണ മേഖലയിലോ, DWCRA യൂണിറ്റായോ ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. വളരെയധികം വിപണനസാധ്യതയുള്ള ഉൽപ്പന്നമാണ്. അതിനാൽ ചുരുങ്ങിയത് 10 പേർക്കെങ്കിലും ഈ സ്ഥാപനത്തിൽ തൊഴിൽ ലഭിക്കും.

*3. വെളിച്ചെണ്ണ നിർമ്മാണ ശാല*

ധാരാളം കൊപ്ര ലഭിക്കുവാൻ സാധ്യതയുണ്ട്. വെളിച്ചെണ്ണ ശുദ്ധമായി ലഭിക്കുവാൻ സാധ്യതയുണ്ടെങ്കിൽ ഈ പ്രദേശത്തു തന്നെ വിപണനസൌകര്യവും ഉണ്ടാവും. അതിനാൽ അപ്രകാരം ഉള്ള ഒരു വ്യവസായം എന്തുകൊണ്ടും ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

*4. അടക്കാസംസ്കരണ കേന്ദ്രം:*

ഏകദേശം 2.16 ലക്ഷം അടക്കാ ഒരു വർഷം തിരുവില്വാമല പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന അടക്കായുടെ മൊത്തം ഉല്പാദനം എത്ര കോടി വരും എന്ന് ഊഹിക്കാവുന്നതേയുള്ളൂ. അതിനാൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന അടക്കാ സംസ്ക്കരണകേന്ദ്രം ഈ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. നമ്മുടെ ദൈനംദിനജീവിതത്തിൽ അടയ്ക്കക്ക് മുഖ്യപങ്ക് ഉണ്ട്.

തിരുവില്വാമല പഞ്ചായത്തിൻെറ വ്യാവസായിക വളർച്ചക്ക് താഴെ എഴുതുന്ന സംഗതികളിൽ പതിപ്പിക്കേണ്ടതാണ്.

1. ഈ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത് സ്ഥലം സൌകര്യപ്പെടുത്തി കൊടുക്കുന്നതായിരിക്കും

2. ഈ പഞ്ചായത്തിൻെറ 9ാം വാർഡിൽ 15 ഏക്കർ സർക്കാർ പുറമ്പോക്കു ഭൂമി ലഭ്യമാണ്. ഈ സ്ഥലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഡവലപ്മെൻറ് പ്ലോട്ടുകൾ, ഒരു വലിയ റബ്ബർ അധിഷ്ഠിതവ്യവസായം എന്നിവ ആരംഭിക്കുവാൻ ഉപയോഗപ്പെടുത്താവുന്നതാണ്.

3. വ്യവസായസംരംഭകർക്കായി പഞ്ചായത്ത് തലത്തിൽ ഒരു രജിസ്ട്രേഷർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4. വ്യവസായസംരംഭകർക്കായി വിവിധതരം ട്രെയിനിംഗ് പരിപാടികൾ പഞ്ചായത്ത് തലത്തിൽ ആസുത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

5. വ്യവസായസംരംഭകര് സർക്കാരിൻെറ വിവിധവകുപ്പുകളിൽ നിന്നും ലഭിക്കുവാനുള്ള രജിസ്ട്രഷൻ , ലൈസൻസുകൾ, സബ്സിഡികൾ, 'സബ്സിഡികൾ, മാർജിൻ

# ഊർജ്ജം

സമൂഹത്തെ ചലനാത്മകതയുള്ളതാക്കിത്തീർക്കുന്നതിൽ ഊർജ്ജത്തിന്റെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണല്ലോ! നമ്മുടെ പഞ്ചായത്തിലെ ഊർജ്ജസംബന്ധമായ കാര്യങ്ങളെക്കുറിച്ച് തലനാരിഴകീറി പഠിക്കാനും, പ്രശ്നങ്ങളും, സാദ്ധ്യതകളും, നിർദ്ദേശിക്കപ്പെടാനും തക്കരൂപത്തിലുള്ള സ്ഥിതിവിവരകണക്കുകളുടെ പട്ടികലഭ്യമല്ലാത്തതിനാൽ, നിലവിൽ ലഭിച്ച ഏകദേശകണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ ചെറുവിവരണം തയ്യാറാക്കുന്നത്.

മാനവരാശിയുടെ വളർച്ചയിൽ ഊർജ്ജത്തിന് മനുഷ്യജീവിതവുമായി ഒഴിച്ചുകൂടാൻ ആവാത്ത ബന്ധം ഉണ്ടാവുന്നത് ഒരു പക്ഷേ, ആഹാരം വേവിച്ച് പാകപ്പെടുത്തി കഴിക്കാൻ പഠിച്ചതുമുതൽ, ഊർജ്ജമെന്ന സങ്കൽപ്പത്തിൽ അല്ലാതെതന്നെ മനുഷ്യൻ ഊർജ്ജവുമായി ബന്ധപ്പെട്ടിട്ടുണ്ടാകാം. ആധുനിക ലോകത്തിൽ സൂര്യനിൽനിന്നും കിട്ടുന്ന ഊർജ്ജമൊഴിച്ച് മറ്റെല്ലാപരമ്പരാഗത ഊർജ്ജസ്രോതസ്സുകളും മാനവസമൂഹം കഴിഞ്ഞകാലങ്ങളെ അതിജീവിക്കുന്ന സമയങ്ങളിൽ ഉപയോഗിക്കുകയും അവയുടെ ഉറവിടങ്ങൾ ഇല്ലാതായിതീരുകയുമാണ്. അതുകൊണ്ടുതന്നെ അടിവരയിട്ടുസൂചിപ്പിക്കേണ്ടത് " ഊർജ്ജം അമൂല്യമാണ്," അത് സംരക്ഷിക്കപ്പെടേണ്ടതാണ്.

ഉപയോഗിക്കുന്ന മേഖലയെ അടിസ്ഥാനമാക്കി ഊർജ്ജോപയോഗത്തെ നാല് ആക്കി തരംതിരിക്കാം.

സൗരോർജ്ജം - ഗാർഹികം

വിറക്

- കാർഷികം

കൽക്കരി

- ഊർജ്ജം

എണ്ണ

പ്രകൃതിവാതകം - വാണിജ്യം

വൈദ്യുതി - വ്യവസായം

നമ്മുടെ ഗ്രാമത്തിലെ ഊർജ്ജോപയോഗത്തിൽ 30% ത്തിൽ താഴെ മാത്രമേ വാണിജ്യ ഇന്ധനങ്ങൾക്ക് പ്രാധാന്യമുള്ളൂ. ( വൈദ്യുതി, എണ്ണ, പ്രകൃതിവാതകം)

ജൈവദ്രവ്യങ്ങളെ ആശ്രയിച്ചാണ് നമ്മുടെ നിലനിൽപ്പ്. ( വിറക്, തെങ്ങ് ഉൽപ്പന്നങ്ങൾ, കാർഷികാവശിഷ്ടങ്ങൾ, ചാണകംഉണക്കി, ഉമി, ചപ്പുചവറുകൾ, അറക്കപ്പൊടി)

ജീവിതസാഹചര്യങ്ങളിൽ ഉപയോഗത്തിലും, ഉൽപ്പാദനപരമായ വളർച്ചയിലും നിർണ്ണായകസ്വാധീനം ചെലുത്തുന്നത് വൈദ്യുതിയാണല്ലോ.

1. വൈദ്യുതി

നമ്മുടെ ഗ്രാമത്തിൽ വൈദ്യുതി എത്തി തുടങ്ങിയത് 1955-57 കാലയളവിലാണ്. അത് വളരെ ചെറിയതോതിൽ മാത്രമേ വൈദ്യുതി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിരുന്നുള്ളൂ. 6900 കൂടുതൽ വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 3800എണ്ണം വൈദ്യുതീകരിച്ചതാണ്. 150 വീടുകളിൽ ഉടനെ വൈദ്യുതീകരിക്കാനുള്ള നടപടികൾ ആയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതിസെക്ഷൻ ഓഫീസ് തുടങ്ങിയത് 1974 ൽ ആണ്. നമ്മുടെ പഞ്ചായത്തിൽ വിവിധമേഖലകളിലായി ശരാശരി 1,73,864 യൂണിറ്റ് വൈദ്യുതി ഒരു മാസക്കാലയളവിൽ ഉപയോഗിക്കുന്നു. 20 യൂണിറ്റിൽ താഴെവൈദ്യുതി ഉപയോഗിക്കുന്നവർക്കായുള്ള സൗജന്യവൈദ്യുതപദ്ധതിയിൽ കീഴിൽ നമ്മുടെ പഞ്ചായത്തിൽ 615 കുടുംബങ്ങൾ ഉണ്ട്.



നമ്മുടെ പഞ്ചായത്തിൽ വ്യവസായവിഭാഗത്തിൽ HT ഉപഭോക്താവ് ഒന്ന് മാത്രമേയുള്ളു. (സൂപ്പർ സ്റ്റാർ ഡിസ്റ്റിലറീസ്) ഒരു മാസത്തിൽ ശരാശരി 28,876 യൂണിറ്റ് കറന്റ് ഉപയോഗിക്കുന്നു.

| ഉപയോഗ മേഖല | ഉപ.എണ്ണം | ഉപ.യൂണിറ്റ് |
|---|---|---|
| ഗാർഹികം | 3800 | 73708 |
| വ്യവസായം | 100 | 40679 |
| വാണിജ്യം | 350 | 17386 |
| കുടിവെള്ളം | 6 | 25050 |
| കൃഷി | 250 | 13267 |
| തെരുവ്വിളക്ക് | 452 | 3480 |

മുകളിൽ കാണിച്ച പട്ടികപ്രകാരം ആണ് വിവിധ മേഖലകളിലെ നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി ഒരു മാസക്കാലയളവിലെ ഉപയോഗം.

ആകെയുള്ള അറുപത്തഞ്ച് പട്ടികജാതി കോളനികളിൽ ഇരുപത്തിനാലെണ്ണം വൈദ്യുതീകരിച്ചതാണ്.

അഞ്ച് വർഷം മുൻപുവരെ വടക്കാഞ്ചേരി സബ്സ്റ്റേഷനിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിന് വൈദ്യുതിലഭിച്ചിരുന്നത്. അവിടുത്തെ ചേലക്കര 11KV ലൈനിന്റെ ഒടുവിൽ കിടന്നിരുന്ന ഈ പ്രദേശത്ത് വൈദ്യുതിയുടെ ലഭ്യത കുറവും, വോൾട്ടജ് ക്ഷാമവും ഉണ്ടായിരുന്നു. സന്ധ്യാസമയങ്ങളിൽ വോൾട്ടേജ് ലഭ്യത 110 V താഴെയായിരുന്നു. അടുത്തകാലത്ത് ഇവിടേക്കുള്ള വൈദ്യുതിയുടെ വിതരണം 110 KV സബ്സ്റ്റേഷനിൽനിന്ന് ആക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി വൈദ്യുതി ലഭ്യതയും, വോൾട്ടേജും സാമാന്യം മെച്ചപ്പെട്ടിട്ടുണ്ട്. 110 KV സബ്സ്റ്റേഷൻ പഴയന്നൂർ കമ്മീഷൻ ചെയ്യുന്നതോടെ കുറെക്കൂടെ മെച്ചപ്പെടാൻ ഇടയുണ്ട്.

1996 ഡിസംബർ മാസത്തോടെ 110 KV പഴയന്നൂർ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. സന്ധ്യാസമയങ്ങളിൽ ഇപ്പോൾ 140 V -200 V ഉം, രാത്രി പതിനൊന്നുമണിക്ക് ശേഷം 250 V ഉം ആണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. വോൾട്ടേജ് ലഭ്യതയിൽ വരുന്ന ഈ ഭീമമായ മാറ്റം വൈദ്യുതിഉപകരണങ്ങൾക്ക് പലപ്പോഴും ദോഷമായി ഭവിക്കാറുണ്ട്.



വൈദ്യുതി ആവശ്യത്തിന് മാത്രം ഉപയോഗിക്കുക

ഏകദേശം 1500 പരം കൂടുതൽ ഉപഭോക്താക്കൾ സ്റ്റെപ്പ് അപ്പ് യൂണിറ്റുകൾ ഉപയോഗിക്കുന്നതിനാൽ, ഉപഭോക്താക്കളുടെ വൈദ്യുതചാർജ്ജ് കൂടുന്നതിനും, സ്റ്റെപ്പ് അപ്പ് ഇല്ലാത്ത ഭൂരിപക്ഷം കുടുംബങ്ങളിൽ വോൾട്ടേജ് ക്ഷമത കുറയുന്നതിനും കാരണമാകുന്നു.

നമ്മുടെ ഗ്രാമത്തിൽ ഏകദേശം 25 KM 11 KV ലൈനുകളും, 70 KM LT ലൈനുകളും ഉണ്ട്. ഇവയുടെ തോത് 1:1 എന്ന രീതിയിൽ ആക്കാൻ വേണ്ട നടപടികൾ എടുത്താൽ വോൾട്ടേജ്ക്ഷമത വർദ്ധിപ്പിക്കാനും, പ്രസരണനഷ്ടം കുറയാനും സാദ്ധ്യതയുണ്ട്.

മലവട്ടം, ആക്കപ്പറമ്പ് എന്നിവിടങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആശുപത്രിപ്പടി, പട്ടിപ്പറമ്പ്, എരവത്തൊടി എന്നിവിടങ്ങളിൽ ഇതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മറ്റുപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നു.

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ട്. അതിനെക്കുറിച്ചുള്ള വിവരങ്ങൾ ഇതിനോട് അനുബന്ധിച്ച മാപ്പിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 22 ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇവയിൽ കപ്പാസിറ്റിയിൽ കൂടുതൽ ലോഡ് ഉള്ളവയും ഉണ്ട്.

## വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾ, സാദ്ധ്യതകൾ

1. വൈദ്യുതീകരിക്കാത്ത മുഴുവൻ പട്ടികജാതി കോളനികളും വൈദ്യുതീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

2. വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളിൽ പരിഹരിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണം.

3. പഞ്ചായത്തിലെ നിലവിലുള്ള കണക്ഷനുകളിൽ ഉപയോഗിക്കുന്ന ഇലക്ട്രിസിറ്റി മീറ്ററുകളിൽ 30%ത്തിൽ അധികം കേടായി കിടയ്ക്കുകയാണ്. ഉപയോഗിക്കുന്ന വൈദ്യുതിയുടെ യഥാർത്ഥഅളവ് അറിയാൻ കഴിയാത്തതിനാൽ ഇലക്ട്രിസിറ്റി ബോർഡിനും ഉപഭോക്താക്കൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം ഒഴിവാക്കാനുള്ള സാഹചര്യം ഉണ്ടാകേണ്ടതാണ്.

4. വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾ, വൈദ്യുതിവിതരണം എന്നീ ജോലികൾ കൃത്യമായി നടത്താൻ ആവുന്നില്ല. ആവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാലാണ് കാലതാമസം ഉണ്ടാവുന്നത്. ആയതുപരിഹരിക്കാൻ ലൈൻമാൻമുതൽ താഴോട്ടുള്ള തസ്തികകൾക്ക് അതാത് ജില്ലാഎംപ്ലോയ്മെന്റ് വഴിനിയമനം നടത്തേണ്ടതാണ്. കഴിവതും അതാതുപ്രദേശത്തെ ആളുകളെതന്നെ നിയമിക്കാൻ ശ്രമിക്കേണ്ടതാണ്.

5. സോഡിയംവെയ്പർ ലൈറ്റുകൾ മുഴുവൻ കത്തുന്നില്ല. ഇപ്പോൾ കത്താതെ കിടക്കുന്ന ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്ക് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതവരുന്നതിനാൽ, പ്രസ്തുത ലൈറ്റുകളിൽ 160 W ചോക്കില്ലാത്ത MV വിളക്കുകൾ ഉപയോഗിച്ച് ഒരു പരീക്ഷണമെന്ന നിലയിൽ കത്തിക്കാൻ ശ്രമിക്കേണ്ടതാണ്.

6. ഇപ്പോൾ കത്തിക്കൊണ്ടിരിക്കുന്ന സോഡിയം വെയ്പർ ലൈറ്റുകളിൽ പലസ്ഥലത്തും മുൻപ് ഉപയോഗിച്ചിരുന്ന ട്യൂബുകളും ബൾബുകളും ഉണ്ട്. ആയവ അഴിച്ചെടുത്ത് ആവശ്യമായി മറ്റുസ്ഥലങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.

7. സ്റ്റെപ്പ് അപ്പ് ഉപയോഗം നിയന്ത്രിക്കാനും വീടുകളിൽ ട്യൂബ്ലൈറ്റുകളും, ഇലക്ട്രോണിക് ചോക്കുകളും CF ലാംബുകളും ഉപയോഗിക്കാനും ഉപയോഗിക്കാനും ഉപഭോക്താക്കളെ പ്രേരിപ്പിക്കേണ്ടതാണ്.

8. പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ വൈദ്യുതീകരണം മുഴുവൻ പ്രയോജനവും ലഭിക്കാത്തതിനാൽ കുടിർജോതി തുടങ്ങിയ പദ്ധതികൾ ഉപയോഗിച്ച് കോളനിവീടുകളിൽ ഒരു ലൈറ്റെങ്കിലും കത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

9. വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെ ക്കുറിച്ച് ജനങ്ങളെ ബോധവാൻ മാരാക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ പൊതുജനസമ്പർക്കപരിപാടി നടത്തേണ്ടതാണ്.

10. പഞ്ചായത്തിൽ വൈദ്യുതിഎത്തിച്ചേരാത്ത പ്രദേശങ്ങളിൽ എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

12. വൈദ്യുതി എത്തിയിട്ടില്ലാത്തതും, എത്തുവാൻ താമസം വരുന്നതുമായ സ്ഥലങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന തെരുവു വിളക്കുകൾ, ടെലിവിഷൻ എന്നിവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം.

13. വിദ്യാർത്ഥികൾ, വികലാംഗർ, മറ്റു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ എന്നിവർക്ക് സൂര്യവിളക്കുകൾ കൊടുക്കുവാനുള്ള സാദ്ധ്യത ആലോചിക്കാവുന്നതാണ്.

14. വർഷത്തിൽ മിക്കസമയങ്ങളിലും കാറ്റ് ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് "വിൻറ് മില്ലുകൾ "സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യുകയും യന്ത്രസാമഗ്രകൾക്ക് വൈദ്യുതിഉപയോഗിക്കാനും ഉള്ള പദ്ധതി നടപ്പാക്കണം.

15. 1974 മുതൽ നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന കെ.എസ്.ഇ.ബി. ഓഫീസ് കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ച കെട്ടിടത്തിൽനിന്ന് സൗകര്യപ്രദമായ മറ്റൊരുസ്ഥലത്തേക്ക് മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യണം.

16. പഞ്ചായത്തിലെ നിലവിലുള്ള തെരുവു വിളക്കുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി മുഴുവൻ വിളക്കുകളും പ്രകാശിപ്പിക്കാനും പിഡബ്ളിയു.ഡി. റോഡുകൾ, മറ്റുപഞ്ചായത്തിന്റെ ജനസാന്ദ്രത കൂടിയപ്രദേശങ്ങളിലെ വഴിയോരങ്ങളിലും തെരുവു്വിളക്കുകൾ സ്ഥാപിക്കാനും വേണ്ട നടപടികൾ ഉടൻതന്നെ സ്വീകരിക്കണം.

### വിറക്

പഞ്ചായത്തിലെ പ്രധാനിന്ധനച്ചിലവ് ഗാർഹികമേഖലയിലാണ്. ഗാർഹികമേഖലയിൽ

ഇന്ധനാവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നത് 80% ൽ കൂടുതലും പരമ്പരാഗത ഊർജ്ജസ്രോതസ്സായ വിറക്, തെങ്ങ് ഉൽപ്പന്നങ്ങൾ, റബ്ബർക്കായത്തോട്, ഉമി, അറക്കപ്പൊടി, ചാണകംഉണക്കി, ചപ്പുചവറുകൾ എന്നിവയാണ്. ഇത്തരം ജൈവദ്രവ്യങ്ങളെ ആശ്രയിച്ചാണ് ഗാർഹികാവശ്യത്തിനുള്ള ഇന്ധനം കണ്ടെത്തൽ.

അടുത്തകാലംവരെ നമ്മുടെ പഞ്ചായത്തിൽ ഗാർഹികഇന്ധനങ്ങൾക്ക് സ്വയം പര്യാപ്തത ഉണ്ടായിരുന്നു. കാടുകൾവെട്ടിത്തെളിക്കുകയും, കൂടുതൽ സ്ഥലങ്ങൾ കൃഷിയിടങ്ങൾ ആവുകയും തോട്ടം മേഖലവർദ്ധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ( വികാസത്തിന്റെ ഘട്ടത്തിൽ ഇത് സംഭവിക്കാം) പരമ്പരാഗതമായി കിട്ടിക്കൊണ്ടിരുന്ന ഇന്ധനങ്ങൾക്ക് ക്ഷാമം നേരിടുകയും, വിറക്, മറ്റുജീവിതാവശ്യങ്ങളെപോലെ ഒരു പ്രശ്നമായി തീർന്നുകൊണ്ടിരിക്കുകയുമാണ്. ഗാർഹികാവശ്യത്തിന്വേണ്ടി 30% ൽ ഏറെവരുന്ന കുടുംബങ്ങൾ വിറക് വിലകൊടുത്തുവാങ്ങിക്കുന്നു. ഏകദേശം അറുപത് ടൺ വിറക് ഒരു ദിവസം നമ്മൾ ഉപയോഗിക്കുന്നുണ്ട് എന്ന് കണക്കാക്കുന്നു.

25% വരുന്ന ആളുകൾ പുരയിടങ്ങളിൽ നിന്നും കിട്ടുന്ന വിറക് ഉപയോഗിക്കുന്നു. 25% പേർ വിറക് ശേഖരിച്ച് ദൈനംദിനാവശ്യം നിറവേറ്റുന്നു. ഒറ്റയ്ക്കോ, കുടുംബത്തോടെയോ, മലമ്പ്രദേശങ്ങളിലോ പോയി വിറക് ശേഖരിക്കാൻ നാലഞ്ചുമണിക്കൂറുകൾ സമയം എടുക്കുന്നു. വിറക് ശേഖരണത്തിൽ കുട്ടികളും പങ്കാളികൾ ആകാറുണ്ട്. പലസമയങ്ങളിലും ഈ വിറക് ശേഖരണം കുടുംബങ്ങളിൽ കുട്ടികളുടെ ഒരു പ്രധാനപണി ആകാറുണ്ട്.

മറ്റൊന്ന് വാണിജ്യവ്യവസായമേഖലയിൽ ഉപയോഗിക്കുന്ന വിറകിന്റെ അളവ് ഹോട്ടൽ മേഖലയിൽ ഏകദേശം നാല്പത്തഞ്ച് ടൺ ഒരു മാസക്കാലയളവിൽ ഉപയോഗിക്കുന്നു. ചെറുകിട വ്യവസായമായ ഇഷ്ടികചൂളകളിൽ ഒരു സീസണിൽ ( പത്തോളം ചൂളകളിൽ) 250 ടൺ വിറക് ഉപയോഗിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും മൂന്ന് കല്ല് ഉള്ള അടുപ്പുകളിൽ ഇന്ധനക്ഷമത, ആകെ ഉപയോഗിക്കുന്ന വിറകിന്റെ 15% മാത്രമേ ലഭിക്കുകയുള്ളു എന്നതാണ് ബന്ധപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ നിലവിലുള്ള സംവിധാനത്തിന് മാറ്റങ്ങൾ വരുത്തിക്കൊണ്ടല്ലാതെ, ഗാർഹിക ഇന്ധനപ്രശ്നത്തിന് പരിഹാരം കണ്ടെത്താനാവില്ല. ഇന്ധനക്ഷമതയുള്ള 750 ഓളം ഇരുമ്പ്അടുപ്പുകൾ " അനർട്ട്" മുഖേനവിതരണം നടത്തിയതിൽ ഭൂരിപക്ഷം അടുപ്പുകളും ഉപയോഗിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞു.

3. മണ്ണെണ്ണ

വെളിച്ചത്തിന്റെ ആവശ്യത്തിനാണ് കൂടുതൽ മണ്ണെണ്ണ നമ്മുടെ ഗ്രാമത്തിൽ ചിലവഴിക്കപ്പെടുന്നത്. മൂവായിരത്തോളം കുടുംബങ്ങൾ വൈദ്യുതീ കരിക്കാത്തതാണ്. പത്ത് റേഷൻ ഷാപ്പുകളിലായി ഇരുപത്തിനാലായിരം ലിറ്റർ മണ്ണെണ്ണ ഒരുമാസം വിതരണം നടത്തുന്നുണ്ട്. സ്വകാര്യഏജൻസികളും, മറ്റുവ്യാപാരസ്ഥാപനങ്ങളുംവഴി ഏഴായിരത്തിനടുത്ത് ലിറ്റർ മണ്ണെണ്ണ വിറ്റഴിക്കുന്നുണ്ട്. വിതരണം ചെയ്യപ്പെടുന്ന മണ്ണെണ്ണയിൽ 7% പാചക ഉപയോഗത്തിനും, 2% വേനൽക്കാലങ്ങളിൽ കാർഷികാവശ്യത്തിന് വെള്ളം ലഭിക്കുന്നതിന്വേണ്ടി നൂറോളം പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു.

4. പാചകഗ്യാസ്

ഏകദേശം 10% ശതമാനം ഓളം വരുന്ന വീടുകളിൽ പാചകഗ്യാസ് ഉപയോഗിക്കുന്നു. അഞ്ഞൂറോളം പാചകവാതകകണക്ഷനുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഉയർന്ന വരുമാനക്കാരിൽ പലർക്കും ഗ്യാസ് വാങ്ങിഉപയോഗിക്കാൻ സാഹചര്യമുണ്ടെങ്കിലും നമ്മുടെ പ്രദേശത്ത് ഗ്യാസ് ഏജൻസി നിലവിൽ ഇല്ലാത്തതിനാൽ കണക്ഷൻ കിട്ടാൻ ബുദ്ധിമുട്ട് നേരിടുന്നു. നിലവിൽ ഒരു സ്വകാര്യഗ്യാസ് ഏജൻസി ഇവിടെയുണ്ട്. ഐ.ഒ.സി.യുടെയോ, ഭാരത് പെട്രോളിയത്തിന്റെയോ ഒരു ഏജൻസി തുടങ്ങാൻ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് നമ്മുടെത്.

5. ഗോബർ ഗ്യാസ്

ഏറെ കന്നുകാലികൾ ഉള്ള ഒരു പ്രദേശമാണ് നമ്മുടെതെങ്കിലും, അമ്പതോളം വരുന്ന കുടുംബങ്ങളിൽ മാത്രമേ പ്രയോജനപ്പെടുത്തുള്ളൂ.

ഗാർഹിക ഇന്ധനത്തിന്റെ പ്രശ്നങ്ങളും, സാദ്ധ്യതകളും

1. കഴിഞ്ഞ നാലഞ്ച് വർഷങ്ങളിൽ വിറകിന്റെ വിലയിൽ നൂറ് ശതമാനത്തിലേറെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആവശ്യസമയത്ത് വാങ്ങാൻ പോവുമ്പോൾ, ആവശ്യാനുസരണം കിട്ടാത്ത സാഹചര്യം പോലും ഉണ്ടാവാറുണ്ട്.

2. വനവൽക്കരണത്തിന്റെ ഭാഗമായി വനപ്രദേശങ്ങളിൽനിന്ന് വിറക് ശേഖരിക്കാൻ സാധിക്കാതെ വരുന്നു.

3. വനപ്രദേശങ്ങളിലെ അടിക്കാട് കത്തിക്കലിന്റെ ഫലമായി, സാധാരണക്കാരായ ജനങ്ങൾക്ക് അത് ശേഖരിക്കാനുള്ള സാദ്ധ്യതകൂടെ നഷ്ടപ്പെടുന്നു.

4. പാഴ്മരങ്ങൾ വെച്ച് പിടിപ്പിക്കുകയും, സമൂഹ്യവനവൽക്കരണം നടത്തുകയും ചെയ്താൽ, ഒരു പരിധിവരെ വിറകിന്റെ കുറവ് പരിഹരിക്കാം.

5. ഇന്ധനക്ഷമത കൂടുതലുള്ള വിറക് അടുപ്പുകളും, ഉമി, അരക്കപ്പൊടി, ചാണകം ഉണക്കി എന്നിവ ഉപയോഗിച്ചും ഇതിനു പരിഹാരം കാണണം.

6. കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ കന്നുകാലികളുടെ എണ്ണം മറ്റു പല പഞ്ചായത്തുകളുമായി തട്ടിച്ച് നോക്കുമ്പോൾ കുറവല്ല. പക്ഷേ ഗോബർ ഗ്യാസ് പ്ലാന്റ് കന്നുകാലികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. മൂന്നിൽ കൂടുതൽ കന്നുകാലികളുള്ള മുഴുവൻ വീടുകളിലും ഗോബർ ഗ്യാസ് പ്ലാന്റ് പ്രാവർത്തികമാക്കേണ്ടതാണ്.

7. പഞ്ചായത്തിൽ I.O.C.യുടെയോ, ഭാരത് പെട്രോളിയത്തിന്റെയോ ഏജൻസിതുടങ്ങേണ്ടതാണ്.

8. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ വാങ്ങി ഉപയോഗിച്ച് മണ്ണെണ്ണയുടെ അധികച്ചിലവ് കുറയ്ക്കണം.

9. പഞ്ചായത്തിലെ ഒന്നോ, രണ്ടോ വാർഡുകൾ എങ്കിലും ഗാർഹിക ഇന്ധന ക്ഷമതയിൽ സ്വയംപര്യാപ്തമാകാൻ "അനർട്ട്" ശാസ്ത്രസാഹിത്യ പരിഷത്ത് എന്നീസംഘടനകളുമായി ബന്ധപ്പെട്ട വാർഡിലെ കുടുംബങ്ങൾക്ക് മുഴുവൻ ഗുണം കിട്ടുന്ന രീതിയിൽ ബോധവൽക്കരണം നടത്തി ഇന്ധന ക്ഷമതകൂടിയ അടുപ്പ് ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ എന്നിവ സബ്സിഡിയോടുകൂടി ലഭ്യമാക്കി, മാതൃകാവാർഡുകളാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

# ഗതാഗതം

നമ്മുടെ പഞ്ചായത്തിലെ റോഡുകളുടെയും,ഗതാഗതത്തിന്റെയും, വികാസനത്തിന്റെ, ഇനി വികസിക്കപ്പെടേണ്ടതിന്റെ ആവശ്യകത വിലയിരുത്തപ്പെടുമ്പോൾ, പോയ കാലങ്ങളിൽ നിന്ന് ഇന്നത്തെ അവസ്ഥയിലേക്കുള്ള പരിണാമം എങ്ങിനെ എന്ന് സൂചിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

"പരസ്പര സമ്പർക്കത്തിന്റെ തോതനുസരിച്ച് മാത്രമാണ് ദേശങ്ങൾ നാടാവുന്നതും, നാടുകൾ രാജ്യമാവുന്നതും, രാജ്യങ്ങൾ സാമ്രാജ്യമാവുന്നതും. "സാദ്ധ്യമാവുന്ന രാഷ്ട്രീയകേന്ദ്രീകരണം കൃത്യമായി അളക്കാവുന്ന മാനദണ്ഡമാണ് നിലവിലുള്ള ഗതാഗതസൗകര്യം". ഇവയാകട്ടെ ജനങ്ങളുടെ നിത്യജീവിതാവശ്യങ്ങൾ, ഭരണകൂടത്തിന്റെ ഭരണപരമായ ആവശ്യങ്ങൾ എന്നിവയിൽ നിന്ന് ഉയിർകൊള്ളുന്നവയാണ്. സേനകളും, യുദ്ധോപകരണങ്ങളും, ക്ഷണത്തിൽ നീങ്ങേണ്ട യുദ്ധാവശ്യവും ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന പ്രേരണകളിൽ ഒന്നാണ്. മുൻകാലകേരളത്തിലെ ജാതിസമൂഹത്തിന്റെ നിത്യജീവിതം പൊതുവായ ഗതാഗതസൗകര്യം വേണ്ടാത്ത ജീവിതവും, അതുപാടില്ലാത്ത ജീവിതവുമായിരുന്നെന്ന് ചരിത്രകാരൻമാർ വിലയിരുത്തുന്നു. ഭരണകൂടം എന്ന് പേർ വിളിക്കുന്നതുപോലും, ശരിയല്ലാത്ത രാജ്യസ്ഥാനങ്ങൽക്കുള്ള പ്രധാന ചുമതല കീഴാചാരമാകുന്ന ജാത്യാചാരം നിലനിർത്തുക എന്നതായിരുന്നു. അവരുടെ യുദ്ധമാകട്ടെ, മൈതാന സ്ഥാനങ്ങളിൽ മുൻകൂട്ടി കുറി നിശ്ചയിച്ചുനടത്തുന്ന യുദ്ധക്കളിയുമായിരുന്നു. ആ ഭരണനടപടികൾക്കും, യുദ്ധത്തിനും ഗതാഗത സൗകര്യം ഒരു പ്രശ്നമായിരുന്നില്ല. ആയാൽ തന്നെയും അതു നിറവേറ്റാൻ വേണ്ട പൊതുമുതലൊന്നും രാജാവിന് വശപ്പെട്ടിരുന്നതുമില്ല. അങ്ങിനെ ഗതാഗത സൗകര്യം ഒരു പ്രശ്നമേയല്ലാതിരുന്ന സമുഹത്തിൽ അങ്ങിനെയൊന്നുമുണ്ടായില്ല എന്നത് സ്വാഭാവികം മാത്രം".

നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, അതിരുകളും മുൻതാളുകളിൽ വായിച്ചിരിക്കുമല്ലോ.

ഗതാഗത്സൗകര്യത്തിന്റെ കാര്യത്തിൽ ഭൂരിഭാഗം ജനങ്ങൾക്കും ജീവിതാവശ്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യാനുസരണം പോവാനും, വരുവാനും റോഡുകളുണ്ട് എന്ന് ഇന്നും പറയാനാവാത്ത അവസ്ഥയിലാണ് നമ്മൾ. ഇതിനർത്ഥം ആകെ ഗതാഗതസൗകര്യം ഇല്ല എന്നല്ല മറിച്ച് പര്യാപ്തമായ രീതിയിൽ ഇനിയും വികസിപ്പിച്ചെടുക്കേ ണ്ടതുണ്ട്.

സഞ്ചാരയോഗ്യമായതും, ഗതാഗത സൗകര്യത്തിന് ഉപയോഗിക്കുന്നതുമായ ഒരു റോഡ് ഉണ്ടാവുന്നത് 18ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളലാണ്. "റോഡിന്റെ ഇരുവശവുമുള്ള തണൽവൃക്ഷങ്ങളുടെ പഴമയിൽനിന്നും, നാട്ടറിവിലൂടെയും ഇത് മനസ്സിലാക്കാം."

പഞ്ചായത്തിന്റെ രാജ്യപാത എന്ന പേരിൽ അറിയപ്പെടുന്ന ചീരക്കുഴി മുതൽ പാമ്പാടിവരെയുള്ള റോഡാണ് അത്.

ഒരു പക്ഷേ അതിനും മുൻപ്, നമ്മുടെ വിശിഷ്ട ക്ഷേത്രമായ "ശ്രീ വില്വാദ്രിനാഥക്ഷേത്രത്തിലെ ഭൂസ്വത്തിന്റെ, ആലത്തൂർ താലൂക്കിലെ വിവിധ ഭാഗങ്ങളിലുള്ള കുടിയാൻമാരിൽ നിന്ന് പാട്ടനെല്ല് കൊണ്ടുവരുന്നതിനായി ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്ന നടുവത്തപ്പാറ മലേശമംഗലം വഴി, നെല്ലിക്കുന്ന് സ്ക്കൂളിന് വടക്കുവശത്തൂടെ, പുനർജനിക്ക് തെക്കുവശം, വില്വാമലയുടെ തെക്കേതാഴ്വര വഴി ക്ഷേത്രത്തിന് കിഴക്കുവശം എത്തിച്ചേർന്നിരുന്ന ഒരു പാത നിലവിലുണ്ടായിരുന്നു. ആ പാതയുടെ

അവശിഷ്ടങ്ങൾ ഇന്നും ചില ഭാഗങ്ങളിൽ കാണാവുന്നതാണ്. വികസനത്തിന്റെ കഴിഞ്ഞനാളുകളിൽ, കുറെക്കൂടെ ജനവാസമുള്ള സ്ഥലങ്ങളിലൂടെ റോഡുകൾവെട്ടി തുടങ്ങിയതിനാലാവണം, ഇന്നീ പാത കാലത്തിന്റെ പഴമയിൽ ആണ്ടുപോയത്.

ചരിത്രപ്രാധാന്യമുള്ള മറ്റൊരു പാത കൊച്ചി രാജാവിന്റെ ക്ഷേത്രദർശനവുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതാണ് "എഴുന്നള്ളെത്ത്പാത" എന്ന പേരിൽ അറിയപ്പെടുന്നത്.

1927ൽ ചീരക്കുഴിപുഴയ്ക്ക് പാലം നിലവിൽ വന്നതോടെ, ഗതാഗത സൗകര്യത്തിൽ വലിയൊരു വ്യതിയാനം നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിട്ടുണ്ട്.

സ്വതന്ത്രാനന്തരം ഇന്നു വരെയുള്ള വികസനത്തിൽ, ഗ്രാമത്തിന്റെ പലഭാഗങ്ങളുമായി ബന്ധപ്പെടുന്ന ഒട്ടനവധി റോഡുകൾ ഉണ്ടായിട്ടുണ്ട്.

ഭാരതപുഴയ്ക്ക് 1975 ൽ പാലം വന്നതോടെ ഒറ്റപ്പാലവും, മലബാറിന്റെ മറ്റുപ്രദേശങ്ങളുമായി ബന്ധപ്പെടുവാൻ കൂടുതൽ സൗകര്യം ഉണ്ടായി. നമ്മുടെ പഞ്ചായത്തിലെ കലാലയവിദ്യാഭ്യാസത്തിന്റെ അളവിൽ വലിയൊരു മാറ്റമുണ്ടാകാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 24km PWD റോഡും, 20km ടാർ ചെയ്ത പഞ്ചായത്തു റോഡും, മെറ്റൽ ചെയ്ത 16km റോഡും, 137 km മൺ റോഡും ഉണ്ട്. ഇതിനുപുറമെ, കാൽനടയാത്രയ്ക്കു പ്രയോജനപ്പെടുന്നതും, അല്ലാത്തതുമായ ഒട്ടനവധി ഇടവഴികൾ ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ
ത്രിശൂർ_തിരുവുല്വാമല_ഒറ്റപ്പാലം, ഗുരുവായൂർ_തിരുവുല്വാമല, കൊടുങ്ങല്ലൂർ_തിരുവുല്വാമല പാലക്കാട് _തിരുവുല്വാമല (പെരുങ്ങോട്ടുകുറുശി,ലെക്കിടി, ആലത്തൂർവഴി)
ഷൊർണൂർ _ചിറ്റൂർ എന്നീ റൂട്ടുകളിൽ *2* *KSRTC* ബസ്സുകൾ ഉൾപ്പെടെ സർവീസ് നടത്തുന്ന 73 ഓളം ബസ്സുകൾ 150_ൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നണ്ട്, കൂടാതെ ടാക്സികൾ 30, ജീപ്പുകൾ 45, ഓട്ടോറിക്ഷകൾ 60, ലോറി, ടെംബോ 15എന്നിവയും ഗതാഗതസൗകര്യത്തിന് മാറ്റുക്കൂട്ടുന്നു.

വാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായമാറ്റം ഇക്കാലങ്ങളിൽ വന്നിട്ടുണ്ട്.ഒരുപക്ഷേ മറ്റുപഞ്ചായത്തുകളിൽ സൗകര്യം ഉണ്ടാവുന്നതിന് മുൻപുതന്നെ, വാഹനസൗകര്യം ഉണ്ടായ പഞ്ചായത്താണ് നമ്മുടേത്. കരിവണ്ടി ഉപയോഗിച്ച് "ശ്രീമാൻ റാവുബഹദൂർ, ടി.കെ. നായർ" തുടങ്ങിവെച്ച ഗതാഗത സൗകര്യം ഇന്ന് വളർച്ചയുടെ ഒരു പുതിയ ഘട്ടത്തിൽ എത്തിനിൽക്കുന്നു. ഏകദേശം ആ കാലഘട്ടത്തിൽ തന്നെ 4 കുടുംബക്കാർക്ക് സ്വന്തമായി കാർ ഉണ്ടായിരുന്നതായി നാട്ടറിവിലൂടെ അറിയാൻ കഴിഞ്ഞു. ഇത്തരം കാര്യങ്ങളിൽ ഒരു നല്ലതുടക്കം കുറിച്ച പഞ്ചായത്ത് എന്ന നിലയിൽ ഇന്നത്തെ ഗതാഗതസൗകര്യത്തെ വിലയിരുത്തപ്പെടുമ്പോൾ നമ്മൾ വളരെ പിന്നിലാണെന്ന് തോന്നുന്നു.

ഗതാഗത പ്രശ്നങ്ങളും, സാദ്ധ്യതകളം.

1. നിലവിൽ കിലോമീറ്റർ കണക്കിൽ റോഡുകൾ ഉണ്ട്. എങ്കിലും, അവ സൗകര്യപ്രദമായ രീതിയിൽ സഞ്ചാരയോഗ്യമല്ല. പല ഭാഗങ്ങളിലും സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽപല റോഡുകളുടെയും അവസ്ഥ ശോചനീയമാണ്.

2. നിലവിലുള്ളPWD റോഡുകളുടെഅവസ്ഥ മോശമാവുന്നതിൽ ഒരു പ്രധാനപങ്ക് റോഡരികിൽ കാനകൾ ഇല്ലായെന്നതുമാണ്.

3. മുൻതാളുകളുകളിൽ പറഞ്ഞിട്ടുള്ള ത്രയുംവാഹനങ്ങൾ തിരുവില്വാമല സെൻററിൽ കൂടെ സർവ്വീസ് നടത്തുന്നുവെങ്കിലും, അവക്കെല്ലാം

സൗകര്യപ്രദമായ രീതിയിൽ ഒരു പാർക്കിംഗ് സ്റ്റാൻഡ് , വെയ്റ്റിംഗ് ഷെഡ് എന്നിവ ഇവിടെ ഇല്ല. മലവട്ടത്തെ ദേവസ്വം ഭൂമിയിൽ നിന്ന്, പഞ്ചായത്തിലേക്ക് വിട്ടുകിട്ടിയ സ്ഥലത്ത് ബസ് സ്റ്റാൻഡും കെട്ടാൻ വേണ്ട നടപടികൾ എടുക്കണം.

4. ചുങ്കം സെൻററിലെ ട്രാഫിക് നിയന്ത്രണവിധേയമാക്കേണ്ടതാണ്. ടാക്സി, ജീപ്പ്, ഓട്ടോ എന്നിവക്ക് ആ മേഖലയിലെ തൊഴിലാളിസുഹൃത്തുക്കളുമായി ബന്ധപ്പെട്ട്അനുയോജ്യമായ സ്ഥലത്ത് പാർക്കിംഗ് ഏരിയാ ഏർപ്പെടുത്തേണ്ടതാണ്.

5. ചുങ്കം സെൻററിൽ വന്ന് തിരിക്കുന്ന ബസുകൾ, അടുത്ത ട്രിപ്പിനു വേണ്ടി കാത്തു കിടക്കുന്ന സമയങ്ങളിൽ ഗ്രാമത്തിൻെറ ഉൾഭാഗത്തേക്ക് പോവുകയും,അവിടെ നിന്ന് ട്രിപ് ആരംഭിക്കേണ്ടതാണ്.

6. യാത്രക്കാരുടെ സൗകര്യം കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതാണ്.

7. പഞ്ചായത്തിനകത്ത് ഓടുന്നതിന് ടാക്സി, ജീപ്പ്, ഓട്ടോറിക്ഷാ എന്നിവക്ക് ചാർജ് നിജപ്പെടുത്തി പ്രദർശിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

8. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടി, ചുങ്കംസെൻറ്ററിൽ, കൂടുതൽ വാഹനങ്ങൾ വരുന്ന സമയങ്ങളിലും, ജനത്തിരക്ക് അനുഭവപ്പെടുന്ന സമയങ്ങളിലും, ജനത്തിരക്ക് അനുഭവപ്പെടുന്ന സമയങ്ങളിലും പോലീസിന്റെ സഹായത്തോടെ ട്രാഫിക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്.

9. ചുങ്കംസെന്ററിൽ നിലവിലുള്ള കാനകൾ സമയാസമയങ്ങളിൽ വൃത്തിയാക്കുകയും, കാനയുടെ വശങ്ങളിൽ മാലിന്യങ്ങൾ ഇടുന്നത് തടയുകയും ചെയ്യണം.

10. നിലവിലുള്ള ഗതാഗതം ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് എത്തിപ്പെടാവുന്നവിധം വിപുലപ്പെടുത്താവുന്ന ഒട്ടനവധി റോഡുകൾ നമുക്കുണ്ട്. പൊരുതിക്കോട്_പട്ടിപ്പറമ്പ് റോഡ്, പട്ടിപ്പറമ്പ്_ഏരുകുളം റോഡ് തീണ്ടാപ്പാറ _ മലേശമംഗലം റോഡ്,
ചക്കിങ്ങൾ ,ആക്കപ്പറമ്പ് വഴി പാലക്കാട്റോഡ്,
കാട്ടുകുളം _പള്ളിപെറ്റ റോഡ് കയറമ്പാറ റോഡ്,
ഗാന്ധിഗ്രാം റോഡ്, എഴുന്നള്ളുപാത റോഡ്, ചേലക്കാട്ടുകുന്ന് _ കളത്തുംപടി _കുളമ്പിൽ കൊല്ലാക്കൽ _ മേലേപ്പാട്ടുപടി _ പാമ്പിൻകാവ് എന്നീകോളനികൾ ബന്ധപ്പെടുത്തുന്ന റോഡ് (ആ പ്രദേശങ്ങളിലെ ആളുകൾക്ക് ഉപയോഗപ്രദമാവും) എന്നീറോഡുകളിൽ മെറ്റൽചെയ്യാത്തവ, മെറ്റൽ ചെയ്തതും, ടാർ ചെയ്യാത്തവ, ടാർചെയ്തതും ഉപയോഗപ്പെടുത്തിയാൽ നിലവിലുള്ള നമ്മുടെ റോഡ് ശൃംഖല ഒന്നുകൂടി ദൃഢമാവുകയും, മുകളിൽ സൂചിപ്പിച്ച പ്രദേശങ്ങളിലേക്ക് ഗതാഗതസൗകര്യം വിപുലപ്പെടുകയും ചെയ്യും.

11. എരവത്തൊടി _ കോക്കോട്ടുകുളം _കൂടാരംകുന്ന് _ വില്വാദ്രിനാഥ ക്ഷേത്രം ബന്ധപ്പെടുത്തിയും ചുങ്കം _അമ്പലം _പൂങ്കാവനം വഴി നടക്കാവ് _ പാമ്പാടി ബന്ധപ്പെടുത്തിയും 2 ലിങ്ക് റോഡുകൾ നിർമ്മിച്ചാൽ, വിവിധ ഭാഗങ്ങളുമായി ബന്ധപ്പെടുവാനും, ഏതെങ്കിലും ഒരു സമയത്ത് ചുങ്കം സെന്ററിൽ ഗതാഗതകുരുക്ക് ഉണ്ടായാൽ ഉപയോഗപ്പെടുത്തുവാനും കഴിയും.

12. മലവട്ടം ഭാഗങ്ങളിലെ കോറികളിൽ നിന്ന് നിരന്തരമായി ലോഡ് കയറ്റി ലോറികൾ പോവുന്നതിനാൽ, ആ പ്രദേശങ്ങളിലെ റോഡുകൾ വളരെ പെട്ടെന്ന് കേടുവരുകയും,

കേടുപാട് തീർക്കുവാൻ ഭീമമായ സംഖ്യ ചിലവുവരുകയും ചെയ്യുന്നു. ആയതിനാൽ പഞ്ചായത്തു റോഡു വഴി കോറികളിൽ നിന്ന് ലോഡുമായി പോവുന്ന വാഹനങ്ങൾക്ക് ചെറിയ തോതിൽ ടോൾ ഏർപ്പെടുത്തേണ്ടതാണ്.

വിവിധ ഗ്രാമസഭകളിലൂടെ ഒട്ടനവധി റോഡുകൾ നമ്മുടെ ഗ്രാമത്തിന്റെ പൊതുവായ വളർച്ചയ്ക്ക് അനുകൂലമാവുന്ന രീതിയിൽ ഉയർന്നു വന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങളിൽ ഉൾപ്പെട്ട ചില റോഡുകൾ താഴെ സൂചിപ്പിക്കുന്നു.

1. തേലക്കാട്ടുകുന്ന് റോഡ്
2. ആക്കപ്പറമ്പ് റോഡ്
3. കുറുമങ്ങാട്ടുപടി റോഡ്
4. പാലയ്ക്കപറമ്പ് റോഡ്
5. പന്തലൂർക്കുണ്ട് റോഡ്
6. മാരിയമ്മൻ കോവിൽ (കുത്താമ്പുള്ളി) മുതൽ പുഴവരെ
7. പമ്പ് ഹൗസ് റോഡ്
8. അപ്പേക്കാട്ടുപടി റോഡ്
9. അയ്യപ്പൻകാവ് റോഡ്
10. സോമേശ്വരം റോഡ്
11. നെടുങ്ങാട്ടുപടി റോഡ്
12. നാരായണ മംഗലം കോളനി റോഡ്
13. കോട്ടുകുന്ന് റോഡ്പുത്തൻമാരി റോഡ്
14. പടിഞ്ഞാറെ കുറുമങ്ങാട്ടുപടി റോഡ്
15. വാരിയത്തുപടി റോഡ്
16. പാട്ടുപര കയറമ്പാറക്കളം വഴി കയറമ്പാറ റോഡ്വരെ
17. മലാറമുതൽ കുഴിഞ്ഞുപാടം വരെ
18. വാരിയത്തുപടി മുതൽ വാക്കീൽ കടവ് വരെ
19. ചെഞ്ചീരിക്കാവ് റോഡ്
20. പണിക്കുഴിക്കുണ്ട് റോഡ്
21. റാവുബഹദൂർ *T.K.*നായർ റോഡ്

എന്നിവയിൽ നിർമ്മിക്കേണ്ടവ, നിർമ്മിച്ചു റോഡുകൾ വെട്ടിയും, അറ്റകുറ്റപണികൾ ചെയ്യേണ്ടവ ചെയ്തും ഗതാഗത യോഗ്യം ആക്കേണ്ടതാണ്.

ഇനിയും ഒട്ടനവധി റോഡുകൾ ഗ്രാമസഭാ നിർദ്ദേശങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. അതിൽ ചിലവ പ്രാധാന്യം കണക്കിലെടുത്ത്, മുൻഗണനാടിസ്ഥാനത്തിൽ അതാതു ഭാഗങ്ങളിലെ ജനങ്ങളുടെ പൊതു പങ്കാളിത്തത്തോടെ വെട്ടുകയും അത്തരം റോഡുകൾക്ക് പഞ്ചായത്ത് പരമാവധി സഹായങ്ങൾ ചെയ്ത് പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

---

> രാഷ്ട്രം നിങ്ങൾക്ക് എന്തു നൽകി എന്നു നിങ്ങൾ ചോദിക്കുന്നതിന് മുമ്പ് രാഷ്ട്രത്തി ന് നിങ്ങൾ എന്തു നൽകിയെന്നു ചോദിക്കുക.
>
> കെന്നഡി



# പൊതുജനാരോഗ്യം
# കുടിനീർ
# പരിസര ശുചിത്വം

# ആരോഗ്യം

1969 സെപ്തംബർ 19-ാം തിയതി കുത്താംപുള്ളിയിൽ ആരംഭിച്ച ബൈ വീക്കിലി ഡിസ്പൻസറിയും, പഞ്ചായത്ത് നിയന്ത്രണത്തിൽ ഡോ: അച്ചുതമേനോൻ നടത്തിയിരുന്ന അലോപ്പതി ക്ലിനിക്കുമായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ സ്ഥാപനങ്ങൾ.

അതുവരെ ഇന്നാട്ടുകാർ ചികിത്സാർത്ഥം പഴയന്നൂർ ഗവ: ആസ്പത്രിയിലും ഒറ്റപ്പാലം ഗവ: ആസ്പത്രിയിലുമാണ് പോയിരുന്നത്. വേണ്ട സൗകര്യം പഴയന്നൂരിൽ ഇല്ലാത്തതിനാൽ മഹാ ഭൂരിപക്ഷം രോഗികളും ഭാരതപ്പുഴ കടന്ന് ഒറ്റപ്പാലത്തേക്കു പൊയ്ക്കൊണ്ടിരുന്നു. 1975 ൽ ലക്കിടി തിരുവില്ലാമല പാലം വരുന്നതുവരെ യാത്ര ക്ലേശം വളരെ ഏറെയായിരുന്നു. അതുകൊണ്ട് തന്നെ യഥാവസരം എത്തിപ്പെടാനും തക്ക സമയത്ത് ചികിത്സ ലഭിക്കാനും കഴിയാതെ വന്നതിനാൽ നിരവധി ദാരുണ മരണങ്ങൾ അക്കാലത്ത് സംഭവിച്ചതായി പറയപ്പെടുന്നു.

ഇത്തരം ദാരുണ സംഭവങ്ങൾക്ക് തെല്ലെങ്കിലും കുറവുണ്ടായത് 1971 ൽ തിരുവില്ലാമലയിൽ സർക്കാരിന്റെ ആരോഗ്യവകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഒരു PHC യുടെ പ്രവർത്തനം ആരംഭിച്ചതോടെയാണ്.

എന്നാൽ പഴയന്നൂർ ബ്ലോക്ക് അടിസ്ഥാനത്തിൽ രോഗചികിത്സയേക്കാൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും, കുട്ടികളുടെയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും കാര്യത്തിൽ പ്രാമുഖ്യം കൂടുതൽ നൽകി പ്രവർത്തിച്ചിരുന്ന പ്രസ്തുത PHC യിലും ആധുനിക രോഗചികിത്സക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല.

ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം മറ്റേതെങ്കിലും ആസ്പത്രിയിൽ നിന്ന് ഒരു ഡോക്ടർ വന്ന് രോഗികളെ പരിശോധിച്ചു മരുന്നു നൽകിയിരുന്ന കുത്താംപുള്ളി ബൈ വീക്കിലി ഡിസ്പൻസറി യിലും യാതൊരു വിധ സൗകര്യവും ഉണ്ടായിരുന്നില്ല.

പ്രൈമറി ഹെൽത്തുസെന്ററുകളുടെ പ്രവർത്തന ശൈലിയിലും, മറ്റും ചില മാറ്റങ്ങൾ വരുത്തിയതിന്റെ ഭാഗമായി 1988 മുതൽ തിരുവില്ലാമല PHC യെ ഒരു മദർ PHC ആയും കുത്താംപുള്ളി ബൈ വിക്കിലി ഡിസ്പൻസറിയെ ഒരു മിനി PHC ആയും മാറ്റുകയുണ്ടായി.

രോഗപ്രതിരോധ പ്രവർത്തനരംഗങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തി ഒത്തിരി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എങ്കിലും രോഗചികിത്സാ സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുത്തി ഗുണപരമായ നേട്ടം ഏറെ കൈവരിക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല.

ആരോഗ്യവും, ബുദ്ധിയും, കായികശേഷിയുമുള്ള ഒരു ജനതയാണ് ഏതൊരു രാഷ്ട്രത്തിന്റെയും സമ്പത്ത്.

2000-ാം മാണ്ടിൽ ഇൻഡ്യാ രാജ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം പലവർഷങ്ങൾക്കു മുമ്പേ കൈവരിച്ചു എന്നത് പ്രസിദ്ധമാണ്. എന്നാൽ നമ്മുടെ നാട്ടിൽ നാനാവിധാരോഗ്യപ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. അവനേരിടുന്നതിനും നിലവിലുള്ള വിവിധ ആരോഗ്യപരിപാടികളെ സംയോജിപ്പിച്ച് ഗ്രാമതലത്തിൽ ഒരു സമഗ്രപരിപാടിക്ക് രൂപംനൽകി അതുവഴി നാം വർഷങ്ങൾക്കുമുമ്പ് കൈവരിച്ച ആരോഗ്യലക്ഷ്യങ്ങൾ നിലനിർത്തുന്നതിനും വേണ്ടിയാണ് കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപംനൽകിയിട്ടുള്ളത്.

വ്യക്തിശുചിത്വം- പരിസരശുചിത്വം- കുടിനീർപ്രശ്നം- പാർപ്പിടസൗകര്യം- തൊഴിൽ അങ്ങിനെ നിരവധി നിരവധി കാര്യങ്ങൾ നമ്മുടെ ആരോഗ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു.

"രോഗംവന്നുചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുക" എന്ന ആപ്തവാക്യം ഈ അവസരത്തിൽ ശ്രദ്ധേയമാണ്.

സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് സാമൂഹ്യക്ഷേമവകുപ്പ് കുടുംബക്ഷേമവകുപ്പ് കേന്ദ്രസർക്കാർ തുടങ്ങിയ വിവിധ ഏജൻസികളുടെ കീഴിൽ ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും വേണ്ടി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധോദ്ദേശപരിപാടികൾ മറ്റു സ്ഥലങ്ങളിൽ എന്നപോലെമേൽപ്പറഞ്ഞ ഹെൽത്തുസെന്ററുകളുടെ നിയന്ത്രണത്തിൽ ഈ ഗ്രാമപഞ്ചായത്തിലും കാര്യക്ഷമതോടെ നടപ്പിലാക്കിവരുന്നുണ്ട്. ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.

പ്രധാന ആരോഗ്യ സ്ഥാപനങ്ങൾ മദർ PHC തിരുവില്വാമല.

പഞ്ചായത്ത് രാജ് സംവിധാനം നിലവിൽവന്നതോടെ പഴയന്നൂർ ബ്ലോക്ക് പ്രവർത്തനപരിധിയിൽ വരുന്നതും, ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉള്ളതുമായ ഒരു ആരോഗ്യസ്ഥാപനമാണിത്.

രോഗചികിത്സയേക്കാൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും കുടുംബക്ഷേമപ്രവർത്തനങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർ ഗർഭിണികളായ സ്ത്രീകൾ കൊച്ചുകുട്ടികൾ എന്നിവരുടെ പരിപാലനങ്ങൾക്കും മുൻതൂക്കം നൽകി പ്രവർത്തിക്കുന്നു.

താരതമ്യേന കർഷകതൊഴിലാളികൾ ഇടത്തരം ചെറുകിടകൃഷിക്കാർ കൈവേലക്കാർ നെയ്ത്തുതൊഴിലാളികൾ മറ്റു കൂലിപണിക്കാർ എന്നിവർ മഹാഭൂരിപക്ഷം ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്തിലെ ജനസംഖ്യ. ആയതുകൊണ്ട് ഒരു രോഗം വന്നാൽ ദൂരെ ദിക്കുകളിൽപ്പോയി ചികിത്സനേടാനുള്ള സാമ്പത്തികശേഷി മഹാഭൂരിപക്ഷംവരുന്ന മേൽവിവരിച്ച ജനങ്ങൾക്കില്ല. അതുകൊണ്ട് നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളിലെ സൗകര്യം മെച്ചപ്പെടുത്തി കൂടുതൽ ജനോപകാരപ്രദമാക്കിയാൽ മാത്രമെ "2000-ാം മാണ്ടിൽ എല്ലആവർക്കും ആരോഗ്യം" എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയു.

## സ്ഥാപന വിവരങ്ങൾ

1. പേര് മദർ PHC തിരുവില്വാമല.
2. സ്ഥാപിച്ച വർഷം 1971
3. പ്രവർത്തിക്കുന്ന കെട്ടിടം സ്വന്തം
4. ആകെ ജീവനക്കാരുടെ എണ്ണം

| | സർക്കാർ അനുവദിച്ചത് | നിലവിലുള്ളത് |
|---|---|---|
| ഡോക്ടർ | 3 | 2 |
| നേഴ്സ് | 5 | 3 |
| ഫാർമസിസ്റ്റ് | 1 | 1 |
| നേഴ്സിംഗ്അസിസ്റ്റന്റ് | 3 | 3 |
| അറ്റൻഡർ | 3 | 2 |
| സ്വീപ്പർ | 1 | - |
| ഹെൽത്ത്സൂപ്പർവൈസർ | 1 | - |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | - |
| ജൂനിയർ ഹെൽത്ത് | 4 | 4 |
| ഇൻസ്പെക്ടർലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 | 1 |
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് | 4 | 4 |
| ഓഫ്താല്മിക്ക് അസിസ്റ്റന്റ് | 1 | 1 |
| ലാബ് ടെക്നീഷ്യൻ | 1 | 1 |
| നോൺ മെഡിക്കൽ സൂപ്പർവൈസർ ( ലെപ്രസി വിഭാഗം) | 1 | - |
| ലെപ്രസി ഇൻസ്പെക്ടർ ( ") | 3 | 2 |
| *ഓഫീസ് :* | | |
| ക്ലാർക്ക് | 2 | 2 |
| പ്യൂൺ | 1 | 1 |
| ഡ്രൈവർ | 1 | 1 |

മറ്റു വിവരങ്ങൾ

എ) കിടക്കകളുടെ എണ്ണം 30

ബി) ശരാശരി 1 ദിവസം ചികിത്സ ക്കെത്തുന്ന രോഗികളുടെ എണ്ണം 74

സി) ഒരു വർഷത്തേക്ക് രോഗികൾക്ക് നൽകാൻ അനുവദിക്കുന്ന മരുന്നി ന്റെ തുക 78950.00

പ്രശ്നങ്ങൾ :- മദർ PHC തിരുവില്വാമല

1. Mother PHC എന്ന നിലയിൽ ലേഡി ഗൈനക്കോളജിസ്റ്റോ ഒരു കുട്ടികളുടെ സ്പെഷ്യലിസ്റ്റ് ഡോക്ടറോ ഇല്ല

2. ലബോറട്ടറി സൗകര്യം ഇല്ല.

3. X- Ray , E.C.G. സൗകര്യവും ഇല്ല

4. കിടക്കുന്ന രോഗികൾക്ക് ഭക്ഷണസൗകര്യമില്ല

5. വേണ്ടത്ര ശുദ്ധജലം ലഭിക്കുന്നില്ല.

6. വേണ്ടത്ര കെട്ടിട സൗകര്യങ്ങൾ ഇല്ല

1. O.P. Block ഇല്ല

2. ജീവനക്കാർക്ക് സൗകര്യമായരീതിയിൽ ഇരുന്നു ജോലിചെയ്യുന്നതിനുള്ള സ്ഥല സൗകര്യം ഇല്ല.

3. ആവശരായ രോഗികളെ മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സൗകര്യം ഇല്ല.

4. ഉള്ള കെട്ടിടങ്ങൾ സുരക്ഷിതമല്ല. അറ്റകുറ്റപ്പണികൾ യഥാവസരം നടത്തുന്നില്ല.

5. Conference Hall ഇല്ല.

6. മെച്ചപ്പെട്ട കാഷ്വാലിറ്റി സംവിധാനം ഇല്ല.

7. രോഗികൾക്കാവശ്യമായ മരുന്നുകൾ എത്തുന്നില്ല.

ആസ്പത്രി വികസനത്തിനാവശ്യമായ സ്ഥല പരിമിതി രൂക്ഷമാണ്.

## സാദ്ധ്യതകൾ:

മദർ PHC തിരുവില്വാമല.

1. PHC യെ ഒരു കമ്മ്യൂണിറ്റി ഹെൽത്തു സെന്ററാക്കുക. ലേഡി ഗൈനക്കോളജിസ്റ്റ്, കുട്ടികളെ ചികിത്സിക്കാൻ സ്പെഷ്യലിസ്റ്റുഡോക്ടർ എന്നിവരെ നിർബന്ധമായും മറ്റ് അത്യാവശ്യം വേണ്ട സ്പെഷ്യലിസ്റ്റുകളെയും നിയമിക്കുക. (ഉദാ: കണ്ണ്, പല്ല്, ത്വക്ക് എന്നിവക്ക്).

2. എല്ലാവിധ സൗകര്യങ്ങളോടെയും.

ലാബോറട്ടറി,

X Ray:

ECG എന്നീ വിഭാഗങ്ങൾ തുടങ്ങുക.

മേൽപ്പറഞ്ഞ സൗകര്യം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ Co : op. സൊസൈറ്റി - മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ തുടങ്ങാവുന്നതാണ്. തീരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായും അല്ലാത്തവരിൽനിന്ന് ന്യായമായ ഫീസും ഈടാക്കാവുന്നതാണ്.

(3) മേൽപ്പറഞ്ഞ രീതിയിൽ തന്നെ രോഗികൾക്ക് ന്യായമായവിലക്ക്അത്യാവശ്യം മരുന്നുലഭിക്കുന്നതിനാവശ്യമായ ഒരു മെഡിക്കൽ ഷോപ്പും തുടങ്ങാവുന്നതാണ്.

4. രോഗികൾക്കും ആസ്പത്രി പ്രവർത്തനത്തിനും ജോലി നോക്കുന്ന ജീവനക്കാർക്കും മറ്റെല്ലാവർക്കും ആവശ്യം വേണ്ട ശുദ്ധജലം എപ്പോഴും ലഭിക്കത്തക്കസംവിധാനം അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ആസ്പത്രി ആവശ്യത്തിലേക്കെത്തുന്ന ശുദ്ധജലം മറ്റുള്ളവർ ദുരുപയോഗം ചെയ്യാതെ നോക്കേണ്ടതാണ്.

കിടക്കുന്ന രോഗികൾക്കാവശ്യം വേണ്ട ഭക്ഷണ സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

5. രോഗികളെ പരിശോധിക്കാൻ ഉള്ള സ്ഥലസൗകര്യം

ക്വാഷ്യാലിറ്റി

മരുന്നു നൽകുന്നതിനും - വരുന്ന മരുന്നു സൂക്ഷിക്കുന്നതിനുമുള്ള സൗകര്യം.

ഫീൽഡുവിഭാഗം ജീവനക്കാർക്കും - ഭരണപരമായ സൗകര്യങ്ങൾക്കും വേണ്ടിയുള്ള സ്ഥലസൗകര്യം

ജീവനക്കാർക്ക് അത്യാവശ്യം വേണ്ട വിശ്രമമുറി സൗകര്യം എന്നിവയോടുകൂടിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയുക.

പോസ്റ്റുമാർട്ടം സൗകര്യം ഏർപ്പെടുത്തുക. അതിനാവശ്യമായ അനുമതികൾ സർക്കാരിൽനിന്നും വാങ്ങാവുന്നതാണ്.

പരിമിതമായി ലഭിക്കുന്ന മരുന്നിന്റെ ക്വാട്ട വർദ്ധിപ്പിക്കാവുന്നതാണ്. നിർദ്ധനരായ രോഗികൾക്കാവശ്യമായ മരുന്നുകൾ സ്റ്റോറിൽനിന്നും വരുത്തിക്കൊടുക്കേണ്ടതാണ്. കിട്ടാതെ വരുന്ന അവസരത്തിൽ വികസനസമിതി ഫണ്ട് കണ്ടെത്തുകയും ആ ഫണ്ടിൽനിന്ന് അത്യാവശ്യം വേണ്ട മരുന്നുകൾ വാങ്ങി നൽകേണ്ടതുമാണ്.

ആസ്പത്രിയുടെ സമഗ്രവികസനത്തിനായി 1970 ൽ ഒരു മഹൽവ്യക്തി ദാനമായി നൽകിയസ്ഥലം ഇന്ന് സ്ഥാപനത്തിന്റെ നിയന്ത്രണത്തിലോ സർക്കാർ നിയന്ത്രണത്തിലോ ഇല്ലാത്ത അവസ്ഥയിൽ പെട്ടിരിക്കുന്നു. പ്രസ്തുത സ്ഥലം തിരികെ ലഭിക്കുന്നതിനും വികസനപ്രവർത്തനങ്ങൾ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് വേണ്ടത്ര ശുദ്ധജലം ലഭ്യമാക്കേണ്ടതാണ്. വാട്ടർ കണക്ഷൻ ലഭിക്കാൻഅപേക്ഷനൽകേണ്ട തുമാണ്. വാട്ടർഅതോറിറ്റിയുമായി ബന്ധപ്പെട്ട് കാലതാമസം ഒഴിവാക്കേണ്ടതാണ്.

ഇവിടെ ജോലി ചെയ്യുന്ന മുഴുവൻ ജോലിക്കാർക്കും കിട്ടാൻ അർഹതയുള്ള മുഴുവൻ ആനുകൂല്യങ്ങളും യഥാവസരം നൽകേണ്ടതാണ്.

മിനി പി.എച്ച്.സി. കുത്താംപുള്ളി

1969 സെപ്തംബർ 19 ന് കുത്താംപുള്ളിയിലെ നെയ്ത്തു തൊഴിലാളികൾ സർക്കാരിലേക്ക് വിട്ടുകൊടുത്ത ഒരു ഓടിട്ട കെട്ടിടത്തിലാണ് ഇതിന്റെ പ്രവർത്തനം ആദ്യമായി ആരംഭിച്ചത്.

1988 മുതൽ ഇതൊരു മിനി പി. എച്ച്. സി. ആയി പ്രവർത്തിക്കുന്നു. കൈത്തറി നെയ്ത്തുതൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതും തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയതുമായ സ്ഥലത്താണ് ഈ സ്ഥാപനം നിലനിൽക്കുന്നത്. സ്വന്തമായി ഒരു ചെറിയകെട്ടിടവും ഒരേക്കറിൽ കൂടുതൻ സ്ഥലവും ഉള്ള ഈ സ്ഥാപനത്തിലും ചികിത്സക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല

1. പേര് : മിനി പി. എച്ച്.സി. കുത്താംപുള്ളി
2. സ്ഥാപിച്ച വർഷം: 1969 സെപ്തംബർ 19
3. പ്രവർത്തിക്കുന്ന കെട്ടിടം സ്വന്തം

| | സർക്കാർ അനുവദിച്ചത് | നിലവിലുള്ള |
|---|---|---|
| ഡോക്ടർ | 1 | 1 |
| നേഴ്സ് | - | - |
| ഫാർമസിസ്റ്റ് | 1 | 1 |
| നേഴ്സിംഗ്അസിസ്റ്റന്റ് | 1 | 1 |
| അറ്റൻഡർ | 1 | 1 |

| | | |
|---|---|---|
| ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ് | 5 | 5 |
| ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ | 4 | 4 |
| സ്വീപ്പർ | 1 | ഇല്ല |

*ഓഫീസ്* :

| | | |
|---|---|---|
| ക്ലാർക്ക് | 1 | 1 |
| പ്യൂൺ | 1 | 1 |

*മറ്റു വിവരങ്ങൾ*

എ) കിടക്ക സൗകര്യം ഇല്ല

ബി) 1 ദിവസം ചികിത്സ ക്കെത്തുന്ന രോഗികളുടെ എണ്ണം 30

സി) ഒരു വർഷത്തേക്ക് രോഗികൾക്ക് നൽകാൻ അനുവദിക്കുന്ന മരുന്നിന്റെ തുക ( 95 - 96 വർഷം) 15244.00

*പ്രശ്നങ്ങൾ* :- മിനി PHC കുത്താംപുള്ളി

1. ആവശ്യത്തിന് കെട്ടിടസൗകര്യം ഇല്ല
2. ഡോക്ടർ അടക്കമുള്ള ജീവനക്കാർക്ക് താമസിക്കാൻ സൗകര്യമില്ല
3. എപ്പോഴും ശുദ്ധജലം ലഭ്യമല്ല

4. ആവശ്യത്തിനുമരുന്നു ലഭിക്കുന്നില്ല

5. പേപ്പട്ടി,പാമ്പ് തുടങ്ങിയ വിഷബാധക്കെതിരായ കുത്തിവയ്പുമരുന്നുകൾ വരുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ രോഗികൾ വളരെയേറെ ബുദ്ധിമുട്ടുന്നു.

## സാദ്ധ്യതകൾ

1. മിനി പി. എച്ച്. സി. ക്ക് അത്യാവശ്യം വേണ്ട രോഗികളെ കിടത്തി ചികിത്സിക്കാൻ ഉള്ള സൗകര്യത്തോടെയുള്ളകെട്ടിടസൗകര്യം ഏർപ്പെടുത്താവുന്നതാണ്

2. ക്വാർട്ടേഴ്സ് സൗകര്യം ഏർപ്പെടുത്തി ഏതുസമയത്തും വരുന്ന രോഗികൾക്ക് ചികിത്സാ സൗകര്യം ഉണ്ടാക്കാവുന്നതാണ്.

3. നിലവിലുള്ള ശുദ്ധജലവിതരണം കാര്യക്ഷമമാക്കിയാൽ ആസ്പത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

4. രോഗികൾക്കാവശ്യമായ മരുന്നുകൾ എപ്പോഴും ലഭിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതാണ്.

5. പേപ്പട്ടി - പാമ്പ് തുടങ്ങിയ വിഷബാധക്കെതിരായ കുത്തിവയ്പു മരുന്നുകൾ ആവശ്യാനുസരണംവാങ്ങി സൂക്ഷിക്കാവുന്നതാണ്.

6. മതിൽ അനധികൃതമായി പൊളിച്ചു കോമ്പൗണ്ടിനുള്ളിൽ കടന്ന് മലമൂത്ര വിസർജ്ജനം നടത്തി അവിടെയുള്ള ജീവനക്കാർക്കും വരുന്ന രോഗികൾക്കും ശല്യം ചെയ്യുന്ന നടപടി- ഗ്രാമപഞ്ചായത്ത് വാർഡ്മെമ്പർ മറ്റുസന്നദ്ധസംഘടനാ പ്രവർത്തകർ ആസ്പത്രി വികസനസമിതി അംഗങ്ങൾ ആസ്പത്രി ജീവനക്കാർ എന്നിവരുടെ ബോധവൽക്കരണ പ്രവർത്തനത്താൽ നിയന്ത്രിക്കാവുന്നതും ഇല്ലായ്മ ചെയ്യാവുന്നതാണ്. അടിയന്തിരപരിഹാര മാർഗ്ഗമെന്ന നിലയിൽ പൊതുകക്കൂസുകൾ നിർമ്മിക്കാവുന്നതാണ്.

7. വൈദ്യുതി തീരെ കിട്ടാതെ വരുന്ന അവസരത്തിൽ ഉപകരണങ്ങൾ - ഇൻജക്ഷൻ സൂചികൾ, സിറിഞ്ചുകൾ എന്നിവ തിളപ്പിച്ചു രോഗാണുമുക്തമാക്കുവാൻ സോളാർ ലാംബുകൾ ഉപയോഗിക്കാവുന്നതാണ്.

8. ഇന്ന് നടക്കുന്ന രോഗപ്രതിരോധപ്രവർത്തനങ്ങൾനിലവിൽ നടക്കുന്ന രോഗചികിത്സാ സൗകര്യങ്ങൾ എന്നിവ കാലോചിതമായി മെച്ചപ്പെടുത്താനും കൂടുതൽ സേവനം ജനങ്ങൾക്കു ലഭിക്കാനും ആസ്പത്രി വികസനസമിതി 3 മാസത്തിലൊരിക്കൽ വിളിച്ചുചേർത്ത് ബഹുജനങ്ങളുടെ

സഹകരണം നേടി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാവുന്നതാണ്. അതുവഴി ഏറ്റവും കർമ്മശേഷിയുള്ള ഒരു സേവനസ്ഥാപനമായി ഈ ആസ്പത്രിയെ മാറ്റാവുന്നതാണ്.

ഗവ: ആയുർവ്വേദഡിസ്പൻസറി - തിരുവില്വാമല

സ്ഥാപന വിവരങ്ങൾ

1. സ്ഥാപനത്തിന്റെ പേര് : ഗവ:ആയുർവ്വേദ -ഡിസ്പൻസറി തിരുവില്വാമല

2. പ്രവർത്തിക്കുന്ന കെട്ടിടം : വാടക കെട്ടിടം

3. ആകെ ജീവനക്കാരുടെ എണ്ണം : 3

| തരം തിരിച്ച് | നിലവിലുള്ളത് | ഗവ:അംഗീകരിച്ച തസ്തികയുടെ എണ്ണം |
|---|---|---|
| ഡോക്ടർ | 1 | 1 |
| അറ്റൻഡർ | 1 | 1 |
| സ്വീപ്പർ | 1 | 1 |

4. മറ്റു വിവരങ്ങൾ

എ) കിടക്ക സൗകര്യം ഇല്ല

ബി) ശരാശരി ഒരു ദിവസം വരുന്ന രോഗികളുടെ എണ്ണം 30

സി) ഒരു വർഷത്തേക്ക് അനുവദിക്കുന്ന മരുന്നിന്റെ തുക

ഗവ: ആയുർവ്വേദഡിസ്പൻസറി - തിരുവില്വാമല

*പ്രശ്നങ്ങൾ* :

1. സ്വന്തമായി കെട്ടിടം ഇല്ല
2. നിലവിൽ പ്രവർത്തിക്കുന്ന വാടകകെട്ടിടത്തിന്റെ വാടക P.W.D. യിൽനിന്നും നിശ്ചയിച്ചു കൊടുത്തിട്ടില്ല.
3. ഗ്യാസിനുപകരം വിറക് ഉപയോഗിക്കുന്നതിനാൽ ഇന്ധനചിലവ് ഇനത്തിൽ കൂടുതൽ തുക ചിലവഴിക്കേണ്ടിവരുന്നു.
4. മരുന്നുകൾക്കുള്ള അലോട്ട്മെന്റ് തുക വളരെ കുറവാണ്.
5. രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

1. രോഗികളെ കിടത്തി ചികിത്സിക്കാൻ തക്ക സൗകര്യങ്ങളോടെ സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകാൻ ഗ്രാമപഞ്ചായത്തിനും വികസനസമിതിക്കും കൂട്ടായി പരിശ്രമിക്കാവുന്നതാണ്

2. വാടകകെട്ടിടത്തിന്റെ വാടക നിശ്ചയിച്ചു കൊടുപ്പിക്കുന്ന കാര്യത്തിൽ അടിയന്തിരമായും ഗ്രാമപഞ്ചാത്തിനിടപെടാവുന്നതുംകാലതാമസം ഒഴിവാക്കാവുന്നതുമാണ്.

3. നിലവിലുള്ളകെട്ടിടത്തിൽ ഗ്യാസ് കണക്ഷൻ ലഭിക്കുവാൻ സാദ്ധ്യതയുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ആരായേണ്ടതാണ്.

4. മരുന്നുകൾക്കുള്ള അലോട്ടുമെന്റ് വർദ്ധിപ്പിച്ചുകിട്ടാൻ ആവശ്യപ്പെടാവുന്നതാണ്.

ആയുർവ്വേദ ചികിത്സയുടെ പ്രാധാന്യം ഒരിടവേളക്കുശേഷം വീണ്ടും ജനങ്ങളിൽ താല്പര്യം ജനിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഈ ചികിത്സാവിധികൾക്കാവശ്യമായ പച്ചമരുന്നുകൾ, ഇന്നു കിട്ടാൻ വളരെയേറെ ബുദ്ധിമുട്ടുന്നു. ഇവയുടെ കൃഷിയും, സംരക്ഷണവും സംസ്ക്കരണവും ഗണ്യമായ തോതിൽ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയും എന്നതിനാൽ ഈ ചികിത്സാ രീതി കൂടുതൽ പ്രോത്സാഹനം അർഹിക്കുന്നു.

## രക്തദാനം

വിവിധ ഓപ്പറേഷനുകളുമായി ബന്ധപ്പെട്ടു ആസ്പത്രികളിൽ വരുന്ന രോഗികൾ ( പ്രത്യേകിച്ച് സാമ്പത്തികമായും സാമൂഹ്യമായും ഏറെ പിന്നിൽ നിൽക്കുന്നവർ ) പെട്ടെന്നുണ്ടാകുന്ന അപകടങ്ങളെ തുടർന്ന് എത്തുന്നവർ - ഇവർക്കെല്ലാം തന്നെ പലപ്പോഴും അവരവരുടെ ഗ്രൂപ്പിൽ പെട്ട രക്തം ആവശ്യാനുസരണം

ലഭിക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

ഇത്തരം സന്ദർഭങ്ങളിൽ സന്നദ്ധസംഘടനകളിൽ പെട്ടവരേയും പൊതുജനങ്ങളെയുമാണ് ആശ്രയിക്കാറുള്ളത്. രക്തദാനത്തിനു സന്നദ്ധരായി വരുന്നവരുടെ രക്തം പലകാരണങ്ങളാലും ഉപയോഗപ്രദമല്ലാതെ വരാറുണ്ട്.

ഇത്തരം സന്ദർഭങ്ങളിൽ അടിയന്തിരസഹായം ലഭിക്കുന്നതിലേക്കായി ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റേതായ സഹായം എത്തിക്കുവാൻ കഴിയും.

രക്തദാനത്തിനു തയ്യാറുള്ള മുഴുവൻ ആളുകളുടേയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കാവുന്നതും മേൽപ്പറഞ്ഞ അടിയന്തിരസന്ദർഭങ്ങളിൽ രക്തദാനത്തിലൂടെ അപകടത്തിൽ പെട്ടവരെ രക്ഷിക്കാവുന്നതാണ്.

*********

### രോഗികൾക്കാവശ്യമായ I.V. ഫ്ലൂയിഡ് നിർമ്മിക്കുക

രോഗികൾക്ക് ഏറെ ആവശ്യമുള്ളതും എന്നാൽ ചിലവേറിയതുമായ I.V. ഫ്ലൂയിഡ് വളരെ ചുരുങ്ങിയ ചിലവിൽ ജില്ലാ ആസ്പത്രി/ മെഡിക്കൽ കോളേജ് ആസ്പത്രി എന്നിവ കേന്ദ്രീകരിച്ച് ഉല്പാദിപ്പിക്കുവാൻ കഴിയുന്നതാണ്. എന്നാൽ ജില്ലയിലെ മുഴുവൻ ആരോഗ്യസ്ഥലങ്ങളിലെ ആവശ്യത്തിലേക്കുള്ള I.V. ഫ്ലൂയിഡ് വിതരണം നടത്താനും അതുവഴി പാവപ്പെട്ട രോഗികളെ സാമ്പത്തികബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കാനും കഴിയും. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരം ഒരു സ്ഥാപനം തുടങ്ങിയാൽ കുറച്ചുപേർക്ക് തൊഴിൽ നൽകാനും ഇതുവഴി കഴിയും.

## ഹോമിയോഡിസ്പൻസറി

തിരുവില്വാമല പഞ്ചായത്തിൽ വിവിധ ചികിത്സാ രീതികൾ നടപ്പിവുണ്ടെങ്കിലും പ്രാചീനവും വളരെയേറെ പ്രചാരത്തിലുള്ളതുമായ ഹോമിയോ ചികിത്സ സൗകര്യം ലഭ്യമല്ല. ആയതിനാൽ ഒരു ഹോമിയോ ഡിസ്പൻസറി പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് തുടങ്ങുന്നത് ഏറ്റവും അഭികാമ്യമായിരിക്കും.

### ദീപാ ക്ലിനിക്ക് ( അലോപ്പതി - സ്വകാര്യം )

ഡോക്ടർ : എ. വി. വിജയകുമാർ
കെട്ടിടം : സ്വന്തം

| | | |
|---|---|---|
| കിടക്കകളുടെ എണ്ണം | : | 20 |
| (o.p.) 1 ദിവസം ശരാശരി വരുന്ന രോഗികളുടെ എണ്ണം | : | 20 |
| (I.P.) ശരാശരി | : | 5 |
| ലബോറട്ടറി സൗകര്യം | : | പരിമിതം |
| X- Ray - E.C.G. | : | ഇല്ല |
| പ്രവർത്തനസമയം | : | രാവിലെ 8 മുതൽ |

### ആയുർവ്വേദചികിത്സാലയം - തിരുവില്വാമല

വളരെക്കാലമായി തിരുവില്വാമല ഹെൽത്തുസെന്ററിനുസമീപം സ്വന്തം വീട്ടിൽ പൂതനക്കര നമ്പീശൻ നടത്തുന്ന ആയുർവ്വേദ ചികിത്സ.

പ്രത്യേകിച്ച് കുട്ടികൾക്ക് വളരെ പ്രസിദ്ധമാണ്.

## പാരമ്പര്യവൈദ്യം

ആയുർവ്വേദവിധിപ്രകാരം പാരമ്പര്യമായി പ്രത്യേകിച്ച് വാതരോഗങ്ങൾക്ക് ചികിത്സനടത്തുന്ന മുല്ലക്കൽ വീടുകളിലെ ( എരവത്തൊടി ) ശ്രീ. പരമേശ്വരൻ വൈദ്യർ, ചക്കപ്പൻ വൈദ്യർ, നാരായണൻ വൈദ്യർ, ലക്ഷ്മണൻ വൈദ്യർ എന്നിവ പ്രസിദ്ധമാണ്. ഇവരെല്ലാം തന്നെ " B " ഗ്രേഡ് ലൈസൻസുള്ളവരാണ്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം ഈ രംഗം ഒരു വെല്ലുവിളിയെ നേരിടുകയാണ്. ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മറ്റു വിവിധതരം ചികിത്സാരീതികളോട് മത്സരിക്കാൻ കഴിവില്ലാത്ത ഇവർക്ക് സർക്കാരിൽ നിന്നുള്ള സാമ്പത്തികസഹായം ഉണ്ടായാലേ ( പച്ചമരുന്നുകൾ വാങ്ങാൻ - എണ്ണയും കുഴമ്പും ഉണ്ടാക്കാൻ - തുടങ്ങിയ ആവശ്യങ്ങൾക്ക്) ഈ രംഗത്തു നിലനിൽക്കാ

ൻ കഴിയൂ.

നാട്ടിൻപുറങ്ങളിലുള്ള ഇത്തരം പാരമ്പര്യ വൈദ്യന്മാർ ജനങ്ങൾക്ക് ഒരനുഗ്രഹമാണ്.

ആയതിനാൽ ഇവർക്ക് ഗവൺമെന്റിന്റെ സഹായത്തോടെ കാലാകാലങ്ങളിൽ അത്യാവശ്യം പരിശീലനം നൽകി ഈ വൈദ്യമുറ കാത്തുസൂക്ഷിക്കാൻ പരിശ്രമിക്കേണ്ടതാണ്.

## പാരമ്പര്യ വിഷ ചികിത്സ (പാമ്പുവിഷം)

വളരെക്കാലമായി പാമ്പുവിഷബാധക്കെതിരെ ചികിത്സ നടത്തുന്ന പനാരി അയ്യപ്പൻ എഴുത്തശ്ശൻ പാണം പള്ളിത്താലിൽ നാരായണൻ എഴുത്തശ്ശൻ വൈലാലകോളനിയിലെ ശ്രീ. വേലായുധൻകുട്ടി ചിറക്കൽ വാസു നായർ എന്നിവർ ഈ പഞ്ചായത്തിലെ നിവാസികളാണ്.

മഞ്ഞപ്പിത്തത്തിനെതിരെ ചികിത്സനടത്തുന്ന കുത്താംപുള്ളിയിലെ തമ്പുടുസ്വാമിയും ഈ നാട്ടുകാരനാണ്.

ഇനിയും അറിഞ്ഞും അറിയാതെയും പലവിധത്തിലുള്ള ഒറ്റപ്പെട്ട ചികിത്സ നടത്തുന്ന പ്രഗത്ഭന്മാർ ഈ നാട്ടിലുണ്ടായേക്കാം. അവരുടെ എല്ലാം സേവനം ഈ നാടിനും നാട്ടാർക്കും തുടർന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗ്രാമപഞ്ചായത്ത്- തിരുവില്വാമല ആരോഗ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ

1. അശ്വനി മെഡിക്കൽസ് , തിരുവില്വാമല
2. സുരഭി മെഡിക്കൽസ്, തിരുവില്വാമല
3. സഞ്ജീവനി മെഡിക്കൽസ്, തിരുവില്വാമല
4. ലക്ഷ്മി മെഡിക്കൽസ്, തിരുവില്വാമല
5. കോട്ടക്കൽ ആര്യവൈദ്യശാല, തിരുവില്വാമല
6. കോയമ്പത്തൂർ ആര്യവൈദ്യശാല, തിരുവില്വാമല
7. നാഗാർജ്ജുന ഔഷധശാല, തിരുവില്വാമല
8. ഗീതാ മെഡിക്കൽസ്, തിരുവില്വാമല

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. വാർഡ് III, IV, VII എന്നിവിടങ്ങളിൽ നിന്നുള്ള രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് ഇന്നുള്ള യാത്രാസൗകര്യവും ദൂരക്കൂടുതലും പരിഗണിച്ച് അവിടങ്ങളിൽ ഓരോ ആരോഗ്യസ്ഥാപനങ്ങൾ തുടങ്ങുക.

## *പൊതുവായ നിർദ്ദേശങ്ങൾ*

1. ആസ്പത്രിയിൽ ആവശ്യത്തിനുള്ള മരുന്നില്ല. മരുന്നിന് ചീട്ട് പുറത്തേക്ക് എഴുതികൊടുക്കുന്നു. ഇതുമാറ്റണം.

2. കിടക്കുന്ന രോഗികൾക്ക് ഭക്ഷണമില്ല - ഭക്ഷണം നൽകാൻ ഏർപ്പാടാക്കണം.

3. ആസ്പത്രിയിൽ എല്ലായ്പ്പോഴും ശുദ്ധജലം ലഭിക്കുന്നില്ല. എല്ലായ്പ്പോഴും ശുദ്ധജലം ലഭിക്കാൻ സൗകര്യം ചെയ്യണം.

4. ആവശ്യത്തിനു ഡോക്ടർമാർ ഇല്ല. ഉള്ളവർ തന്നെ കൃത്യസമയത്ത് ആസ്പത്രിയിൽ എത്തുകയോ രോഗികളെ വേണ്ടപോലെ പരിശോധിക്കുകയോ ചെയ്യുന്നില്ല.

5. പെണ്ണുങ്ങളേയും കുട്ടികളേയും പരിശോധിക്കാനും രോഗനിർണ്ണയത്തിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കണം.

6. ആസ്പത്രി ജോലിക്കാർ കാര്യക്ഷമമായി ജോലി നിർവ്വഹിക്കുന്നില്ല.

7. നാട്ടുകാർ പണി കഴിച്ച് സർക്കാരിനെ ഏല്പിച്ച കെട്ടിടം അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഇടിഞ്ഞു താഴെ വീഴാറായി കിടക്കുന്നു. ശ്രദ്ധിക്കണം.

8. F.W. Centre കളിൽ ഡോക്ടർമാർ ആഴ്ചയിൽ വരുകയോ ഗർഭിണികളേയും കുട്ടികളേയും പരിശോധിക്കുകയോ ചെയ്യുന്നില്ല.

9. പാമ്പാടി F.W. Centre ൽ അവിടെ താമസിക്കേണ്ട ജീവനക്കാരി അവിടെ താമസിക്കുന്നില്ല.

10. കുത്താംപുള്ളി ആസ്പത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനവശ്യമായ സൗകര്യം ഉണ്ടാക്കേണ്ടതാണ്.

11. ഡോക്ടർക്കും മറ്റു ജീവനക്കാർക്കും താമസസൗകര്യം ഏർപ്പെടുത്തണം.

12. രാത്രി കാലങ്ങളിലും ഡോക്ടറുടെ സേവനങ്ങൾ ലഭ്യമാക്കണം.

13. കുത്താംപുള്ളി PHC യുടെ കീഴിലുള്ള എരവത്തൊടി F.W. Centre ൽ വെള്ളമില്ല. വെള്ളമെത്തിക്കുക.

14. പാമ്പാടി F.W. Centre ൽ വെള്ളവും വെളിച്ചവും ഇല്ല. ഇവ എത്തിച്ച് മേൽ സെന്ററുകളിൽ താമസിക്കാൻ സൗകര്യം ഏർപ്പെടുത്തുക.

15. കുത്താംപുള്ളി PHC യുടെ മുന്നിലുള്ള പൊതുടാപ്പിൽ നിന്ന് വെള്ളമെടുത്ത് വാഹനങ്ങൾ കഴുകുന്ന ഏർപ്പാട് അവസാനിപ്പിക്കുക.

16. ആരോഗ്യകരമായ അന്തരീക്ഷത്തിൽ ജീവനക്കാർക്ക് ജോലി ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

17. പൊതുജനങ്ങൾ അനഃധികൃതമായി ആസ്പത്രി മതിൽ പൊളിച്ച് അകത്തുകടന്ന് തുറസ്സായസ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതിനാൽ അവിടെയുള്ള ജീവനക്കാരും വരുന്ന രോഗികളും വളരെയേറെ ബുദ്ധിമുട്ടുന്നു. ഇതവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുക.

18. കുത്താംപുള്ളി PHC യുടെ നിലവിലുള്ള കെട്ടിടം വേണ്ടസമയത്ത് അറ്റകുറ്റപണികൾ നടത്താത്തതിനാൽ വേണ്ടത്ര സുരക്ഷിതമല്ല. ശ്രദ്ധിക്കുക.

19. ജീവനക്കാർക്ക് ലഭിക്കാൻ അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

## ആയുർവ്വേദം

1. രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യത്തോടെയുള്ള സ്വന്തമായ ഒരു കെട്ടിടം പണിയുക

2. രോഗികൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന മരുന്നിന്റെ തുക വർദ്ധിപ്പിക്കുക.

3. കൂടുതൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുക

4. ഓരോ ആസ്പത്രിയോടും ചേർന്നുള്ള വികസനസമിതികൾ 3 മാസത്തിൽ ഒരിക്കൽ വിളിച്ചുചേർത്ത് ആസ്പത്രി പ്രവർത്തനം അവലോകനം ചെയ്യുക. കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളുക.

### പകർച്ചവ്യാധികൾ
മിനി PHC കുത്താംപുള്ളി

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാതിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93-94 | 828 | 1427<br>മീസിൽസ് 4 | മലേറിയ 1 | |
| 94-95 | 336 | URTI-942<br>മീസിൽസ് 5 | മലേറിയ 2 | |
| 95-96 | 338 | 326 | | |

പ്രധാനരോഗങ്ങൾ ഏതു സീസണിൽ ? എന്തുകൊണ്ട് ?

മഴക്കാലത്ത് :- ഡയറിയ
- ജനസാന്ദ്രത കൂടുതൽ
- പരിസര മലിനീകരണം
- ആഹാരശുചിത്വം ഇല്ലായ്മ

# കുടിവെള്ളം

മൂന്നുവശവും പുഴയാൽച്ചുറ്റപ്പെട്ട (നിളാനദി, ചീരക്കുഴി പ്പുഴ) തെങ്കിലും ആണ്ടിന്റെ മിക്കകാലയളവുകളിലും കുടിവെള്ളലഭ്യതയുടെ രൂക്ഷത അനുഭവപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് തിരുവില്വാമല ഗ്രാമപഞ്ചായത്ത്.

ഭാരതപ്പുഴയിൽ നിന്നും ചീരക്കുഴി പുഴയിൽ നിന്നും ഉള്ള മുഖ്യ ജലസേചന പദ്ധതികൾ എല്ലാം തന്നെ ഈ പഞ്ചായത്തിനു വെളിയിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ആയതുകൊണ്ട് പഞ്ചായത്ത് അതിർത്തിയിലുള്ള കുളങ്ങളിലും കിണറുകളിലും ജലസമ്പത്ത് പരിമിതമാണ് ആവശ്യത്തിലധികം ജലൗഘം ഈപുഴകളിൽ ഉണ്ടെങ്കിലും ഇവയിൽ നിന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ തോത് വളരെ പരിമിതമാണ്.

1991 ലെ കനേഷുമാരി കണക്കനുസരിച്ച് 24175 ജനങ്ങൾ ഈ പഞ്ചായത്തിൽ നിവസിക്കുന്നു. ഏതാണ്ട് 5867 പട്ടികജാതിക്കാർ 65 കോളനി സങ്കേതങ്ങളിലായി താമസിക്കുന്നു.

തിരുവില്വാമലയുടെ ഭൂമിശാസ്ത്രപരമായ സവിശേഷത കൊണ്ടാകാം ഈ പഞ്ചായത്തിലെ ആദിമനിവാസികളായ പട്ടിക ജാതി കോളനികളെല്ലാം തന്നെ മിക്കവാറും കുന്നിൻപ്രദേശങ്ങളിലാണ്. തിരുവില്വാമല വില്വാദ്രിനാഥ ക്ഷേത്രത്തിന്റെ പ്രധാന്യവും, കുത്താംപുള്ളി എരവത്തൊടി എന്നിവിടങ്ങളിലുള്ള നെയ്ത്ത് വ്യവസായവും, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലേക്കുള്ള ഏറ്റവും എളുപ്പമായ ഗതാഗതമാർഗ്ഗം തിരുവില്വാമല വഴിക്കുളതിനാൽ പ്രതിദിനം 5000 ഓളം ജനങ്ങൾ ഈ പഞ്ചായത്തിൽ എത്തുനുണ്ട്

ഈ പ്രദേശത്തുള്ള ജനങ്ങളുടെയും വന്നു പോകുന്നവരുടെയും ആവശ്വത്തിനു ശുദ്ധ ജലത്തിന്റെ 20% ത്തിൽ താഴെ മാത്രമെ ഇന്നു വിതരണയോഗ്യമായിട്ടുള്ളൂ. ആയതിനാൽ ൯ം പദ്ധതിയുടെ പ്രഥമ പരിഗണന തന്നെ ശുദ്ധജലവിതരണത്തിനായി നാം നൽകേണ്ടിയിരിക്കുന്നു.

നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ

*a)* തിരുവില്വാമല ശുദ്ധജലവിതരണ പദ്ധതി

സ്വതന്ത്രലബ്ധിക്കുമുൻപ് ശുദ്ധജല വിതരണ പദ്ധതി ഉണ്ടായിരുന്ന ത്രിശൂർ ജില്ലയിലെ ഏക പഞ്ചായത്താണ് തിരുവില്വാമല ഗ്രാമ പഞ്ചായത്ത്.

1936ൽ ശ്രീ റാവു ബഹദൂർ ടി. കെ. നായരുടെ കാലഘട്ടത്തിൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതി (പാമ്പാടി പമ്പ് ഹൗസ്) അന്നത്തെ കാലഘട്ടത്തിന് ഒരു പരിധി വരെ പര്യാപ്തമായിരുന്നു.

എന്നാൽ ജനസംഖ്യയിൽ വന്ന മാറ്റവും പാർപ്പിടവും വിതരണക്രമവും ഈ പദ്ധതിയിലൂടെ പഞ്ചായത്തിൻെറ 10% പ്രദേശത്തു മാത്രമേ ശുദ്ധജലവിതരണം നടത്തുവാൻ കഴിയുന്നുള്ളൂ.

400 ഓളം ഗാർഹിക കണക്ഷനുകളും 50 ഓളം ഗാർഹികേതര കണക്ഷനും 129 പൊതു ടാപ്പുകളും മാത്രമേ ഈ പദ്ധതി കൊണ്ട് നടപ്പിലായിട്ടൊള്ളൂ.

***b)*** കുത്താംമ്പുള്ളി ശുദ്ധജലവിതരണ പദ്ധതി

1963 ൽ നടപ്പിൽ വന്ന ഈ പദ്ധതിയിലൂടെ 150 ഗാർഹിക കണക്ഷനുകളും 87പൊതു ടാപ്പുകളുമാണുള്ളത്, 1000 ഓളം ജനങ്ങൾകു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ.

*c)* തിരുവില്വാമല സാംഭവ കോളനി_ശുദ്ധജലവിതരണ പദ്ധതി (കുഴൽക്കിണർ)

1984ൽ ആരംഭിച്ച ഈ പദ്ധതിയിൽ 42പൊതു ടാപ്പുകളും 67ഗാർഹിക കണക്ഷനുംമുണ്ട്.

*d)* മലേശമംഗലം ശുദ്ധജലവിതരണ പദ്ധതി (കുഴൽക്കിണർ)

1990ൽ ആരംഭിച ഈ ശുദ്ധജലവിതരണ പദ്ധതിയിൽ 25 പൊതു ടാപ്പുകളുണ്ട്. 1000ത്തിൽ താഴെ ജനങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രയോജനപെടുന്നുള്ളൂ.

*e)* ആനപ്പാറ ശുദ്ധജലവിതരണ പദ്ധതി (കുഴൽക്കിണർ)

1994 ആരംഭിച ഈ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്ന് 1000ത്തിൽതാഴെ ജനങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രയോജനപെടുന്നുള്ളൂ.

*f)* ആക്കപ്പമ്പ് ശുദ്ധജലവിതരണ പദ്ധതി (കുഴൽക്കിണർ)

1995 ആരംഭിച ഈ ശുദ്ധജലവിതരണ പദ്ധതിൽ നിന്ന് 1000ത്തിൽ താഴെ ജനങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രയോജനപെടുന്നുള്ളൂ.

മേൽപ്പറഞ്ഞവയിൽ *e,f* എന്നീ പദ്ധതികൾ *a,b,c,d* എന്നീ പദ്ധതികളുമായി ബന്ധിപ്പിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ 13 കൈപ്പമ്പ് കുഴൽക്കിണറുകളും 31 പൊതുകിണറുകളും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഉണ്ട്. ആയവ ഒന്നും തന്നെ അതാതു പ്രദേശത്തെ ശുദ്ധജല ആവശ്യത്തിന്റേ 15% പോലും പരിഹരിക്കുന്നില്ല.

മേൽ വിവരിച്ചപദ്ധതികളിൽ നിന്നും ശുദ്ധജലവിതരണത്തിന്റെ നിലവിലുള്ള സംവിധാനവും ആവശ്യമായി തീരെ പൊരുത്തപ്പെടുന്നില്ലെന്നുകാണാം.

ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളുടെയും ഏറ്റവും രൂക്ഷമായ പൊതുപ്രശ്നമായി "കുടിനീർ പ്രശ്നം" മാറിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ

- എരവത്തൊടി
- മലാറയുടെ വിവിധ ഭാഗങ്ങൾ (പടിഞ്ഞാറ്റു മുറി)
- മലേശ മംഗലം
- അയ്യപ്പൻ കാവ് പരിസരം
- കയറൻപാറ പ്രദേശം
- മാണിയങ്ങാട്ട് തെഞ്ചിരക്കുണ്ട് ഭാഗം
- മേപ്പാടംകുന്ന്
- പല്ലൂർപ്പടി

> സമൂഹത്തിൻെറ ഒട്ടാകെയുള്ള നന്മക്കുവേണ്ടി സാമൂഹിക നിയന്ത്രണങ്ങൾക്ക് വഴങ്ങുന്നത് വ്യക്തിയെയും അവൻ അംഗമായ സമൂഹത്തെയും സമ്പന്നമാക്കുന്നു.
>
> **മഹാത്മാ ഗാന്ധി**

# കോളനികൾ/സെറ്റിൽമെന്റ് സ്ഥലങ്ങൾ

| പേര് | കുടുംബങ്ങളുടെ എണ്ണം | ആകെ ജനങ്ങൾ | കിണർ | പൊതു ടാപ് | കൈപമ്പ് |
|---|---|---|---|---|---|
| തേലക്കാട്ടു കുന്ന് | 45 | 195 | 1 | 3 | 1 |
| കുണ്ടുകാട് കോളനി/ലക്ഷം വീട് | 39 | 142 | 1 | 3 | 1 |
| പൂളക്കാപ്പറമ്പ് | 41 | 139 | 2 | 3 | 1 |
| ചെമ്പൻകുളം | 12 | 52 | | | |
| പണിക്കൂർക്കുന്ന് | 16 | 78 | | 2 | |
| ചക്കമ്പൽക്കാട് | 17 | 82 | 1 | | 1 |
| വേലംകുണ്ട് | 25 | 107 | | 1 | |
| അരിയാർകുളമ്പ് | 6 | 28 | | | |
| മേപ്പാടംകുണ്ട് | | 31 | | | |
| മുല്ലക്കൽതാഴത്തൊടി | 26 | 137 | | | |
| അരക്കൻമല | 17 | 66 | 1 | | |
| ചെട്ടിക്കുന്ന് | 12 | 31 | 1 | | |
| കേലത്ത്ഭഗവത്ത്പറമ്പ് | 22 | 83 | | | |
| കൂട്ടുപാത കൂട്ടാലകുന്ന് ചീരക്കുഴി | 15 | 65 | | | |
| കോട്ടാട്ടു കുളമ്പ്പൊരുതിക്കോട് | 29 | 98 | | | |
| കാഞ്ഞുള്ളിപ്പടി | 25 | 120 | | 1 | |
| പാലക്കപ്പറമ്പ്മിച്ച ഭൂമി | 35 | 132 | | | |
| ലക്ഷംവീട് അയ്യപ്പൻകാവ് റോഡ് | 19 | 110 | 1 | | 1 |
| തെക്കേമുല്ലക്കൽ | 18 | 101 | 2 | | |
| വടക്കേമുല്ലക്കൽ | 8 | 41 | | | |
| കരിമാൻകുഴിപാലക്കാപറമ്പ് | 20 | 101 | | 1 | |
| കുത്താമ്പുള്ളി മുല്ലക്കൽ | 3 | 20 | | 1 | |
| തെഞ്ചേരിക്കുണ്ട് | 22 | 103 | | | |
| ആനപ്പറ/തെക്കേപ്പാട്ടുപടി | 37 | 128 | | 4 | |
| പല്ലൂർപ്പടി | 26 | 113 | | | |
| കുണ്ടുപറമ്പ്/കാട്ടുകുളംമിച്ചഭൂമി59 | 217 | 2 | 2 | | |
| പന്തല്ലൂർപ്പടി/മാണിയങ്ങോട്ടു പടി | 28 | 118 | 2 | | 1 |
| കോതാനാത്തുപടി | 30 | 118 | 1 | | |
| കുളത്തിൽപടി പാമ്പിൻ | | | | | |
| കാവു മേലെപ്പാട്ടതൊടി | 28 | 148 | | | |
| മുണ്ടൻതോടുപറമ്പ് | 15 | 70 | | | |
| തേലേക്കാട്ടുകുന്ന് | 21 | 84 | | | |
| നാരായണമംഗലം | 25 | 92 | | 1 | |

| | | | | | |
|---|---|---|---|---|---|
| കുളമ്പിൽകൊല്ലക്കൽ/ | | | | | |
| കളത്തിൽപ്പടി | 14 | 47 | | | |
| നെടുങ്ങാട്ടെപടി | 11 | 40 | | | |
| കൊല്ലാക്കൽപ്പറമ്പ് | 17 | 72 | | | |
| കുളത്തൂർപ്പറമ്പ് | 11 | 50 | | | |
| കാട്ടിയാഞ്ചിറകുന്ന് | 12 | 50 | | | |
| തീണ്ടാപ്പാറ | 16 | 60 | | | |
| മേച്ചിറ കുതിരാൻപാറ | | | | | |
| ഊട്ടുപുര നൊട്ടത്തുപറമ്പ് | 35 | 128 | 1 | | |
| മീനിക്കോട് ഏരുക്കുളം | 7 | 34 | | | |
| അംബേദ്കർ കോളനി | 41 | 167 | 1 | | |
| വാരിയത്തുപടി | 13 | 42 | 1 | | |
| തീത്തൂർപ്പടി/പള്ളത്തുപടി | 15 | 58 | | | |
| ചോഴിയംകോട് | 36 | 129 | 1 | | |
| പാലാട്ടുപടി | 15 | 58 | 1 | 1 | |
| നൊടയംകോട് | 16 | 59 | | | |
| കുറുമങ്ങാട്ടുകോളനി | 19 | 63 | 1 | | |
| കോട്ടാട്ടുകുന്ന് | 19 | 100 | 1 | | 1 |
| പുത്തൻമാരിപ്പടി | 8 | 46 | | | |
| ഗാന്ധിഗ്രാം | 30 | 80 | 1 | | 1 |
| മലാറ | 15 | 70 | | | 1 |
| ചോലക്കാട്ടുപടി/ | | | | | |
| ചാഴിയോട്ടുപടി | 18 | 62 | | | |
| നമ്പ്രത്തുപടി | 11 | 34 | | | |
| വാരിയത്തുപടി | 36 | 123 | 1 | | |
| കുന്നാംപുള്ളി | 40 | 162 | | 4 | |
| കുന്നത്തുകോളനി | 18 | 65 | | 1 | |
| കുമ്പ്രംകുന്ന് | 20 | 96 | | | |
| വാണ്ടൻകുന്ന് | 20 | 96 | | | |
| പൗക്കോടുപടി/ | | | | | |
| ചിറക്കൽപ്പടി | 10 | 51 | | | |
| മാണിയങ്ങോട്ടു | | | | | |
| കോളനി | 39 | 163 | | | 1 |
| കുന്നത്താട്ടുപടി | 20 | 82 | | 1 | |
| വയലാല | 18 | 75 | | | 1 |
| കൂട്ടാലകമ്പനിപ്പടി | 38 | 123 | 1 | 2 | |
| കൂടാരംകുന്ന് | 13 | 55 | | 1 | |
| മുതിയാർകോട്/ | | | | | |
| കാക്കാംകുന്ന് | 23 | 129 | | | |
| കാരക്കാപ്പാടം | 17 | 89 | | | |

# സാദ്ധ്യതകൾ

1.കയറൻപാറ ശുദ്ധജല വിതരണപദ്ധതി

ഭാരതപ്പുഴയിൽ ജലലഭ്യത ഏറ്റവും കൂടുതൽ ഉള്ള ഈ പ്രദേശത്ത് പാറ ഏകദേശം 15 മീറ്റർ താഴെയാണ്. പ്രസ്തുതസ്ഥലത്ത് ഒരു "വാട്ടർ ഗ്യാലറി" കെട്ടി പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ചു. വറണ്ടറൻകുന്നിൽ ടാങ്ക് കെട്ടി ജലവിതരണം കാര്യക്ഷമമാക്കിയാൽ താഴെപറയുന്നതും അടുത്തടുത്തു കിടക്കുന്ന കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയും.

കോളനികൾ :_ വാര്യത്തുപടി (കണിയാർകോട്), മലാറ
ചോലക്കോട്ട്ചാഴിയോട്ടുപടി _ ഗാന്ധിഗ്രാം
മുല്ലക്കൽ (എരവത്തൊടി) _ കുപ്രംകുന്ന്

2.തിരുവി[illegible]ാമല ശുദ്ധജലവിതരണ പദ്ധതി(അ[illegible]

ഉടൻകമ്മീഷൻ ചെയ്യാനിരിക്കുന്ന ഭാരതപ്പുഴ (പാമ്പാടി) ചെക്കുഡാമിൽ നിന്നുള്ള ജലം പാമ്പാടി പമ്പ് ഹൗസിൽ നിന്ന് പമ്പ്ചെയ്ത് വില്വാദ്രിനാഥ ക്ഷേത്രത്തിന്റെ നിലവിലുള്ള ടാങ്കിനുസമീപത്ത് കൂടുതൽ സംഭരണ ശേഷിയുള്ള മറ്റൊരു ടാങ്ക് കെട്ടി അതിലേക്ക് എത്തിക്കുക. ഗ്യാലറി, ഫിൽറ്റർ പ്ലാന്റ്, പമ്പിംഗ്ഓപ്പറേറ്റർ, പുതിയ ട്രാൻസ്ഫോർമർ മറ്റുനിയമസാങ്കേതിക പ്രശ്നങ്ങൾ എന്നിവ ഒഴിവാക്കാനും ഈ പദ്ധതി കൊണ്ടുസാദ്ധിക്കും. ഈ ടാങ്കിൽ നിന്നും പൈപ്പ്ലൈൻ കൂടാരംകുന്ന് വഴി വന്ന് വാർഡ് 4,9,11, എന്നിവിടങ്ങളിലെ ശുദ്ധജല വിതരണസംവിധാനം ഇല്ലാത്ത എല്ലാദിക്കു കളിലേക്കും ശുദ്ധജലം എത്തിക്കാൻ കഴിയും. തന്നെയുമല്ല നിലവിലുള്ള ശുദ്ധജല വിതരണസംവിധാനം തകരാറിലായാൽ ആ സ്ഥലങ്ങളിലേക്ക് ശുദ്ധജലം വാൽവ് സംവിധാനം വഴി തിരിച്ചുവിടാനും കഴിയും. അതുവഴി 1,2,7,8 എന്നീ വാർഡുകളിലേക്കും ജലം എത്തിക്കാൻ കഴിയും.

3.അരക്കൻ മല ശുദ്ധജല വിതരണ പദ്ധതി

ചീരക്കുഴിപ്പുഴയിൽ അരക്കൻമലയിൽ ഒരു പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ചു ഉയർന്ന ഭാഗത്ത് ടാങ്ക്കെട്ടിജല വിതരണം നടത്തിയാൽ 3 ാം വാർഡും 8 ാം വാർഡും 2 ാം വാർഡിന്റെ ഭൂരിപക്ഷം പ്രദേശങ്ങളിലെയും കുടിനീർ ക്ഷാമം പരിഹരിക്കാവുന്നതാണ്.

4. എഴുന്നള്ളത്ത് കടവ് ശുദ്ധജല വിതരണ പദ്ധതി

എഴുന്നള്ളത്ത് കടവിൽ ഒരു വാട്ടർഗ്യാലറി പണിത് പമ്പിംഗ് സ്റ്റേഷൻ സ്ഥാപിച്ച് കൃസ്ത്യൻ പള്ളിക്കുപടിഞ്ഞാറുള്ള ഉയർന്ന പാറയിൽ ഒരു ടാങ്ക് പണിത് ജലവിതരണം നടത്തിയാൽ വാർഡ് 6, 10, 3, 2, 4 എന്നിവടങ്ങളിലെ ശുദ്ധജലക്ഷാമത്തിനു പരിഹാരം കാണാൻ കഴിയും.

മേൽപ്പറഞ്ഞ പദ്ധതികളെ കൂടാതെ ഉപരിതലജലം ലഭ്യമാകുന്ന മറ്റുപ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചു ജലവിതരണം നടത്താവുന്നതാണ്.

5.കുഴൽകിണറുകൾ

താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽകിണറുകൾ കുഴിച്ചു ആവശ്യമായ ജലവിതരണ സംവിധാനം നടപ്പാക്കാവുന്നതാണ്.

കടമാങ്ങോട്
നമ്പ്രത്തുപടി
കാട്ടിഞ്ചിറകുന്ന്
തീണ്ടാപ്പാറ
വാക്കിൽപ്പടി (പടിഞ്ഞാറ്റുമുറി)
അരക്കിൻമലകോളനി
മേപ്പാടംകുന്ന്
ചീരക്കുഴികൂട്ടാലകുന്ന്
അയ്യപ്പൻകാവ്പരിസരം
ചോഴിയൽകോട്
ചോലക്കോട്
തേലക്കാട്കുന്ന് (പാമ്പാടി)
നെടുങ്ങാട്ടുപടി
കോതനാത്തുപടി
മുണ്ടൻതോട്ടുപറമ്പ്
മുതിയാർക്കോട്
കുളമ്പ്കൊല്ലാക്കൽ

പാലക്കാപ്പറമ്പ് മിച്ചഭൂമി കോളനി
വാര്യത്തുപടി (മലേശമംഗലം)
നമ്പ്രത്തുപടി
കയറൻപാറ കൂട്ടുപാത (പഴമ്പാലക്കോട് കൂട്ടുപാത)

6.പൊതുകിണർ വേണ്ട സ്ഥലങ്ങൾ
നമ്പ്രത്തുപടി
തീണ്ടാപ്പാറ
വാക്കിൽപ്പടി
പെരുമ്പാകുന്നത്ത്
കൂട്ടാലകുന്ന്
ചോലക്കോട്ട്
കുതിരാൻപാറ
കടമാൻകോട്
കാട്ടിൻചിറകുന്ന്
പാലക്കാപറമ്പ് മിച്ചഭൂമി കോളനി
കുറുമങ്ങാട്ടുപടി
തേലക്കാട്ടുകുന്ന് മിച്ചഭൂമികോളനി
അപ്പേക്കാട്ടുപടി
ചീരക്കുഴികോളനി (കേലത്തുപറമ്പ്)
മുല്ലക്കൽ (പട്ടിപറമ്പ്)
പകവത്ത്പറമ്പ്
തെക്കേമുല്ലക്കൽ (എരവത്തൊടി)
ലക്ഷംവീട് കോളനി(എരവത്തൊടി)
കയറൻ പാറ

7. ധാരാളം ശുദ്ധജല ലഭ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി സഹകരണാടിസ്ഥാനത്തിൽ പൊതുകിണറുകൾ കുഴിച്ചു പമ്പുവെച്ച് ഓരോ വീട്ടിലും കൃത്യനിഷ്ടയോടെ കുടിനീർ എത്തിക്കാവുന്നതാണ്.

നിലവിൽ പഞ്ചായത്തിൽ മൊത്തം (ഏഴ്) കുഴൽകിണറുകൾ ഉപയോഗശൂന്യമായി കിടക്കുന്നുണ്ട്. പ്രസ്തുത കിണറുകൾ ഉപയോഗമാക്കേണ്ടതാണ്.

ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള രാമൻ ചിറക്കുളം നവികരിച്ചു പമ്പിംഗ് സംവിധാനം ഏർപ്പെടുത്തി പരിസരനിവാസികൾക്ക് ശുദ്ധജലം ഉപയോഗിക്കാവുന്നതാണ്.

ആറംപറ്റകുളം, താമരകുളം എന്നിവയിൽ "വാട്ടർ ഗ്യാലറി" കെട്ടി പമ്പിംഗ്സ്റ്റേഷൻ സ്ഥാപിച്ചു ശുദ്ധജലവിതരണം നടത്താവുന്നതാണ്.

<u>നീർമറിപ്രദേശസംരക്ഷണം</u>. ബഹുജന പങ്കാളിത്തത്തോടികൂടി കുന്നിൻ പ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകൾ, രാമച്ചം മുതലായ സസ്യങ്ങൾ ഉപയോഗിച്ചുള്ള ജൈവ ബണ്ടുകൾ എന്നിവയും, സ്വകാര്യഉടമകളുടെ പറമ്പുകളിൽ 1/2 മീറ്റർ നീളം 1/2 മീറ്റർ വീതി 1/2 മീറ്റർ താഴ്ചയിലുള്ള കുഴികൾ ഉണ്ടാക്കി ഇടവപ്പാതികാലത്ത് പരമാവധിവെള്ളം ഭൂമിക്കടിയിലേക്ക് ഫിൽട്ടർചെയ്ത് നിറക്കാനുള്ള ജനകിയപദ്ധതി ആവിഷ്കരിക്കുക.

*<u>തിരുവില്വാമല പഞ്ചായത്തിലെ കുടിനീർ ക്ഷാമത്തെകുറിച്ചു പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.ശശികുമാരനുണ്ണിയുടെ വിലയിരുത്തലുകളും നിർദ്ദേശങ്ങളും.</u>*

തൃശൂർ ജില്ലയിലെ പല പഞ്ചായത്തുകളെയും പോലെ തിരുവില്വാമല പഞ്ചായത്തിന്റെയും പ്രധാനപ്രശ്നം കുടിവെള്ളക്ഷാമം തന്നെയാണ്. കിണർ കുത്തുന്നിടത്തെല്ലാം ഉറച്ച പാറയാണ്. വേനൽക്കാലമായാൽ ജനങ്ങൾ നെട്ടോട്ടമോടുകയാണ്. എരവത്തൊടി, പടിഞ്ഞാറ്റുമുറി, അയ്യപ്പൻകാവ്, പറക്കോട്, കുത്താമ്പുള്ളി, കാട്ടിൻചിറകുന്ന് കുതിരൻപാറ,മേച്ചിറ എന്നിവിടങ്ങളിലാണ് ശുദ്ധജലക്ഷാമം അതിരൂക്ഷം.

കയറൻപാറ ശുദ്ധജലവിതരണ പദ്ധതി, ഭാരതപ്പുഴയിലെ (പാമ്പാടി) ചെക്ക്ഡാം, ചീരക്കുഴി ലിഫ്റ്റ് ഇറിഗേഷൻ, എഴുന്നള്ളെത്തു കടവു ശുദ്ധജലവിതരണപദ്ധതി എന്നിവ നടപ്പിലാക്കുന്നതോടുകൂടി കുടിവെള്ളക്ഷാമം ഏറെക്കുറെ പരിഹരിക്കാനാകും. മേൽപദ്ധതികളെല്ലാം ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം 9 ാം പദ്ധതികാലഘട്ടത്തിൽതന്നെ പരിഹരിക്കാനാകുമെന്ന് ശുഭാപ്തി വിശ്വാശം ഉണ്ട്.

(അവലംബം: മാതൃഭൂമി ദിനപത്രം_ വികസനം തേടുന്ന ഗ്രാമപഞ്ചായത്തുകൾ: തീയതി 7/11/1996)

<u>ഗ്രാമസഭാനിർദ്ദേശങ്ങൾ</u>

വാർഡ് 1

മലവട്ടം, നായ്ക്കൽ കോളനി എന്നിവടങ്ങളിലെ പഴയപൈപ്പു മാറ്റി പുതിയ പൈപ്പു സ്ഥാപിക്കണം.

വാർഡ് 2

കോട്ടാട്ട് ചക്കച്ചാൻ കാട് ഭാഗത്ത് 1984ൽ ഇട്ട പൈപ്പുകളിൽ കൂടി ശുദ്ധജല വിതരണം നടത്തുക.

മല്ലിച്ചിറ, മേപ്പാടംകുന്ന്, പൊന്നാത്ത് തുടങ്ങിയ ഭാഗത്തേക്ക് പൈപ്പുനീട്ടി ജലവിതരണം നടത്തുക.

വാർഡ് 3

ചീരക്കുഴിപ്പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് നിലവിലുള്ള പൈപ്പുമായി ബന്ധിപ്പിക്കുക.

വാർഡ് 4

എരവത്തൊടിയിൽ പൈപ്പുവെള്ളം കിട്ടുന്നതിന് ബുദ്ധിമുട്ടുന്നു. ആയതിനാൽ എരവത്തൊടിസെന്ററിൽ നിന്നും ലക്ഷംവീട് കണ്ണാറക്കാവ്വഴി കിഴക്കേതെരുവ്പാലക്കാപ്പറമ്പ് മിച്ചഭൂമി കോളനി ചോലക്കോടിന്റെ റോഡവസാനം മേട്ടിൻപുറം എളുക്കാട് ഭാഗംപടിഞ്ഞാറെതെരുവ് ഭാഗം മുല്ലക്കൽ കോളനി ഭാഗം എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻനീട്ടുക.

പഴകിയതും ദ്രവിച്ചതുമായ പഴയ ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുക.

കോക്കോട്ടുകുളം ഭാഗത്തുവന്നു നിൽക്കുന്ന ലൈൻ 750 മീറ്റർ എരവത്തൊടി ഭാഗത്തേക്കു നീട്ടുക.

വാർഡ് 5

കുത്താമ്പുള്ളിയിലെ പമ്പിംഗ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഒരു ഇൻഫിൽട്രേഷൻ വാട്ടർഗ്യാലറി ഉണ്ടാക്കുക.

പുതിയതും കൂടുതൽ *HP* യുള്ളതുമായ മോട്ടോർ ഘടിപ്പിക്കുക.

ജലവിതരണസംവിധാനം കാര്യക്ഷമമാകുക

കുത്താമ്പുള്ളി കുംബാര തെരുവിലേക്ക് പൈപ്പുലൈൻ നീട്ടുക

വാർഡ് 6

ആനപ്പാറസമീപത്ത് കുടിവെള്ളം ലഭ്യമല്ല. എഴുന്നള്ളത്തുകടവിൽ ചെക്ക്ഡാം കേട്ടി അയ്യപ്പൻകാവ് പരിസരത്ത് *TANK* നിർമ്മിച്ചു ജലവിതരണം നടത്താവുന്നതാണ്.

വാർഡ് 7

നിലവിലുള്ള ലൈനിന്റെ ആദ്യഭാഗം വ്യാസം കൂടിയ പൈപ്പിടുക.

നാരായണമംഗലംകോളനി, നെടുങ്ങാട്ടുപടി, അംഗൻവാടി, എന്നിവിടങ്ങളിൽ പുതിയ ടാപ്പ് കണക്ഷൻ നൽകുക.

വാർഡ് 8

നിലവിലുള്ള 11(പതിനൊന്ന്) കോളനികളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. അടിയന്തിരമായി ശുദ്ധജലക്ഷാമം പരിഹരിക്കണം. മലേശമംഗലം സ്കൂൾ പരിസരത്ത് ശുദ്ധജലം ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം

മല്ലൻകൂളത്തിന്റെ പടിഞ്ഞാറു ഭാഗം 4 മീറ്റർ കൂടുതൽ താഴ്ത്തി റിംഗ് ഇറക്കി പമ്പിംഗ് സെറ്റ് ഏർപ്പെടുത്തി സമീപപ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുക.

പാലക്കുഴിക്കുസമീപമുള്ള ഒരു പംമ്പിംഗ് സ്റ്റേഷനിൽ നിന്ന് ഒരു നിശ്ചിതസമയം മലേശമംഗലം ഭാഗത്തേക്ക് വെള്ളം പമ്പു ചെയ്യുക

വെള്ളക്കുഴി ഭാഗത്ത് വാട്ടർ ഗ്യാലറി കെട്ടി പമ്പിംഗ് സൌകര്യം ഏർപ്പെടുത്തുക.

വാർഡ് 9

കയറൻപാറയിൽ പമ്പിംഗ് സറ്റേഷൻ സ്ഥാപിക്കുക. വാകിലകടവിൽ നിന്നും ശുദ്ധജലം മലാറ, വാരിയത്തുപടി_ചോലക്കോട്_ ഗാന്ധിഗ്രാം എന്നിവിടങ്ങളിലേക്ക് കൂടുതൽ ചിലവു കൂടാതെ എത്തിക്കാനുള്ള നടപടി സ്വീകരിക്കുക

കറുകപ്പാടം റോഡിൽ നിന്ന് നിലവിലുള്ള *ക്കജ്ജൽ* നിന്ന് പടിഞ്ഞാറു 150 മീറ്റർ നീട്ടി പണിക്കർ കവ ലയിൽ *Tap* സ്ഥാപിക്കുക.

കറുകമ്പാടം റോഡിൽ മനക്കൽ പടിയിൽ നിന്നും തെക്കു ഭാഗത്തു കൂടി 200 മീറ്റർനീട്ടി പടിഞ്ഞാറു ഭാഗത്തായി വിളക്കന്തറ വീടിൻെറ മുന്നിൽ ഒരു *Tap* സ്ഥാപിക്കുക

തിരുവില്വാമല ചുങ്കം സെൻററിൽ നിന്ന് ആസ്പത്രിയിലേക്ക് മ്നെ വഴി പോകുന്ന റോഡിൻെറ തിരിവുകളിൽ 200 മീറ്റർ അകലത്തിൽ ടാപ്പിടുക

കൂത്താമ്പുള്ളി വാട്ടർ ടാങ്കിൽ നിന്നും *PWD* റോഡു വഴി വ്യാസം കൂടിയ പൈപ്പ് ഷാജി തീപ്പട്ടിക്കമ്പനി വരെ നീട്ടണം.

പഞ്ചായത്തുകിണറുകൾ റിപ്പയർ ചെയ്തു ഉപയോഗ്യമാക്കണം.

പറക്കോട്ടുപാടം ബണ്ട് റോഡിൽ ഗരുഡൻ തീപ്പെട്ടിക്കമ്പനിയുടെ 100 മീറ്റർ വടക്കുഭാഗം, കണിയാംകുളം ഭാഗം, അംഗൻവാടികളുടെ സമീപം
ലക്ഷംവീടു പരസരം എന്നിവിടങ്ങളിൽ പുതിയ ടാപ് ഇടണം. മാണിയങ്ങോട്ടു കോളനിയിലെ ഹാൻഡ് പൈപ് നന്നാക്കണം.

വാർഡ് .1

കാരക്കാപാടം, വൈലാല കുന്നത്താട്ട് കാക്കാംകുണ്ട് എന്നീ ഹരിജൻ കോളണികളിൽ പുതിയ ടാപ്പ് ഇടുക.

വാർഡിലെ പഴകിയതും ദ്രവിച്ചതുമായ പൈപ് ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുക.

പറക്കോട്ടുകാവിനു മുന്നിലുള്ള കിണർ നേരെയാക്കി ശുദ്ധജലസംവിധാനം ഏർപ്പെടുത്തുക

പാമ്പാടി ഹൈസ്കൂളിനോടു ചേർത്തുള്ള കിണർ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുക.

## ഗ്രാമപഞ്ചായത്ത് തിരുവില്വാമല

### ശുദ്ധജലവിതരണപദ്ധതികളുടെ അവലോകനം

| | | |
|---|---|---|
| 1. | നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ ആകെ എണ്ണം | = 6 |
| 2. | നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ | = .... |
| 3. | ആകെ ജലവിതരണത്തിനായി ഉപയോഗിക്കുന്ന പൈപ്പിൻെറ നീളം | = 51 KM |
| 4. | ആകെയുള്ള പൊതുടാപ്പുകളുടെ എണ്ണം | = 243 |
| 5. | ആകെ കുഴൽക്കിണർ _ കൈപ്പമ്പ് ഉപയോഗിച്ചുള്ളവ ചേർന്ന് | = 15 |
| | ഇപ്പോൾ ഉപയോഗിക്കുന്നവ | = 8 |
| 6. | പൊതുക്കിണർ ആകെ | = 31 |

# പരിസരശുചീകരണം

ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനമായത് സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്.

പലകാര്യങ്ങളിലും വികസിതരാജ്യങ്ങളോട് കിടപിടിക്കാവുന്ന തലത്തിലേക്ക് നാം ഉയർന്നു എങ്കിലും രോഗാതുരതയുടെ കാര്യത്തിൽ നാം ഇപ്പോഴും ഏറെപ്പിന്നിലാണ്. സമൂഹത്തിലെ രോഗാതുരത കുറയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു കാലത്ത് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞ മലമ്പനി പോലുള്ള രോഗങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പൊതുജനാരോഗ്യം നിലനിർത്താൻ അവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ രോഗചികിത്സസൗകര്യങ്ങൾ എന്നിവയാണ്. ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പരിസരാരോഗ്യം അഥവാ പരിസരശുചിത്വം.

നാം കേരളീയർ ഉയർന്ന ശുചിത്വബോധമുള്ളവരാണ്. വ്യക്തിപരമായും വീട്ടിനകത്തും ഇതുകുറെയൊക്കെ ശരിയാണ്. എന്നാൽ ശുചിത്വബോധം മറ്റെല്ലാസ്ഥലങ്ങളിലും നാം പ്രകടിപ്പിക്കാറില്ല. മുറ്റവും പുരയിടവും റോഡും പരിസരങ്ങളും തങ്ങൾ ജോലിചെയ്യുന്ന സ്ഥലങ്ങളും മറ്റു പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം എന്ന ധാരണ നമ്മളിൽ മിക്കപേർക്കും ഇല്ല എന്നു തന്നെ പറയാം. ഇതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ നമുക്കുചുറ്റും കാണാം. റോഡരികിലും മറ്റു പൊതുസ്ഥലങ്ങളിലും ഖരമാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗന്ധം വമിക്കുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. പൊതുസ്ഥലങ്ങളിലും റോഡുവക്കിലും മലമൂത്രവിസർജ്ജനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ തീരെ ചെറുതല്ല. വീടുകൾ, ഹോട്ടലുകൾ, മറ്റു വ്യവസായസ്ഥാപനങ്ങൾ ആസ്പത്രികൾ എന്നവിടങ്ങളിൽ നിന്നുള്ള മലിനജലം റോഡിലെക്കും തോടുകളിലേക്കും പുഴകളിലേക്കും ഒഴുക്കിവിടുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതപ്രശ്നങ്ങൾ വളരെയേറെയാണ്.

ഇന്ന് കേരളത്തിൽ കാണുന്ന രോഗാതുരതയിൽ 70% വും പരിസരജന്യ രോഗങ്ങളാണ്. അവയിൽത്തന്നെ മിക്കതും ജലജന്യരോഗങ്ങളാണ്.

സമഗ്രമായ ഒരു പരിസരരോഗ്യ പരിപാടിയിലൂടെ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്തു നടപ്പിലാക്കിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകൂ.

കുട്ടികൾമുതൽ വയോവൃദ്ധന്മാർവരെയും സാമൂഹ്യരാഷ്ട്രീയസംഘടനകളും ഒക്കെച്ചേർന്നുള്ള ഒരു പരിപാടി ആയി ഇതു മാറണം. കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളും നഗരങ്ങളുടെതായ സ്വഭാവവിശേഷങ്ങൾ ഉള്ളവയോ, ആ ഒരു അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നവയോ ആണ്. ജനങ്ങളുടെ ജീവിതനിലവാരത്തിന്റെ കാര്യത്തിലും ഈ സാമ്യം നമുക്ക് കാണാൻ കഴിയും.

വിദ്യാഭ്യാസ നിലവാരം, ആരോഗ്യം, ഗതാഗതം-വാർത്താവിനിമയം തുടങ്ങിയ സാമൂഹ്യസേവന മേഖലകളിലും ഈ സാമ്യത നമുക്കുകാണാം. ഈ സ്ഥിതിവിശേഷം കേരളത്തെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വേർതിരിച്ചുനിർത്തുന്നു. അതു കൊണ്ടുതന്നെ, മറ്റുസംസ്ഥാനങ്ങളിൽ നഗരങ്ങളിലും ചെറു പട്ടണങ്ങളിലും അനുഭവപെട്ടുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളും നമ്മുടെ ഗ്രാമങ്ങളിലും കണ്ടുവരുന്നതാണ്. ഇതിൽ ഏറ്റവും പ്രധാനപെട്ടതാണ് മാലിന്യ നിർമാർജ്ജനം അഥവാ മാലിന്യമാനേജ്മെന്റ്.

നാം പുറത്തേക്കു വിടുന്ന മലിന വസ്തുകൾ മിക്കവാറും അവസാനം ചെന്നെത്തുന്നത് ഒഴുകുന്ന ജലാശയങ്ങളിലോ, താഴ്ന്ന പ്രദേശങ്ങളിലോ ആണ്. ഇതു മൂലം ഇത്തരം ജലാശയങ്ങൾ വൻതോതിൽ മലിനീകരിക്കപ്പെടുന്നു. നാടുതീരപ്രദേശങ്ങൾ കുട്ടനാടു പോലുള്ള താഴ്ന്ന പ്രദേശങ്ങൾ തുടങ്ങിയവയിന്ന് മലിനീകരണത്തിന്റെ ദുരന്ത ഫലങ്ങൾ പലപ്പോഴും ഏറ്റുവാങ്ങേണ്ടി വരുന്നതു്. ഇത്തരം പ്രദേശങ്ങളിൽ കൊതുകിന്റെയും മറ്റു പ്രാണികളുടെയും എണ്ണം മിക്കസമയങ്ങളിലും ക്രമാതീതമായി വർദ്ധിക്കാറുണ്ട്. ഇതു മൂലം പല സാംക്രമിക രോഗങ്ങളും, ജലജന്യ രോഗങ്ങളും (ഉദാ: ഛർദ്ദി, അതിസാരം, മലേറിയ, കോളറ, ടൈഫോയ്ഡ്, വയറിളക്കം തുടങ്ങിയവ) നിരന്തരമായി ഈ പ്രദേശങ്ങളിൽ പിടിപെടാറുണ്ട് എന്ന് നമുക്കൊക്കെ അറിയാം.

### കുടിവെള്ളവും പരിസര ശുചിത്വവുമായി ബന്ധപ്പെട്ട രോഗങ്ങൾ

| | |
|---|---|
| I. വയറിളക്ക രോഗങ്ങൾ: | 1. വയറിളക്കം |
| | 2. വയറുകടി |
| | 3. ഛർദ്ദി |
| | 4. അതിസാരം |
| | 5. മഞ്ഞപിത്തം, |
| | 6. കോളറ |
| II. വിരരോഗങ്ങൾ: | 1. കൊക്കപ്പുഴു |
| | 2. നാടവിര |
| | 3. കൃമി, |
| | 4. ചാട്ടവിര |
| | 5. ഉരുളൻവിര |
| III. | കൊതുക്-ഈച്ച |
| 1. മലേറിയ | |
| ഇവയിലൂടെ | 2. മന്ത് |
| IV. | ത്വക്കു് രോഗങ്ങൾ |
| 1. സ്ക്കാബിസ്, | |
| | ഫംഗസ്, |
| | രോഗങ്ങൾ |
| | തുടങ്ങിയവ |

അതുപോലെ കീടനാശിനികളുടെ പ്രയോഗം മൂലം വ്യവസായശാലകളിൽ നിന്നെത്തുന്ന മാലിന്യങ്ങൾ എന്നിവകൂടി വെള്ളത്തിൽ കലർന്ന് നിരവധി അസുഖങ്ങൾ വെറെയും ഉണ്ട്. ഉയർന്ന വിദ്യാഭ്യാസവും ബോധനിലവാരവും ഉണ്ടായിട്ടു കൂടി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ജലജന്യ രോഗങ്ങളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നമുക്കു കഴിഞ്ഞിട്ടില്ല.

ഉയർന്ന വിദ്യാഭ്യാസം ഉണ്ടായിട്ടു കൂടി നമ്മുടെ ചുറ്റുപാടു് ശുചിയായി സൂക്ഷിക്കുന്ന കാര്യത്തിലും മൊത്തം പരിസര ശുചിത്വത്തിന്റെ കാര്യത്തിലും കേരളത്തിലെ ജനങ്ങൾ വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല.

ആരോഗ്യം = മരുന്നു് ചികിത്സ ആസ്പത്രി എന്ന ധാരാണയിൽ നിന്ന്

ആരോഗ്യം ആഹാരം ശുചിയായ പരിസരം രോഗപ്രതിരോധമാർഗം എന്ന ധാരണയിലേക്ക് നീങ്ങിയാൽ മാത്രമേ രോഗങ്ങളെ ഇല്ലായ്മ ചെയ്യാൻ സാധിക്കു.

വിവിധ തരമാലിന്യങ്ങളുടെ ശരിയായ നിർമാർജ്ജനം, ശുദ്ധമായകുടിവെള്ളം, ശരിയായ സംവിധാനം ഇവ സർവ്വത്രികമായി നടപ്പിലാക്കിയാലേ ഈ പ്രശ്നങ്ങൾക്കു് ഒരു പരിഹാരമാവു.

നമ്മുടെ നാട്ടിൻ പ്രദേശങ്ങളിൽ, (നഗരപ്രദേശങ്ങളിൽ സർവ്വസാധാരണം) മാലിന്യങ്ങൾക്കു് ഇടയാക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിലും റോഡരുകിലും കൂട്ടിയിടുന്ന ചപ്പുചവറുകൾ, കമ്പനികളിൽനിന്നുള്ള വിഷമയമായതും അല്ലാത്തതുമായ മാലിന്യങ്ങൾ വ്യവസായശാലകളിൽനിന്നുള്ള മാലിന്യങ്ങൾ കോളനിപ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപത്തിനുള്ള അപര്യാപ്തത, കക്കൂസ്, കുളിമുറി, അടുക്കള ഇവയിൽ നിന്ന് ഉള്ള മലിനജലം തുടങ്ങി നിരവധിമേഖലകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളാണ് ഇന്നു് നമ്മുടെ സംസ്ഥാനത്തിലെ നാട്ടിൻപ്രദേശങ്ങളിൽ എന്നപോലെ നമ്മുടെ പഞ്ചായത്തിലും കാണുന്ന വിവിധ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നത്.

കുറഞ്ഞ ഭൂവിസ്തീർണ്ണവും ഉയരുന്ന ജനസാന്ദ്രതയും കാരണം മിക്ക ഗ്രാമങ്ങളും (നമ്മുടെ പഞ്ചായത്തും) നഗരങ്ങളുടെതായ സവിശേഷതകൾ കാണിക്കുന്നു.

വർദ്ധിച്ചതോതിലുള്ള റോഡുനിർമ്മാണം, കെട്ടിടനിർമ്മാണം, താഴ്ന്ന പ്രദേശങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുക എന്നത് എല്ലാം തന്നെ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മിക്കഗ്രാമങ്ങളിലും മലിന ജലം സംസ്കരിക്കാൻ സാധിക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ ഇന്നനുഭവപ്പെടുന്നു.

മലിന വസ്തുക്കളുടെ തരംതിരിവനുസരിച്ച് (ഖരമാലിന്യം - ദ്രവമാലിന്യം) തന്നെ അവയുടെ ഉറവിടം അനുസരിച്ച് ആസ്പത്രിമാലിന്യങ്ങൾ, വ്യവസായമാലിന്യങ്ങൾ, കാർഷിക മാലിന്യങ്ങൾ നഗരമാലിന്യങ്ങൾ (90% വീടുകളിൽനിന്നുള്ള) എന്നീ വിവിധ തരം മാലിന്യങ്ങളെ അവയുടെ'വിവധ തരം സ്വഭാവം തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

തുറസ്സായ സ്ഥലത്തുള്ള മലമൂത്രവിസർജ്ജനം കോളനികളിലെ കക്കൂസിന്റെ അപര്യാപ്തത അവിടങ്ങളിൽ ഉണ്ടാകുന്ന മലിനജലം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യമില്ലായ്മ ഇവയൊക്കെ നമ്മുടെ പഞ്ചായത്തിനെയും ഗ്രസിക്കുന്ന പരിതസ്ഥിതി പ്രശ്നങ്ങൾ തന്നെയാണ്.

## പ്രശ്നങ്ങൾ

1 .കുത്താമ്പുള്ളി പോലുള്ള സ്ഥലങ്ങളിലെ ചുരുങ്ങിയ ഭൂവിസ്തൃതിയും ഉയർന്ന ജനസാന്ദ്രതയും - വീടുകളിൽ'നിന്നുള്ള മലിനജലം ഒഴുകിയെത്തുന്നത്പൊതുറോഡുകളിലേക്കാണ്. വീതികുറഞ്ഞ റോഡിന്റെ ഇരുവശവും വേണ്ടത്ര അഴുക്കുചാലുകളില്ല. എല്ലാ നീടുകളിലും കക്കൂസില്ല. പരിസലശുചീകരണത്തെ സാരമായി ബാധിക്കുന്നു.

2. തിരുവില്വാമല പഞ്ചായത്തിന്റെ ഹൃദയഭാഗമായ ചുങ്കം സെന്ററിൽ ഉള്ള കടകളിൽ നിന്നും (ഹോട്ടലുകൾ, ചായക്കടകൾ, പെട്ടിക്കടകൾ - പലചരക്കുകടകൾ, പച്ചക്കറി കടകൾ..) പുറത്തേക്കു തള്ളുന്ന മലിനജലം, മറ്റാവശ്യമില്ലാത്ത വസ്തുക്കൾ എന്നിവ കുന്നുകൂട്ടുന്നത് തൊട്ടുമുന്നിലുള്ള അഴുക്കുചാലിലാണ്. അവ അവിടെ കുന്നുകൂടികെട്ടിക്കിടന്ന്'പ്രശന്ങ്ങളുണ്ടാകുന്നു.

3. പാടശേഖരങ്ങളിൽ അമിതമായ രാസവളപ്രയോഗം

4. 11-ാം വാർഡിലെ സൂപ്പർസ്റ്റാർ ഡിസ്റ്റിലറിയിൽ നിന്നുള്ള മലിനജലം ഭാരതപ്പുഴയിലേക്കൊഴുകുന്നു.

5. 7-ാം വാർഡിലുള്ള ടയർ കമ്പിനിയിൽ നിന്നുള്ള അഴുക്കുജലം ഭാരതപ്പുഴയിലേക്കൊഴുകുന്നു.

6. വീടുകളിൽ ഉപയോഗിച്ചശേഷം പുറത്തേക്കുവിടുന്ന പ്ലാസ്റ്റിക് ഉപകരണങ്ങൾ, ഉറകൾ എന്നിവ മണ്ണിൽ ദ്രവിച്ചുപോകാതെ കാനകളിലും ഓടകളിലും കെട്ടിക്കിടക്കുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.

7. എല്ലാവീടുകളിലും പ്രത്യേകിച്ചും കോളനികളിലും കക്കൂസ് ഇല്ലാത്തതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്ന്ങ്ങൾ,

8. കന്നുകാലികളെ അലക്ഷ്യമായി റോഡുകളിലും മറ്റും അലഞ്ഞുതിരിയാൻ ഇടവരുന്നതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.

9. പൊതുശ്മശാനങ്ങൾ വേണ്ടത്രസുരക്ഷിതമായി സൂക്ഷിക്കാൻ കഴിയാത്തതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.

10. നാം താമസിക്കുന്ന വീട്, പരിസരം, ചുറ്റുപാട് ജോലിചെയ്യുന്ന സ്ഥലം, പൊതുമാർക്കറ്റുകൾ വിദ്യാലയങ്ങൾ എന്നിവ ശുചിയായി സൂക്ഷിക്കാത്തതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ.

11. കുടിയ്ക്കാനും കുളിയ്ക്കാനും ശുദ്ധജലംലഭിക്കാനുള്ള ബുദ്ധിമുട്ട്.

### മാലിന്യങ്ങളുടെ തരംതിരിവ്

1. ഖരമാലിന്യങ്ങൾ 2. ദ്രവമാലിന്യങ്ങൾ

ഇവയെ അവയുടെ ഉറവിടം അനുസരിച്ച് നാലായി തരംതിരിക്കാം

| | | |
|---|---|---|
| ആശുപത്രി മാലിന്യം | വ്യവസായ മാലിന്യം | കാർഷിക മാലിന്യം |
| നഗര മാലിന്യം | | |

നഗരമാലിന്യങ്ങളിൽ 90% വീടുകളിൽനിന്ന് പുറത്തേക്കുള്ള മാലിന്യങ്ങളാണ്.

2. വ്യവസായമാലിന്യം3 തരം

| | | |
|---|---|---|
| ഖരം | ദ്രാവകം | വാതകം |

ഇവയെല്ലാം വിഷമയമായതും ആരോഗ്യപ്രശ്നങ്ങൾക്ക് ഇടവരുത്തുന്നതുമാണ്.

1. ആശുപത്രിമാലിന്യം:- ഇവയിൽ വിഷമയമായതും രോഗംപരത്തുന്നവയുമായ മാലിന്യങ്ങൾ ഉണ്ട്. ഇവയെ ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടത് ആയിട്ടുണ്ട്.

2. നഗരമാലിന്യം:-വീടുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ ഇവിടങ്ങളിൽ ഉണ്ടാകുന്ന

മലിനവസ്തുക്കളും മലിനജലവുമാണ് നഗരമാലിന്യം എന്ന പേരിൽ അറിയപ്പെടുന്നത്.

നേരത്തേ ഇവ നഗരങ്ങളിലും വലിയപട്ടണ പ്രദേശങ്ങളിലും മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ ഇന്ന് എല്ലാ ഗ്രാമങ്ങളിലും കാണുന്നു. പരിസരശുചിത്വത്തെ സാരമായി ബാധിക്കുന്നു.

ഖരമാലിന്യങ്ങൾ 2 വിധം

| എളുപ്പം ദ്രവിക്കുന്നവ | പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ |
|---|---|
| ഭക്ഷണാവശിഷ്ടങ്ങൾ | കുപ്പി |
| പച്ചക്കറി | തകരം |
| മത്സ്യം | കട്ടിക്കടലാസ് |
| മാംസ്യം | തുടങ്ങിയവ |
| തുടങ്ങിയവ | |

ദ്രവമാലിന്യം

കക്കൂസ്, കുളിമുറി, വ്യവസായശാലകളിൽനിന്നും മറ്റും പുറത്തേക്കൊഴുകുന്ന മലിനജലം തുടങ്ങിയവ.

പദ്ധതികൾ

വീടുകളിൽനിന്ന് പുറത്തേക്ക് ഒഴുകിഎത്തുന്ന മലിനജലം, പൊതുകിണറുകളുടെ സമീപത്തുവീഴുന്ന വെള്ളം, കാലിത്തൊഴുത്തിൽനിന്നൊഴുകിയെത്തുന്ന മലിനജലം, മറ്റുചന്തകൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിൽനിന്നെത്തുന്ന മലിനജലം കെട്ടിനിന്ന് കൊതുക് വളരുന്നത് തടയാൻ ആവശ്യമായ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുക.

മലിനജലം മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാകാത്തവിധത്തിൽ ഭൂമിക്കടിയിലേക്ക് താഴ്ന്ന പോകത്തക്കവിധത്തിൽ നിർഗമനക്കുഴലുകൾ സ്ഥാപിക്കുക.

ഉപയോഗയമായിപ്പോകുന്നവെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതെ അടുക്കള ത്തോട്ടത്തിൽ ഉപയോഗിക്കാൻ സൗകര്യപ്പെടുമെങ്കിൽ പ്രയോജനപ്പെടുത്തുക.

മലിനജലം കൊണ്ടുണ്ടാകുന്ന വിവിധദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

മലിനനിർഗമനക്കുഴി ഉണ്ടാക്കുന്ന വിധം

2 മീറ്റർ താഴ്ച 1 1/2 m നീളം 1 1/2 വീതി എന്ന അളവിൽ ഒരു കുഴിഎടുക്കുക. കുഴിയുടെ ഏറ്റവും അടിയിൽ ഒന്നിൽ മൂന്ന് ഭാഗം മുക്കാൽ ഇഞ്ച് വലിപ്പമുള്ള ചുടുകട്ടക്കഷ്ണങ്ങൾകൊണ്ട് അതിനുമുകളിൽ ഒന്നിൽമൂന്ന് ഭാഗം അര ഇഞ്ച് വലിപ്പമുള്ളവകൊണ്ടും അതിന്റു മുകളിൽ കാൽ ഇഞ്ച് വലിപ്പമുള്ളവകൊണ്ടും നിറയ്ക്കുക. ഏറ്റവും മുകളിലായി രണ്ട് ഘനത്തിൽ മണ്ണു നിറയ്ക്കുക. മണ്ണിനുമുകളിൽ ഒരു ഇഷ്ടിക ഘനത്തിൽ നിറയെ ഇഷ്ടികപാകി പുറമെനിന്നുള്ള വെള്ളം കടക്കാതെ മൂടി സൂക്ഷിക്കുക.

വീടുകളിൽ നിന്നുള്ള മലിനജലം കുഴൽ വഴി മണ്ണിനു താഴെ വെച്ചിട്ടുള്ള കുട്ടയിൽക്കൂടി താഴോട്ട് അരിച്ചിറങ്ങാൻ അനുവദിക്കുക......... മഴക്കാലത്ത് .

കുറെ നാൾ കഴിയുമ്പോൾ സോക്കേജ്പിറ്റിന്റെ പ്രവർത്തക്ഷമത കുറയുകയും വെള്ളം പുറത്തേക്കു കവിഞ്ഞൊഴുകുകയും ചെയ്യും. അപ്പോൾ ഇഷ്ടികക്കഷ്ണങ്ങൾ പുറത്തെടുത്ത് കഴുകിഉണക്കി വീണ്ടും നിറക്കുക.

വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ സോക്കേജ് പിറ്റ് പ്രവർത്തിക്കുകയില്ല.

കക്കൂസ്

പാതവക്കിലും മറ്റു തുറസ്സായ സ്ഥലങ്ങളിലും ഉള്ള മലമൂത്രവിസർജ്ജനം നിരുത്സാഹപ്പെടുത്തുക. ഓരോവീട്ടിലും ഓരോ കക്കൂസ് എന്ന ലക്ഷ്യം പ്രത്യേകിച്ച് കോളനികളിലും വെള്ളക്കെട്ടുള്ള മറ്റു താഴ്ന്ന പ്രദേശങ്ങളിലും ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

ഒരു കക്കൂസ് (2 കുഴി കക്കൂസ് ഉണ്ടാക്കാൻ വേണ്ടി വരുന്ന ചിലവ്) — ചിലവു് കുറഞ്ഞ ഇരട്ടക്കുഴി കക്കൂസ് നിർമ്മാണച്ചിലവ്

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| ഇഷ്ടിക | 750 | 1000 | 750.00 |
| മണൽ | 60 ചട്ടി | രൂ. 2 | 120.00 |
| സിമന്റ് | 125 കി.ഗ്രാം | 3.90/കി.ഗ്രാം | 487.50 |
| മൺപൈപ്പ് | 3 എണ്ണം | 18.00 | 54.00 |
| 6മി.മീ. കമ്പി | 7 കി.ഗ്രാം | 18.00 | 126.00 |
| കെട്ടുകമ്പി | 100 ഗ്രാം | 25 രൂ/കി.ഗ്രാം | 2.50 |
| ക്ലോസറ്റ് ട്രാഷ് | 1 സെറ്റ് | 200.00 | 200.00 |
| തറയോട് | 22 എണ്ണം | 1.80/എണ്ണം | 39.60 |
| മേച്ചിൽ ഓട് | 13 എണ്ണം | 1.80/എണ്ണം | 23.40 |
| 3/4" മെറ്റൽ | 5 ചട്ടി | 8.00/ചട്ടി | 40.00 |
| 1/4" മെറ്റൽ | 1 1/2ചട്ടി | 8.00/ചട്ടി | 12.00 |
| കതക്കുറ്റി, കൊളുത്ത് | 1 സെറ്റ് | 20.00/സെറ്റ് | 20.00 |
| കതക് | 1 എണ്ണം | 200/എണ്ണം | 200.00 |
| കൂലി | | | 350.00 |
| മറ്റിനം | | | 50.00 |
| | | ആകെ | 2475.00 |

ഖരമാലിന്യങ്ങൾ പ്രധാനപ്പെട്ടവ

പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കുപ്പി, വീടുകളിൽ നിന്നും പട്ടണപ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ മിക്കവാറും പൊതുനിരത്തുകളുടെ ഓരത്താണ് കൂട്ടിയിടുന്നത്. ഇതുമൂലം പലതരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാറുണ്ട്.

ഇവ ഓരോ വീട്ടിലും ശേഖരിക്കുക, വീടുകളിൽ നിന്ന് വാർഡുകൾ തോറും അവിടെ നിന്ന് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും പ്രത്യേകസ്ഥലത്ത് കൂട്ടുക. അതിനുള്ള സ്ഥലസൗകര്യം ഗ്രാമപഞ്ചായത്ത് കണ്ടെത്തുക ഇവയെ പുന:ചംക്രമണം നടത്തി ഉപയോഗയോഗ്യമാക്കാനുള്ള ചെറുകിടവ്യവസായ യൂണിറ്റുകൾ ഓരോ പഞ്ചായത്തിലോ ഒന്നിൽ ക്കൂടുതൽ പഞ്ചായത്തുകൾ ചേർത്തുകൊണ്ടോ നടപ്പിൽ വരുക. കുറച്ചുപേരുടെ തൊഴിലില്ലായ്മക്കും പരിഹാരം കാണാൻ സാധിക്കും.

**ദ്രവിക്കാത്ത മാലിന്യങ്ങളുടെ കണക്ക്**

[illegible]

| | |
|---|---|
| കട്ടിപ്പേപ്പർ, കടലാസ് | 4400 (കിലോഗ്രാം |
| പ്ലാസ്റ്റിക് | 1600 (കിലോഗ്രാം |
| ഇരുമ്പ്, തകരം | 4900 (കിലോഗ്രാം |
| കുപ്പിച്ചില്ല് | 960 (കിലോഗ്രാം |
| റബ്ബർ | 550 (കിലോഗ്രാം |
| കുപ്പി (ചെറുതുംവലുതുമായി) | 6000 എണ്ണം |
| ചാക്കുകൾ | 1600 എണ്ണം |

ശുചീകരണവാരാഘോഷം സംഘടിപ്പിക്കുക. ആദ്യദിവസം സ്വന്തം വീട്ടിൽ നിന്ന് തുടങ്ങട്ടെ.

രണ്ടാം ദിവസം പഠിക്കുന്ന ക്ലാസും, സ്ക്കൂളും

തുടർന്ന് ഓരോ ദിവസവും മുൻകൂട്ടി പ്ലാൻ ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ

2. ആരോഗ്യപ്രവർത്തകർ സന്നദ്ധസംഘടനാ പ്രവർത്തകർ എന്നിവരുടെ സഹായസഹകരണത്തോടെയും, ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലും വ്യാപകമായ ബോധവൽക്കരണ ക്ലാസുകൾ തുടർച്ചയായി ഓരോ മേഖലയും പ്രത്യേകം തിരഞ്ഞെടുത്ത് സംഘടിപ്പിക്കുക.

3. ഇത്തരം കാര്യങ്ങളെ അവഗണിക്കുകയും ജനങ്ങളുടെ പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ ശ്രമിക്കുകയും ചെയ്യുനവർക്കെതിരെ ശക്തിയായ നിയമനടപടികൾ സ്വീകരിക്കുക.

ശരിയായ പദ്ധതി രൂപീകരണങ്ങളും നടപ്പിലും എല്ലാവിഭാഗം ജനങ്ങളുടെയും പങ്കാളിത്തം നാം ഓരോത്തരും ഉറപ്പാക്കിയാൽ ചുരുക്കം നാളുകൾക്കുള്ളിൽ ഈ ഗ്രാമപഞ്ചായത്തിനെ " ക്ലീൻ തിരുവില്വാമല"യായി പ്രഖ്യാപിക്കാൻകഴിയും.



ആനന്ദത്തിന്റെ ഉപാധിയെന്ത് ?
ആരോഗ്യകരമായ ശരീരവും
സംതൃപ്തമായ മനസ്സും

യുവശക്തിയുടെ ഏകീകൃത സ്വഭാവത്തിൽ ഭാരതത്തിന്റെ പുരോഗമനാത്മകമായ നിർമാണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. നഷ്ടപ്പെടുന്ന യുവചൈതന്യം ഒരു ദേശീയ നഷ്ടമാണ്.

**നെഹ്റു**



# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

പുരാണേതിഹാസംകൊണ്ട് സമൃദ്ധമായ തിരുവില്വാമല പഞ്ചായത്തിൽ ഇരുപതാം നൂറ്റാണ്ടിന്നു മുൻപുതന്നെ ഔപചാരിക വിദ്യാഭ്യസം നിലവിൽവന്നു എന്നത് തന്നെ ഇവിടുത്തെ ജനങ്ങൾ വിദ്യാഭ്യാസപരമായി മുൻപന്തിയിലാണെന്നതിന് തെളിവാണ്.

തിരുവില്വാമല പഞ്ചായത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിച്ചത് മലവട്ടം പടിഞ്ഞാറേനേടക്കടുത്ത് 1881ൽ ആണ്. അതിനുശേഷം കൊച്ചിപ്രവശ്യയിലെ പ്രധാനമന്ത്രിയായിരുന്ന ശ്രീ റാവുബഹദൂർ ടി.കെ.നായർ ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി സ്ക്കൂൾ പാമ്പാടിയിലേക്ക് മാറ്റുകയും അത് അപ്പർപ്രൈമറിസ്ക്കൂളായും, പിന്നീട് 1981ൽ ഹൈസ്ക്കൂൾ ആയി അപ്ഗ്രേഡ്ചെയ്യുകയുംചെയ്തു. പഞ്ചായത്തിന്റെ അതിർത്തിയിൽ ആയതിനാൽ സമീപപഞ്ചായത്തിൽ നിന്നുള്ള കുട്ടികൾ ഇവിടെ ചേർന്നു പഠിക്കുന്നുണ്ട്. അതിനുശേഷം 1907ൽ എം.ആർ. എൻ.എം.എൽപി സ്ക്കൂൾ എന്ന സ്വകാര്യവിദ്യാലയം പട്ടിപറമ്പിൽ സ്ഥാപിതമായി. തിരുവില്വാമല പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന തിരുവില്വാമല ഹൈസ്ക്കൂൾ 1918ൽ സ്ഥാപിതമായി. കൊച്ചിപ്രവശ്യയിലെ പ്രധാനമന്ത്രിയായിരുന്ന റാവുബഹദൂർ ടി.കെ.നായരുടെ അച്ഛൻ സർവ്വശ്രീ നാരായണൻ നായരാണ് ഈ സ്ക്കൂളിനുവേണ്ടുന്ന സ്ഥലം വിട്ടുകൊടുത്തത്. അദ്ദേഹത്തോടൊപ്പം ഈ സ്ക്കൂളിനു വേണ്ടി പ്രവർത്തിച്ച സർവ്വശ്രീപണ്ടാരക്കളത്തിൽ ഗോവിന്ദൻ മേനോന്റെയും നാമധേയം ഇത്തരുണത്തിൽ സ്മരണീയമാണ്. 1990ൽവൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം ഇവിടെ ആരംഭിക്കുകയും ചെയ്തു. ഇന്ന് രാഷ്ട്രീയത്തിന്റെ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്ന പലരും അടിസ്ഥാനവിദ്യാഭ്യാസംനേടിയത് പ്രസ്തുത സ്ഥാപനത്തിൽനിന്നാണ്.

1950ൽ മലേശമംഗലത്ത് നാട്ടുകാർചേർന്ന് ഹരിജൻലോവർ പ്രൈമറിസ്ക്കൂൾ ആരംഭിക്കുകയും അതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഈ സ്ഥാപനം പണ്ടാരക്കളത്തിൽ മാധവൻകുട്ടി മേനോൻ ഏറ്റെടുക്കുകയും ചെയ്തു.

ഏറെ താമസിയാതെ എരവത്തൊടിയൽ ഉണ്ണിമെമ്മോറിയൽ ലോവർപ്രൈമറിസ്ക്കൂളും, കുത്താമ്പുള്ളിയിൽ ഒരു സർക്കാർ അപ്പർപ്രൈമറിസ്ക്കൂളുംസ്ഥാപിതമായി.

ഈ പഞ്ചായത്തിലെ ഏക അൺഎയ്ഡഡ് സ്ക്കൂളായ സെവന്ത് ഡേ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ 1979 ലാണ് നിലവിൽ വന്നത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തുടർവിദ്യാഭ്യാസം ലഭിക്കുന്നതിന് ഇപ്പോൾ ഈ പഞ്ചായത്തിൽ യാതൊരു സാധ്യതയും ഇല്ല. ശാസ്ത്രസാങ്കേതിരംഗം അനുസ്യൂതമായി വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അതിനനുസൃതമായി തുടർവിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. 1977ൽ നിലവിൽവന്ന ലെക്കിടിപാലം തിരുവില്വാമല പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

മുൻകാലങ്ങളിൽ പ്രൈമറിവിദ്യാലയങ്ങളെ ആശ്രയിച്ചിരുന്നവരിൽ പലരും അൺഎയ്ഡഡ് സ്ക്കൂളുകളെ (ഇംഗ്ലീഷ്മീഡിയിം) ആശ്രയിക്കുന്നു. കൂണുകൾപോലെ മുളച്ചുപൊന്തുന്ന ഇത്തരം വിദ്യാലയങ്ങൾ ജനങ്ങളുടെ ആകർഷണകേന്ദ്രമായിമാറിയത് നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തെ സാരമായി ബാധിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിലെ 5145 വിദ്യാർത്ഥികൾ വിവിധതലങ്ങളിൽ അധ്യയനം നടത്തുന്നു. ഇതിൽ 3408 പേർ സ്ക്കൂൾതലത്തിലും മറ്റുള്ളവർ ഉയർന്ന തലത്തിലുമാണ് അധ്യയനം നടത്തുന്നത്.

## വിദ്യാർത്ഥികളുടെ തരംതിരിവ്
### (വിദ്യാഭ്യാസത്തിലധിഷ്ഠിതമായി)

| വിദ്യാഭ്യാസത്തിന്റെ തോത് | ആൺ | പെൺ | ആകെ |
|---|---|---|---|
| S.S.L.C. വരെ | 1785 | 1623 | 3408 |
| പ്രീ ഡിഗ്രിതലം | 536 | 487 | 1023 |
| ഡിഗ്രി &\Post Graduate | 75 | 115 | 190 |
| B. Tec: Engineering | 12 | 4 | 16 |
| M.B.B.S | 3 | 3 | 6 |
| MBA. Research | 0 | 0 | 0 |
| സാങ്കേതികവിദ്യാഭ്യാസം | 106 | 80 | 186 |
| തുന്നൽ | 45 | 78 | 123 |
| നെയ്ത്തുപരിശീലനം | 23 | 12 | 35 |
| | | | |
| ആകെ | 2585 | 2402 | 4987 |

## പ്രീപ്രൈമറി വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ സർക്കാരിന്റേതായ ഒരു നഴ്സറിസ്ക്കൂളും, പഞ്ചായത്തുവക ഒരുബാല വാടിയുംസാമൂഹ്യക്ഷേമവകുപ്പിന്റെ അധീനതയിലുള്ള 26 അംഗനവാടികളുമുണ്ട്. മിക്ക അംഗനവാടി കെട്ടിടങ്ങളും തൃപ്തികരമായ നിലയിലല്ല സ്ഥിതിചെയ്യുന്നത്. ചില അംഗനവാടികളിൽ വേണ്ടത്രകളി കോപ്പുകളില്ല. അംഗനവാടികളിൽ പലതിലും കുടിവെള്ളക്ഷാമം ഉണ്ട്.

വൈദ്യുതിയുടെ അഭാവം എല്ലാ അംഗനവാടികളേയും ബുദ്ധിമുട്ടിക്കുന്നു. ഇവയെല്ലാം ഉടൻ പരിഹരിക്കപെടേണ്ടതാണ്.

## തൊഴിൽരഹിതരുടെ എണ്ണം
## വിദ്യാഭ്യാസയോഗ്യതയിൽഅധിഷ്ഠിതമായി

| വിദ്യാഭ്യാസത്തിൻെറ തോത് | ആ ൺ | പെ ൺ | ആ കെ |
|---|---|---|---|
| 1 S.S.L.C തലംവരെ | 845 | 787 | 1632 |
| 2 S.S.L.C | 802 | 711 | 1513 |
| 3 ബിരുദധാരികൾ | 65 | 48 | 113 |
| 4 ബിരുദാനന്തരബിരുദം | 8 | 6 | 14 |
| 5 എഞ്ചിനിയറിംഗ് | 6 | 0 | 6 |
| 6 ITI സർട്ടിഫിക്കറ്റുള്ളവർ | 15 | 6 | 21 |
| 7 B-Edകാർ | 4 | 3 | 7 |
| 8 TypeWriting | 108 | 151 | 259 |
| 9 തുന്നൽ അറിയാവുന്നവർ | 25 | 78 | 103 |
| 10 മറ്റുള്ളവർ | 215 | 197 | 412 |
| ആ കെ | 2093 | 1987 | 4080 |

## അക്കാദമിക് നിലവാരം

വിദ്യാലയങ്ങളുടെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയതിൽനിന്നും (1996 ആഗസ്റ്റ് മാസത്തിൽ നടത്തിയ പ്രാഥമിക പഠനം) മനസിലാക്കാൻ കഴിഞ്ഞത് 25% ൽ അധികം വിദ്യാർത്ഥികളും പ്രതീക്ഷിച്ചതിൽ മിനിമം നിലവാരത്തിൽ നിന്നും താഴെയാണെന്നാണ്.

പാഠ്യേതരപ്രവർത്തനങ്ങൾ സ്ക്കൂളിൽ വേണ്ടത്ര സജീവമല്ല. യോഗ്യതയുള്ള അധ്യാപകരും ഇതിന് നിയമിക്കുന്നില്ല. എന്നാൽ തിരുവില്വാമല ലോവർ പ്രൈമറിസ്കൂൾ, , കുത്തമ്പുള്ളി അപ്പർ പ്രൈമറിസ്ക്കൂൾ എന്നീസ്ഥാപനങ്ങളിൽ എല്ലാരണ്ടും, നാലും, വെള്ളിയാഴ്ചകളിൽ "സാഹിത്യസമാജം" നടത്തിവരാറുണ്ട്.

| സ്ക്കൂളിന്റെ പേര് | അധ്യാപകർ | വിദ്യാർത്ഥികൾ | PTA |
|---|---|---|---|
| 1 ജി.എച്ച്.എസ്, തിരുവില്വാമല | 49 | 2090 | ഉണ്ട് |
| 2 ജി.വി. എച്ച് എസ്, തിരുവില്വാമല | 7 | 98 | " |
| 3 ജി.എൽ.പി.എസ്,തിരുവില്വാമല | 15 | 550 | " |
| 4 ജി.എച്ച്. എസ്, പാമ്പാടി | 24 | 882 | " |
| 5 യു.എം. എൽ.പി.എസ്,എരവത്തൊടി | 9 | 279 | " |
| 6 എം.ആർ,എൻ എം എൽ.പി.എസ്,പട്ടിപറമ്പ് | 7 | 237 | " |
| 7 എ.എൽ.പിഎസ്. മലേശമംഗലം | 7 | 184 | " |
| 8 ജി.യുപി.എസ്. കുത്താമ്പുള്ളി | 10 | 389 | " |
| 9 എസ്,ഡി.എ. തിരുവില്വാമല | 19 | 496 | " |
| ആകെ | 147 | 5145 | — |

ഒരു പാരലൽ കോളേജും,മൂന്ന് ട്യൂഷൻസെന്ററുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് ഇവയുടെ പ്രവർത്തന് സ്ക്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് വളരെസഹായിക്കുന്നുണ്ട്. ഒരു കംപ്യൂട്ടർസെന്ററും മൂന്ന് ടൈപ്പ്റൈറ്റിംഗ് സെന്ററുകളും ഇവിടുത്തെ സാങ്കേതിക സ്ഥാപനങ്ങളാണ്.

ഗ്രാമീണജനതയുടെ വിജ്ഞാനവളർച്ചക്കുവേണ്ടി 50 വർഷങ്ങൾക്കുമുൻപ്ഗ്രാമീണവായനശാല പ്രവർത്തനം തുടങ്ങി സ്വന്തമായി 30 സെന്റ് സ്ഥലവും വിവിധതരത്തിലുള്ള 9826 പുസ്തകങ്ങളും ഈ വായനശാലയിലുണ്ട്. തിരുവില്വാമല പഞ്ചായത്തിലെ പുരോഗതിയുടെപാതയിലുള്ള ഒരു നാഴിക കല്ലാണിത്.

കേരളത്തിൽ നടന്ന "സമ്പൂർണ്ണസാക്ഷരതായജ്ഞ"ത്തിന്റെ പ്രവർത്തനം ഇവിടേയും സുഗമമായും, ആവേശോജ്വലമായും നടന്നു.ജനങ്ങളിൽ വിദ്യാഭ്യാസത്തേക്കുറിച്ച് പുതിയ ഒരു അവബോധവും ഉൾകാഴ്ചയും കൂട്ടായ്കൊണ്ടുള്ള നേട്ടങ്ങളെകുറിച്ച് ബോധവൽക്കരണം സാധാരണക്കാരിൽ സംജാതമാക്കാനും ഇത് ഉപകരിച്ചു.

### പ്രശ്നങ്ങളും സാധ്യതകളും

1 വാർഡുകൾ തോറും പ്രീ പ്രൈമറി സ്ക്കൂളുകൾ വേണം

2 6, 7, 9 എന്നീവാർഡുകളിൽ പ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കണം. ഇവിടങ്ങളിൽനിന്നും കിലോമീറ്ററുകളോളം നടന്നുവേണം പിഞ്ചോമനകൾക്ക് പള്ളികൂടങ്ങളിൽ എത്തിചേരാൻ. പ്രൈമറിസ്ക്കുളുകൾ സ്ഥാപിച്ചാൽ കൊച്ചുകുഞ്ഞുങ്ങളുടെ യാതനകളും തീരും, വിദ്യാഭ്യാസം സാർവ്വ

ത്രികമാക്കാൻ എളുപ്പം കഴിയുകയും ചെയ്യും
.

3(a) പഠനനിലവരംമെച്ചപ്പെടുത്താൻ എല്ലാ സ്ക്കൂളുകളിലും ആവശ്യമായ ഭൗതിക സാഹചര്യം ഏർപ്പെടുത്തണം. തിരുവില്വാമല, ജി.എച്ച്.എസ്സ്. പാമ്പാടി എന്നീ സ്ക്കൂളുകളിൽ ഹൈസ്ക്കൂളുകൾക്കാവശ്യമായത്ര കെട്ടിടങ്ങളോ, സ്ഥലസൗകര്യങ്ങളോഇല്ല. അത് നികത്താൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(b) അതുപോലെത്തന്നെ ആസ്ക്കൂളുകളിൽ ഫർണീച്ചർ, ലെബോറട്ടറി സൗകര്യങ്ങൾ വളരെ കുറവാണ്. പാമ്പാടി സ്ക്കൂളിൽ ലെബോറട്ടറിയോ, ലൈബ്രറിയോ ഇല്ലയെന്നുള്ളതാണ് വാസ്തവം. (തിരുവില്വാമല എൽ. പി സ്ക്കൂളിനും, പാമ്പാടിക്കും പണിയേണ്ടതാണ്) തിരുവില്വാമല എൽ. പി സ്ക്കൂളിന്നും ജി.എച്ച്.എസ്. പാമ്പാടിക്കും compound Wallപണിയേണ്ടതാണ്. തിരുവില്വാമല എൽ.പി. സ്ക്കൂളിന്ന് ആൺകുട്ടികൾക്കായുള്ള ഒരു മൂത്രപുര മാത്രമേയുള്ളു.അവിടെ അധ്യാപകർക്കുംപെൺകുട്ടികൾക്കും വേറെവേറെ മൂത്രപുരയും കക്കൂസും അനുവദിക്കേണ്ടതാണ്.

ജി.എച്ച്. എസ്സ് തിരുവില്വാമലയിലെ കുടിവെള്ള പ്രശ്നം ഗൗരവപൂർവ്വം കാണേണ്ടതാണ്. ജനുവരി മുതൽ കുട്ടികൾ അനുഭവിക്കുന്ന കുടിവെള്ളപ്രശ്നം അത്രമാത്രം ഗൗരവമേറിയതാണ്.
പാമ്പാടി ഹൈസ്കൂളിലെ വീണുപോയ കെട്ടിടത്തിനുപകരം മറ്റൊരു കെട്ടിടം ഉടൻതന്നെ നിർമ്മിക്കേണ്ടതാണ്.

(c) പഞ്ചായത്തു തലത്തിൽ ഒരു വിദ്യാഭ്യാസവികസനസമിതി രൂപീകരിക്കേണ്ടതാണ്. സമിതിക്ക് ഒരു കൺവീനറും, ജോയിൻറു കൺവീനറും ഉണ്ടായിരിക്കണം. അവർ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തുകയും അപ്പപ്പോൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ , ഐ.സി.ഡി.എസ് ഓഫീസർമാർ എന്നിവർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യേണ്ടതാണ്. റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഓഫീസർമാർ തങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ വിഭാഗങ്ങൾ നന്നാക്കിയെടുക്കാൻശ്രമിക്കേണ്ടതാണ്.

(d) ഒരു വർഷത്തെയെങ്കിലും പ്രീപ്രൈമറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നിർബന്ധമാക്കേണ്ടതാണ്. വിദ്യാഭ്യാസ കേന്ദ്രത്തിൽനിന്നുമുള്ള സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിലായിരിക്കണം ഒന്നാം ക്ലാസിലേക്കുള്ള പ്രവേശനം നൽകൽ.

4. അവധിക്കാലത്തുതന്നെEmployment exchange ൽ നിന്നും ഇൻറർവ്യൂ കഴിഞ്ഞ് അധ്യാപകരെ സ്കൂൾ തുറനാലുടൻതന്നെ നിശ്ചയിക്കണം. ഓരോ വിഷയത്തിന്നും അധ്യാപകരുടെ നിയമനം ഉറപ്പുവരുത്തണം.

5. എല്ലാ സ്കകൂളിലും പി.ടി.എ യും പഞ്ചായത്തിൻെറ കീഴിൽ വിദ്യാഭ്യാസ വികസന സംരക്ഷണ സമിതികളും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

6. അക്ഷരജ്ഞാനത്തിൻെറ കുറവുനികത്താൻ പ്രൈമറി തലം തൊട്ട് മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം നിർബന്ധമാക്കണം.

7. അനൗപചാരിക വിദ്യാഭ്യാസത്തിൻെറ അപര്യാപ്തത, പരിഹരിക്കാൻ വായനശാലകൾ,സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, ശാസ്ത്രസാഹിത്യപരിഷത്ത്, എന്നിവയുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

8. കലാകായിക വിദ്യാഭ്യാസരംഗത്ത് വിദ്യാർത്ഥികൾക്ക് അഭിരുചിയും, പ്രവീണ്യവും നേടുന്നതിന് പഞ്ചായത്തുതലത്തിൽ പരിശീലനകേന്ദ്രം ആരംഭിച്ച് പ്രവർത്തനം സജീവമാക്കുക.

9. ഒമ്പതാം പദ്ധതിയുടെ പ്രാരംഭവർഷം മുതൽ 5,6 ക്ലാസ്സുകളിലെ കുട്ടികളേയും, അടുത്തവർഷം 5, 6, 7 എന്നീ ക്ലാസുകളിലെ കുട്ടികളേയും, തുടർന്ന് 5, 6, 7, 8 എന്നിങ്ങനെ ക്രമത്തിൽ പദ്ധതി വർഷം അവസാനിക്കുന്നതോടെ പത്താംതരത്തിൽ "നൂറുമേനി വിജയിക്കു"ന്നതിനുള്ള ഊർജ്ജിത കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ വേണ്ടുന്ന പ്രവർത്തനം കാഴ്ചവെക്കുക. മാതൃസംഘം ഊർജ്ജിതപ്പെടുത്തുക.

10. അതുപോലെ പ്രൈമറി തലത്തിൽ പദ്ധതിയുടെ ആരംഭവർഷമായ 97 98ൽ ഒന്നാംതരത്തെ " ഒന്നാംതര"മാക്കുകയും തുടർന്നുള്ള വർഷങ്ങളിൽ ഓരോക്ലാസ്സുകളേയും മേത്തരമാക്കുന്നതിനുള്ള കർമ്മപരിപാടികൾക്ക് ആക്കംകൂട്ടേണ്ടതാണ്. അതിനുതക്ക പാഠ്യേതര പ്രവർത്തനങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കേണ്ടതാണ്.

11. അധ്യാപക പരിശീലനത്തിൻെറ ഗുണനിലവാരം മെച്ചമാക്കാൻ ഫലപ്രദമായ, ശാസ്ത്രീ

യമായ മാറ്റങ്ങൾക്ക്വിധേയമായ പുനപരിശീലനം .Subject wise inservice Course- നടപ്പാക്കണം

12. പഴഞ്ചൻ ബോധനരീതികൾ ഒഴിവാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ സജീവപങ്കാളിത്തത്തോടെ പാഠ്യപദ്ധതിയായ visual Aids slids Projector Cinema) പരമാവധി ഉപയോഗപ്പെടുത്തുക.

13. തുടർച്ചയായ മൂല്യനിർണ്ണയവും, മോണിട്ടറികളും ശാസ്ത്രീയമാണെന്ന് ഉറപ്പുവരുത്തുക.ജനകീയ മോണിട്ടറിങ്ങിന് പ്രാധാന്യം കൊടുക്കുക.

14.പ്രതിവാര സാഹിത്യസമാജം നടപ്പാക്കുക.

15. യു.പി തലം തൊട്ടു എല്ലാക്ലാസ്സുകളിലുംവർഷത്തിൽ ഒരു കയ്യെഴുത്ത് മാസികയെങ്കിലും പുറത്തിറക്കുക.

16. പ്രതിദിന വാർത്താശേഖരണവും അതിൻെറ പ്രവർത്തനവും നടപ്പാക്കുക.

17. സ്കകൂൾ ആരോഗ്യപ്രവർത്തനങ്ങൾ, ആരേഗ്യപരിശോധന എന്നിവ നടപ്പാക്കുക.

18. സ്ക്കൂളിനെ കൃഷിഭവനുമായിബന്ധിപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുക.

19. ക്ലാസടിസ്ഥാനത്തിൽകുട്ടികളും രക്ഷിതാക്കളും അദ്ധ്യാപകരും ഒന്നിച്ചുചേർന്നിട്ടുള്ള യോഗം ടേമിൽ ഒന്നെങ്കിലും നടത്തുക

20. സ്ക്കൂൾ തലത്തിൽ ഒരേ ടേമിൽ ഒന്ന് എന്ന രീതിയിൽ പഠനോപകരണ ശില്പശാല നടത്തുക.

21.Arts(,clubs,ScienceClubs Creative corner (പ്രവൃത്തി പരിചയം) reading corner ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി തുടർച്ചയായ പ്രവർത്തനങ്ങൾ ആരംഭിക്കണം.

22. ഉച്ചക്കഞ്ഞി വിതരണം എൽ.പി. യു.പി. വിഭാഗങ്ങളിലേതുപോലെ നഴ്സറി സ്ക്കൂളിലും ഊർജ്ജിതമായി നടപ്പിലാക്കണം.

23. പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് വായിക്കാൻ പറ്റുന്ന ബാലസാഹിത്യപുസ്തകങ്ങളും, ബാലമാസികകളും ശേഖരിച്ച്, അവർക്ക് എത്തിച്ച് കൈമാറി വായിക്കാനുള്ള അവസരമൊരുക്കുക.

24. സിലബസ്സിൻെറ ഭാരം ലഘൂകരിക്കുകHand bookകൾ.Text book കളുടെ കൂടെത്തന്നെ വിതരണം നടത്തുക.

ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ പ്രശ്നങ്ങൾ

*വാർഡ് 1* Govt. L. P. School ന് Compound wall ഇല്ല. ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഇല്ല. പാചകമുറിഇല്ല, പുതിയ അംഗൻവാടി (166) കുണ്ടുകാടു കോളനി പരിസരത്തായതിനാൽ നിലനിലുള്ള ബാലവാടി ചുങ്കത്തേക്കു മാറ്റണ്ടേതാണ്.

*വാർഡ് 2:* Govt. L. P. School ന് Compound wall ഇല്ല. ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഇല്ല പാചകമുറി ഇല്ല. ലബോറട്ടറി സൗകര്യമില്ല. സ്ക്കൂൾഹാൾ ഉപയോഗിക്കാൻപറ്റുന്നതല്ല. പഴയകെട്ടിടങ്ങൾ repair ചെയ്യണം. അദ്ധ്യാപകരുടെ അഭാവം . ഫർണീച്ചറുകൾ ഇല്ല. co-caricular activities ആത്മാർത്ഥമായി നടക്കുന്നില്ല.

*വാർഡ് 3:* വാർഡിലുള്ള മാനേജ്മെൻറ് എൽ.പി.സ്ക്കൂൾ, യുപി സ്ക്കൂളായി ഉയർത്തണം.പ്രാഥമികാവശ്യങ്ങൾക്കുള്ളസൗകര്യമില്ല.

*വാർഡ് 4:* സ്ക്കൂൾ കെട്ടിടം സുരക്ഷിതമല്ല, കുടിവെള്ളമില്ല, വൈദ്യുതിഇല്ല,പ്രാഥമിക സൗകര്യങ്ങളില്ല. കുട്ടികളിലധികവും തമിഴ് സംസാരിക്കുന്നവർ ആയതുകൊണ്ട് തമിഴ് പാഠ്യവിഷയമാക്കണം. PT.A സജീവമാക്കണം.നിരക്ഷരർ ധാരാളമാണ്.

*വാർഡ് 6:* വിദ്യാലയം ഇല്ല.ഇവിടെ ഉന്നത വിദ്യാഭ്യാസം നേടുന്നവർ വിരളമാണ്.

*വാർഡ് 7:* വിദ്യാഭ്യാസ സ്ഥാപനമില്ല. ഒരു സ്ക്കൂളെങ്കിലും ആവശ്യമാണ്.

*വാർഡ് 8:* L P. School U.P. School ആയി ഉയർത്തണം. സ്കൂളിൽ പ്രാഥമികസൗകര്യങ്ങൾ, വൈദ്യുതി, ഫർണിച്ചറുകൾ എന്നിവ ഇല്ല.
വിദ്യാഭ്യാസസ്ഥാപനം ഇല്ല.

*വാർഡ് 9:* ഇൻറസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം

*വാർഡ് 10:* L.P.Schoolൽ വേണ്ടത്ര ക്ലാസ് മുറികൾ, ഫർണിച്ചറുകൾ, എന്നിവ ഇല്ല. കളിസ്ഥലം ഇല്ല.സ്കൂളിന് ചുറ്റുമതിൽ കെട്ടണം. ലബോറട്ടറി, ഉണ്ടാക്കണം

*വാർഡ് 11:* പാമ്പാടി സ്കൂളിന് ചുറ്റുമതിൽ കെട്ടണം. പൊളിഞ്ഞുവീണ ക്ലാസുമുറികൾ വീണ്ടും നിർമ്മിക്കണം. നിലവിവുള്ള കെട്ടിടങ്ങൾ ഉടൻ റിപ്പയർ ചെയ്യണം.വേണ്ടത്ര ഫർണീച്ചറുകൾ, പ്രാഥമിക സൗകര്യങ്ങൾ, ലൈബ്രറി,ലബോറട്ടറി എന്നിവ ഇല്ല.

*വാർഡ്* 5 : കുത്താമ്പുള്ളിയിലെ up സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തിത്തരണം. മാതൃഭാഷ കന്നട ആയതിനാൽ കന്നഡഭാഷാധ്യാപകരെ നിയമിക്കണം.

# S.S.L.C. വിജയശതമാനം

| വർഷം | തിരുവില്വാമല ഗവ: സ്ക്കൂൾ | | | പാമ്പാടി ഗവ: ഹൈസ്കൂൾ | | | S.DA ഗവ:ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | പരീക്ഷക്കിരുന്ന കുട്ടികൾ | ജയിച്ചവർ | % | പരീക്ഷക്കിരുന്ന കുട്ടികൾ | ജയിച്ചവർ | % | പരീക്ഷക്കിരുന്ന കുട്ടികൾ | ജയിച്ചവർ | |
| 1991 92 | 186 | 44 | 24 | | | | | | |
| 1992 93 | 205 | 51 | 25 | 105 | 26 | 24 | | | |
| 1993 94 | 187 | 45 | 24 | 98 | 21 | 21 | | | |
| 1994 95 | 191 | 54 | 27 | 87 | 20 | 18 | 4 | 4 | 100 |
| 1995 96 | 191 | 47 | 24 | 97 | 30 | 22 | 14 | 14 | 100 |

| നമ്പർ | സ്ക്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ്മുറി | സ്റ്റാഫ്മുറി | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | G.H.S. തിരുവില്വാമല | 1 ഏ. 96¾cent | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | G.H.S. പാമ്പാടി | 3 ഏ. 7cent | " | " | ഇല്ല | " | ഇല്ല | " | " | " | ഇല്ല |
| 3. | G.U.P.S. കുത്താമ്പുള്ളി | 22 cent | " | ഇല്ല | " | " | " | " | ഇല്ല | ഇല്ല | ഉണ്ട് |
| 4. | G.L.P.S. തിരുവില്വാമല | 1 ഏ. 79cent | " | " | " | " | " | " | ഉണ്ട് | " | ഇല്ല |
| 5. | U. M. L. P.S. എരവത്തൊടി | 50 cent | " | ഉണ്ട് | " | ഇല്ല | " | " | ഇല്ല | " | ഉണ്ട് |
| 6. | M.R.N.M.L.P. S. പട്ടിപ്പറമ്പ് | 29 cent | " | " | " | " | " | ഉണ്ട് | " | " | " |
| 7. | H. L. P. S. മലേശമംഗലം | 1 ഏ.1 cent | " | ഇല്ല | " | ഉണ്ട് | " | " | " | " | " |
| 8. | S. D. A. തിരുവില്വാമല | 80 cent | " | " | " | " | " | " | " | " | ഇല്ല |


പാർപ്പിടം
സാമൂഹ്യ ക്ഷേമം

# ഭവന നിർമ്മാണം
# ക്ഷേമപ്രവർത്തനങ്ങൾ

തിരുവില്വാമല പഞ്ചായത്തിൽ പാർപ്പിടസ്ഥിതി തൃപ്തികരമെന്ന് പറഞ്ഞുകൂടാ. പ്രതിശീർഷവരുമാനം കുറവുള്ള, ഇടത്തരം കുടുംബങ്ങൾ 60 ശതമാനത്തിലേറെ അധിവസിക്കുന്ന ഒരു മേഖലയാണിത്. വിദേശ മലയാളികൾ താരതമ്യേന കുറവാണ്. വ്യവസായിക മേഖലയല്ലാത്തതിനാൽ തൊഴിൽ സാധ്യതകളും കുറവാണ്. പട്ടികജാതിക്കാർ വസിക്കുന്ന കോളനികൾ/സങ്കേതങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കൃഷിയാണ് പ്രധാന ഉപജീവനമാർഗം, കൈത്തറി മേഖലയിൽ തൊഴിലവസരങ്ങളുണ്ടെങ്കിൽ പോലും, മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഭവനനിർമ്മാണപ്രവർത്തനങ്ങൾ മന്ദീഭവിച്ചുകാണുന്നു.

പട്ടിക(1) അനുസരിച്ച് ശരാശരി 370 വീടുകൾ പഞ്ചായത്തിൽ പുതുതായി ഉണ്ടാവുന്നുണ്ടെങ്കിലും ജനസംഖ്യാ വർദ്ധനവനുസരിച്ച് ഈ വീടുകൾ പോലും തികയുന്നില്ല എന്നു കാണാം.

**പട്ടിക (1)**

| | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 5342 | 5649 | 6244 | 6604 | 6954 |

പഴയപ്രതാപത്തിന്റെ പ്രതീകങ്ങളായ നാലുകെട്ടോടുകൂടിയ വീടുകൾ വിരലിലെണ്ണാവുന്നതേയുള്ളൂ. ഇഷ്ടിക നിർമ്മാണമേഖല ആയതിനാൽ അറുപതു ശതമാനം വീടുകളും നിർമ്മിച്ചിരിക്കുന്നുത് ഇഷ്ടിക കൊണ്ടാണ്. മണ്ണിന്റെ ഘടന വെട്ടുകല്ലിന് പറ്റിയതല്ലായെങ്കിലും ചില വാർഡുകളിൽ വെട്ടുകല്ലുകൊണ്ട് നിർമ്മിച്ച വീടുകൾ 10 ശതമാനത്തിൽ താഴെയുണ്ട്. 30 ശതമാനത്തോളം വീടുകൾ മൺകട്ടകൊണ്ട് നിർമ്മിച്ചവയാണ്.

**പട്ടിക (2)**

| | വീടുകളെകുറിച്ചുള്ള വിവരങ്ങൾ | എണ്ണം |
|---|---|---|
| 1. | കോൺക്രീറ്റ് വീടുകളുടെ എണ്ണം | 700 |
| 2. | ഓടുമേഞ്ഞ വീടുകളുടെ എണ്ണം | 3652 |
| 3. | ഓലമേഞ്ഞ വീടുകളുടെ എണ്ണം | 1849 |
| 4. | മറ്റുള്ളവ (സമിശ്രം) | 753 |
| | ആകെ | 6954 |

കോൺക്രീറ്റ് വീടുകളുടെ 40 ശതമാനം മൊസൈക്ക് തറയോടുകൂടിയതാണ്. 1500 ച. അടിയുള്ളതും ആധുനിക സൗകര്യങ്ങളുള്ളതുമായ വീടുകൾ 3% ഉണ്ട്. പഞ്ചായത്തിലെ സിംഹഭാഗവും ചെറുകിടവീടുകളാണ്.

**പട്ടിക (3) വീടുകളെക്കുറിച്ച് വാർഡുതിരിച്ചുള്ള വിവരങ്ങൾ:**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 916 | 102 | 120 | 440 | 135 | 117 | 37 |
| II | 573 | 35 | 60 | 381 | 134 | 128 | 20 |
| III | 686 | 63 | 89 | 390 | 196 | 65 | 19 |
| IV | 718 | 67 | 54 | 366 | 123 | 88 | 60 |
| V | 547 | 43 | 102 | 369 | 41 | 52 | 15 |
| VI | 552 | 22 | 32 | 239 | 212 | 32 | 45 |
| VII | 845 | 96 | 66 | 394 | 277 | 46 | 51 |
| VIII | 638 | 49 | 34 | 376 | 303 | 44 | 62 |
| IX | 831 | 79 | 99 | 343 | 179 | 113 | 53 |
| X | 648 | 37 | 44 | 354 | 209 | 68 | 76 |
| TOTAL | 6954 | 593 | 700 | 3652 | 1849 | 753 | 438 |

ശുദ്ധവായു പ്രവേശിക്കുന്നതിന് ആവശ്യമായ ജനലുകളോ അശുദ്ധവായു പുറംതള്ളുന്നതിനുള്ള വെന്റിലേഷനോ ഇല്ലാത്തവയാണ് ഇത്തരത്തിലുള്ള ഭവനങ്ങൾ. അശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഇത്തരം ഭവനങ്ങളിലെ തറ , ഭിത്തി, വിസ്തീർണ്ണം, ഉയരം എന്നീ ഘടകങ്ങൾ പരിഗണിച്ചാൽ തൃപ്തികരമല്ലെന്ന് മാത്രമല്ല, പഞ്ചായത്ത് അനുഭവപ്പെടുന്ന കാലാവസ്ഥക്ക് (അത്യുഷ്ണം) അനുയോജിക്കാത്തവയുമണ്. തന്നെയുമല്ല കുടുംബത്തിലുള്ള വരുടെ എണ്ണവും, ആകെയുള്ള വിസ്തീർണ്ണവും തമ്മിൽ ബന്ധപ്പെടുത്തി ശാസ്ത്രീയമായി വിലയിരുത്തിയാൽ ഭവനനിർമ്മാണരംഗത്ത് നൂതന സങ്കേതങ്ങൾ അവലംബിക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുന്നു.

ഭവനനിർമ്മാണത്തിന ാവശ്യമായ എല്ലാ അസംസ്കൃത പദാർത്ഥങ്ങളും ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഇഷ്ടിക,മണൽ, മെറ്റൽ, ഗ്രാനൈറ്റ്, മുള , മരം , പന എന്നിവ സുലഭമായി ലഭിക്കുന്നു. കെട്ടിടനിർമ്മാണ തൊഴിലാളികളും ധാരാളമുണ്ട്. എങ്കിലും ഫലപ്രദമായ ഒരു ജനകീയാസൂത്രണത്തിന്റെ പോരായ്മ പാർപ്പിടമേഖലയിൽ പ്രകടമാണ്. ആയതിനാൽ ഒരു 'ഭവനനിർമ്മാണ സഹകരണസംഘം' ഉടൻ തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്.

രാജീവ് ഗാന്ധിദശലക്ഷഭവനനിർമ്മാണ പദ്ധതി, പട്ടികജാതി, പട്ടികവർഗ്ഗ വികസകോർപ്പറേഷൻ, മൈത്രീഭവനപദ്ധതി, ഹൗസിങ്ങ്ബോർഡ്, ജില്ലാ സഹകരണബാങ്ക് എന്നിവയിലൂടെ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നുണ്ടെങ്കിലും അജ്ഞതമൂലമോ, നിയമകുരുക്കുമൂലമോ ആവശ്യക്കാർക്ക്

വേണ്ടത്ര ലഭിക്കുന്നില്ല. പട്ടികജാതി വികസനവകുപ്പ് നൽകുന്ന ഭവനസഹായം തീരെ അപര്യാപതവുമാണ്. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഈ പദ്ധതികൾ കൊണ്ട് നാമമാത്രമായ പ്രയോജനമേ ലഭിക്കുന്നുള്ളൂ.

1992-96 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗകോർപ്പറേഷൻ മുഖാന്തിരം 98 വീടുകൾ അനുവദിച്ചതിൽ 48 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 50 വീടുകൾ പൂർത്തീകരിക്കേണ്ടതായുണ്ട്. കാര്യക്ഷമമായ പരിശോധനാസംവിധാനം അനിവാര്യമാണെന്നതിൽ രണ്ടഭിപ്രായമില്ല. മാത്രവുമല്ല പദ്ധതികളുടെ ഗുണം ദരിദ്രർക്ക് ലഭിക്കാനുള്ള നടപടികൾ ലളിതമാക്കുകയും വേണം. ഐ. എ. വൈ, ജെ. ആർ. വൈ, മൈത്രീ ഭവനപദ്ധതി, ഹൗസിങ്ങ് ബോർഡ്, രാജീവ് ദശലക്ഷം ഭവനനിർമ്മാണ പദ്ധതി, പട്ടികജാതി വികസനവകുപ്പ് എന്നിവയുടെ പ്രവർത്തനത്തെ സംയോജിപ്പ് ഒരു 'സമഗ്ര പാർപ്പിട പദ്ധതി' നടപ്പിലാക്കണം. ഇത്തരം പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുകയും വേണം. ജെ. ആർ. നൈ, ഐ. എ. വൈ, പാർപ്പിട നിർമ്മാണ പദ്ധതി വളരെ ലളിതമായത് ആശ്വാസകരമാണ്. 3,7,8 എന്നീ വാർഡുകളിൽ പുതിയ ലക്ഷം വീടുകൾ പണിയാൻ സാദ്ധ്യതകളുള്ള മേഖലകളാണ്. ആയതിനാൽ ഒരു 'ആസൂത്രിത ഹൗസിങ്ങ് ഹാബിറ്റാറ്റ് പ്രോഗ്രാം' മേൽ പ്രസ്താവിച്ച വാർഡുകളിൽ ആരംഭിക്കാനുള്ള സൗകര്യങ്ങളുണ്ട്.

60 വയസ്സിനു മേലുള്ളവരുടെ സംഖ്യ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നതിനാൽ 'വൃദ്ധസദനങ്ങൾ' ആരംഭിക്കണം. ഇത്തരം സദനങ്ങളിലെ അന്തേവാസികളുടെ കൂട്ടായ്മയിലൂടെ നെയ്ത്ത്, ബൈൻഡിങ്ങ് പോലുള്ള ലഘുപുരോഗമന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനും വൃദ്ധരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനും പഞ്ചായത്തുകൾക്ക് കഴിയണം. ആഡംബരമായ ഭവനനിർമ്മാണം നിയമം മൂലം നിരോധിക്കുകയും സൗകര്യപ്രദമായതും ലളിതവുമായ വീടുകൾ നിർമ്മിതിയുടെ സഹകരണത്തോടെ ആരംഭിക്കുകയും ചെയ്യണം. കെട്ടിടനിർമ്മാണത്തിന് പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം നിർബന്ധമാക്കണം. സർക്കാർ ഭൂമി കയ്യേറ്റം ചെയ്ത് റോഡിലേക്ക് ഉന്തിനിൽക്കുന്ന വീടുകൾ ധാരാളം സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. ആയതിനാൽ അവരെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കണം. 9-ാം പഞ്ചവത്സരപദ്ധതി അവസാനിക്കുന്നതോടെ പഞ്ചായത്തിലെ എല്ലാ ഓല വീടുകളും ഓടെങ്കിലുമാക്കിമാറ്റാനുള്ള ഊർജ്ജിതശ്രമമാരംഭിക്കണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആക്കപ്പറമ്പ്, എരവത്തൊടി, കുത്താമ്പുള്ളി പോലുള്ള സ്ഥലങ്ങളിൽ 'കമ്മ്യൂണിറ്റി ലാട്രിനുകൾ' നിർമ്മാണം മേൽ പ്രസ്താവിച്ചതുപോലുള്ള സ്ഥങ്ങളിൽ മെച്ചപ്പെട്ട ഡ്രെയിനേജ് സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണം.

# സാമൂഹ്യക്ഷേമം

വിവിധതരത്തിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ദരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ, വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ, ധനസഹായ പദ്ധതികൾ, ട്രൈസം തൊഴിൽ പരിശീലന പദ്ധതികൾ, അംഗൻവാടികൾ എന്നിവ ഇവയിൽ ചിലതാണ്. 1992-ലെ ഐ. ആർ. ഡി. പി. സർവ്വേ അനുസരിച്ച് ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങളുടെ എണ്ണം 2833 ആണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 339 ആണ് . ഇതിൻ

150 കുടുംബങ്ങൾ പട്ടികജാതിക്കാരുടെയാണ്.

**പട്ടിക (4) ഐ. ആർ. ഡി. പി. സർവ്വേപ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ വിവരം**

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം 1996 വർഷത്തെ പട്ടിക നാലിൽ കാണിച്ചിട്ടുള്ളതിനേക്കാൾ

| വാർഡ് നമ്പർസ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ പട്ടികജാതി കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ പട്ടിക ജാതി കുടുംബങ്ങൾ |
|---|---|---|---|---|
| I | 270 | 66 | 46 | 18 |
| II | 231 | 38 | 27 | 16 |
| III | 309 | 70 | 33 | 11 |
| IV | 326 | 30 | 26 | 6 |
| V | 116 | - | 24 | - |
| VI | 285 | 87 | 32 | 26 |
| VII | 315 | 157 | 31 | 21 |
| VIII | 369 | 167 | 71 | 56 |
| IX | 325 | 89 | 25 | 14 |
| X | 287 | 67 | 24 | 12 |
| ആകെ | 2833 | 493 | 339 | 180 |

അവലംബം :- 1992 ലെ വികസന വകുപ്പ് സർവ്വേ

കൂടുതലാണ്. അതിൽ തന്നെ അർഹതയുള്ളവരിൽ വളരെ ചെറിയൊരു വിഭാഗത്തിനു മാത്രമേ ദാരിദ്ര്യ നിർമ്മാണ പദ്ധതികൾ കൊണ്ട് ആനുകൂല്യം ലഭിക്കുന്നുള്ളൂ.

1995 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

**പട്ടിക (5)**

| | | |
|---|---|---|
| 1 | ഐ. എൻ. എ. പെൻഷൻ | 2 |
| 2 | സ്വാതന്ത്ര്യസമരസേനാനി പെൻഷൻ | 1 |
| 3 | വാർദ്ധക്യകാല പെൻഷൻ | 84 |
| 4 | വികലാംഗപെൻഷൻ | 77 |
| 5 | വിധവാപെൻഷൻ | 95 |
| 6 | കർഷകത്തൊഴിലാളി പെൻഷൻ | 380 |
| 7 | അവശകലാകാര പെൻഷൻ | 5 |
| 8 | വിധവകളുടെ മക്കൾക്ക് വിവാഹത്തിനു നൽകുന്ന ധനസഹായം | 104 |
| 9 | മിശ്രവിവാഹത്തിനു നൽകുന്ന ധനസഹായം | - |
| 10 | കുഷ്ഠരോഗികൾക്കും, കാൻസർ രോഗികൾക്കും ലഭിക്കുന്ന ധനസഹായം | 6 |
| 11 | തൊഴിലില്ലായ്മ വേതനം | 153 |

## മറ്റു സേവനമേഖലകൾ

| | | | |
|---|---|---|---|
| 1) ദേവസ്വം | 60 | 5) കൃഷി | 5 |
| 2) വാട്ടർ അതോറിററി | 6 | 6) സഹകരസംഘം | |
| | | a. കൈത്തറി | 15 |
| 3) വൈദ്യുതി | 10 | b. സഹകരണബാങ്ക് | 15 |
| 4) വില്ലേജ് | 7 | 7) പോസ്റ്റ് ഓഫീസ് | 25 |
| വികസന | | 8) ടെലിഫോൺ | 5 |
| വകുപ്പ് | 2 | 9) ബാങ്ക് | 30 |

ഈപഞ്ചായത്തിലെ 23 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ 26 അംഗൻവാടികളിലൂടെ 550 കുട്ടികൾക്ക് അനൗപചാരികമായി വിദ്യാഭ്യാസം നൽകിവരുന്നു. ഇതിൽ 5 അംഗൻവാടികൾക്ക് സ്ഥിരമായകെട്ടിടമോ ചുറ്റുമതിലോ കക്കൂസോ ബോധനത്തിനോ വിനോദത്തിനോ ആയ സാമഗ്രികളോ ഇല്ല. പട്ടികജാതി വകുപ്പു മുഖാന്തിരം സ്ഥാപിച്ചിട്ടുള്ള 18 അംഗൻവാടികളുടെ സൗകര്യങ്ങൾ തൃപ്തികരമല്ലെങ്കിലും താരതമ്യേനമെച്ചപ്പെട്ടതാണ്. അനൗപചാരിക വിദ്യാഭ്യാസത്തിനുപുറമേ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു ആശാകേന്ദ്രവും 300 ഗർഭിണികൾക്ക് അമ്മമാർക്കും പ്രതിരോധകുത്തിവെപ്പും വൈദ്യസഹായവും പോഷകാഹാരക്കുറവ് നികത്തുന്ന പ്രാഥമിക ഘടകമായ സ്ഥാപനങ്ങളായി അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പോരായ്മകൾ നികത്താനുള്ള അടിയന്തര പ്രവർത്തനങ്ങൾക്ക് ഏകീകരിക്കാനുംചിട്ടപ്പെടുത്താനും പഞ്ചായത്തുകൾക്ക് കഴിയണം രക്ഷിതാക്കളേയും തദ്വാര കുട്ടികളേയും ആകർഷിക്കാനും അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും അങ്ങിനെകഴിയുംആയതിനാൽ അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാനുള്ള ചുമതല 9 ാം പഞ്ചവർഷ പദ്ധതി പ്രാവർത്തികമാക്കാവുന്നതോടെ പഞ്ചായത്തുകൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

## പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

1. ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം തൃപ്തികരമായ തരത്തിൽ ലഭിക്കുന്നില്ല.

2 സർക്കാറിന്റെ പലഭവന നിർമ്മാണ പദ്ധതികൾക്കും അപേക്ഷനൽകിയവർക്ക് ആധാരം തിരിച്ചുകിട്ടാൻ ബുദ്ധിമുട്ടേണ്ടിവരുന്നു.

3. ഐ.ആർ.ഡി.പി ലിസ്റ്റിൽ അർഹതയുള്ള എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയിട്ടില്ല.

4. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് പഞ്ചായത്തുതലത്തിൽ തൊഴിലിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്തുവാൻവേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.

5. അവശ വിഭാഗങ്ങളിൽ അർഹതയുള്ളവർ അപേക്ഷനൽകിയിട്ടും ധനസഹായം ലഭിക്കുന്നില്ല.

6. പല ക്ഷേമ പദ്ധതികൾക്കും കാര്യക്ഷമമല്ല

7. ദുർബല വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം രാഷ്ട്രീയപരിഗണനകൾക്കും കൈക്കൂലികൾക്കും വിധേയമാകുന്നതിനാൽ ധനസഹായം മുഴുവൻ അവർക്ക് ലഭിക്കുന്നില്ല.

8. സർക്കാർ ഭൂമി കൈയ്യേറ്റം ചെയ്ത് ഭവനനിർമ്മാണം നടത്തുന്നതിനെതിരെ ഫലപ്രദമമായ നിയമ നടപടികൾ കൈകൊള്ളുന്നില്ല.

9. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭവനനിർമ്മാണ സഹായം ലഭിക്കുന്നത് നാമമാത്രമാണ്

10. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം സാധാരണക്കാർക്കും കൈതൊഴിലുകാർക്കും താങ്ങാവുന്നതിലും ഉപരിയാണ്.

11. ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രീതികൾ പ്രചരിപ്പിക്കുന്നതിന് ഊർജ്ജസ്വലമല്ല.

12. അർഹരായ മുഴുവൾ ആളുകൾക്കും പെൻഷനുകളും ധനസഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നില്ല

13. എല്ലാ മേഖലയിലുംപ്രവർത്തിക്കുന്ന കൈതൊഴിലുകാർക്ക് ക്ഷേമനിധിയുടെ സഹായം ലഭിക്കുന്നില്ല.

14. മഹിളാസമാജങ്ങൾ അംഗൻവാടികൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഇവ കേന്ദ്രമാക്കിയുള്ള പോഷകാഹാരപ്രതിരോധചികിത്സാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പഞ്ചായത്തുതലപരിപാടി കാര്യക്ഷമമല്ല.

15. അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഏകോപ്പിക്കുന്നതിനോ ഉള്ള പ്രവർത്തനങ്ങൾ നടത്തുന്നില്ല.

## സാധ്യതകൾ

1. ഗ്രാമപഞ്ചായത്ത് മുഖേന ഗ്രാമീണഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പദ്ധതികൾ എല്ലാ കുടുംബത്തിലും ഒരു അംഗമെന്ന ശ്രമത്തിൽ നട

പ്പിലാക്കണം
2 പാർപ്പിട നിർമ്മാണത്തിനുള്ള നിയമനടപടികൾ ലളിതമാക്കുകയും ലഘൂകരിക്കുകയും ചെയ്യണം .
3 സർക്കാർ ഭൂമികൈയേറിയുള്ള ഭവനനിർമ്മാണം നിലവിലുള്ള നിയമം മൂലം നിരോധിക്കുകയും അവരെ സൗകര്യപ്രദമമായ സ്ഥലത്ത് പുനരധിവസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കുകയും വേണം.
4. 9ാം പഞ്ചവത്സര പദ്ധതിയിൽ ഈ പഞ്ചായത്തിലുള്ള എല്ലാ ഓലവീടുകളും ഓടിട്ടവീടാക്കാനുള്ള അടിയന്തരശ്രമം നടക്കണം.
കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപാദനത്തിനും വിതരണത്തിനുമുള്ള പുതിയ സംവിധാനം വഴി ചെലവുകുറഞ്ഞ നിർമ്മിതി ഭവനങ്ങളുടെ നിർമ്മാണ രീതിയുടെ പ്രചരണം പഞ്ചായത്തുകൾക്ക് നടത്താൻകഴിയും ഗ്രാമീണ ബാങ്കിങ്ങ് ഭവനനിർമ്മാണ സഹകരണസംഘം ആസൂത്രിത ഹൗസിംങ്ങ് ഹാബിറ്റാറ്റ് പ്രോഗ്രാം വൃദ്ധ സദനങ്ങൾ കമ്യൂണിറ്റി ലാട്രിനുകൾ, തൊഴിൽ പരിശീലന സ്ഥാപനങ്ങൾ അഗ്രോസർവീസ് സെന്റർ എന്നി സ്ഥാപനങ്ങൾ ഗ്രാമപഞ്ചയാത്തിൽ ആരംഭിക്കുന്നതുവഴി ഒട്ടേറെ നിലവിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരംകണ്ടെത്താൻ കഴിയും.

## സാമൂഹ്യക്ഷേമം

6. ജനറൽ വിഭാഗത്തിൽപ്പെട്ട അംഗൻവാടികൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് നൽകുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം
7. സ്ക്കൂളുകൾക്ക് ഉച്ചകഞ്ഞിക്ക് പഞ്ചായത്തിൽനിന്നും സഹായം നൽകുന്നതുപോലെ അംഗൻവാടികൾക്കും നൽകണം
8. അംഗൻവാടിയിലെ ഹാജർ നില മെച്ചപ്പെടുത്തുന്നതിന് ഒരുവർഷമെങ്കിലും പ്രീ സ്ക്കൂൾ വിദ്യാഭ്യാസം നിർബന്ധമാക്കി അവിടുത്തെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ 1 ാം ക്ലാസിൽ ചേർക്കാവൂ.
4. അംഗൻവാടി പ്രവർത്തകരുടെ സേവനവ്യവസ്ഥകൾ കാലാനുസൃതമായി മെച്ചപ്പെടുത്തണം.

9 ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടക്കുന്ന ജനകീയാസൂത്രണം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങളെ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തി ജനപങ്കാളിത്തത്തോടെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം ധീരമായ് നാം താണ്ടിയ വഴികൾ അഭിമാനപൂർവ്വം ഇവിടെ സ്മരിക്കാം വമ്പിച്ച ബാധ്യതകൾ ഏറ്റെടുക്കാൻ അവ നമ്മെ കരുത്തരാകട്ടെ നമുക്കൊരുമിച്ച് മുന്നേറാം.!!

ഗ്രാമവികസനത്തിന്റെ ചാലകശക്തിയായ പഞ്ചായത്തുകളുടെ സമ്പത്തിനെ പരമാവധി പ്രയോജനപ്പെടുത്തി ആ സ്വപ്നം സാക്ഷാത്കരിക്കാം സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം.

രാഷ്ട്രത്തിനു വേണ്ടി പരിശീലനം നേടുക- രാഷ്ട്രത്തേയും പ്രകൃതിയേയും സ്നേഹിക്കുക ഇതാണ് വിദ്യഭ്യാസത്തിന്റെ അർത്ഥം.

കൗടില്യൻ

---

കർമ്മരാഹിത്യം ആരോഗ്യമുള്ള മനുഷ്യന്റെ ഏറ്റവും വലിയ ദുഃഖമാണ്.

ജോൺ ഡ്യൂയി

ട്രൈസം തൊഴിൽ പരിശീലനത്തിന് രണ്ടു സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ ജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ സ്ഥാപനങ്ങൾ പരിമിതമാണെന്ന് കാണാം.

**പട്ടിക (6) ട്രൈസം പരിശീലനം ലഭിച്ചവരുടെ വിവരം**

| വാർഡ് നമ്പർ | | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | വേയ്ജ് എംപ്ലോയ്ഡ് |
|---|---|---|---|---|---|
| I | 1) | കരകൗശലം | 4 | 4 | - |
| | 2) | പ്രിന്റിങ്ങ് & കമ്പോസിങ്ങ് | 2 | | 2 |
| II | 1) | കരകൗശലം | 1 | 1 | - |
| | 2) | നെയ്ത്ത് | 1 | 1 | - |
| III | 1) | കരകൗശലം | 1 | - | 1 |
| | 2) | നെയ്ത്ത് | 1 | 1 | - |
| | 3) | കൊല്ലപ്പണി | 1 | - | 1 |
| IV | 1) | കുടനിർമ്മാണം | 1 | - | 1 |
| V | | - | - | - | - |
| VI | 1) | അച്ചടി | 2 | - | 2 |
| | 2) | തുന്നൽ | 1 | 1 | - |
| | 3) | കൈത്തറി | 1 | - | 1 |
| VII | 1) | നെയ്ത്ത് | 1 | - | 1 |
| VIII | | - | - | - | - |
| IX | 1) | കരകൗശലം | 3 | 1 | 2 |
| | 2) | അച്ചടി | 1 | - | 1 |
| | | കൊല്ലപ്പണി | 1 | - | 1 |
| | | ടി. വി. , റേഡിയോ റിപ്പയറിങ്ങ് | 1 | - | 1 |
| X | 1) | കൈത്തറി | 3 | 2 | 1 |

പഞ്ചായത്തിൽ തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ആയതിനാൽ പരിശീലനം കഴിഞ്ഞ് പുറത്തുവരുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം

**പട്ടിക (7) അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം.**

| നമ്പർ | വിദ്യാഭ്യാസം | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | എസ്. എസ്. എൽ. സി വരെ | 785 | 1623 | 3408 |
| 2 | എസ്. എസ്. എൽ. സി. | 802 | 711 | 1513 |
| 3 | പ്രീഡിഗ്രി | 536 | 487 | 1023 |
| 4 | ഡിഗ്രി | 75 | 115 | 190 |
| 5 | ടി. ടി. സി. | 13 | 18 | 31 |
| 6 | ബി. എഡ് | 10 | 13 | 23 |
| 7 | ടൈപ്പ് റൈറ്റിങ്ങ് | 108 | 151 | 259 |
| 8 | തുന്നൽ | 45 | 78 | 123 |
| 9 | ഐ. ടി. ഐ | 16 | 8 | 24 |
| 10 | എച്ച്. ഡി. സി. | 2 | 2 | 4 |
| 11 | കംപ്യൂട്ടർ കോർഡ് | 8 | 7 | 15 |
| 12 | എൻജിനീയറിങ്ങ് | 1 | - | 1 |
| 13 | എം. ബി. ബി. എസ്. | 3 | 3 | 6 |

വ്യവസായിക മേഖലയ്ക്ക് പ്രയോജനപ്പെടുമാറ് തൊഴിൽ ഉറപ്പുവരുത്തുന്ന ഐ.ടി.ഐ പോലുള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിക്കണം.
ഗ്രാമീണ കൈത്തൊഴിലാളികൾ ധാരാളമുള്ള ഒരു പഞ്ചായത്താണിത്. ആ നിലക്ക് പരമ്പരാഗത കൈത്തൊഴിലുകളെ സഹായിക്കുന്നതിന് 'ഗ്രാമീണ ബാങ്കിംഗ് ' ആവിഷ്ക്കരിക്കേണ്ടതുണ്ട്. കാർഷിക മേഖലയെ പരിപോക്ഷിപ്പിക്കുന്നതിന് ഒരു 'അഗ്രോ സർവ്വീസ് സെൻററും' ആരംഭിക്കേണ്ടതായുണ്ട്.

**പട്ടിക (8)**
**തൊഴിൽ മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ.**

| നമ്പർ | തൊഴിൽമേഖല | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 | കാർഷികമേഖല | 2317 | 3472 | 5789 |
| 2 | വ്യവസായമേഖല | 640 | 78 | 718 |
| 3 | പരമ്പരാഗത കൈത്തൊഴിൽ മേഖല | | | |
| | 1) കൈത്തറി | | | |
| | 2) ആർട്ടിസാൻസ് | | | |
| 4 | കുടിൽവ്യവസായം | | | |
| | 1) മലർ | 15 | 60 | 75 |
| | 2) തീപ്പെട്ടി | 35 | 175 | 290 |
| | 3) ചർക്ക | 4 | 23 | 27 |
| | 4) സോപ്പ് നിർമ്മാണം | | | |

പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പണിയെടുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമനിധിയുടെ സഹായം ഉറപ്പുവരുത്തണം. ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന രീതി ഇപ്പോൾതന്നെ നിലവിലുണ്ടെങ്കിലും ആവശ്യമായ എല്ലാതൊഴിലാളികൾക്കും അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

പട്ടിക 9

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ ലഭിച്ചവരുടെ ഉപകരണങ്ങൾ

| വാർഡ് നമ്പർ | ഐ ആർ ഡി പി ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | സഹായം ലഭിക്കാൻ അർഹതയുള്ളവുരെ എണ്ണം |
|---|---|---|---|
| 1 | 23 | 3 | 20 |
| II | 18 | 3 | 15 |
| III | 40 | 5 | 35 |
| IV | 27 | 2 | 25 |
| V | 23 | 1 | 22 |
| VI | 49 | 2 | 47 |
| VII | 12 | 2 | 10 |
| VIII | 2 | 2 | 10 |
| IX | 22 | 1 | 21 |
| X | 30 | - | 30 |

പട്ടിക (9) അനുസരിച്ച് ആധുനിക ഉപകരണങ്ങൾ ലഭിച്ചവരുടെ ആകെ എണ്ണം 21 ആണ് കണക്ക് അനുസരിച്ച് 235 അർഹതയുള്ളവരുണ്ടെങ്കിലും അവരുടെ തൊഴിൽ സാധ്യതക്ക് ആവശ്യമായ ഉപകരങ്ങൾ ലഭ്യക്കണം.വിഗലാംഗകരെ സംബന്ധിച്ചുള്ള പഞ്ചായത്തിലെ സ്ഥിതിവിവരകണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. ആകെയുള്ള 166 വികലാംഗരിൽ 92 പുരുഷൻമാരുടെ 74 സ്ത്രികളുമാണ്. 18 വയസിനുമേലെയുള്ളവർ 149 വിഗലാംഗരുണ്ട്. ഇവരെ വ്യവസായമേഖലകളിലേക്കും മറ്റു തൊഴിൽ മേഖലയിലേക്കും. തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നൽകുകയും വേണം

പട്ടിക (10) വിഗലാംഗരെ സംബന്ധിച്ച് വിവരങ്ങൾ

| 0 - 5 | | 5-10 | | 10-18 | | 18-25 | | 25-45 | | 45-60 | | 60 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രി | പു | സ്ത്രി | പു | സ്ത്രി | പു | സ്ത്രി | പു | സ്ത്രി | പു | സ്ത്രി | [illegible] | [illegible] |
| 3 | 2 | 6 | 6 | 13 | 9 | 16 | 16 | 22 | 16 | 27 | 21 | 3 | 4 |

ആകെ - 166


സംസ്കാരം

## സാംസ്ക്കാരികം

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ മലബാറിൻെറയും കൊച്ചിയുടെയും അതിരായ ഭാരതപ്പുഴയുടെ കുളിർക്കാറ്റിൽ മയങ്ങുന്ന ഈ പ്രദേശം പ്രകൃതിദേവിയുടെ കളിയരങ്ങാണെന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. തൃശൂർ ജില്ലയുടെ വടക്കുകിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന തിരുവില്വാമല പഞ്ചായത്ത്, കണിയാർക്കോട്, തിരുവില്വാമല, പാമ്പാടി എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്. 37.94 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 24175 ആകുന്നു.

കേരളനാടിൻെറ പ്രകൃതി സൗന്ദര്യവർണ്ണനയിലെ നെടുംതൂണായ നിളാനദിയാലും ഇന്ന് 'ചീരക്കുഴിപ്പുഴ' എന്ന റിയപ്പെടുന്ന നദിയാലും മൂന്നുഭാഗവും വലയം ചെയ്യപ്പെട്ട, ഒരു ഉപദ്വീപിൻെറ മാതൃകയിൽ, നെടുനീളത്തിൽ വിലസുന്ന മലയും, മലമുകളിൽ വിലസുന്ന ശ്രീ വില്വാദ്രിനാഥക്ഷേത്രവും, ആയിക്കൊണ്ട് പ്രകൃതിഭംഗിയിൽ പൂർണ്ണത നേടിയ ഈ പ്രദേശം "പേരാറ്റുവീഥി മുവ്വായിരനാട്ടി"ലെ പ്രദേശത്തിൻെറ ഭാഗമായിട്ടാണത്രെ അറിയപ്പെട്ടിരുന്നത്.

ആദ്യകാലത്ത് 'കാവുകളും' കാവുകളെ ചുറ്റിപ്പറ്റിയുള്ള 'തറക്കൂട്ടങ്ങളും' നിലനിന്നിരുന്ന കാലഘട്ടത്തിലെ 'ക്ഷേത്രസങ്കേത'ങ്ങളിലൊന്നായിരുന്ന തിരുവില്വാമല ക്ഷേത്രം സ്ഥിതി ചെയ്യുന്നതിനാൽ 'പ്രാചീന റിപ്പബ്ലിക്' സംവിധാനം ക്ഷേത്രപരിസരങ്ങളിൽ നിലനിന്നു പോന്നതായി കാണാം. അതായത് 'തറക്കൂട്ടം' യോഗങ്ങളിൽ പരിസരവാസികൾ തന്നെ ഒരു ഭരണാധികാരിയെ തെരഞ്ഞെടുക്കുകയും പ്രദേശത്ത് ഭരണം അയാളിൽ നിക്ഷിപ്തമാവുകയും ചെയ്തിരുന്ന കാലം നിലനിന്നതായി ചരിത്രം പറഞ്ഞുതരുന്നു.

തിരുവില്വാമല എന്ന നാമധേയത്തിനു പിന്നിൽ പല ഐതിഹ്യങ്ങളും നിലനിൽക്കുന്നുവെങ്കിലും സ്ഥലനാമഗവേഷകരിൽ ചിലർ, വിണ്ട വായുള്ള മല - വിൾവായ്മല - വില്വാമല എന്നെല്ലാം ഈ ദേശനാമം വിശദമാക്കാൻ ശ്രമിച്ചതായി കാണാം. തിരുവില്വാമല മഹാക്ഷേത്രത്തിനു താഴെ ഒരു ഗുഹയുണ്ടെന്നും ആ ഗുഹയിൽ ഇന്നും പൊന്നിൻ വില്വ (കൂവളം) മുണ്ടെന്നും പരിസരവാസികൾ ഇന്നും പ്രബലമായി വിശ്വസിക്കുന്നതിനാൽ ഈ 'വില്വ'ത്തെയും 'അമലത്വ'ത്തെയും മാറ്റിനിർത്തി ഒരു തിരുവില്വാമലയെ സങ്കൽപിക്കുക തന്നെ പ്രയാസമാണ്.

നാലുപുറത്തുള്ള പെരിങ്ങോട്ടുക്കുറിശ്ശി തോട്, പഴമ്പാലക്കോട് തോട്, ചീരക്കുഴിപ്പുഴ, ഭാരതപ്പുഴ ഇവയിലൂടെ ഈ പ്രദേശത്തേയ്ക്ക് തോണിവഴി സൗകര്യം ഉണ്ടായിരുന്നുവെങ്കിലും പുറംലോകവുമായുള്ള സമ്പർക്കം കുറവായിരുന്നു.

ഉപദ്വീപിൻെറ മാതൃകയിൽ ഒറ്റപ്പെട്ടുകിടന്നിരുന്ന ഈ പഞ്ചായത്തിന് ശാപമോക്ഷം ലഭിക്കുന്നത് 1927-ൽ "രാമവർമ്മ ബ്രിഡ്ജ്" എന്ന പേരിൽ ചീരക്കുഴിപ്പാലം നിലവിൽ നന്നതോടുകൂടിയാണ്. ശ്രീമാൻ ടി. എസ്. നാരായണഅയ്യരാൽ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട ഈ പാലം മൂലം പുറംലോകവുമായുള്ള സമ്പർക്കത്തിന് ഒരു സുഗമമാർഗ്ഗം തെളിഞ്ഞുവന്നു. പിന്നീട് നാലുഭാഗത്തും പാലങ്ങൾ വന്നതോടുകൂടി ഈ പ്രദേശം വികാസം പ്രാപിച്ചു വരുന്നതായി കാണാം.

## സാംസ്ക്കാരിക പൈതൃകം

അക്കാലഘട്ടങ്ങളിൽ തിരുവില്വാമല പഞ്ചായത്തിലെ മൊത്തം പ്രദേശം ഏകദേശം മുപ്പതോളം ഭൂപ്രഭുക്കൻമാരുടേതായിരുന്നുവത്രെ. ഈ പ്രദേശത്തിൻെറ പല മേഖലയിലുള്ള വികാസങ്ങൾക്ക് മുഖ്യകാരണക്കാരിലൊരാളായ കൂട്ടാല നാരായണൻ നായരായിരുന്നു ഈ പഞ്ചായത്തിൻെറ ശാസ്ത്രീയവികാസങ്ങൾക്ക് കളമൊരുക്കിയ പിതാവ്. ബ്രിട്ടീഷ് ഗവണ്മെൻറിൽ നിന്നും മുൻ 'കൊച്ചി പ്രധാന മന്ത്രി റാവുബഹദൂർസ്ഥാനം' നേടിയെടുത്തുകൊണ്ട്, 1934-ൽ നിയമസഭയിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ട, കൂട്ടാല നാരായണൻ നായരുടെ മകനായ റ്റി. കെ. നായർ എന്ന മഹാന് ജന്മംകൊടുത്ത പ്രദേശമാണ് തിരുവില്വാമല.

ജന്മിത്വത്തിൽ നിന്നാണെങ്കിൽ പോലും പഞ്ചവാദ്യം, തായമ്പക, ഇടയ്ക്ക എന്നീ വാദ്യകലകളുടെ ഈറ്റില്ലമാകുവാനുള്ള സൗഭാഗ്യം തിരുവില്ല്വാമല പ്രദേശത്തിനു വന്നു ചേർന്നു. കലാസാംസ്ക്കാരിക രംഗങ്ങളിൽ ഭാരതമൊട്ടാകെ പ്രശസ്തിയാർജ്ജിച്ച പല പ്രമുഖന്മാരും വാണിരുന്ന പ്രദേശമാകുന്നു തിരുവില്വാമല. മഹാകവി ജി. ശങ്കരകുറുപ്പിൻെറ ആദ്യകാല കവിതകൾക്ക് കളമൊരുക്കിയ 'രാക്ഷസപ്പാറ' ഈ മഹാക്ഷേത്രത്തിനു തൊട്ടടുത്താണ്. കേരളത്തിലെ 'നിളയുടെ കവി' എന്നറിയപ്പെടുന്ന മഹാകവി പി. കുഞ്ഞുരാമൻ നായർ പാറി നടക്കുന്നതിനിടയിൽ 'കൂടി'നുള്ള ഇടം കണ്ടെത്തി കുറച്ചുകാലം "സ്ഥിരം മേൽവിലാസം" നേടിയത് ഈ ക്ഷേത്ര പരിസരത്താണ്. മദ്ദളം വെങ്കിച്ചസ്വാമിയും, പിന്നീട് കലാമണ്ഡലം അപ്പുക്കുട്ടിപ്പൊതുവാളും സാധകം ചെയ്തിരുന്ന മദ്ദളത്തിൻെറ മന്ത്രമധുരധ്വാനം ഇന്നും ഇവിടെ അലയടിക്കുന്നുണ്ടാവും. കൊളന്ത രാമസ്വാമി അയ്യരുടെ ചെണ്ടയിലെ 'അടന്തകൂറ്' ഇന്നും ശിഷ്യപരമ്പരയിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കുന്നു. 'തായമ്പക' എന്ന വാദ്യകല ജനകീയമാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച അപ്പുണ്ണിപൊതുവാളുടെ വില്ലിൻമേൽ

തായമ്പക യുടെ നാദം പരമ്പരയിലൂടെ ഇന്നും ഒഴുകുന്നു. ചിന്നക്കുട്ടപ്പൊതുവാളുടെ തിമിലയുടെ നാദം നിലച്ചെങ്കിലും കേശവൻ നായരുടെ തകില് ഇന്നും അരങ്ങു തകർക്കുക തന്നെയാണ്.

ഇന്ത്യ സ്വതന്ത്രയായതോടെ, സാമ്രാജ്യശക്തികളിൽ വൻശക്തിയായിരുന്ന പോർച്ചുഗീസുകാരെ വിരട്ടിയോടിച്ചുകൊണ്ട്, ഗോവ വിമോചനത്തിനു നേതൃത്വം ഏറ്റെടുത്ത 'ജനറൽ കാൻഡ ത്ത് 'നും ജന്മംകൊടുത്തത് തിരുവില്വാമലയാകുന്നു. മറ്റു പ്രമുഖരിലൊരാളായ, കാർഷിക സർവ്വ കലാശാല വൈസ്ചാൻസലർ പദവി അലങ്കരിച്ച നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ I.A.S. ആഫീസർ സി. മാധവമേനോൻ എന്ന വ്യക്തിയുടെ പ്രശസ്തി തിരുവില്വാമലയ്ക്ക് സ്വന്തമാണ്.

കുഞ്ചൻ നമ്പ്യാർക്കും, സഞ്ജയിനും ശേഷം മലയാള സാഹിത്യചരിത്രം കണ്ടെത്തിയ ഹാസ്യസാഹിത്യത്തിലെ അതികായനും, കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് എന്ന നിലയിലും, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ "പ്രത്യേക ശൈലീവല്ലഭൻ" എന്ന നില യിലും ശ്രദ്ധേയനായ ശ്രീ V. K. N. ഈ തിരുവില്വാമല ക്ഷേത്രവട്ടത്ത് ഇരുന്നുകൊണ്ടു തന്നെയാണ് ഇന്നും തൻെറ ഹാസ്യസാഹിത്യസപര്യയിൽ മുഴുകിയിരിക്കുന്നത്.

ചെറുകഥാ രചനയിൽ കേരള സാഹിത്യ അക്കാദമി അവാർഡ് കരസ്ഥമാക്കിക്കൊണ്ട് സർഗ്ഗരചനയിൽ മുഴുകിയിരിക്കുന്ന തിരുവില്വാമല പ്രദേശത്തിലെ 'മാനസി' ഇവിടത്തെ നിവാസികാക്ക് ഹരമായി നിലനില്ക്കുന്നു.

തിരുവില്വാമല പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1881-ാം വർഷത്തിൽ മലവട്ടത്ത് ഒരു ഓലപ്പുരയിലാണ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പട്ടിപ്പറമ്പിലും, തിരുവില്വാമലയിലും, എരവത്തൊടിയിലും, കുത്താമ്പുള്ളിയിലും വിദ്യാലയങ്ങാ വന്നതോടെ സാക്ഷരത ഏതാണ്ട് തൊണ്ണൂറ്റിഅഞ്ച് ശതമാനമായി ഉയർന്നു കാണുന്നു.

തിരുവില്വാമല പഞ്ചായത്തിൻെറ പടിഞ്ഞാറേ അറ്റത്ത്, ഔദ്യോഗികമായി മലയാളഭാഷ ഉപയോഗിക്കുന്നുണ്ടെങ്കിലും കന്നഡ ഭാഷ പ്രയോഗിക്കുന്ന, എണ്ണൂറോളം കുടുംബങ്ങാ താമസിക്കുന്ന കുത്താമ്പുള്ളി ഗ്രാമത്തിന് അതിൻേറതായ പ്രത്യേകതകാ നിലനില്ക്കുന്നു. പരമ്പരാഗതമായി കൈത്തറി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഈ സമൂഹം പണ്ടെങ്ങോ കർണ്ണാടക സംസ്ഥാനത്തിൽ നിന്നും കുടിയേറിപ്പാർത്തതായി അറിയുന്നു. 1930-ൽ തൃപ്പൂണിത്തറ കൊട്ടാരത്തിലെ കസവു തുണി നിർമ്മാണത്തിനായി ഇവിടെനിന്നും വിദഗ്ദ്ധരെ ക്ഷണിച്ചിരുന്നതായും രേഖകാ പറയുന്നു. ഇവിടത്തെ സംസ്ക്കാരം കർണ്ണാടക സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന നിലയിലാണ് കാണപ്പെട്ടു വരുന്നത്. മാത്രമല്ല വാണിജ്യ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഇവിടത്തെ ഉത്പന്നങ്ങാ കേരളത്തിലെന്നല്ല, ഇന്ത്യയിലൊട്ടാകെ എത്തുന്നുവെന്നതാണ് യാഥാർത്ഥ്യം. പ്രാചീന ചരിത്രത്തിലെ 'തറക്കൂട്ടം' മാതൃകയിലുള്ള 'യോഗം കൂടൽ' ഇന്നും ഇവിടെ നിലനില്ക്കുന്നു. മാറി വരുന്ന സാംസ്ക്കാരിക ഘടനയാൽ ഇവിടത്തെ 'തറക്കൂട്ടങ്ങ'ളുടെ പ്രസക്തി ക്ഷയിച്ചുവരുന്നതായി കാണാം.

തിരുവില്വാമല പഞ്ചായത്തിലെ എരവത്തൊടി ഭാഗത്തുള്ള, തമിഴ് ഭാഷ പ്രയോഗിക്കുന്ന, അറുനൂറോളം കുടുംബങ്ങാ ഒരുമിച്ചു പാർക്കുന്ന മുതലിയാർമാരാണ് വേറിട്ടു നിൽക്കുന്ന മറ്റൊരു സമൂഹം. "ശെങ്കുന്തർ മുതലിയാർ" എന്നറിയപ്പെടുന്ന ഈ വിഭാഗം രാജഭരണകാലത്ത് യോദ്ധാക്കളായിരുന്നുവത്രെ. ചേരചോളരാജാക്കന്മാരുടെ യുദ്ധകാലത്ത് ഇവിടങ്ങളിലേയ്ക്ക് കുടിയേറിപ്പാർത്തവർ എന്നറിയപ്പെടുന്നു. കൈത്തറി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഈ സമൂഹത്തിൻെറ ആത്മാർത്ഥമായ സഹകരണ മനോഭാവംമൂലം ആദ്യമായി തിരുവില്വാമല പഞ്ചായത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കുവാനുള്ള മുഹൂർത്തം വന്നു ഭവിച്ചു. ഇവിടത്തെ സംസ്ക്കാരം തമിഴ്നാടിനെ പ്രതിനിധീകരിക്കുന്ന നിലയിൽ കാണപ്പെടുന്നു.

നൂറ്റമ്പതോളം കുടുംബങ്ങാ പാർക്കുന്ന ആക്കപ്പറമ്പിലെ '24 മന ശെട്ട്യാന്മാരും', നൂറ്റമ്പതോളം കുടുംബങ്ങാ പാർക്കുന്ന പട്ടിപ്പറമ്പിലെ 'നായിഡു'മാരും ചേർന്ന സമൂഹമാണ് മറ്റൊരു പ്രത്യേകതയാർന്ന സമൂഹം. ഇവിടെയും മലയാള ഭാഷയാണ് ഔദ്യോഗികമെങ്കിലും, തെലുങ്കുഭാഷ പ്രയോഗിക്കുന്ന ഈ സമൂഹത്തിനിടയിലെ നന്മതിന്മകളെ വിശകലനം ചെയ്തുകൊണ്ട് പരിഹാരം കണ്ടുപോരുന്ന ഒരു സദ്ഗുണ സംസ്ക്കാരം ഇവിടെ ഇന്നും നിലനിൽക്കുന്നതായി കാണാം. ആന്ധ്രാപ്രദേശത്തിനെ പ്രതിനിധീകരിക്കുന്ന രീതിയിലുള്ള സംസ്ക്കാരം ഈ പ്രദേശത്തു നിലനിന്നുപോരുന്നു.

തിരുവില്വാമല പഞ്ചായത്തിനെ മൊത്തം കണ്ണോടിക്കുമ്പോാ ദക്ഷിണേന്ത്യയിലെ നാലു സംസ്ഥാനങ്ങളെയും അതേരൂപത്തിലും ഭാവത്തിലും ഉാക്കൊണ്ടിരിക്കുന്ന ഒരു "മിനി ദക്ഷിണേന്ത്യ"യായി കാണുവാൻ സാധിക്കുന്നു.

മലബാറിൽ നിന്നും കുടിയേറിയ മുസ്ലീം കുടുംബങ്ങളും തിരുവിതാംകൂറിൽ നിന്നുമുള്ള കുടിയേറ്റക്കാലത്ത് ഇവിടെ കുടിയേറിപ്പാർത്ത കൃസ്ത്യൻ കുടുംബങ്ങളും ഈ പ്രദേശത്തിൻെറ ഉന്നമനത്തിന് മർമ്മപ്രധാനമായ പങ്കു

വഹിച്ചതായും കാണപ്പെടുന്നു. വാണിജ്യരംഗത്ത് മുസ്ലീം കുടുംബങ്ങളുടെ സജീവമായ പങ്കാളിത്തം മൂലം തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നത് ഒരു വസ്തുതയാകുന്നു.

കുടിയേറിപ്പാർത്ത കൃസ്ത്യാനികളാണ് ഇവിടത്തെ കൃഷി പോഷിപ്പിച്ചതും, അദ്ധ്വാനവർഗ്ഗത്തിന് മാതൃകയായി നിന്നുകൊണ്ട് ഈ പ്രദേശത്തുകാർക്ക് കൃഷിയിൽ ഉത്തേ ജനം നൽകിയവരെന്നും പറയുന്നതിൽ അതിശയോക്തിയില്ലെന്നുവേണം കരുതുവാൻ. ഇവിടത്തെ റബ്ബർ കൃഷിയുടെ ആരംഭം തന്നെ ഇവരുടെ കുടിയേറ്റത്തിനുശേഷമാണെന്നു പറയാം.

തിരുവില്വാമല പഞ്ചായത്തിൻെറ പ്രദേശം ഒരു മദ്യവർജ്ജിത മേഖലയല്ല എങ്കിലും ഈ പ്രദേശത്ത് ധാരാളം കൃഷി ചെയ്യുന്ന തെങ്ങുകളിൽ നിന്നും പനകളിൽ നിന്നും 'കള്ള്' എന്ന മദ്യം അന്നും ഇന്നും ചെത്തിയെടുക്കാറില്ല എന്ന യാഥാർത്ഥ്യമറിയുമ്പോൾ തന്നെ തനതായ സംസ്ക്കാരം വച്ചു പുലർത്തുന്ന പ്രദേശമാണിത് എന്നു കാണാം.

മറ്റു പ്രദേശങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ തിരുവില്വാമലയുടെ സംസ്ക്കാരം വേറിട്ടു നിൽക്കുന്നതായി കാണാം.

## ജാതിമത ഘടന

ഇവിടത്തെ ജനസംഖ്യയിൽ സിംഹഭാഗവും ഹിന്ദുക്കളാണ്. ഏകദേശം 19,185 പേർ ഹിന്ദുക്കളായും 3175 പേർ മുസ്ലീംങ്ങളായും 1815 പേർ കൃസ്ത്യാനികളായും കാണപ്പെടുന്നു. മൊത്തം ജനസംഖ്യ 24,175 ആകുന്നു.

നാടുവാഴി പ്രഭുക്കളുടെ പാമ്പര്യകണ്ണികൾ ഇന്നും നിലനില്ക്കുന്നതിനാൽ, ഹിന്ദുക്കളിൽ നായർ സമുദായക്കാർ ആണ് ഇപ്പോഴും ഭൂരിഭാഗവും കണ്ടുവരുന്നത്. പിന്നെ ഈ പ്രദേശത്തുള്ള പട്ടികജാതിക്കാരാണ് മുൻപന്തിയിൽ. ഈഴവന്മാർ, എഴുത്തച്ഛന്മാർ, നമ്പൂതിരിമാർ, തമിഴ് ബ്രാഹ്മണർ, നായ്ക്കർ, ആശാരിമാർ, തട്ടാന്മാർ, കൈക്കോളർ, പണ്ഡിതർ, സാംബവർ, കുമ്പാരന്മാർ, തോൽക്കൊല്ലൻ എന്നിങ്ങനെയുള്ള സമുദായക്കാരും ഇവിടെ വസിച്ചുവരുന്നു.

ഈ പ്രദേശത്ത് പ്രത്യേകതയാർന്ന മറ്റു സമൂഹങ്ങളും ജീവിച്ചുപോരുന്നു. അതിൽ, 'ദേവാംഗ' എന്ന പേരിലറിയപ്പെടുന്ന നാലായിരത്തോളം ജനങ്ങൾ ഒരുമിച്ച് പാർക്കുന്ന കുത്താമ്പുള്ളി ഗ്രാമവും, "മുതലിയാന്മാർ" എന്ന നാമത്തിലറിയപ്പെടുന്ന മൂവായിരത്തോളം ജനങ്ങൾ ഒരുമിച്ചു വസിക്കുന്ന എരവത്തൊടി ഗ്രാമവും, നായിഡുമാർ എന്ന പേരിലറിയപ്പെടുന്ന ആയിരത്തോളം ജനങ്ങൾ ഒരുമിച്ച് ജീവിക്കുന്ന പട്ടിപ്പറമ്പ് ഗ്രാമവും, "24 മനശെട്ട്യാന്മാർ" എന്ന പേരിലറിയപ്പെടുന്ന ആയിരത്തിരുനൂറോളം ജനങ്ങൾ ഒരുമിച്ചു വസിക്കുന്ന ആക്കപ്പറമ്പ് ഗ്രാമവും ഉൾപ്പെടുന്നു.

പൊതുവെ സൗഹാർദ്ദനിലയിൽ ജീവിച്ചുപോരുന്ന ഗ്രാമീണ ജനതയെ തിരുവില്വാമല പ്രദേശത്ത് നമുക്കു കാണുവാൻ കഴിയുന്നത് ഒരു സവിശേഷതയായി കണക്കാക്കാം.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ

ഉറങ്ങുന്ന മനസ്സുകളുടെ ഉന്മേഷത്തിനും, സാമുദായികമായ ഐക്യം അരക്കിട്ടുറപ്പിക്കുന്നതിനും, വിനിമയ മാർഗ്ഗത്തിലൂടെ ഒട്ടേറെ സാധ്യതകൾക്കു വഴിതെളിക്കുന്നതിനും ദേശീയ ഐക്യബോധത്തിനുള്ള വഴിത്താരയായും ഉതകുന്ന തരത്തിലുള്ള ഉത്സവങ്ങളും ആഘോഷങ്ങളും ഈ പ്രദേശങ്ങളിൽ നടത്തിവരുന്നു. കേരളത്തിലെ എല്ലാ ജനങ്ങളുടെയും ശ്രദ്ധയാകർഷിക്കുന്ന രീതിയിലാണെന്നതാണ് ഇവിടത്തെ ഉത്സവങ്ങൾക്കുള്ള പ്രാധാന്യം. അയൽ സംസ്ഥാനങ്ങളിലെ ജനങ്ങളെയടക്കം ആഗതരാക്കുന്ന ഉത്സവങ്ങൾ ഇവിടെ കൊടിയേറുന്നു.

## തിരുവില്വാമല ക്ഷേത്രം

### (ശ്രീവില്വാദ്രിനാഥക്ഷേത്രം)

'പേരാറ്റുവീഥി മുവ്വായിര' നാട്ടിലെ പ്രദേശത്തിലായിരുന്ന തിരുവില്വാമല ക്ഷേത്രം, വിരലിലെണ്ണാവുന്ന ക്ഷേത്ര സങ്കേതങ്ങളിലൊന്നായിരുന്നു. 'തറക്കൂട്ടം' സംസ്ക്കാരം നിലനിന്നിരുന്ന കാലഘട്ടത്തിലെ ക്ഷേത്രമാണല്ലോയിത്. പ്രദേശത്തിൻെറ ഭരണം ഈ സങ്കേതത്തെ കേന്ദ്രബിന്ദുവാക്കികൊണ്ടുള്ളതായിരുന്നു. ആയതിനാൽ തന്നെ അന്ന ത്തെ ഈ ക്ഷേത്രം ആരാധനാലയം മാത്രമായിരുന്നില്ല, അക്കാലയളവിലെ പരിഷ്കൃതമായ ഭരണ സമിതിയുടെ 'കൂട'വും ആയിരുന്നു. ഈ ക്ഷേത്ര സങ്കേതത്തിൻെറ സാന്നിധ്യമുണ്ടായിരുന്നതിനാൽ, രാജ്യത്ത് കലാപങ്ങളും നാടുവാഴികളും, രാജാക്കന്മാരുടെ പരസ്പര മത്സരത്തിനിടയിലും, ഈ പ്രദേശം പൊതുവെ പ്രശാന്തത നിറഞ്ഞതും പ്രസന്നതയുമുള്ളതായിരുന്നു.

ആദ്യകാലത്ത് ഈ ക്ഷേത്ര സങ്കേതം *"സ്വയംഭുക്കൾ" **"രാജനിർമ്മിതം" എന്നീ രണ്ടിനങ്ങളിലെ രണ്ടാ

* സ്വയംഭുക്കൾ:- നമ്പൂതിരി ആധിപത്യത്തിലുണ്ടായിരുന്ന സങ്കേതം

** രാജനിർമ്മിതം:- ഭരണയോഗത്തിൽ രാജാവിനു സ്ഥാനമുണ്ടായിരുന്ന സങ്കേതം

മത്തേതായിരുന്നുവത്രെ. 'പരശുടയവര' എന്ന ചില മൂസ്സ തുമാരുടെ ഉടമസ്ഥതയിലായിരുന്നുവത്രെ ഈ ക്ഷേത്രം.

ശങ്കരണത്ത്, കിഴക്കത്ത്, പാവത്ത്, കണങ്ങത്ത്, എരെടത്ത് എന്നീ ഊരായ്മക്കാരുടെയും അണ്ണത്ത്, ഇക്ക രത്ത്, പൊള്ളത്ത് എന്നീ കാരായ്മക്കാരുടെയും വകയായിരുന്നു.

ശക്തൻ തമ്പുരാൻെറ കാലത്ത് ഈ ക്ഷേത്രത്തെ ചൊല്ലി സാമൂതിരിയും കൊച്ചിയും തമ്മിൽ ഉഗ്രമത്സരം തന്നെ നടന്നിരുന്നു. അന്ത്യത്തിൽ 'മലബാർ കമ്മീഷണർ'മാരുടെ മദ്ധ്യസ്ഥതയിൽ കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാൻെറ കീഴിലെ ക്ഷേത്രസങ്കേതമായി മാറുകയും ചെയ്തുവത്രെ.

പിന്നീട് "സുബ്ബൻ പട്ടരപാട്ടാളി"യുടെ ഉടമസ്ഥതയിലായിരുന്ന കാലത്ത് ഈ സദ്ഗുണ സാംസ്ക്കാരിക കേന്ദ്രം ശക്തൻ തമ്പുരൻ 'പണ്ടാരവക' യായി പ്രഖ്യാപിക്കുകയും അങ്ങനെ കൊച്ചിൻ ദേവസ്വത്തിൻെറ കീഴിലാവുകയും ചെയ്തുവെന്ന് ചരിത്രം അനുമാനിക്കുന്നു.

മലയാളവർഷം 969 മീനമാസം 21-ന ശ്രീ ശക്തൻ തമ്പുരാൻ തന്നെ എഴുതിയ 'തീട്ടൂരത്തിൽ' ക്ഷേത്രത്തിൻെറ ഉത്ഭവത്തെ കുറിച്ച് അനുമാനിക്കുവാൻ സാധിച്ചില്ല എന്ന് എഴുതി കാണുന്നു. കേരളചരിത്രത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു പശ്ചാത്തലം തിരുവില്വാമല ക്ഷേത്രത്തിനു പിന്നിൽ നിഴലിക്കുന്നുവെന്ന യാഥാർത്ഥ്യം നാം മറക്കാതിരിക്കണം. ഈ ക്ഷേത്രത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങൾ താഴെ പറയുന്നു.

## 1. നിറമാല

എല്ലാവർഷവും കന്നിമാസത്തിലെ ആദ്യവ്യാഴാഴ്ചയാണ് ഈ ആഘോഷം കൊടിയേറാറുള്ളത്. കലാ കേരളത്തിൻെറ നാദബ്രഹ്മങ്ങൾക്ക് ആണ്ടിലൊരിക്കൽ ആരംഭം കുറിക്കുന്ന ആഘോഷമാണിത്. നാദവാദ്യകലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള പ്രശസ്ത കലാകാരന്മാരെല്ലാവരും ഈ ആഘോഷസമയത്ത് അരങ്ങു കയറുകയും, അങ്ങനെ വഴിപാടു ചെയ്ത് സായൂജ്യം അടയുന്ന പതിവ് ഇന്നും നിലനിൽക്കുന്നു. ഏക്കം ഒഴിവാക്കികൊണ്ട് 50-ഓളം ആനകളെ എഴുന്നള്ളിക്കുന്ന പതിവും ഈ ആഘോഷത്തിൻെറ പ്രത്യേകതയാണ്. കേരളത്തിൽ അരങ്ങേറുന്ന എല്ലാ ഉത്സവങ്ങൾക്കും പ്രാരംഭം കുറിക്കുന്ന ഉത്സവമാണ് 'നിറ മാല'. സവർണ്ണർ മാത്രം പങ്കെടുത്തിരുന്ന ഈ ഉത്സവത്തിൽ 1984-ന് ശേഷം മാത്രമാണ് അവർണ്ണരായ കലാകാരന്മാർ ക്ഷേത്രനടയ്ക്കൽ കൊട്ടി തുടങ്ങിയത്.

"ശ്രീ പരശുരാമൻ 21 വട്ടം ക്ഷത്രീയവധം നടത്തിയ പാപത്തിൽ നിന്നും മോചനം നേടുന്നതിനായി ശ്രീ പരമേശ്വരൻെറ അനുഗ്രഹപ്രകാരം പ്രതിഷ്ഠിച്ചതാണ് ശ്രീ വില്ല്വാദ്രിനാഥ ക്ഷേത്രത്തിലെ കിഴക്കേ നടക്കലുള്ള വിഗ്രഹം. എന്നാൽ ഗതികിട്ടാതെ ഉഴലുന്ന ക്ഷത്രീയ പ്രേതങ്ങൾക്കും മറ്റും ഉദ്ഗതിക്ക് ഒരു വഴിയാകണം എന്നു കരുതിയാണ് ഇവിടെ ഭൂതമലയ്ക്കും, വില്ല്വമലയ്ക്കും ഇടയ്ക്ക് ഒരു പുനർജ്ജനി നിർമ്മിച്ചത്. ഈ പുനർജ്ജനി (ഗുഹ) യിൽ പ്രവേശിച്ച് ജന്മദുരിതം നശിച്ച ആത്മാവിന് ശ്രീ വില്ല്വാദ്രിനാഥ പദദർശനംകൊണ്ട് മുക്തിനേടാമെന്ന" ഒരു ഐതിഹ്യം നിലനിൽക്കുന്നു.

ഈ ഐതിഹ്യത്തിൻെറ പശ്ചാത്തലത്തിൽ ഇന്നും കേരളത്തിലെ നാനാഭാഗങ്ങളിൽ നിന്നും, ഭക്തജനങ്ങൾ ഈ ഏകാശി നാളിൽ ഇവിടെ വന്ന് തജ്ജന്മത്തിലെ പാപങ്ങൾ കഴുകി നിവൃത്തി നേടി വരുന്നു.

## 3. കുംഭത്തിലെ ഏകാദശി

എല്ലാ കൊല്ലവും കുംഭമാസത്തിൽ അരങ്ങേറുന്ന ഈ ഉത്സവമാണ് വില്ല്വാദ്രിനാഥ ക്ഷേത്രത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഉത്സവം. കേരളനാട്ടിൽ നിലനിന്നുപോരുന്ന എല്ലാ ഉത്സവങ്ങളിൽ നിന്നും തനതായ ദിവ്യമഹിമയോടെ വേറിട്ടു നിൽക്കുന്ന ഈ ഉത്സവം തിരുവില്ല്വാമല പ്രദേശത്തിലെ ഏവരും ഒരുപോലെ ആഘോഷിക്കുന്ന ഉത്സവമാണ്.

ഏകാദശിയോടനുബന്ധിച്ച് 'ലക്ഷാർച്ചന', അഷ്ടമി നാളുകളിൽ അടുത്ത കുറേ കൊല്ലങ്ങളായി നടത്തിവരുന്ന 'അന്നദാനം' എന്നിവയാണ് ഈ ഉത്സവത്തിന് ഇത്രയേറെ ജനശ്രദ്ധ ആകർഷിക്കുന്നത്. നൂറുകണക്കിന് പറ ധാന്യം കൊണ്ട് സദ്യ ഒരുക്കുകയും അമ്പലത്തിനു ചുറ്റുമുള്ള വിശാലമായ തറയിൽ നിർമ്മിക്കുന്ന പനമ്പു പന്തലിൽ കേരളത്തിലെ എല്ലാ കോണുകളിൽ നിന്നുമെത്തുന്ന ജനങ്ങൾക്ക് അന്നദാനം നടത്തുകയും ചെയ്യുന്ന പതിവ് ഇന്നും നിലനിന്നുപോരുന്നു.

## 4. പറക്കോട്ടുകാവ്

ദ്രാവിഡ സംസ്കാരത്തിൻെറ തനിമ ഉൾക്കൊണ്ടു കൊണ്ടുള്ള കേരളത്തിലെ പ്രധാന ഉത്സവങ്ങളിൽ ഒന്നാണ് ഇത്. എല്ലാ കൊല്ലവും മേടമാസത്തിലെ ഒടുവിലത്തെ ഞായറാഴ്ചയാണ് പറക്കോട്ടുകാവ് താലപ്പൊലി നടത്തി വരാറുള്ളത്. "ആനപൂരം", "വെടിക്കെട്ട്" എന്നിവയാണ് ഇതിൻെറ പ്രധാന ഇനങ്ങൾ. തൃശൂർപൂരത്തിലെ വെടിക്കെട്ടിനെപോലും വെല്ലുവിളിക്കാറുള്ള ഇവിടത്തേത് ഭാരതത്തിൽ തന്നെ അപൂർവ്വമായി മാത്രം കാണുവാൻ സാധിക്കുന്ന ഒന്നാണ്. വില്ല്വമലയിലെ പാറക്കെട്ടുകൾക്കിടയിൽ ആയതിനാൽ ആകണം വിസ്മയിപ്പിക്കുന്ന ദൃശ്യമായി മാറുവാൻ ഈ താലപ്പൊലിക്ക് സാധിച്ചത്. കേരളത്തിലെ

എല്ലാ ഭാഗത്തുനിന്നും, അയൽസംസ്ഥാനങ്ങളിൽ നിന്നു പോലും ഈ അതിശയിപ്പിക്കുന്ന ദൃശ്യം കാണുവാൻ ജനങ്ങൾ എത്താറുണ്ട് എന്നതാണ് യാഥാർത്ഥ്യം.

മാത്സര്യ ബുദ്ധിയോടെ പടിഞ്ഞാറ്റുമുറി, കിഴക്കുമുറി, പാമ്പാടി ദേശം എന്നീ മൂന്നു ദേശക്കാർ ചേർന്നു നടത്തുന്ന ഈ താലപ്പൊലിയിൽ തന്നെ ഇവരുടെ കൂട്ടായ്മയും പ്രതിഫലിച്ചുകാണാം. കേരളത്തിലെ എല്ലാ ഹൈന്ദവ ഉത്സവങ്ങൾക്കും, ആഘോഷങ്ങൾക്കും ശേഷം മിക്കവാറും അവ സാനമായി രംഗത്തിൽ എത്തുന്ന ഉത്സവമാണ് പറക്കോട്ടുകാവ് താലപ്പൊലി.

പിന്നേയും ഈ പ്രദേശത്തിന് ഒത്തിരി ക്ഷേത്രങ്ങളും പാമ്പിൻ കാവുകളും ക്രിസ്ത്യൻ പള്ളികളും മുസ്ലീം പള്ളികളും സ്വന്തമായിട്ടുണ്ട്.

1. *ആക്കപ്പറമ്പിലെ മാരിയമ്മൻ കോവിൽ*
2. *പട്ടിപ്പറമ്പ് മാരിയമ്മൻ കോവിൽ*
3. *എരവത്തൊടിയിലെ മാരിയമ്മൻ കോവിലുകൾ*

രണ്ടമ്പലങ്ങളാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്. മിക്കവാറും കുംഭമാസത്തിലാണ് ഇവിടേയും ഉത്സവങ്ങൾ നടത്താറുള്ള പതിവ്. പിന്നെ തമിഴ്നാടിനെ അനുകരിച്ചുകൊണ്ടുള്ള "തൈ പൊങ്കൽ" ഇവിടെ ഗംഭീരമായി ആഘോഷിച്ചുവരുന്നു. ഈ അമ്പലങ്ങളിലൊന്നിന് 400-ലും അധികം വർഷങ്ങൾ പഴക്കമുള്ളതായി അനുമാനിക്കപ്പെടുന്നു.

4. *കുത്താമ്പുള്ളിയിലെ ശ്രീ സൗഡേശ്വരിയമ്മൻ കോവിൽ*

ഒരേ പ്രതിഷ്ഠയുള്ള രണ്ടമ്പലങ്ങളാണിവ. ഈ ക്ഷേത്രത്തിനു കീഴിൽ തനതായ ഒരു "ഗ്രാമപഞ്ചായത്തു" തന്നെ നിലവിലുണ്ട്. ആ സമിതിക്കാണ് ഇതിന്റെ ഭരണ ചുമതല. ഗ്രാമം രണ്ടു ചേരിയായി വർത്തിച്ചുകൊണ്ട് ഈ അമ്പലങ്ങളിലെ ഉത്സവം മാത്സര്യ ബുദ്ധിയോടെ നടത്തുന്നു. കുംഭമാസത്തിലാണ് ഇവിടേയും ഉത്സവം നടത്താറുള്ളത്. "തൈപൊങ്കൽ" ഇവിടേയും ആഘോഷിച്ചുവരുന്നു.

5. *കുത്താമ്പുള്ളിയിലെ മാരിയമ്മൻ കോവിൽ*
6. *കുത്താമ്പുള്ളിയിലെ ശിവക്ഷേത്രം.*

കൊച്ചിൻ ദേവസ്വത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഈ അമ്പലത്തിൽ ഗ്രാമീണതയുടെ പങ്കാളിത്തത്തിലൂടെ "ശിവരാത്രി" ആഘോഷം നടത്തിവരുന്നു.

7. *പാമ്പാടിയിലെ മുസ്ലീം പള്ളി*

1981-ൽ സ്ഥാപിതമായ ഈ പള്ളിയുടെ കീഴിൽ 85-ഓളം കുടുംബങ്ങൾ നിലനിൽക്കുന്നു.

8. *മലേശമംഗലത്തെ മുസ്ലീം പള്ളി*

ഏകദേശം 350-ഓളം കുടുംബങ്ങൾ ഇതിനു കീഴിൽ നിലനിൽക്കുകയും "റംസാൻ", "മുഹ്റം" എന്നീ ആഘോഷങ്ങളും നടത്തിവരുന്നു.

9. *തിരുവില്വാമലയിലെ മുസ്ലീം പള്ളി*

ഏകദേശം 50-ഓളം കുടുംബങ്ങൾ ഇതിനു കീഴിൽ നിലനിൽക്കുന്നു.

10. *പഴമ്പാലക്കോട് കൂട്ടുപാതയിലെ മുസ്ലീംപള്ളി*

ഇതിനു കീഴിലും 50-ഓളം കുടുംബങ്ങൾ ജീവിച്ചു പോരുന്നു.

11. *യാക്കോബക്കാരുടെ ക്രിസ്ത്യൻ പള്ളി*

10 വർഷം പഴക്കമുള്ള ഈ പള്ളിയുടെ കീഴിൽ 150-ഓളം കുടുംബങ്ങൾ നിലനിൽക്കുന്നു.

12. *റോമൻ കത്തോലിക്കരുടെ ക്രിസ്ത്യൻ പള്ളി*

1988-ൽ സ്ഥാപിതമായ ഈ ക്രിസ്ത്യൻ പള്ളിയുടെ കീഴിൽ 110 കുടുംബങ്ങൾ നിലനിൽക്കുന്നു.

13. *S.D.A. ചർച്ച്*

50-ഓളം കുടുംബങ്ങൾ ഇവിടെ സമ്മേളിച്ചുവരുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഇതിനു കീഴിൽ ഉണ്ട്.

ക്രിസ്തുമസ്സ് ആഘോഷം തിരുവില്വാമലയുടെ മൊത്തം ആവേശം ഉൾക്കൊണ്ടുകൊണ്ടുതന്നെ ഇവിടങ്ങളിൽ ആഘോഷിച്ചുവരുന്നു.

14. *ചെറുതൃക്കോവിൽ*
15. *കുണ്ടിൽ അയ്യപ്പ ക്ഷേത്രം*
16. *സായിബാബ ക്ഷേത്രം (ഷിർദ്ദി)*

നിത്യപൂജയോടൊപ്പം എല്ലാ ആഴ്ചകളിലും വ്യാഴാഴ്ച ദിവസം ഈ അമ്പലത്തിൽ 400-ഓളം ജനങ്ങൾക്ക് അന്നദാനം നടത്തിവരുന്നു. അന്നദാനത്തിനായി അന്യനാടുകളിൽ നിന്നും ധാരാളം ധനസഹായം ലഭിച്ചുവരുന്നു.

17. *വേട്ടേക്കാരൻ കാവ്*
18. *മേപ്പാടം ഭഗവതി ക്ഷേത്രം*
19. *പൂതനക്കര ശിവക്ഷേത്രം*
20. *താഴത്തെ മാരിയമ്മൻ കോവിൽ*
21. *ഒരലാശ്ശേരി അയ്യപ്പൻ കാവ്*
22. *സ്വാമേശ്വര ക്ഷേത്രം*
23. *മണ്ണൂർകുന്ന് വിഷ്ണുക്ഷേത്രം*
24. *പാട്ടുപുര ക്ഷേത്രം*
25. *തെഞ്ചീരിക്കാവ്*

*26. ഐവർ മഠം*

*27. പാമ്പാടിയിലെ മാരിയമ്മൻ കോവിൽ*

ശ്രീകൃഷ്ണനാണ് പ്രതിഷ്ഠ. ഈ ക്ഷേത്രത്തെ സംബന്ധിച്ച് പ്രസിദ്ധമായ ഒരു ഐതിഹ്യം നിലവിലുണ്ട്.

"മഹാഭാരതയുദ്ധത്തിനുശേഷം ആയിരക്കണക്കിന് പടയാളികളേയും സ്വന്തം സഹോദരങ്ങളേയും കൊന്നൊടുക്കിയതിന്റെ പാപം തീർക്കുന്നതിനായി, 'പഞ്ചപാണ്ഡവർ' പല പുണ്യ ഇടങ്ങളിൽ നിന്നും പാപമോക്ഷം ലഭിക്കാതെ വന്നപ്പോൾ വേദവ്യാസമഹർഷിയുടെ ഉപദേശപ്രകാരം ഭാരതപുഴയിലെത്തുകയും 'ദർപ്പണം' നടത്തി സായൂജ്യം അടയുകയും ചെയ്തെന്നതാണ്" ഐതിഹ്യം. ഈ ഐതിഹ്യത്തിൽ വിശ്വസിച്ചുകൊണ്ട് കേരളത്തിലെ പല ഭാഗത്തുനിന്നും പിതൃദർപ്പണം നടത്തുന്നതിനായി, അനേകം ജനങ്ങൾ ഇവിടെ എത്തിചേരുന്നു.

## ആചാരങ്ങളും അനുഷ്ഠാനങ്ങളും

തിരുവില്ല്വാമല പ്രദേശത്തിന്റെ ചില പ്രത്യേക മൂലകളിലേക്ക് കടന്നു ചെല്ലുമ്പോൾ ഇന്നും പഴയ അന്ധവിശ്വാസങ്ങളെ താലോലിച്ചു പോരുന്ന അണുസമൂഹങ്ങളെ കാണുവാൻ സാധിക്കും. അതാതു പ്രദേശത്തെ മതപരമായ ആചാരങ്ങളും നിർവിഘ്നം തുടരുന്നു.

## നാടൻ കലകൾ

തിരുവില്ല്വാമല ക്ഷേത്രത്തിന്റെ പ്രശസ്തിയുടെ നിഴലിൽ ഇന്നും ശോഭിച്ചുകൊണ്ടിരിക്കുന്ന പ്രാചീന നാടൻ കലകൾ നിലനിൽക്കുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് പഞ്ചവാദ്യം, തായമ്പക, ചെണ്ട എന്നീ ഇനങ്ങൾ. കൂടാതെ മറ്റു പല നാടൻ കലകളും ഇവിടെ നിലനിന്നിരുന്നു.

1. പുറാട്ടു നാടകം
2. പൂതൻ (വെള്ളാട്ട്)
3. തിറ
4. ചാക്യാർകൂത്ത്
5. പാവകൂത്ത്
6. കാളകളി
7. കോൽകളി
8. തിരുവാതിരകളി
9. പുള്ളുവൻ പാട്ട്
10. ഉടുക്കുകൊട്ട്പാട്ട്

## വാർഡ് തിരിച്ചുള്ള സന്നദ്ധസംഘടനകൾ

| No. | പേര് | വാർഡ് |
|---|---|---|
| 1. | യുവശക്തി, മലേശമംഗലം | I |
| 2. | ശ്രുതി, മലവട്ടം | I |
| 3. | വില്ല്വാദ്രി, മലവട്ടം | I |
| 4. | റീഡേഴ്സ്, ആക്കപ്പറമ്പ് | I |
| 5. | യുവധാര, കിഴക്കേക്കര | I |
| 6. | ജോബി ആർട്ട്സ്, ആക്കപ്പറമ്പ് | I |
| 7. | ഡോ. അംബേദ്കർ ആർട്ട്സ് & സ്പോർട്ട്സ് | I |
| 8. | സംഗീത, പൂതനക്കര | II |
| 9. | ഗ്രാമലക്ഷ്മി, കാട്ടുകുളം | II |
| 10. | പ്രണവം, പട്ടിപ്പറമ്പ് | III |
| 11. | ഉഷസ്, കണിയാർക്കോട് | IV |
| 12. | സൂര്യ, കുണ്ടുപറമ്പ് | VI |
| 13. | ചിയേഴ്സ്, കണിയാർക്കോട് | VI |
| 14. | ഗ്രാമശ്രീ, കാട്ടുകളം | VI |
| 15. | രചന, പാമ്പാടി | VII |
| 16. | ഫീനിക്സ്, മലേശമംഗലം | VIII |
| 17. | അനുപമ, പാമ്പാടി | XI |
| 18. | ഫൈവ്സ്റ്റാർ, കൂടാരംകുന്ന് | XI |
| 19. | ഗ്രാമീണവായനശാല റിക്രിയേഷൻ ക്ലബ് | XI |

## സാംസ്ക്കാരിക സ്ഥാപനങ്ങളും സന്നദ്ധസംഘടനയും

| No. | പേര് | വിവരങ്ങൾ |
|---|---|---|
| 1. | ഗ്രാമീണവായനശാല തിരുവില്ല്വാമല | സ്ഥാപന വർഷം - 1926<br>അംഗങ്ങൾ - നൂറിലധികം സജീവാംഗങ്ങൾ<br>ഗ്രന്ഥങ്ങളുടെ എണ്ണം- 9826<br>ഗ്രേഡ് - A<br>പ്രതിമാസ വിതരണം- 1500<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ - 18<br>മറ്റു പ്രവർത്തനങ്ങൾ : വാർഷികം ആഘോഷിച്ചു വരുന്നു |
| 2. | ഉപാസന സംഗീത സഭ തിരുവില്ല്വാമല | സ്ഥാപന വർഷം - 1994<br>അംഗങ്ങൾ - നൂറിലധികം സജീവാംഗങ്ങൾ<br>മറ്റു പ്രവർത്തനങ്ങൾ : പ്രതിമാസ പരിപാടികൾ സംഘടിപ്പിക്കുന്നു വാർഷികം ആഘോഷിച്ചു വരുന്നു |
| 3. | ജൂനിയർ ചേംബർ തിരുവില്ല്വാമല | സ്ഥാപന വർഷം - 1995<br>അംഗങ്ങൾ - 40<br>സജീവമായി പ്രവർത്തിക്കുന്നു. |
| 4. | ശാസ്ത്രസാഹിത്യ പരിഷത് | സജീവമായി പ്രവർത്തിക്കുന്നു. |

## കായികരംഗം

സംസ്ഥാന സർക്കാരിൻെറ ആസൂത്രണത്തിൻെറ ഭാഗമായ കേരളോത്സവം പഞ്ചായത്തു തലത്തിൽ മേൽ പറഞ്ഞ ക്ലബ്ബുകളുടെ പൂർണ്ണപങ്കാളിത്തത്തോടെ നടത്തി വരുകയും കായിക പ്രതിഭകളെ കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

ആദ്യം 'ഫുട്ബാാ' ആയിരുന്നു ഇവിടങ്ങളിലെ പ്രധാന കായികാരങ്ങ്. ഇന്ന് ആ അരങ്ങ് 'ക്രിക്കറ്റ് കളി' കൈയ്യേറുവാൻ ശ്രമിക്കുന്നതായി കാണാം. ഇതിനു പുറമെ മറ്റു കായിക വിനോദങ്ങളും ഈ പ്രദേശത്ത് നിലനിൽക്കുന്നു.

## പ്രശ്നങ്ങളും സാധ്യതകളും

തിരുവില്വാമല പഞ്ചായത്തിൽ കളിസ്ഥലങ്ങളുടെ അപര്യാപ്തത ഇവിടങ്ങളിലെ കായികരംഗം പരിപോഷിപ്പിക്കുവാൻ സാധിക്കാത്തതിൻെറ പ്രധാന ഘടകമായി കണക്കാക്കാം.

തുറസ്സായ സ്ഥാനങ്ങളെ പഞ്ചായത്ത് സ്വന്തമാക്കി കൊണ്ട് കളികൾക്ക് അവസരമൊരുക്കാവുന്ന പ്രദേശവുമാണിത്.

'ചെമ്പക്കുളം'പോലുള്ള കുളങ്ങൾ വികസിപ്പിച്ചെടുക്കുകയാണെങ്കിൽ നീന്തൽ പരിശീലനത്തിൻെറ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സാധിക്കുകയും പ്രതിഭകളെ സൃഷ്ടിക്കുവാൻ കഴിയുകയും ചെയ്യും.

കേരളോത്സവം കൂടാതെ ഏതെങ്കിലും അവധിക്കാലത്ത് വാർഡുകൾ തോറും പഞ്ചായത്ത് മത്സരങ്ങൾ ഒരുക്കുകയും, സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകുകയുമാണെങ്കിൽ ഉറങ്ങിക്കിടക്കുന്ന പല കഴിവുകളും രംഗത്തു വരുവാൻ സാധ്യതയുണ്ട്.

പത്രമാസികകളുടെ പ്രചാരം ഇവിടങ്ങളിൽ സാർവ്വത്രികമാണെന്നു പറയാമെങ്കിലും, ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരംമൂലം യുവജനങ്ങളിലെ സാംസ്ക്കാരിക ബോധം മയങ്ങിയേക്കാവുന്ന അവസ്ഥയിലും സാംസ്ക്കാരിക രംഗത്ത് പല സാധ്യതകൾക്കുമുള്ള പ്രദേശമാണിത്.

1. ശ്രീമാൻ വെങ്കിച്ച സ്വാമിയുടെ ഒരു സ്മാരകം പണിയുകയും, അതിൽ അപ്പുക്കുട്ടി പൊതുവാൾ, കേശവൻ നായർ എന്നീ കലാകാരന്മാരുടെ നായകത്വത്തിൽ സോപാന കലകളും, വാദ്യകലകളും, പരിശീലിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാവുന്നതുമാണ്.
2. മേൽപറഞ്ഞ സ്മാരകത്തോടനുബന്ധിച്ച് കലകളെ സംബന്ധിച്ച ശാസ്ത്രീയ രേഖകളുടെയും താളിയോല ഗ്രന്ഥങ്ങളുടെയും ശേഖരം മൂലം ഒരു 'മ്യൂസിയം' സ്ഥാപിക്കാവുന്നതാണ്.
3. നിലവിലുള്ള, പഞ്ചായത്തിൻെറ വകയായ, സാംസ്ക്കാരിക നിലയത്തിനെ സജീവമാക്കുന്നതിൻെറ ഭാഗമായി നല്ലൊരു ഗ്രന്ഥശാല രൂപീകരിക്കേണ്ടത് അനിവാര്യമാകുന്നു. മാത്രമല്ല, ശ്രവ്യമാധ്യമങ്ങളും, ദൃശ്യമാധ്യമങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും, റിക്രിയേഷൻ കളികൾക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമീണ വായനശാലകൾ ആരംഭിക്കുക.
5. എല്ലാ ക്ലബ്ബുകളുടെയും റജിസ്ട്രേഷൻ പഞ്ചായ ത്തിൽ നിർബന്ധമാക്കുകയും, ഇത്തരം ക്ലബ്ബുകളുടെ പുനരുദ്ധീകരണത്തിന് ഗ്രാൻറുകൾ അനുവദിക്കാവുന്നതുമാണ്.
6. ഭാരതത്തിൽ തന്നെ പ്രശസ്തി നേടിയിട്ടുള്ള പ്രാദേശികരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും സജ്ജീവ പങ്കാളിത്തത്തോടെ സാംസ്ക്കാരിക രംഗത്ത് ആണ്ടുതോറും പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വളരുന്ന തലമുറകൾക്ക് ഉത്തേജനം നൽകേണ്ടതും അനിവാര്യമാകുന്നു.

❖❖❖



# സഹകരണം

# സഹകരണം

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ ദേശീയ പ്രസ്ഥാനത്തിൻെറ മുന്നേറ്റവേളയിൽ 1941ൽ എരവത്തൊടിയിലെ കൈത്തറി നെയ്ത്ത് തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്തിൻെറ ചരിത്രത്തിലാദ്യമായി ഒരു സഹകരണ സംഘം *R*.സുബ്രഹ്മണ്യൻ മുതലിയാരുടെ ഭരണനേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. 1941 ആഗസ്റ്റ് മാസം 5_ന് എരവത്തൊടി കൈത്തറി പരസ്പര നെയ്ത്തു സംഘം ക്ലിപ്തം നമ്പ്ര് 449 ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ സംഘത്തിൽ നിലവിൽ 420 അംഗങ്ങളുണ്ട്.

102 മെമ്പർമാർക്ക് വർക്ക് ഷെഡ് ഗ്രാൻറ് ഹൗസ് കം വർക്ക് ഷെഡ് ഗ്രാൻറ് എന്നിവയും, 163 അംഗങ്ങൾക്ക് തറി ഉപകരണങ്ങളും നല്കിക്കഴിഞ്ഞിട്ടുള്ള ഈ സംഘത്തിൻെറ 95_96 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 53,93,512 രൂപയും അറ്റലാഭം 1,53,173 രൂപയും ആണ്. എരവത്തൊടി ഭാഗത്തെ നിർദ്ധനരായ നെയ്ത്ത് തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സ്ഥാപനം വഹിച്ച പങ്ക് മേൽവിവരിച്ച കണക്കുകളിൽ നിന്നും വ്യക്തമാകുമല്ലോ? എന്നിരുന്നാലും,ഈ പ്രദേശത്തെ, നെയ്തു തൊഴിലാളികളുടെ ഐശ്വര്യപൂർണ്ണമായ ജീവിതത്തിന് കളമൊരുക്കാൻ ഈ സ്ഥാപനത്തിന് ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്.

എരവത്തൊടിയിലെ നെയ്ത് തൊഴിലാളികളുടെ വളർച്ചയുടെ രണ്ടാം ഘട്ടമെന്നു വേണമെങ്കിൽ വിശേഷിപ്പി ക്കാവുന്ന തിരുവില്വാമല ഹാൻറ് ലൂം വീവേഴ്സ് കോ_ഓപറേറ്റീവ് സൊസൈറ്റി കേരളപ്പിറവിക്ക് ഏതാനും മാസം മുമ്പ് രൂപീകൃതമായി. 4.3.1956ൽ H 830ം നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള ഈ സംഘത്തിൽ 293 അംഗങ്ങളുണ്ട്. വർക്ക് ഷെഡിനായി 1,09,000 രൂപയും ഇതുവരെ അംഗങ്ങൾക്ക് നല്കിയിട്ടുണ്ട്. ഈ സംഘത്തിലെ 95_96 ലെ വിറ്റുവരവ് 55,00,795 രൂപയാണ്.

തിരുവില്വാമല പഞ്ചായത്തിലെ കാർഷികമേഖലയുടെ നവോത്ഥാനത്തിന് തുടക്കം കുറിച്ചു കൊണ്ട് 1956 ഏപ്രിൽ മാസം 27ംന് കാര്യോട്ടുകളം മാധവൻകുട്ടി മേനോൻെറ നേതൃത്വത്തിൽ തിരുവില്വാമല സർവ്വീസ് സഹകരണ സംഘം മലേശമംഗലത്ത് പ്രവർത്തനമാരംഭിച്ചു.

ഈ നാടിൻെറ വളർച്ചക്ക് അനുഗുണമാകത്തക്ക വിധത്തിൽ പിൽക്കാലത്ത് തിലുവില്വാമല സംഘം തിരുവില്വാമലയുടെ ഹൃദയഭാഗ ത്തേക്കു മാറ്റുകയും 4784 അംഗങ്ങളിൽ നിന്നായി 426670 ഓഹരി മൂലധനം സ്വരൂപിച്ചുകൊണ്ട് സർവ്വീസ് സഹകരണ ബേങ്കായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു.

കാർഷികമേഖലയിൽ ഹ്രസ്വകാല, മധ്യകാല , ദീർഘകാല വായ്പാ ഇനങ്ങളിലായി 68,52,417 രൂപാ നില്പ് ബാക്കിയുള്ള ഈ ബേങ്കിൻെറ പ്രവർത്തനം സ്വർണ്ണപ്പണയത്തിൻെറ മേലുള്ള വായ്പാ, തിരുവോണം, കൃസ്തുമസ് ഉത്സവവേളകളിൽ പലവ്യഞ്ജനം, തുണിത്തരം എന്നിവയുടെ വിപണനത്തിലേക്കും വ്യാപിക്കുന്നുണ്ട്. വിവിധ നിക്ഷേപങ്ങളിലായി 87,25,262 രൂപാ സമാഹരിച്ചിട്ടുള്ള ഈ ബേങ്കിൻെറ പ്രവർത്തനം പഞ്ചായത്തിലെ കാർഷികമേഖലയുടെ വികസനസാധ്യത കളുമായി വിലയിരുത്തുമ്പോൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണാം.

കേരളത്തിൻെറ കൈത്തറി നെയ്ത് സഹകരണമേഖലയിൽ പ്രഥമസ്ഥാനം തിരുവില്വാമല കുത്താമ്പുള്ളി നെയ്ത് സഹകരണ സംഘത്തിനുണ്ട്. *R* 1960ം നമ്പ്രായി 1972ൽ ജനുവരി 29ം ന് ശ്രീ.എം. വരദരാജൻ ചീഫ് പ്രൊമോട്ടർ ആയി സംഘടിപ്പിക്കപ്പെട്ട ഈ സംഘത്തിൻെറ ആദ്യ പ്രസിഡൻറ് ശ്രീ.എസ്.കെ.ആറുമുഖസ്വാമി ആയിരുന്നു. 75 ലക്ഷത്തിലധികം വിറ്റുവരവുള്ള ഈ സംഘം 95_96 വർഷത്തിൽ മാത്രം7,63,000 രൂപാ അറ്റാദായം ഉണ്ടാക്കിയിട്ടുണ്ട്.

അടുത്തകാലത്തായി തിരുവില്വാമലയിലാരംഭിച്ച മാവേലി സ്റ്റോർ പൊതുവിതരണരംഗത്ത് ഭംഗിയായി പ്രവർത്തിക്കുന്നുണ്ടെന്നും കൂടി സൂചിപ്പിക്കട്ടെ.

തിരുവില്വാമല ഗവർമ്മെണ്ട് ഹൈസ്കൂളിനോടു ബന്ധിച്ചും, ഗവ:എൽ.പി.സ്കൂളിനോടനു

INSTITUTE OF LOCAL ADMINISTRATION
4273

ബന്ധിച്ചും ഓരോ സഹകരണസംഘങ്ങൾ സ്തുത്യർഹമായ വിധത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നു കൂടി ഇത്തരുണത്തിൽ അനുസ്മരിക്കട്ടെ.

ക്ഷീരകർഷകരുടെ ഉന്നമനത്തിനായി എരവത്തൊടി കേന്ദ്രമായും പട്ടിപറമ്പ് കേന്ദ്രമായും രണ്ട് സഹകരണ സംഘങ്ങൾ ഇന്ന് പ്രവർത്തിച്ചു വരുന്നുണ്ട്. എങ്കിലും പഞ്ചായത്തിനകത്തെ ക്ഷീരകർഷകരുടെ ആഗ്രഹത്തിനനുസരിച്ചുള്ള പ്രവർത്തനം മേൽപറഞ്ഞ ക്ഷീരസഹകരണ സംഘങ്ങൾ നടത്തുന്നില്ലെന്ന് വേണം പറയാൻ.

## പ്രശ്നങ്ങൾ

1. കൈത്തറി മേഖല

നെയ്ത് തൊഴിലാളികൾക്ക് കൂട്ടമായി ഇരുന്ന് ഗുണനിലവാരമുള്ള കൈത്തറി ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പൊതുവർക്ക് ഷെഡിൻെറ അപര്യാപ്തത

2. നെയ്യുന്നതിനാവശ്യമായ പാവിന് മറ്റുള്ള നാടുകളെ ആശ്രയിക്കേണ്ടി വരുന്നു. നെയ്തുതൊഴിലാളികൾക്ക് താങ്ങാവുന്നതിലേറെയാണ് ഇപ്പൊഴത്തെ നൂൽവില. നെയ്തുതൊഴിലാളുടെ ആരോഗ്യപരിപാലന സംവിധാനത്തിൽ അപര്യാപ്തതയുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട റിബേറ്റ് ആനുകൂല്യങ്ങൾ ലഭിക്കേണ്ടതിന് അതിയായ കാലതാമസം നേരിടുന്നു.

## കാർഷികമേഖല

വളം, കീടനാശിനി മുതലായവ വിപണനം നടത്തിയിരുന്ന സർവ്വീസ് സഹകരണബേങ്ക്ടി ഇടപാടുകൾ ഇപ്പോൾ നടത്തുന്നില്ല. ആയതുകൊണ്ട് കർഷകന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കൺസ്യൂമർ ഇനങ്ങളുടെ ശേഖരണത്തിലും വിതരണത്തിലും സഹകരണബേങ്ക് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. അതുകൊണ്ടു തന്നെ നിത്യോപയോഗ സാധനങ്ങൾക്ക് മിതമായ വിലക്ക് മതിയായ തോതിൽ പഞ്ചായത്തിനകത്ത് ലഭ്യമല്ല.

പട്ടിക 1

പഞ്ചായത്തിൽ ഇപ്പൊൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ

| | പേര് | അംഗസംഖ്യ | പിരിഞ്ഞകിട്ടിയ മൂലധനം |
|---|---|---|---|
| 1. | തിരുവില്വാമല സർവ്വീസ് സഹകരണബേങ്ക് | 4784 | 4,36,670/ |
| 2. | എരവത്തൊടി പരസ്പര വായ്പാ സഹകരണസംഘം | 420 | 9,54,000/ |
| 3. | തിരുവില്വാമല കൈത്തറി നെയ്ത് ഉല്പാദന വിതരണസംഘം | 293 | 10,85,960/ |
| 4. | കുത്താമ്പുള്ളി നെയ്ത് സഹകരണ സംഘം | 885 | 1,33,485/ |
| | **ക്ഷീരവ്യവസായസംഘം** | | |
| 1. | പട്ടിപ്പറമ്പ് ക്ഷീരോല്പാദക സംഘം | 259 | 2590 |
| 2. | എരവത്തൊടി ക്ഷീരോല്പാദക സംഘം | 203 | 2030 |

## സ്കൂൾ സഹകരണസംഘം

1. G.H.S.തിരുവില്വാമല Co-Op സൊസൈറ്റി
2. L.P.S.തിരുവില്വാമല സഹകരണസംഘം

---

### സാദ്ധ്യതകളും പരിഹാരനിർദേശങ്ങളും

*കൈത്തറി മേഖല*

1. കോമൺവർക്ക് ഷെഡ് നിർമ്മിച്ച് കൊടുക്കുക
2. പാവുനിർമ്മാണത്തിന് ഡൈസിംഗ് മിൽ സ്ഥാപിക്കുക
3. നൂൽ സബ്സിഡി അനുവദിക്കുക
4. E.S.I. സൗകര്യം ഏർപ്പെടുത്തുക
5. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കത്തക്കവിധം നെയ്ത് സഹകരണമേഖല ശക്തമാക്കുക

*കാർഷികമേഖല*

1. നിലവിലുള്ള സഹകരണ ബാങ്കിലൂടെ കർഷകർക്ക് ആവശ്യമായ തൈകളിലും നടീൽ വസ്തുക്കളും വിലക്ക് വിതരണം നടത്തുക.
2. വളം,കീടനാശിനി ഇവയുടെ വിൽപന ഉടൻ ആരംഭിക്കുക
3. നെല്ല്, കൊപ്രാ മുതലായവയുടെ സംഭരണത്തിനും,വിപണനത്തിനും സഹകരണ ബാങ്ക് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
4. സഹകരണ ബാങ്കിൻെറ നേതൃത്വത്തിൽ നിത്യോപയോഗസാധനങ്ങൾ വിൽക്കുന്നതിനുള്ള കൺസ്യൂമർ സ്റ്റോറിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
5. മറ്റുകാര്യസ്ഥാപനങ്ങളെ അപേക്ഷിച്ച് പൊതു ജനങ്ങൾക്ക് വേഗത്തിൽ ഇടപെടാൻ കഴിയുന്ന ഈ സ്ഥാപനത്തിൽ നിന്നും കാർഷികമേഖലകൾക്കും, മറ്റു മേഖലകൾക്കും നൽകുന്ന വായ്പകൾ വർദ്ധിപ്പിക്കുകയും, ആയതിന് പൊതുജനങ്ങൾക്ക് അനുഭവപ്പെട്ടേക്കാവുന്ന സാങ്കേതികതടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യുക.

*മറ്റു മേഖലകൾ*

1. കാർപെൻറർമാരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക
2. വനിതാ സഹകരണ സംഘം രൂപീകരിക്കുക
3. പട്ടിക ജാതി സഹകരണ സംഘം രൂപീകരിക്കുക
4. റബ്ബർ ഉൽപാദക സഹകരണ സംഘം രൂപീകരിക്കുക
5. വാർഡ് തോറും ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക
6. തിരുവില്വാമല സ്കൂൾ ക്ഷീര സഹകരണ സംഘങ്ങളിലെ ബൈൻറിംഗ് ക്ലാസ്സുകൾ ആരംഭിച്ചു പഞ്ചായത്തതിർത്തിയിലാവശ്യമായ നോട്ടുപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണ്.

## ഒമ്പതാം പദ്ധതിയോടനുബന്ധിച്ച് കൂടിയ തിരുവില്വാമല ഗ്രാമപഞ്ചായത്ത് വിശേഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തിയ്യതി | പങ്കെടുത്തവർ | | ആകെ |
|---|---|---|---|---|---|
| | | | പു. | സ്ത്രീ. | |
| 1. | പഞ്ചായത്ത് സാംസ്കാരികനിലയം | 21.9.96 10 am. | 70 | 42 | 112 |
| 2. | തിരുവില്വാമല ഹൈസ്കൂൾ | 21.9.96 2 pm | 46 | 9 | 55 |
| 3. | പട്ടിപ്പറമ്പ് എൽ. പി. സ്കൂൾ | 22.9.96 10 am. | 73 | 8 | 81 |
| 4. | യു. എം. എൽ. പി. പൂരവത്തൊടി | 28.9.96 2 pm. | 147 | 38 | 185 |
| 5. | കുത്താമ്പുള്ളി കല്യാണമണ്ഡപം | 29.9.96 2 pm. | 77 | 4 | 81 |
| 6. | ഒരലാശ്ശേരി അയ്യപ്പൻകാവ് | 25.9.96 3 pm. | 123 | 25 | 148 |
| 7. | പാമ്പാടി 2-ാം മെയിൽ അംഗൻവാടി | 26.9.96 2 pm. | 44 | 15 | 59 |
| 8. | H.L.P.മലേശമംഗലം | 28.9.96 9 am. | 76 | 8 | 84 |
| 9. | മലാറ | 29.9.96 9 am. | 197 | 40 | 237 |
| 10. | പ്രഭ തീപ്പെട്ടികമ്പനി കുത്താമ്പുള്ളി | 30.9.96 2 pm. | 90 | 18 | 108 |
| 11. | G.H.S. പാമ്പാടി | 22.9.96 2 pm. | 75 | 16 | 91 |
| **ആകെ** | | | **1018** | **223** | **1241** |

*റിപ്പോർട്ട് തയ്യാറാക്കിയ രീതി :- ഗ്രാമസഭാ നിർദ്ദേശങ്ങൾ, ചർച്ചകൾ, വിദഗ്ദ്ധന്മാരുടെ ഉപദേശം ഓഫീസുകളിൽ നിന്നും കിട്ടിയ വിവരങ്ങൾ, പഠനപര്യടനം എന്നിവ ആധാരമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.*

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

തൃശ്ശൂർ ജില്ലയുടെ വടക്കു കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന തിരുവില്വാമല ഗ്രാമ പഞ്ചായത്തിന്റെ വടക്ക് ഭാരതപുഴയും തെക്കും പടിഞ്ഞാറും ചീരക്കുഴി പുഴയും കിഴക്ക് പാലക്കാട് ജില്ലയിലെ പെരുങ്ങോട്ടുകുറിശ്ശി തരൂർ പഞ്ചായത്തുകളിലെ മലമ്പ്രദേശങ്ങളും ആണ്. തെക്ക്കിഴക്കേ ഭാഗത്തായി അരക്കൻ മലയും വടക്കു ഭാഗം കൊണ്ടു വില്വാമലയും. ബാക്കി ഭൂരിഭാഗവും പാറക്കൂട്ടവും കുന്ന് ചെരിവും പ്രദേശങ്ങളും വയലുകളും ആണ്. മേൽപറഞ്ഞ വയലുകളും മറ്റു കൃഷികളും സംരക്ഷിക്കുന്നതിന്ന് കൃഷികൾക്ക് നോട്ടം കിട്ടാവുന്ന തരത്തിൽ, പണ്ടത്തെ ജന്മികൾ, അവർ താമസിക്കുന്നിതിൽ നിന്ന് വളരെ അകലത്തിലും, കൃത്യമായി ഉപയോഗിക്കാൻ പറ്റാത്ത സ്ഥലം കണ്ടുപിടിച്ച, കുന്നിലും ചെരിവുപ്രദേശങ്ങളിലും മലയിലും പട്ടികജാതിക്കാരെ താമസിപ്പിച്ചതിനെ തുടർന്ന്, സൗകര്യപ്രദമല്ലാത്ത സ്ഥലങ്ങളിൽ ഭൂരിഭാഗം പട്ടികജാതിക്കാരും കൂട്ടമായി ഓരോ ജന്മികളുടെ അടിമകളായി, അവരുടെ വീട്ടുപേരിന്റെ" പടി " ചേർത്ത് ആ പട്ടികജാതിക്കാർ അറിയപ്പെട്ടു. കാലപഴക്കം കൊണ്ട് ജന്മികൾ ഭാഗിക്കപ്പെട്ടതിനെ തുടർന്ന് (പണിക്കാരെ) പട്ടികജാതിക്കാരെയും ഭാഗിച്ചു. അതുപ്രകാരം പടിക്കലെ അടിമകളുടെ കൂട്ടത്തിന്റെ എണ്ണവും കൂടി. ജന്മിമാരുടെ വീട്ടുപേരിന്റെ പടിക്കലെ കോളനി എന്ന് ഇപ്പോഴും ഭൂരിഭാഗം കോളനികളും അറിയപ്പെടുന്നു. കണിയാർക്കോടിലെ കൂട്ടാലപടി കോളനി ഗാന്ധിഗ്രാമം എന്നും, മലേശമംഗലത്തെ കൂട്ടാലപടി കോളനി , അംബേദ്ക്കർ ഗ്രാമം എന്നും, ഉള്ള തരത്തിൽ മാറ്റം വന്നു. പട്ടികവർഗ്ഗക്കാർ പഞ്ചായത്തിൽ ആരും ഇല്ല.

ഇപ്പോൾ തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കോളനികളും സങ്കേതങ്ങളും കൂടി 65 എണ്ണം ഉള്ളതും അതിൽ കുന്ന്പ്രദേശത്ത് 18 എണ്ണവും ചെരിവുപ്രദേശത്ത്31 എണ്ണവും സമതലത്തിൽ 16 എണ്ണവും ഉള്ളതാണ് ഭൂരിഭാഗവും പുലയരും പാണരും സാമ്പവരും പെരുമണ്ണാൻ സമുദായക്കാരും ആണ്. ആൺ 2785 3082 പെൺ 5867 ആകെ ജനം. 1122 വീടുകളിലായി 1418 കുടുംബങ്ങൾ താമസിച്ചു വരുന്നു. അതിൽ 774ഓടു മേഞ്ഞപുരയും (2ടെറസ്സ് ഉൾപ്പെടെ) 348 ഓലമേഞ്ഞപുരയും ഉള്ളതും ഓടുമേഞ്ഞതിൻതന്നെ 260 എണ്ണം ഇടിഞ്ഞു കേടുവന്ന വാസയോഗ്യമല്ലാത്തതും ആണ്. കക്കൂസ് 287 വീട്ടിലും കറന്റ് 308 വീട്ടിലും മാത്രം ഉള്ളതാണ്.

റോഡ് സൗകര്യം എല്ലാ കോളനികളിലും എത്തിയിട്ടില്ല. ഉള്ള റോഡുകൾ ഗതാഗത സൗകര്യവും ഇല്ല. കുന്നത്തും ചെരിവുകളിലും ഉള്ള കോളനികളിൽ വെള്ള സൗകര്യം തീരെ കുറവാണ്. ഉള്ള കിണറുകളും ടാപ്പുകളും ഉപയോഗപ്രദമല്ല. കറന്റ് എല്ലാ സ്ഥലത്തും എത്തിയിട്ടില്ല. അടിസ്ഥാനസൗകര്യങ്ങൾ കുറവും ഭൂരിഭാഗത്തും ശുചീകരണം നടത്തേണ്ടതുമായി കാണുന്നു.

ഭൂരിഭാഗം പേരും കർഷകതൊഴിലാളികളാണ്. മററുള്ളവർ തൊഴിലാളികളും യൂണിയൻ തൊഴിലാളികളും തുണി നെയ്ത്ത് തൊഴിലാളികളും കുട്ടനെയ്ത്ത് പാറ കോറി തൊഴിലാളികളും, തൊഴിലായി സ്വീകരിച്ചുവരുന്ന പഞ്ചവാദ്യക്കാരും ചെണ്ടമേളക്കാരും ഉള്ളതാണ്.

കർഷകതൊഴിലാളികളേക്കാൾ കൂടുതൽ സാമ്പത്തിക വരുമാനം ഉള്ളവരാണ് മേൽപറഞ്ഞവർ എങ്കിലും സാമൂഹ്യമായി അവരും കുടുംബാംഗങ്ങളും വളരെ പിന്നിലാണ്.

വിദ്യാഭ്യാസം താരതമ്യേന കുറവാണ്. 5-ാം ക്ലാസ്സുവരെ എത്തുന്നു എങ്കിലും തുടർന്നു വിദ്യാഭ്യാസം കുറവാണ്. 2 ഡോക്ടർമാർ ഉൾപ്പെടെ 67 പേർ ഉദ്യോഗസ്ഥർ ഇവിടെ ഉണ്ട്. ഒരു ഡോക്ടറുടെ വീടിന്റെ പരിസരത്തേക്ക് റോഡ്, ലൈറ്റ് വെള്ളം എന്നിവയും ഒരു ഡോക്ടറുടെ വീട്ടിലേക്ക് റോഡും ഇല്ലാത്തതാണ്. ആ കോളനികളിലേ ക്ക് സൗകര്യങ്ങൾ ഉണ്ടായിരുന്നു എങ്കിൽ

ഉയന്നതലത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ ഉണ്ടാകുമായിരുന്നു. 1950ൽ, ഇപ്പോഴും ഹരിജനങ്ങൾ കൂടുതലുള്ള മലേശമംഗലം വാർഡിൽ ഹരിജൻ വെൽഫയർ ലോവർ പ്രൈമറി സ്കൂൾ സ്ഥാപിച്ചിട്ടുണ്ട്. ഹരിജനങ്ങളുപെ പേരിൽ സ്ഥാപിക്കപെട്ട ടി സ്കൂൾ പലരിൽ നിന്നും കെട്ടിട സാധനങ്ങളും മറ്റും ഉള്ള സഹായത്താൽ തുടങ്ങിയതാണ്. എന്നാൽ സ്ഥലം നൽകിയ മാധവമേനോൻ കമ്മിറ്റി പ്രസിഡന്റായി തുടരുകയും കമ്മറ്റി, കടലാസിൽ ഒതുങ്ങിയതിനാൽ സ്കൂൾ പ്രസിഡന്റിന്റെ പേരിൽ തുടരുകയും പിന്നീട് സ്കൂൾ വിൽക്കുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ ഹരിജനങ്ങളുടെ പേരിൽ സ്കൂൾ നിലനിൽക്കുന്നുണ്ട്.

സാമ്പത്തികവും സാമൂഹ്യകവും വിദ്യാഭ്യാസപരവും മിക്ക കോളനികളും താഴ്ന്നനിലവാരമാണ്. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും, ബോധവൽക്കരണകുറവുകൊണ്ടും പലർക്കും പദ്ധതികൾ വേണ്ട വിധം ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. മിക്ക പദ്ധതികളെ കുറിച്ചും വേണ്ടത്ര അറിവ് യഥാസമയം ഈ വിഭാഗക്കാർക്ക് കിട്ടുന്നില്ല.

സാംസ്ക്കാരിക രംഗത്ത് കുറച്ച് പേർ ഉള്ളതാണ്. നാടൻ കലകൾ പ്രോത്സാഹിപ്പിക്കാവുന്ന തരത്തിലുള്ള പ്രവർത്തങ്ങൾ ഇല്ല. പൂതൻ,തിറ, കാളകളി, കുതിരകളി എന്നിവ നിലനിന്നു വരുന്നുണ്ട്. നാടൻപാട്ടും കലകളും ഇല്ലായിതുടങ്ങി. പഞ്ചവാദ്യക്കാരും ചെണ്ടമേളക്കാരും ഉണ്ട്. തൊഴിലായി സ്വീകരിച്ച പഞ്ചവാദ്യക്കാരും ചെണ്ടമേളക്കാരും തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയസ്ഥലങ്ങളിൽ കൂട്ടമായി പരിപാടിക്ക് പോകുന്നുണ്ട്. കേരളത്തിൽ പരിപാടികളിൽ കുറവായി പങ്കെടുന്നതായി കാണുന്നു.

1984 ൽ, തിരുവില്വാമലയി ലെ വില്വാദ്രിനാഥ ക്ഷേത്രത്തിൽ നിന്നും, മറ്റു പിന്നോക്കക്കാരും പട്ടികജാതിക്കാരും ആദ്യമായി സവർണ്ണരുടെകൂടെ പഞ്ചവാദ്യ നടത്തുവാൻ ശ്രമിക്കുകയും, സവർണ്ണർ അവരെ പരിപാടിയിൽനിന്ന് മാറ്റി നിറുത്തുകയും തുടർന്ന് ശക്തമായ പിന്നോക്കക്കാരുടെയും പട്ടികജാതിക്കാരുടെയും എതിർപ്പ മൂലം ചില സവർണ്ണർ പരിപാടിയിൽ നിന്ന് മാറിനിന്നു എങ്കിലും മറ്റു പിന്നോക്കക്കരും പട്ടികജാതിക്കാരും പഞ്ചവാദ്യം തുടങ്ങിയ പരിപാടികൾ സവർണ്ണരുൾപ്പെടെ നടത്തുകയുണ്ടായി.

എന്നാൽ പ്രോഗ്രാം നടപ്പാക്കുന്നവർ പിന്നോക്കക്കാരെയും പട്ടികജാതിക്കാരെയും പ്രോഗ്രാമിൽനിന്ന് സൂത്രത്തിൽ ഒഴിവാക്കുന്നതായി കാണുന്നു. കേരളത്തിൽ പല ക്ഷേത്രങ്ങളിലും നടക്കുന്ന ഇതിന് ശാശ്വത പരിഹാരം ഉണ്ടാക്കേണ്ടതാണ്.

65 കോളനികളിൽ മൂന്നെണ്ണത്തിൽ മാത്രമാണ് T.V. ഉള്ളത്. കോളനികളിൽ പത്രപാരായണം കുറവാണ്. പട്ടികജാതിയിൽ രാഷ്ട്രീയക്കാർ ധാരാളം ഉണ്ട്. പല വേദികളിലും പങ്കാളിത്തം ഉണ്ട്. അർഹമായ സ്ഥാനങ്ങൾ നേടി എടുക്കുവാൻ സാധിച്ചിട്ടുണ്ട്.

1 സ്ഥിതി വിവര കണക്കു താഴെ ചേർക്കുന്നു

2. ഗ്രാമസഭാ നിർദ്ദേശങ്ങൾ

3. വെല്ലുവിളികളെ നേരിടേണ്ട വിവരം

## ഗ്രാമനിർദ്ദേശങ്ങൾ

*റോഡ്, കറന്റ്, വെള്ളം*

1) ചെമ്പൻകുളം കോളനിയിലേക്കും പാമ്പാടിയിലെ തേലക്കാട്ട് കുന്ന് - കളത്തിൽപടി മിച്ചഭൂമി - കൊതുമ്പിൽ കോല്ലയ്ക്കിൽ- എരുമകുഴി പാമ്പിൻ കാവ് -ബന്ധപ്പെടുത്തിയും, കേലത്ത് പകവത്ത്, ക്കൂട്ടകുത്ത് ചീരക്കുഴി കോളനി എന്നിവയിലേക്കും റോഡ് സൗകര്യം തീരെ ഇല്ലത്തതിനാൽ പുതിയ റോഡുകൾ ഉണ്ടാകുകയും കറന്റും, വെള്ളവും എത്തിയ്ക്കണം.

2) പുതിയതായി ഏതെങ്കിലും കോളനികളിലേക്ക് റോഡ്, മറ്റു സൗകര്യവും ഇല്ലെങ്കിൽ അത് ഉണ്ടാക്കുകയും, കോളനികളുടെ ഉൾപ്രദേശങ്ങളിലും റോഡ് നിർമ്മിക്കണം.

3) കൂടുതൽ കോളനികൾക്ക് സൗകര്യപ്രദമാകുമെങ്കിൽ ബസ് സൗകര്യം ഉണ്ടാക്കണം.

4) നിലവിൽ ഉള്ള കോളനി റോഡുകൾ ഗതാഗത സൗകര്യ പ്രദമാക്കണം.

5) കോളനികളിൽ ഉള്ള വെള്ളടാപ്പുകൾ കൈപമ്പുകൾ എന്നിവ റിപ്പയർ ചെയ്തു ഉപയോഗ്യപ്രദമാക്കണം.

6) ആവശ്യനുസരണം ലൈൻ നീട്ടി ടാപ്പുകൾ കൂട്ടണം. ഇല്ലാത്ത കോളനികളിൽ പൈപ്പ്, ഹാൻഡ്പമ്പ്, കിണർ ഇനിവ ഉണ്ടാക്കി ഉപയോഗപ്രദമാക്കണം.

7) ഇലക്ട്രിക് കണക്ഷൻ ഇല്ലാത്ത വീടുകളിൽ സജന്യമായി ലൈറ്റ് ഇടണം, ഇല്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കണം, സ്ട്രീറ്റ് ലൈറ്റ് ഇടണം.

8) *ഭവന പദ്ധതി*
പഞ്ചായത്തിൽ ഉള്ള, ഓടുമേഞ്ഞതാണെങ്കിലും വാസയോഗ്യമല്ലാത്ത 260 പട്ടികജാതി വീടുകൾ റിപ്പയർ ചെയ്യണം.

9) 1122 വീടുകളിൽ താമസിക്കുന്ന 1418 കുടുംബാംഗളിൽ അതികരിച്ച 296 കുടുംബത്തിന് സ്ഥലവും വീടും നൽകണം അത് കോളനി രൂപത്തിൽ ആകരുത്.

10) ഓലമേഞ്ഞ 348 വീടുകൾ ഓടുമേഞ്ഞ് സൗകര്യപ്രദമാക്കണം.

11) 1122 വീടുകളിൽ 257 കക്കൂസുകൾ മാത്രം ഉള്ളത്തും ബാക്കി കക്കൂസ് ഇല്ലാത്ത 814 വീടുകളിലും കക്കൂസ് പണിയണം.

ശുചീകരണവും അരോഗ്യവും

12) കോളനികളിൽ സുചീകരണം നടത്തണം. ഹെൽത്ത് ഡിപാർട്ട്മെൻറുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തണം.

13) ചുരുങ്ങിയത് 50 ആളുകൾ കൂടുതൽ ഉള്ള കോളനികളിൽ എങ്കിലും ഹെൽത്ത് ഡിപ്പാൾട്ടുമായി ബന്ധപ്പെട്ട് കമ്മറ്റി ഉണ്ടാക്കി മാസത്തിൽ ഒരിക്കൽ സന്ദർശിക്കൽ സ്ഥിരം സംവിധാനം വേണം.

*വിദ്യാഭ്യാസം*

14) വയോജന വിദ്യാഭ്യാസം നിർബന്ധമാക്കണം. പഠിത്തം നിർത്തുന്ന കുട്ടികളെ കണ്ടുപിടിച്ച് വിദ്യാഭ്യാസം തുടരണം, C.R.S.P. (SC/ST) എല്ലാവർക്കും നൽകണം.

15) U.P., H.S തലത്തിൽ ഉള്ള പട്ടികജാതി കുട്ടികൾക്ക് പഠന സൗകര്യത്തിന് മേശ, കസേര തുടങ്ങിയ പഠന ഉപകരണങ്ങൾ നൽകണം, ഉന്നത വിദ്യാഭ്യാസത്തിനു തയ്യാറുള്ളവരെ പ്രോത്സാഹിപ്പിക്കണം.

16) ഹരിജൻ ഹോസ്റ്റൽ നിർമ്മിക്കണം.

17) 6 ാം വാർഡിലെ, കുണ്ടുപറമ്പ് അംഗനവാടി അടിയന്തരമായി റിപ്പയർ ചെയ്യണം മറ്റ് കോളനികളിലെ റിപ്പയർ നടത്തേണ്ടത് ഉടനെ നടത്തണം.

*സാമ്പത്തികം തൊഴിലും*

18) പട്ടികജാതിക്കാർക്ക്, കുട, ലതർ ചെരിപ്പ്, ബാഗ്, തുണിനെയ്ത്ത്, കുട്ടനെയ്ത്ത് തുടങ്ങിയവക്കുള്ള പരിശീലനവും, സൗകര്യവും ഉണ്ടാക്കണം.

19) അടിയന്തരമായി, ഗാന്ധിഗ്രാം പുളക്കപറമ്പ് കോളനിയും, കുട്ടനെയ്ത്ത്, പനമ്പ്നെയ്ത്ത് സൊസൈറ്റികൾ ഉണ്ടാക്കി, പ്രവർത്തിച്ച് തുടങ്ങണം, കുടിൽ വ്യവസായം, എല്ലാവിധത്തിലും വർദ്ധിപ്പിക്കണം.

20) ബാങ്കുകളിൽ നിന്നുള്ള ലോൺ സൗകര്യം ലളിതമാക്കണം. ഡെപ്പോസിറ്റ് പ്രോത്സാഹിപ്പിക്കണം.

21) മിശ്രവിവാഹിതർക്ക് ധനസഹായം വർദ്ധിപ്പിക്കണം.

*വനിത*

23) പട്ടികജാതി വനിതകൾക്ക് പ്രത്യേക സഹകരണ സംഘങ്ങൾ സംഘടിപ്പിച്ച് തൊഴിൽ അവസരം കൂട്ടണം, തൊഴിലിൽ ഇൻഷുറൻസ് ചെയ്യണം, ഡെപ്പോസിറ്റിനായി പ്രേരിപ്പിക്കണം.

24) പരമ്പരാഗത തൊഴിൽ വർദ്ധിപ്പിക്കുകയും പ്രോൽസാഹിപ്പിക്കുകയും വേണം.

25) തൊഴിൽ മെഖലയിൽ ബോധവൽക്കരണം നടത്തണം, സംരക്ഷണം ഏർപ്പാടു ചെയ്യ ണം. D.W.C.R.A. യൂണിറ്റ് സ്ഥാപിക്കുക തൊഴിൽ വർദ്ധിപ്പിക്കുക.

*ജാതി*

26) ജാതി പറഞ്ഞ് കളിയാക്കുന്നത് കർശനമായി നിരോധിക്കാൻ ഏർപ്പാട് ചെയ്യണം, കോളനി സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട എല്ലാ ഹരിജ നങ്ങൾക്കും കൂടി എല്ലാ സൗകര്യവും ഉണ്ടാ ക്കണം.

27) പഞ്ചായത്തിലുള്ള 65 കോളനികളും/ സങ്കേത ങ്ങളും ഉൾപ്പെടുത്തി ഒരു പൊതുവായനാ ശാല ഉണ്ടാക്കുക.

28) 9-ാം വാർഡിൽ തൊഴിൽ പരിശീലന കേന്ദ്ര ം (ITC) സ്ഥാപിക്കുക. തൊഴിലില്ലായ്മ പരി ഹരിക്കുന്നതിന് തൊഴിൽശാല നിർമ്മിക്കുക.

29) 711 ഹരിജനമ താമസിക്കുന്ന 9 കോളനിക ളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്നായി ഭൂ രിഭാഗത്തിന്നും 4 കി.മീറ്റർ സഞ്ചരിക്കേണ്ടി യിരിക്കുന്നു. പാമ്പാടി 2-ാം ലൈനിൽ ഒരു L.P. സ്ക്കൂളെങ്കിലും സ്ഥാപിക്കുക.

30) കോളനികളായി അംഗീകരിക്കാത്ത കോളനി കൾ അടിയന്തിരമായി കോളനിയായി അംഗീ കരിക്കുക.

31) T.V. സെന്റർ ഇല്ലാത്ത കോളനികളിൽ T.V. സ്ഥാപിക്കുകയും പത്രപാരായണം നടത്തു ന്നതിന്ന് ഉള്ള സൗകര്യവും ഉണ്ടാക്കുക.

32) സൂപ്പർസ്റ്റാർ, റബർഫാക്ടറി എന്നിവയിലെ മലിനജലം ഭാരതപുഴയിലേക്ക് ഒഴുകി 7 ഉം 11 ഉം വാർഡിലെ കോനികൾക്ക് ഉള്ള ശല്യ ത്തിന് പരിഹാരം ഉണ്ടാക്കുക.

<u>വെല്ലുവിളികളെ നേരിടുന്നതിന് സാമൂഹ്യമായമാറ്റത്തിന്</u>

പട്ടികജാതികാർക്ക് വിദ്യാഭ്യാസം സാമ്പത്തിക വികസനം എന്നിവ വർദ്ധിപ്പിച്ച് പുരോഗതി ഉണ്ടാക്കേണ്ടതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

1) 1972-ൽ കേരള പട്ടികജാതി/പട്ടികവർഗ്ഗ ഗവേ ഷണപരിശീലന വികസന വകുപ്പ് (കിർത്താ സ് കോഴിക്കോട് ചേവായൂരിൽ ആരംഭിച്ച് പ്രവർത്തിച്ച് തുടങ്ങിയെങ്കിലും അതിനോട് അനുബന്ധിച്ച് സൗകര്യങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ എത്തിയിട്ടില്ലാത്തതാണ്.

സർക്കാരും മറ്റു സ്ഥാപനങ്ങളും പട്ടികജാ തി,പട്ടികവർഗ്ഗകാർക്ക് ഏതല്ലാം തലങ്ങളിലൂ ടെയാണ് വികസന പരിപാടികൾ അസൂ ത്രണം ചെയ്തു നടപിൽ ആകുന്നത് എന്നും, അത് എങ്ങനെ സ്വയത്തമാക്കണം എന്നും ഉള്ള പരിശീലന പരിപാടി, പട്ടികജാതി പട്ടി കവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും ഉദ്യോഗസ്ഥർക്കും നൽകിയിരുന്നതും അത് ഈ പഞ്ചായത്തിൽ എത്തിയിട്ടില്ലാത്തതുമാ ണ്.

കൃഷിതൊഴിലാളികളെക്കാൾ സാമ്പത്തികവി കസനം ഉള്ള യൂണിയൻകാരെയും, ആർട്ടി സൻസ്കാരെയും കലാകാരൻമാരെയും മറ്റും കൂടി ഉൾപ്പെടുത്തി കിർത്താസസിന്റെ പരി ശീലനം ഈ പഞ്ചായത്തിൽ നടത്തേണ്ട തും, അത് സാമൂഹ്യ വികസനത്തിന് ഉപക രിക്കുന്നതാണ്.

2) 1972 ൽ കേരളസംസ്ഥാന പട്ടികജാതി പട്ടി ക വർഗ്ഗ കോർപ്പറേഷൻ തൃശ്ശൂർ അസ്താ നമാക്കി പ്രവർത്തിച്ച് വന്നതിന്റെ അടിസ്ഥാ ത്തിൽ, പഞ്ചായത്തിൽ 8 പേർക്ക് നെൽകൃ ഷിസ്ഥലം വാങ്ങാൻ സൗകര്യം ഉണ്ടായിട്ടു ള്ളതാണ്.

മാർജിൻ മണി, ഭവനനിർമ്മാണ പദ്ധതി എന്നിവ പ്രകാരമുള്ള സൗകര്യങ്ങൾ പഞ്ചാ യത്തിൽ വ്യാപിക്കാൻ സാധിച്ചിട്ടില്ലാത്തതാ ണ്. ആ ആഫിസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്.

3) 1981 ൽ കേരള പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ തിരുവനന്തപുരം അസ്ഥാനമാക്കി പ്രവർത്തിച്ചു എങ്കിലും, വടക്കൻ പ്രദേശമായ തിരുവില്വാമല പഞ്ചായത്തിൽ അത് എത്തിയിട്ടില്ലാത്തതാണ്. ചെറുകിട വനവിഭവശേഖരണം, പേപ്പർ വിതരണം, വായ്പ വിതരണം, തുടങ്ങിയ പ്രവർത്തനമാണ് ഫെഡറേഷൻ നടത്തിവരുന്നത്. പട്ടികജാതി സഹകരണ സംഘങ്ങൾ നിർമ്മിച്ച് തുണിനെയ്ത്തിന് കുത്താമ്പുള്ളിയിലും, കുട്ട നെയ്ത്തിനും മറ്റും ഗാന്ധിഗ്രംമിലും-പൂളക്കപറമ്പ് കോളനിയിലും, സാമ്പത്തിക വികസനം ഉണ്ടാവുന്നതാണ്.
അംഗ സംഘങ്ങൾക്ക് വിവിധ പ്രജക്റ്റുകൾ നടപ്പാക്കാനും, കൺസ്യൂമർ സ്റ്റോർ, തുടങ്ങിയവ തുടങ്ങുവാനും, തിരുവില്വാമല പഞ്ചായത്തിലും നടപ്പാക്കേണ്ടതാണ്.

4) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്ക് "സ്വാതി" എന്ന കലാ സാംസ്കാരിക സംഘടന 1988 ൽ ആരംഭിച്ചത്. തുടർന്ന് പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ കലാകാരന്മാർ കൂടുതൽ ഉള്ള ഈ പഞ്ചായത്തിൽ, പട്ടികജാതിക്കാരായ കലാകാരന്മാർ കൂടുതൽ ഉണ്ട് എങ്കിലും "സ്വാതി" സംഘടന പ്രവർത്തനം ഈ പഞ്ചായത്തിൽ എത്തിയിട്ടില്ലാത്തതാണ്. അത് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

5) അർഹമായ അവകാശങ്ങളെ കുറിച്ചും നിലവിൽ ഉള്ള പദ്ധതികളെകുറിച്ചും "കിർത്താസസ്" 1988 മുതൽ നടപ്പാക്കികൊണ്ടിരിക്കുന്ന അറിയുക അറിയിക്കുക എന്ന പദ്ധതി ഈ പഞ്ചായത്തിൽ എത്തിക്കുന്നത്, വിദ്യാഭ്യാസത്തിനും, സാമൂഹ്യവികസനത്തിനും, സാമ്പത്തികവികസനത്തിനും ഉപകാരപ്രദമായിരിക്കും.

6) കേരള പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠനവകുപ്പ് (KIRTHA'S) കോഴിക്കോട്, പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ തൃശ്ശൂർ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ തിരുവനന്തപുരം, സ്വാതി കലാസാംസ്കാരികസംഘം തിരുവനന്തപുരം, താലൂക്ക് പട്ടികജാതി/പട്ടികവർഗ്ഗ വെൽഫയർ ഓഫീസ് വടക്കാഞ്ചേരി എന്നിവയുമായി ബന്ധപ്പെട്ട, മറ്റു വകുപ്പുകൾകൂടി നൽകുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും ഉൾപ്പെടുത്തി, വിദ്യാഭ്യാസം, സാമ്പത്തിക വികസനം സാമൂഹ്യ വികസനം എന്നിവ നടപ്പിൽ ആക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു സ്ഥിരം കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്. അതു മൂലം അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, റോഡ്, ലൈറ്റ്, വെള്ളം, പരിസരസുചീകരണം, എല്ലാവർക്കും, വാസയോഗ്യമായ വീട് എന്നിവ നേടിയെടുക്കുവാൻ സാധിക്കുന്നതാണ്. പൊതുജനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

---

> അവകാശത്തിൻെറ യഥാർത്ഥമായ ഉൽഭവസ്ഥാനം കടമയാണ്. കടമ മുഴുവൻ നിറവേറ്റിയാൽ അവകാശങ്ങൾ തേടി ദൂരെ പോകേണ്ടി വരികയില്ല.
>
> **ഗാന്ധിജി**





## തിരുവില്വാമല പഞ്ചായത്ത്

### ഒറ്റനോട്ടത്തിൽ - പട്ടികജാതിക്കാർ/പട്ടികവർഗ്ഗക്കാർ

| | ആകെ കോളനികളുടെ/ സങ്കേതത്തിന്റെ എണ്ണം | അതിന്റെ ഭൂപ്രകൃതി അനുസരിച്ച കിടപ്പ് | | | ആകെ വീടുകൾ | കുടുംബ ങ്ങൾ | ആൺ | പെൺ |
|---|---|---|---|---|---|---|---|---|
| | | സമതല ത്തിൽ | ചെരിവു പ്രദേശത്ത് | കുന്നു പ്രദേശത്ത് | | | | |
| ആകെ | 65 | 16 | 31 | 18 | 1122 | 1418 | 2785 | 3082 |

(1)

| ജനസംഖ്യ | പഠിക്കുന്നവർ | വീട് ഇല്ലാത്ത കുടുംബങ്ങൾ | മൊത്തം ഉള്ള സ്ഥലം | ഉദ്യോഗസ്ഥർ |
|---|---|---|---|---|
| 5867 | 810 | 296 | 207.29 | 67 |

(2) പട്ടിക വർഗ്ഗക്കാർ ആരും ഈ പഞ്ചായത്തിൽ ഇല്ല

## (B) വാർഡ് I മലവട്ടം (8) തിരുവില്വാമല പഞ്ചായത്ത് 1/11/96ലെ കണക്ക്

| | കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആണ് | പെണ് | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | ജോലിയുള്ളഉദ്യോഗസ്ഥർ | [illegible] | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | അധികകുടുംബംവ താമസിക്കുന്നവീട് | ഓലവീട്ഓട്മേക്കേണ്ടത് | [illegible] | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 1 | തേലക്കാട്കുന്ന് (മലവട്ടം) | 37 | 31 | 6 | 17 | 45 | 101 | 94 | 195 | 1 | 3 | 1 | 19 | ഉണ്ട് | 13 | 1 | 18 | 1 | - | 5.80 | 20 | 18 | 8 | 6 | ഉണ്ട് | - | 3 | - | കുന്ന് |
| 2 | കുണ്ടുകാട്കോളനി/ ലക്ഷംവീട് | 31 | 28 | 3 | 28 | 39 | 63 | 79 | 142 | 1 | 3 | 1 | 14 | ഉണ്ട് | 12 | 3 | 11 | 4 | 1 | 5.20 | 3 | 17 | 8 | 3 | ഉണ്ട് | 1 | 2 | - | ചെരിവ് |
| 3 | പുളക്കപറമ്പ് | 36 | 35 | 1 | 23 | 41 | 66 | 73 | 139 | 2 | 3 | 1 | 26 | ഉണ്ട് | 20 | 9 | 22 | 12 | - | 6.80 | 13 | 10 | 5 | 1 | ഉണ്ട് | - | 1 | - | സമതലം |
| 4 | ചെമ്പൻകുളം | 9 | 6 | 3 | 6 | 12 | 24 | 28 | 52 | - | - | - | 3 | - | 10 | 4 | 9 | 4 | - | 4.80 | 3 | 6 | 3 | 3 | 1 | 1 | 1 | - | ട്രി |
| | ആകെ | 113 | 100 | 13 | 74 | 137 | 254 | 274 | 528 | 4 | 9 | 3 | 62 | | 55 | 17 | 60 | 21 | 1 | 22.60 | 39 | 51 | 24 | 13 | 1 | 2 | 7 | | |

# വാർഡ് 2 തിരുവില്ല്വാമല

| | കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ളം സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ വീടുകൾ | ഓട് | ഓല | കോൺക്രീറ്റ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കക്കൂസുള്ളവീടുകൾ | വൈദ്യുതിവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെ പഠിക്കുന്നവർ | ജോലിയുള്ള ഉദ്യോഗസ്ഥർ | തൊഴിലില്ലാത്തവർ | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കിണറുകൾ | അടിയന്തിരമായി പുതുക്കിപ്പണിയേണ്ട വീട് | ഓലവീട് മാറ്റേണ്ടത് | ഗ്യാസ് ... | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 5 | പണിക്കർകുന്ന് | 13 | 13 | - | 9 | 16 | 36 | 42 | 78 | - | 2 | - | 10 | ഉണ്ട് | 8 | 1 | 12 | 2 | - | 2.80 | 4 | 3 | 3 | - | - | 1 | 2 | - | സമതലം |
| 6 | ചക്കച്ചൻകാട് | 15 | 13 | 2 | 6 | 17 | 40 | 42 | 82 | 1 | - | 1 | 8 | ഉണ്ട് | 9 | 2 | 18 | 3 | - | 3.20 | 9 | 7 | 2 | 2 | - | - | 3 | 1 | സമതലം |
| 7 | വേലൻകുണ്ട് | 18 | 17 | 1 | 3 | 25 | 52 | 55 | 107 | - | 1 | - | 5 | ഉണ്ട് | 16 | 6 | 13 | 2 | - | 3.40 | 15 | 13 | 7 | 1 | - | 1 | 3 | - | ട്രി |
| 8 | അരിയർകുളമ്പ് | 5 | 3 | 2 | 3 | 6 | 12 | 16 | 28 | - | - | - | - | - | 3 | - | 8 | - | - | 0.90 | 2 | 5 | 1 | 2 | 1 | 1 | - | 1 | ചെരിവ് |
| 9 | മോടംകുന്ന് | 5 | 3 | 2 | - | 6 | 15 | 16 | 31 | - | - | - | - | ഉണ്ട് | 4 | - | 6 | - | - | 0.80 | 5 | 5 | 1 | 2 | - | 1 | - | 1 | കുന്ന് |
| | ആകെ | 56 | 49 | 7 | 21 | 70 | 155 | 171 | 326 | 1 | 3 | 1 | 23 | - | 40 | 9 | 57 | 7 | - | 11.10 | 35 | 33 | 14 | 7 | 1 | 4 | 8 | 3 | |

## വാർഡ് 3 പട്ടിപറമ്പ്

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം: ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | വെള്ള സൗകര്യം: പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | വിദ്യാഭ്യാസ: SSLC വരെ | SSLC ക്കുമുകളിൽ | ആകെ പഠിക്കുന്നവർ | ജോലിയുള്ളയുവാക്കൾ | പെൻഷനുള്ളവർ | മൊത്തം കോളനിയുടെ വിസ്തീർണ്ണം | അത്യാവശ്യമായി ആവശ്യമുള്ളത്: കക്കൂസുകൾ | കറന്റ്കണക്ഷൻ | അറ്റകുറ്റപ്പണി തീർക്കുവേണ്ടവീട് | ഓലവീട് ഓടാക്കേണ്ടത് | [illegible] | കുടിവെള്ളം: കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 10 മുള്ളക്കൽ/താഴത്തെ തൊടി വരണംപാടം | 21 | 17 | 4 | 9 | 26 | 59 | 78 | 137 | - | - | - | 11 | ഉണ്ട് | 12 | 13 | 14 | 3 | - | 3.40 | 12 | 10 | 5 | 4 | - | 1 | 1 | 1 | സമതലം |
| 11 അരക്കൻമല | 12 | 9 | 3 | 5 | 17 | 32 | 34 | 66 | 1 | - | - | - | ഉണ്ട് | 3 | 1 | 9 | - | - | 2.60 | 7 | 12 | 5 | 3 | - | 1 | - | 1 | കുന്ന് |
| 12 ചെട്ടിക്കുന്ന് | 9 | 9 | - | 7 | 12 | 25 | 26 | 51 | 1 | - | - | 2 | ഉണ്ട് | 4 | - | 6 | - | - | 1.90 | 2 | 7 | 3 | - | - | - | 2 | 1 | സമതലം |
| 13 കേലത്ത്പകവത്ത് | 17 | 16 | 1 | 3 | 22 | 38 | 45 | 83 | - | - | - | - | - | 13 | 5 | 17 | - | - | 3.50 | 14 | 17 | 5 | 1 | 1 | 2 | 2 | 1 | ചെരിവ് |
| 14 കുട്ടാലകുന്ന് ചീരക്കുഴി | 9 | 7 | 2 | - | 15 | 32 | 33 | 65 | - | - | - | - | - | 9 | - | 6 | - | - | 1.90 | 9 | 9 | 6 | 2 | 1 | 1 | 1 | 1 | ചെരിവ് |
| 15 കോട്ടാട്ടുകുളമ്പ് പൊരുത്തിക്കോട് | 20 | 11 | 9 | 3 | 29 | 46 | 52 | 98 | - | - | - | 2 | ഉണ്ട് | 9 | - | 14 | - | - | 2.60 | 17 | 18 | 9 | 9 | - | 1 | 3 | 1 | |
| ആകെ | 88 | 69 | 19 | 27 | 121 | 232 | 268 | 500 | 2 | - | - | 15 | - | 50 | 19 | 66 | 3 | - | 15.90 | 61 | 73 | 33 | 19 | 2 | 6 | 9 | 6 | |

## വാർഡ് 4 എരവത്തൊടി

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെ പഠിക്കുന്നവർ | ജോലിയുള്ളവരുടെ സംഖ്യ | ജോലിക്കുശ്രമിക്കുന്നവർ | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | അധികരിച്ചുകുടുംബത്തിനുവേണ്ടവീട് | ഓലവീട്ടുകാർക്കുണ്ടത് | ഗതാഗതസൗകര്യങ്ങൾ | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 16 കാഞ്ഞുള്ളിപടി പാലക്കപറമ്പ് | 15 | 11 | 4 | 1 | 25 | 58 | 62 | 120 | - | 1 | - | 11 | - | 13 | 4 | 14 | 2 | - | 1.20 | 14 | 4 | 10 | 4 | 1 | 1 | 2 | 1 | ചെരിവ് |
| 17 മിച്ചഭൂമി | 26 | 10 | 16 | 5 | 35 | 64 | 68 | 132 | - | - | - | - | - | 14 | 3 | 16 | - | - | 5.20 | 21 | 26 | 9 | 16 | 1 | 2 | 3 | 1 | കുന്ന് |
| 18 ലക്ഷംവീട്/ അയ്യപ്പൻകാവ്റോഡ് | 14 | 12 | 2 | 4 | 19 | 52 | 58 | 110 | 1 | - | 1 | 7 | ഉണ്ട് | 14 | 4 | 18 | 2 | - | 5.20 | 10 | 7 | 5 | 2 | - | 1 | 3 | 1 | സമതലം |
| 19 തെക്കേമുല്ലക്കൽ | 14 | 10 | 4 | 5 | 18 | 48 | 53 | 101 | 1 | - | - | 4 | - | 9 | 3 | 9 | 2 | - | 5.80 | 9 | 10 | 4 | 4 | 1 | 1 | 3 | 1 | ട്രി |
| 20 വടക്കേമുല്ലക്കൽ | 5 | 4 | 1 | 1 | 8 | 18 | 23 | 41 | - | - | - | 2 | - | 9 | 3 | 5 | - | - | 2.10 | 4 | 3 | 3 | 1 | 1 | 1 | 1 | - | ട്രി |
| 21 കരുമാക്കുഴി/ പാലക്കപറമ്പ് | 12 | 6 | 6 | 3 | 20 | 48 | 53 | 101 | - | 1 | - | 2 | ഉണ്ട് | 15 | 2 | 14 | 2 | - | 2.10 | 9 | 10 | 8 | 6 | - | 1 | 3 | 1 | ട്രി |
| ആകെ | 86 | 53 | 33 | 19 | 125 | 288 | 317 | 605 | 2 | 2 | 1 | 26 | - | 74 | 19 | 76 | 8 | - | 21.60 | 67 | 60 | 39 | 33 | 4 | 7 | 15 | 4 | |

# വാർഡ് 5 കുത്താമ്പുള്ളി

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | [illegible] | [illegible] | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ് കണക്ഷൻ | അറ്റകുറ്റപ്പണി നടത്തേണ്ടവീട് | ഓലവീട് ഓടാക്കേണ്ടത് | ഗതാഗതസൗകര്യങ്ങൾ | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 22 കുത്താമ്പുള്ളി മുല്ലയ്ക്കൽ | 3 | 2 | 1 | 2 | 3 | 9 | 11 | 20 | - | 1 | - | 1 | ഉണ്ട് | 2 | 3 | 2 | - | - | 0.16 | 1 | 2 | - | 1 | - | - | - | - | സമതലം |
| ആകെ | 3 | 2 | 1 | 2 | 3 | 9 | 11 | 20 | - | 1 | - | 1 | ഉണ്ട് | 2 | 3 | 2 | - | - | 0.16 | 1 | 2 | - | 1 | - | - | - | - | |

## വാർഡ് 6 ഒരലാശ്ശേരി

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | ജോലിയുള്ള[illegible] | ടെലിവിഷൻഉള്ളവർ | മൊത്തംകോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | [illegible] | ഓലവീട് ഓടാക്കേണ്ടത് | [illegible] | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 23 തെമ്പരികുണ്ട് | 16 | 16 | - | 4 | 22 | 49 | 54 | 103 | - | - | - | 11 | - | 16 | 5 | 22 | 3 | - | 6.90 | 12 | 5 | 6 | - | - | 1 | 4 | 1 | ചെരിവ് |
| 24 ആനപ്പാറ/ തെക്കോമാട്ടുപടി | 28 | 21 | 7 | 6 | 37 | 62 | 66 | 128 | - | 4 | - | 10 | ഉണ്ട് | 14 | 1 | 16 | - | - | 6.20 | 22 | 18 | 9 | - | - | 1 | 1 | - | കുന്ന് |
| 25 പല്ലൂർപടി | 21 | 12 | 9 | 4 | 26 | 52 | 61 | 113 | - | - | - | 7 | - | 15 | - | 14 | - | - | 5.70 | 17 | 14 | 5 | 9 | 1 | 1 | 2 | 1 | ചെരിവ് |
| 26 കുണ്ടുപറമ്പ്/ കാട്ടുകുളംമിച്ചഭൂമി | 48 | 34 | 14 | 7 | 59 | 105 | 112 | 217 | 2 | 2 | - | 9 | - | 20 | 3 | 52 | - | - | 5.20 | 41 | 39 | 11 | 14 | 1 | 1 | 3 | - | ട്രി |
| 27 പന്തല്ലൂപടി/ മാണിയങ്ങാട് | 22 | 18 | 4 | 7 | 28 | 55 | 58 | 113 | 2 | - | 1 | 4 | - | 15 | - | 26 | - | - | 3.40 | 15 | 18 | 6 | 4 | 1 | 1 | 4 | 1 | ട്രി |
| ആകെ | 135 | 101 | 34 | 28 | 172 | 323 | 351 | 674 | 4 | 6 | 1 | 41 | - | 80 | 9 | 130 | 4 | - | 27.40 | 107 | 94 | 37 | 27 | 3 | 5 | 14 | 3 | |

# വാർഡ് 7 പാമ്പാടി

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | ജോലിയുള്ള യുവജനങ്ങൾ | ജോലിയില്ലാത്തവർ | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | അധികം കുടുംബങ്ങൾക്ക് താമസത്തിനുവേണ്ട വീട് | ഓലവീട് ഓടാക്കേണ്ടത് | സാംസ്കാരിക നിലയങ്ങൾ | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 28 കോതതാത്പടി | 22 | 17 | 5 | 9 | 30 | 56 | 62 | 118 | 1 | - | - | 6 | ഉണ്ട് | 19 | 1 | 18 | 1 | - | 2.90 | 13 | 16 | 8 | 5 | 1 | 1 | - | 1 | ചെരിവ് |
| 29 കളത്തിൽപടി പാമ്പിൻകാവ് മേലേമേട്തൊടി എരുമക്കുഴി | 24 | 9 | 15 | 5 | 28 | 72 | 76 | 148 | - | - | - | 2 | ഉണ്ട് | 14 | - | 16 | - | - | 3.20 | 19 | 22 | 4 | 15 | 1 | 2 | - | 1 | ചെരിവ് |
| 30 മുണ്ടൻതൊടുപറമ്പ് | 11 | 4 | 7 | - | 15 | 25 | 35 | 70 | - | - | - | - | - | 7 | - | 12 | - | - | 2.60 | 11 | 11 | 4 | 7 | 1 | - | 1 | 1 | കുന്ന് |
| 31 തേലക്കാട്ട്കുന്ന് | 15 | 5 | 10 | 3 | 21 | 49 | 35 | 84 | - | - | - | 4 | - | 9 | - | 13 | - | - | 3.40 | 12 | 11 | 6 | 10 | 1 | 1 | - | 1 | കുന്ന് |
| 32 നാരായണമംഗലം | 19 | 8 | 11 | 2 | 25 | 44 | 48 | 92 | - | 1 | - | 5 | ഉണ്ട് | 9 | 3 | 14 | - | - | 3.10 | 17 | 14 | 6 | 11 | - | - | 3 | - | ചെരിവ് |
| 33 കുളസിൽകെല്ലായ്ക്കൽ കളത്തിൽപടി | 12 | 9 | 3 | - | 14 | 23 | 24 | 47 | - | - | - | - | - | 6 | - | 12 | - | - | 1.90 | 12 | 12 | 2 | 3 | 1 | 1 | - | 1 | ചെരിവ് |
| 34 നെടുങ്ങോട്ടെപടി | 9 | 7 | 2 | - | 11 | 21 | 19 | 40 | - | - | - | - | - | 4 | - | 11 | - | - | 1.60 | 9 | 9 | 2 | 2 | 1 | - | - | 1 | ചെരിവ് |
| 35 കൊല്ലായ്ക്കൽപറമ്പ് | 12 | 10 | 2 | 3 | 17 | 36 | 36 | 72 | - | - | - | - | - | 2 | 1 | 8 | 1 | - | 1.80 | 9 | 12 | 5 | 2 | 1 | 1 | - | 1 | സമതലം |
| 36 കുളത്തൂർപറമ്പ് | 10 | 8 | 2 | 1 | 11 | 24 | 26 | 50 | - | 1 | - | 3 | ഉണ്ട് | 4 | 1 | 4 | - | - | 90 | 9 | 7 | 1 | 2 | 1 | 1 | - | - | ചെരിവ് |
| ആകെ | 134 | 77 | 57 | 23 | 172 | 350 | 361 | 711 | 1 | 2 | - | 20 | - | 74 | 6 | 108 | 2 | - | 21.40 | 111 | 114 | 38 | 57 | 9 | 7 | 6 | 7 | |

## വാർഡ് 8 മലേശമംഗലം

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | ജോലിയുള്ളവർ | ജോലിസ്ഥിരതയുള്ളവർ | മൊത്തംകോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | അധികരിച്ചകുടുംബ ത്തിനുവേണ്ടവീട് | ഓലവീട്ഓടാക്കേണ്ടത് | ശ്മശാനസൗകര്യങ്ങൾ | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 37 കാട്ടിയംചിറകുന്ന് കോളനി | 10 | 3 | 7 | 2 | 12 | 24 | 26 | 50 | - | - | - | - | ഉണ്ട് | 9 | - | 8 | | - | 3.28 | 8 | 10 | 2 | 7 | | 1 | - | 1 | കുന്ന് |
| 38 തീണ്ടപ്പാറ | 10 | 4 | 6 | - | 16 | 26 | 34 | 60 | - | - | - | - | ഉണ്ട് | 4 | - | 3 | 1 | - | 2.10 | 10 | 10 | 6 | 6 | 1 | 1 | - | 1 | കുന്ന് |
| 39 മേച്ചിറ,കുതിരപാറ ഉട്ടുപുര, നൊട്ടാത്ത് പറമ്പ് | 25 | 15 | 10 | 2 | 35 | 62 | 66 | 128 | 1 | - | - | - | 1 | 11 | 4 | 25 | 2 | - | 4.20 | 23 | 25 | 10 | 10 | 1 | 4 | - | 1 | കുന്ന് |
| 40 മിനിക്കോട്/ ഏരിക്കുളം | 5 | 1 | 4 | - | 7 | 14 | 20 | 34 | - | - | - | - | ഉണ്ട് | 6 | - | 8 | - | - | 1.20 | 5 | 5 | 2 | 4 | 1 | 1 | - | - | ചെരിവ് |
| 41 അംബേദ്കർകോളനി | 39 | 38 | 1 | 13 | 41 | 83 | 84 | 167 | 1 | - | - | 10 | ഉണ്ട് | 22 | 3 | 19 | - | 1 | 4.95 | 26 | 29 | 2 | 1 | - | 1 | - | 1 | ചെരിവ് |
| 42 വാരിയത്തുപടി | 11 | 8 | 3 | 2 | 13 | 16 | 26 | 42 | 1 | - | - | - | - | 9 | - | 12 | - | - | 2.30 | 9 | 11 | 2 | 3 | 1 | 1 | - | 1 | ചെരിവ് |
| 43 തീത്തൂർപടി/ പള്ളത്തുപടി | 14 | 3 | 11 | 2 | 15 | 26 | 32 | 58 | - | - | - | - | - | 9 | - | 11 | - | - | 1.60 | 12 | 14 | 1 | 11 | 1 | 1 | - | 1 | സമതലം |
| 44 ചോഴിയംകോട് | 30 | 24 | 6 | 6 | 36 | 62 | 67 | 129 | 1 | - | - | 1 | ഉണ്ട് | 18 | - | 24 | 1 | - | 4.80 | 24 | 29 | 6 | 6 | 1 | 1 | - | 1 | ചെരിവ് |
| 45 പാലാട്ടുപടി | 13 | 11 | 2 | 2 | 15 | 26 | 32 | 58 | 1 | 1 | - | 4 | ഉണ്ട് | 11 | - | 9 | - | - | 2.80 | 11 | 9 | 2 | 2 | 1 | 1 | - | 1 | സമതലം |
| 46 നടയംകോട് | 12 | 9 | 3 | 5 | 16 | 29 | 30 | 59 | - | - | - | - | - | 9 | - | 7 | - | - | 2.70 | 7 | 12 | 4 | 3 | 1 | 1 | - | 1 | ചെരിവ് |
| 47 കുറുമങ്ങാടുകോളനി | 16 | 8 | 8 | - | 19 | 29 | 34 | 63 | 1 | - | - | - | ഉണ്ട് | 8 | - | 12 | - | - | 3.80 | 16 | 16 | 3 | 8 | 1 | 1 | - | - | ചെരിവ് |
| 48 കോട്ടാട്ടുകുന്ന് | 16 | 6 | 10 | - | 19 | 51 | 49 | 100 | 1 | - | 1 | - | ഉണ്ട് | 7 | 12 | - | - | - | 3.90 | 16 | 16 | 3 | 10 | - | - | - | 1 | കുന്ന് |
| 49 പുത്തൻമാരിപടി | 8 | 5 | 3 | - | 8 | 22 | 24 | 46 | - | - | - | 1 | ഉണ്ട് | 7 | 1 | 9 | - | - | 1.60 | 8 | 7 | - | 3 | - | 1 | - | 1 | ചെരിവ് |
| ആകെ | 209 | 135 | 74 | 34 | 252 | 470 | 524 | 994 | 7 | 1 | 1 | 16 | - | 130 | 20 | 137 | 4 | 1 | 120.16 | 175 | 193 | | 43 | 10 | 15 | - | 11 | |

## വാർഡ് 9 പടിഞ്ഞാറ്റുമുറി

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കറന്റുള്ളവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെ പഠിക്കുന്നവർ | [illegible] | [illegible] | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ് കണക്ഷൻ | അടിയന്തിരമായി പുതുക്കേണ്ട വീട് | ഓലവീട് ഓടാക്കേണ്ടത് | ഗതാഗതസൗകര്യങ്ങൾ | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 50 ഗാന്ധിഗ്രാമം | 20 | 18 | 2 | 1 | 30 | 32 | 48 | 80 | 1 | - | 1 | 13 | ഉണ്ട് | 30 | 18 | 14 | 7 | 1 | 4.20 | 19 | 7 | 10 | 2 | 1 | - | 3 | - | കുന്ന് |
| 51 മലറ | 12 | 6 | 6 | 2 | 15 | 32 | 38 | 70 | - | - | 1 | 2 | ഉണ്ട് | - | 4 | 12 | - | - | 2.60 | 10 | 10 | 3 | 6 | 1 | - | 3 | - | കുന്ന് |
| 52 ചോലക്കോടുപടി/ ചാഴിയോട്ടുപടി | 14 | 8 | 6 | 1 | 18 | 29 | 33 | 62 | - | - | - | - | ഉണ്ട് | 12 | - | 8 | - | - | 3.20 | 13 | 14 | 4 | 6 | 1 | 1 | 2 | 1 | ചെരിവ് |
| 53 വാരിയത്തുപടി | 30 | 24 | 6 | 7 | 36 | 64 | 59 | 123 | 1 | - | - | 24 | - | 7 | 2 | 14 | 1 | - | 3.80 | 23 | 6 | 6 | 6 | 2 | 1 | 4 | 1 | ചെരിവ് |
| 54 നമ്പ്രത്ത്പടി | 8 | 5 | 3 | - | 11 | 16 | 18 | 34 | - | - | - | - | - | 4 | - | 6 | - | - | 1.20 | 8 | 8 | 3 | 3 | 1 | 1 | 2 | 1 | ചെരിവ് |
| ആകെ | 84 | 61 | 23 | 11 | 110 | 173 | 196 | 369 | 2 | - | 2 | 39 | 53 | 24 | 64 | 8 | 1 | 1 | 4.80 | 73 | 45 | 26 | 23 | 6 | 3 | 14 | 3 | |

## വാർഡ് 10 പരക്കോട്ടുപാടം

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം: ആകെ വീടുകൾ | ഓട് | ഓല | കോൺക്രീറ്റ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആൺ | പെൺ | മൊത്തം | വെള്ള സൗകര്യം: പൊതുകിണർ | പൊതുടാപ്പുകൾ | കൈപമ്പ് | കക്കൂസുള്ളവീടുകൾ | ഗോസ്യവിവരം | വിദ്യാഭ്യാസ: SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | [illegible] | [illegible] | അത്യാവശ്യമായി ആവശ്യമുള്ളത്: മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | അധികരിപ്പിച്ചു… [partly illegible] | ഓലവീട് മാറ്റേണ്ടത് | ഗതാഗതസൗകര്യങ്ങൾ | കുടിവെള്ളം: കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 55 കുത്താമ്പുള്ളി | 34 | 30 | 4 | 7 | 40 | 74 | 88 | 162 | - | 4 | - | 29 | ഉണ്ട് | 7 | 3 | 17 | 1 | - | 3.90 | 27 | 5 | 6 | 4 | ഉണ്ട് | 1 | 2 | - | ചെരിവ് |
| 56 കുന്നത്തുകോളനി | 15 | 13 | 2 | 4 | 18 | 34 | 31 | 65 | - | 1 | - | 9 | ഉണ്ട് | 6 | - | 12 | 2 | - | 4.50 | 11 | 6 | 3 | 2 | ഉണ്ട് | - | 1 | 1 | ചെരിവ് |
| 57 കുപ്രംകുന്ന്/ വരണ്ടുംകുന്ന് | 17 | 10 | 7 | 1 | 20 | 44 | 52 | 96 | - | - | - | - | - | 7 | 1 | 11 | 1 | - | 4.80 | 16 | 17 | 3 | 7 | 1 | 1 | 2 | - | കുന്ന് |
| 58 പരക്കോട്ടുപടി/ ചിറക്കൽപടി | 8 | 5 | 3 | - | 10 | 24 | 27 | 51 | - | - | - | - | ഉണ്ട് | 8 | 2 | 9 | 1 | - | 2.10 | 8 | 8 | 2 | 3 | 1 | 1 | 2 | - | ചെരിവ് |
| 59 മാണിയങ്ങാട് | 33 | 29 | 4 | 8 | 39 | 75 | 88 | 163 | - | - | 1 | 18 | ഉണ്ട് | 12 | 2 | 12 | - | - | 3.90 | 25 | 15 | 6 | 4 | 1 | - | 3 | 1 | കുന്ന് |
| ആകെ | 107 | 87 | 20 | 11 | 127 | 251 | 286 | 537 | - | 5 | 1 | 56 | - | 40 | 8 | 61 | 5 | - | 19.20 | 87 | 51 | 20 | 20 | 3 | 3 | 10 | 2 | |

# വാർഡ് 11 കൂടാരംകുന്ന് തിരുവില്വാമല പഞ്ചായത്ത്

| കോളനികളുടെ പേര്/ സങ്കേതത്തിന്റെ പേര് | വീട് വിവരം | | | | | | | | വെള്ള സൗകര്യം | | | | | വിദ്യാഭ്യാസ | | | | | അത്യാവശ്യമായി ആവശ്യമുള്ളത് | | | | | | കുടിവെള്ളം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആകെ വീടുകൾ | ഓട് | ഓല | കക്കൂസ് ഉള്ളത് | കുടുംബങ്ങളുടെ എണ്ണം | ആണ് | പെണ് | മൊത്തം | പൊതുകിണർ | പൊതുസ്രോതസ്സുകൾ | കൈപമ്പ് | കറന്റില്ലാത്തവീടുകൾ | റോഡുവിവരം | SSLC വരെ | SSLC ക്കുമുകളിൽ | ആകെപഠിക്കുന്നവർ | [illegible] | [illegible] | മൊത്തം കോളനിയുടെ വിസ്തീർണ്ണം | കക്കൂസുകൾ | കറന്റ്കണക്ഷൻ | [illegible] | ഓലവീട് ഓടാക്കേണ്ടത് | [illegible] | കിണർ | ടാങ്ക് | കൈപമ്പ് | സ്ഥലത്തിന്റെ കിടപ്പ് |
| 60 കുന്നത്താട്ടുപടി | 16 | 3 | 13 | 3 | 20 | 40 | 42 | 82 | - | 1 | - | - | - | 8 | 2 | 9 | 2 | - | 1.40 | 13 | 16 | 4 | 3 | 1 | - | 3 | - | ചെരിവ് |
| 61 വയലാല | 15 | 4 | 11 | 4 | 18 | 32 | 43 | 75 | - | - | 1 | 1 | ഉണ്ട് | 4 | 1 | 9 | - | - | 2.80 | 11 | 14 | 3 | 11 | 1 | - | 3 | - | ചെരിവ് |
| 62 കൂട്ടാലകമ്പനി/ടി | 32 | 17 | 15 | 8 | 38 | 82 | 91 | 173 | 1 | 2 | - | 5 | ഉണ്ട് | 19 | 8 | 12 | 3 | - | 3.90 | 24 | 27 | 6 | 15 | 1 | 1 | 2 | - | ചെരിവ് |
| 63 കൂടാരംകുന്ന് | 11 | 2 | 9 | 2 | 13 | 24 | 31 | 55 | - | 1 | - | - | ഉണ്ട് | 5 | 1 | 9 | - | - | 1.70 | 9 | 11 | 2 | 9 | 2 | - | 2 | - | കുന്ന് |
| 64 മുതിയാർക്കോട്/ കാക്കാംകുണ്ട് | 20 | 7 | 13 | 4 | 23 | 61 | 68 | 129 | - | - | - | 3 | ഉണ്ട് | 8 | - | 9 | - | - | 2.30 | 16 | 17 | 3 | 13 | 2 | - | 2 | - | കുന്ന് |
| 65 കാരയ്ക്കാപാടം | 13 | 7 | 6 | 7 | 17 | 41 | 48 | 89 | 1 | - | - | - | - | 8 | - | 11 | - | - | 1.60 | 6 | 13 | 4 | 6 | 1 | - | 3 | - | കുന്ന് |
| ആകെ | 107 | 40 | 67 | 28 | 129 | 280 | 323 | 603 | 2 | 4 | - | 9 | | 52 | 12 | 59 | 5 | - | 11.90 | 79 | 98 | 22 | 57 | 8 | 1 | 15 | | |
| ഒട്ടാകെ | 1122 | 744 | 348 | 287 | 1418 | 2785 | 3082 | 5867 | 25 | 33 | 10 | 308 | | 650 | 145 | 810 | 67 | 3 | 207.29 | 835 | 814 | 296 | 348 | 47 | 53 | 98 | 39 | |



# വനിതാ ക്ഷേമം

# വനിതാ ക്ഷേമം

1991 സെൻസസ് പ്രകാരം 1000 പുരുഷൻമാർക്ക് ആയിരത്തിലേറെ സ്ത്രീകളുള്ള ഏകസംസ്ഥാനമാണ് കേരളം. താഴ്ന്ന ജനന നിരക്ക്, കുറഞ്ഞ ശിശുമരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം, സാക്ഷരത, കുടുംബാസൂത്രണപദ്ധതിക്കു കിട്ടുന്ന അംഗീകാരം മുതലായവ കേരള വനിതകളെ വികസിത സമൂഹമായി കണക്കാക്കാറുണ്ട്. കേരള ജനതയുടെ ഫിസിക്കൽ ക്വാളിറ്റി ഓഫ് ലൈഫ്(ഭൗതിക ജീവിത മേന്മ) ഉയർത്തുന്നതിൽ സ്ത്രീ സമൂഹം വഹിച്ച പങ്ക് ഒട്ടും കുറഞ്ഞതുമില്ല. പള്ളിക്കൂടങ്ങൾ,കോളേജുകൾ, ആശുപത്രികൾ, കമ്പിത്തപാൽ, ടെലഫോൺ,ഗതാഗത സൗകര്യങ്ങൾ, റേഡിയോ.T.V. വിവിധ തരത്തിലുള്ള ഉപഭോഗ വസ്തുക്കൾഇവയെല്ലാം സാധാരണക്കാരുടെ മനസ്സിൽ വികസനത്തിന്റെ ഫലമായി കിട്ടുന്നവയാണ്. ഇവയിൽ പലതിലും കേരളം നേട്ടം കൈവരിച്ചിട്ടുണ്ട്.പക്ഷേ ഇതെല്ലാം കൊണ്ട് ഇവിടത്തെ സ്ത്രീകൾക്ക് സമൂഹത്തിൽ പദവി ഉയർന്നിട്ടുണ്ടെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. സ്വാതന്ത്ര്യം, തുല്യത, വ്യക്തിത്വ വികസനം, സ്വന്തം അന്തസ്സിനെപ്പറ്റിയുള്ള ബോധം എന്നിവ സാമൂഹ്യപദവിയുള്ള അനിവാര്യലക്ഷണങ്ങളാണെങ്കിൽ കേരള സ്ത്രീകൾ പുറകോട്ടല്ലേ പോകുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ജനസംഖ്യയിൽ സ്ത്രീകൾക്ക് അനുകൂലമായുള്ളഅനുപാതം, അതായത് 1000 പുരുഷൻമാർക്ക് ആയിരത്തിലധികം സ്ത്രീകൾ ഉള്ളത് വളരെനേരത്തെ എടുത്തു കാണിക്കാറുണ്ട്. തിരുവിതാംകൂറിലെ ആദ്യത്തെ സെൻസസിൽ (1875) സെൻസസ് കമ്മീഷണറും ആദ്യത്തെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിന്റെ കർത്താവുമായ നാഗമയ്യാ ഈ വിവരം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മലബാർ പ്രവിശ്യയിൽ അന്നു തന്നെ സ്ത്രീകൾ കൂടുതലായിരുന്നു. ഇവിടെ നിലനിന്നിരുന്ന മരുമക്കത്തായ സമ്പ്രദായ പ്രകാരം പെൺകുഞ്ഞുങ്ങൾ അവഗണിക്കപ്പെട്ടിരുന്നില്ല. മറ്റു ചില സംസ്ഥാനങ്ങളിലേപ്പോലെ പെൺകുഞ്ഞുങ്ങളെ ഇവിടെ കൊന്നു കളയുന്നില്ലെങ്കിലും ആൺകുട്ടികൾ മാത്രമുള്ള അമ്മമാർ ഒരു പ്രത്യേക ആശ്വാസം പ്രകടിപ്പിക്കാറുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല.

തൃശ്ശൂർ ജില്ലയിലെ സ്ത്രീപുരുഷ അനുപാതം കുറയുകയല്ല കൂടുകയാണ് എന്നു കാണാൻ കഴിയും. ആയിരത്തിതൊള്ളായിരത്തി ഒന്നിൽ 1004 ഉം 1911 _ ൽ 1009 ഉം 1921 ൽ 1051 ഉം 1931 ൽ 1075 ഉം 1941 ൽ 1082 ഉം 1951 ൽ 1105 ഉം 1961 ൽ 1093 ഉം 1971 ൽ 1081 ഉം 1981 ൽ 1100 ഉം 1991 ൽ ആയി വർദ്ധിക്കുകയാണുണ്ടായത്. കേരളം മൊത്തത്തിൽ വിലയിരുത്തുമ്പോഴും ഈ പ്രത്യേകത കാണാൻ കഴിയും. എന്നാൽ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ സ്ത്രീ പുരുഷാനുപാതത്തിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം . 1901_ൽ 1000 പുരുഷൻമാർക്ക് 1044 സ്ത്രീകളാണുണ്ടായിരുന്നതെങ്കിൽ 1991 ആകുമ്പോഴേക്കും 1000 ന് 972 എന്ന നിലയിലേക്ക് താഴുകയാണുണ്ടായത്.

സാക്ഷരരായ സ്ത്രീകളുടെ കാര്യം പരിശോധിച്ചാലും കേരളം മുന്നിൽ നിൽക്കുന്നതായി കാണാം. കേരളത്തിലെ 86.93% സ്ത്രീകൾ സാക്ഷരരാണെങ്കിൽ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലേത്. 52.29% മാത്രമാണ്. ഇൻഡ്യയിലെ ഏറ്റവും കുറഞ്ഞ സ്ത്രീ സാക്ഷരരായുള്ള രാജസ്ഥാനിൽ ഈ നിരക്ക് 20.84% മാത്രമാണുള്ളത്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യവും

പ്രശംസനീയമാണ്. ഇക്കാര്യങ്ങളൊക്കെ വളരെയേറെ കൊട്ടിഘോഷിക്കുന്നവയാണെങ്കിലും കേരളത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ വളരെയേറെയുണ്ടെന്ന് സമ്മതിക്കാതെ വയ്യ. പെൺകുഞ്ഞുങ്ങൾ ഒരു ഭാരമായി തോന്നുന്ന അവസ്ഥ, തുല്യ ജോലിക്ക് തുല്യവേതനമില്ലായ്മ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ എന്നിവകളൊക്കെ ഈ ഇനത്തിലെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. പെൺകുട്ടികൾ ഭാരമായി വരുന്നതിന്റെ ഒരു കാരണം അവരുടെ വിവാഹം സംബന്ധിച്ച ധൂർത്ത് എന്നുതന്നെ വിശേഷിപ്പിക്കാവുന്ന അമിതമായ ചിലവാണ്. 25000 ഉം 50000 ഉം സദ്യക്കായിമാത്രം ചിലവാകാറുണ്ട്. ' സ്ത്രീധനം' എന്ന പേരിൽ 'അയക്കുന്നതിനും കെട്ടിക്കുന്നതിനും' ഭാരിച്ച വിലയുള്ള ജംഗമ സ്വത്തുക്കളും കൈമാറ്റം നടക്കുന്നുണ്ട്. വിവാഹാനന്തരമുള്ള ചടങ്ങുകളും ചിട്ടവട്ടങ്ങളും മാതാപിതാക്കളെ സംബന്ധിച്ച് വലിയ ഭാരമാകുന്നു. ഇതിനുപുറമെ സ്ത്രീപുരുഷ അന്തരം എല്ല രംഗങ്ങളിലും വർദ്ധിപ്പിക്കാനുതകുന്ന പുരുഷ മേധാവിത്വവും നിറഞ്ഞു നില്ക്കുന്നുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സ്ത്രീ സമൂഹത്തേയും ഈ വക പ്രശ്നങ്ങൾ പൊതുവിൽ ബാധിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. മൊത്തത്തിൽ ഈ വക പ്രശ്നങ്ങൾ വിലയിരുത്തി അവയ്ക്ക് പരിഹാരം കണ്ടെത്തി വികസനപ്രക്രിയയിൽ സ്ത്രീസമൂഹത്തെ പങ്കാളികളാക്കുവാനും അതുവഴി സാമൂഹികമായ ഒരു മുന്നേറ്റം സ്ത്രീകളിൽ സൃഷ്ടിച്ചെടുക്കാനും കഴിയുന്ന ബോധപൂർവ്വമായ ഇടപെടൽ കൂടിയേ കഴിയൂ.

തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് 1100 സ്ത്രീകൾ വരും. 1991 ലെ സെൻസസ് പ്രകാരം 4973 കുടുംബങ്ങളിൽ 488 കുടുംബങ്ങൾ ( ദി വുമൻ ഹെഡഡ്ഡ് ഫാമിലി) വനിതകളുടെ നിയന്ത്രണത്തിലുള്ളവയാണ്.

വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. തൊഴിൽ പങ്കാളിത്തം പരിശോധിച്ചാൽ അംഗനവാടിമേഖല, കർഷക തൊഴിലാളികൾ, ഖാദിനെയ്ത്ത്, കൈത്തറിമേഖലയിലെ നെയ്ത്ത് എന്നിവയിലാണ് സ്ത്രീകൾക്ക് മുൻകൈയ്യുള്ളത്. കൃഷി, കുടിൽ വ്യവസായം, കെട്ടിടനിർമ്മാണം, വ്യാപാരം എന്നിവയിൽ പുരുഷമേധാവിത്വം തന്നെ നിലനിൽക്കുന്നു. ഗതാഗത - വാർത്താവിനിമയ മേഖലയിലേക്ക് സ്ത്രീകൾക്ക് കടന്നുവരാനേ കഴിഞ്ഞിട്ടില്ല.

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തം വേണ്ടത്ര ഉയർന്നിട്ടില്ല. മഹിളാസമാജം പ്രവർത്തകർ, ബഹുജനസംഘങ്ങളിലെ ഭാരവാഹികൾ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരിലെ വനിതാപങ്കാളിത്തം, വനിതകൾക്ക് മാത്രമായുള്ള DWCRA യൂണിറ്റുകൾ, വ്യവസായസംരംഭങ്ങൾ എന്നിവയിലെല്ലാം നാമമാത്രമായ സ്ത്രീപങ്കാളിത്തം കാണാമെങ്കിലും തൃപ്തികരമായ നില കൈവരിക്കണമെങ്കിൽ കൂടുതൽ ബോധപൂർവ്വമായ ഇടപെടലുകൾ വേണ്ടിവരും. സ്ത്രീകളെ വികസനപ്രക്രിയയിൽ പങ്കാളികളാക്കാമെന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണം ഈ പഞ്ചായത്ത് ഏറ്റെടുത്ത് വിജയിപ്പിച്ച സാക്ഷരതാപ്രവർത്തനങ്ങളെ മാതൃകയാക്കാവുന്നതാണ്. സെക്കണ്ടറി തല വിദ്യാഭ്യാസമുള്ള ധാരാളം വനിതാ പ്രവർത്തകരെ പൊതു പ്രവർത്തകരായി കിട്ടുമെന്നുള്ള അനുഭവവും നമ്മുടെ മുന്നിലുണ്ട്.

പട്ടിക 1

| സ്ത്രീപുരുഷ സ്ഥിതിവിവര കണക്ക് | | | |
|---|---|---|---|
| വാർഡ് | സ്ത്രീ | പു. | ആകെ |
| 1 | 1511 | 1303 | 2814 |
| 2 | 1114 | 992 | 2106 |
| 3 | 1265 | 1059 | 2324 |
| 4 | 1182 | 1108 | 2290 |
| 5 | 993 | 846 | 1839 |
| 6 | 1171 | 956 | 2127 |
| 7 | 1308 | 1135 | 2443 |
| 8 | 1085 | 985 | 2070 |
| 9 | 1076 | 1026 | 2102 |
| 10 | 962 | 978 | 1940 |
| 11 | 1057 | 1063 | 2120 |
| ആകെ | 12724 | 11451 | 24175 |

## പ്രശ്നങ്ങൾ

1) പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവ്.

2) മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.

3) സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള സർക്കാർപദ്ധതികളെകുറിച്ചുള്ള അജ്ഞത.

4) DWCRA/WIP തുടങ്ങിയ പദ്ധതികൾ വിജയകരമായി ഏറ്റെടുക്കുന്നതിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിന്റെ അഭാവം.

5) സ്ത്രീകളുടെ നേതൃഗുണം/ പൊതുജനസേവനതൃഷ്ണ എന്നിവ പോഷിപ്പിക്കാനുള്ള പരിപാടികളുടെ അപര്യാപ്തതയും ഉള്ളവ തന്നെ വേണ്ടത്ര ഉപയോഗപ്പെടുത്താതിരിക്കലും.

6) സ്വന്തമായി വരുമാനം കണ്ടെത്താനും കുടുംബ ഭദ്രത കൈവരിക്കാനുമുള്ള അവസരംവലിയ ബുദ്ധിമുട്ടു കൂടാതെ ലഭിക്കാനുള്ള സാദ്ധ്യതയില്ലായ്മ.

## സാദ്ധ്യതകൾ

1) പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള മനോഭാവം വളർത്തിയെടുക്കാൻ കഴിയുന്ന നേതൃത്വപരിശീലന പരിപാടി ആവിഷ്ക്കരിക്കുക.

2) വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നടപ്പിലാക്കുന്ന സ്ത്രീകൾക്ക് വേണ്ടി മാത്രമുള്ളപദ്ധതികൾ വിശദീകരിക്കുന്നതിനും അവശ്യം വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിയമോപദേശവും നൽകാനുള്ള ഒരു വിജ്ഞാൻ കൗണ്ടർ പഞ്ചായത്ത്കേന്ദ്രമാക്കി പ്രവർത്തനമാരംഭിക്കുക.

3) DWCRA/WIP പദ്ധതികൾ പരമാവധി മുതലെടുത്തുകൊണ്ട് സ്ത്രീകളുടെ വരുമാനവർദ്ധനക്ക് പദ്ധതികൾ ആസൂത്രണം ചെയ്യുക.

4) ബാക്ക്യാഡ് സിസ്റ്റം പ്രകാരമുള്ള കോഴിവളർത്തൽ/മുറ്റത്തെ പൂന്തോട്ടം എന്നിവയിലൂടെ പുഷ്പങ്ങളുടെ ഉല്പാദനവർദ്ധനവും വരുമാനവർദ്ധനവും ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

5) പഞ്ചായത്ത് അധികാര പരിധിയാക്കി ഒരു വനിതാസഹകരണസംഘം രൂപീകരിച്ച് പ്രവർത്തിക്കുക. ( മേഖല ചർച്ച ചെയ്തു തീരുമാനിക്കാവുന്നതാണ്. ഫുഡ്പ്രോസ്സസിംഗ്, റെഡിമെയ്ഡ് ഉൽപ്പന്നങ്ങൾ, പാലും പാലുല്പന്നങ്ങളും )

6) മഹിളാ സമൃദ്ധിയോജനാ പദ്ധതിയിൽ ഈ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളേയും അംഗങ്ങളാക്കി ബചത്പഞ്ചായത്താക്കുക.

## *ഗ്രാമസഭയിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ*

### വനിതാ ക്ഷേമം

വാർഡ് 1

ഒന്നാം വാർഡിലെ ഏക വനിതാ വ്യവസായ കേന്ദ്രമായ ഖാദി സർവ്വോദയ സംഘത്തിൻെ സ്ഥിതി വളരെ മോശമാണ്. ഉപയോഗശൂന്യമായ ചർക്കകൾ റിപ്പയർ ചെയ്ത് വീടുകളിലെത്തിക്കുക.ഈ സ്ഥാപനത്തിന്റെ പ്രാഥമിക ആവശ്യത്തിനു വേണ്ട കക്കൂസ്, വെള്ളം മുതലായ സൗകര്യങ്ങൾ ഏർപ്പാട് ചെയ്യണം.

വാർഡ് 2

പുതിയ തൊഴിൽ സംരംഭം നടത്താൻ ഈ വാർഡിൽ സർവ്വേ 907/_ൽ പെട്ട 32 സെന്റ് പുറമ്പോക്കിൽ അനുമതി നൽകി വനിതകൾക്ക് വേണ്ടി നെയ്ത്ത് പരിശീലന കേന്ദ്രം ആരംഭിക്കണം. DWCRA പദ്ധതിയിൽ ഒരു നെയ്ത്ത് സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം.

വാർഡ് 3

ഇവിടത്തെ പ്രധാന കുടിൽ വ്യവസായമായ മലർ നിർമ്മാണം 5 മുതൽ 15 വരെ വനിതകളെ ഉൽപ്പെടുത്തി കൊണ്ട് അവർക്ക് ഷെഡും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക. 50 സെന്റോളം ഭൂമി കൈവശമുള്ള കുടുംബത്തിലെ വനിതകൾക്ക് പശു വളർത്തൽ സൗകര്യം ചെയ്ത് കൊടുക്കുക. പശുവിന്റെ ചാണകം കൊണ്ട് ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സഹായിക്കുക. റെഡിമെഡ് നിർമ്മാണം, അച്ചാറുകൾ, അരി, ഗോതമ്പ് മുതലായവ പാക്കറ്റുകളിലാക്കി വിതരണം എന്നിവ നടത്തുന്നതിന് വനിതകൾക്ക് വേണ്ട സഹായം ചെയ്യുക.

വാർഡ് 4

വനിതകൾക്ക് പുതിയ തൊഴിൽ സംരംഭം ഏർപ്പെടുത്തുക, നിലവിലുള്ള DWCRA പുനരുദ്ധരിക്കുക. വനിതകൾക്ക് വേണ്ടി ഒരു മാവേലി സ്റേറാർ തുടങ്ങണം. വനിതകളുടെ ആരോഗ്യ പരിവാലനത്തിന് വേണ്ടിയുള്ള പരിപാടികൾ ആരംഭിക്കണം. എരവത്തൊടി അംഗൻവാടിയിലുണ്ടായിരുന്ന നെഹ്യ യുവക് കേന്ദ്ര വീണ്ടും പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിക്കണം.

വാർഡ് 5

കുടിൽ വ്യവസായ കേന്ദ്രമായതിനാൽ സ്ത്രീകൾ വീട് വിട്ടിറങ്ങുന്ന പതിവില്ലാത്തതിനാൽ നെയ്ത്ത് തൊഴിലിന് ആവശ്യമായ നൂൽ ചുറ്റൽ, അച്ചു പുണയ്ക്കൽ ഈ പ്രവർത്തനത്തിന് ഒരു വർക്ക് ഷെഡ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

വാർഡ് 6

വനിതകൾക്ക് വേണ്ടിയുള്ള തൊഴിലവസരങ്ങൾ: മൺ ഇഷ്ടിക നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, നെയ്ത്ത്, ചൂരൽ, പ്ലാസ്റ്റിക് കുട്ടകൾ, കസേരകൾ മുതലായ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകണം. ട്രൈസം പരിപാടിയിലൂടെ കൂടുതൽ വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക.

വാർഡ് 7

2 വനിത സംഘടനകൾ ഈ വാർഡിൽ നിലവിലുണ്ട്. ആയതിന്റെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല. ആയതിലേക്ക് വനിതകൾക്ക് ഗ്രൂപ്പ് തൊഴിൽ ശാലകൾ നിർമ്മിച്ച് ( കുട്ടനെയ്ത്ത്, അച്ചാർ, തുന്നൽ ) പ്രവർത്തനം വേണ്ട രീതിയിൽ പുരോഗമിക്കാം.

വാർഡ് 8

വനിതകളുടെ സ്വയം തൊഴിൽ സംരംഭം വഴി അവരുടെ ജീവിത നിലവാരം

മെച്ചപ്പെടുത്താൻ കഴിയും.

വാർഡ് 9

എല്ലാ അംഗൻവാടി കളോടും അനുബന്ധിച്ച് മഹിളാ സംഘങ്ങൾ ഉണ്ട്. അതിനോടനുബന്ധിച്ച് വനിതാ സഹകരണ സംഘങ്ങൾ തുടങ്ങുകയും അതിൽ വീടുകൾക്കാവശ്യമുള്ള കറിപ്പൊടികൾ, പലഹാരങ്ങൾ, അച്ചാറുകൾ മുതലായവ ഉണ്ടാക്കാനുള്ള ഒരു യൂണിറ്റ് തുടങ്ങണം. വനിതകൾക്ക് വേണ്ടി ഒരു മാവേലി സ്റ്റോർ സ്ഥാപിക്കേണ്ടതാണ്.

വാർഡ് 10

വനിതകളുടെ ആരോഗ്യ പരിപാലനത്തിനുള്ള പരിപാടികൾ ആരംഭിക്കണം. വനിത തയ്യൽ പരിശീലന കേന്ദ്രവും തയ്യൽ യൂണിറ്റും നടപ്പാക്കണം

വാർഡ് 11

ഈ വാർഡിൽ ഒരു DWCRA സ്ഥാപിച്ച് വനിതകൾക്ക് വേണ്ടിയുള്ള പ്ലാസ്റ്റിക്ക് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം മുതലായവ സ്ഥാപിക്കണം. വനിതകൾക്ക് വേണ്ടി ഒരു കവർ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ, കിടാരി വളർത്തൽ, കോഴി വളർത്തൽ എന്നീ യൂണിറ്റുകൾക്ക് ധനസഹായം നൽകണം.




# ധനകാര്യം
# വിഭവസമാഹരണം

# വിഭവസമാഹരണം

തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ നടപ്പുവർഷത്തെ വരുമാനത്തിൽ വലിയ പ്രതീക്ഷകളോടെ ആണ് ബഡ്ജറ്റിന് രൂപം കൊടുത്തുകാണുന്നത്. മണൽ ലേലം വകയിലും സൂപ്പർസ്റ്റാർ കമ്പിനി വഴിക്കും വരുമാനവർദ്ധനവ് പ്രതീക്ഷിച്ചിരുന്നു. നിർഭാഗ്യവശാൽ അതിന് ഭംഗം വന്നു.
നമ്മുടെ പഞ്ചായത്തിന് നിലവിലുള്ള കണക്കുകളനുസരിച്ച് എന്തുവരുമാനമുണ്ടെന്ന് നോക്കാം

**പട്ടിക 1**

| ക്രനമ്പർ | ഇനം | രൂപ | പൈ. |
|---|---|---|---|
| 1. | കെട്ടിട നികുതി | 206261 | 55 |
| 2. | തൊഴിൽ നികുതി | 113120 | 00 |
| 3. | വിനോദനികുതി | 136615 | 60 |
| 4. | ലൈസൻസ്ഫീ | 6466 | 00 |
| 5. | വസ്തുകൈമാറ്റനികുതി | 168339 | 00 |
| 6. | സർക്കാർ ഗ്രാന്റ് മറ്റുള്ളവ | 1119710 | 00 |
| | ആകെ | 1780612 | 15 |

ഈ കണക്കുകളിൽ നിന്നും സർക്കാർ ഗ്രാന്റുകളാണ് കാര്യമായ വരവെന്ന് കാണാം.
കഴിഞ്ഞ അഞ്ചുവർഷത്തെ സർക്കാർ ഗ്രാന്റുവഴിയുള്ള നമ്മുടെ വരുമാനം താഴെ പട്ടകയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**

**ജവഹർ തൊഴിൽ ദാന പദ്ധതി**

| നമ്പ്ര് | വർഷം | ആകെ സംഖ്യ | S.C. |
|---|---|---|---|
| 1. | 1992-93 | 416403 | 112000 |
| 2. | 1993-94 | 681511 | 112000 |
| 3. | 1994-95 | 375590 | 94800 |
| 4. | 1995-96 | 583170 | 100800 |

പട്ടിക 3

**United Fund**

**ഉപാധിരഹിത ഫണ്ട്**

| നമ്പ്ര് | വർഷം | S.C.P. | ജനറൽ |
|---|---|---|---|
| 1. | 1991-92 | 85000 | 116000 |
| 2. | 1991-92 | 83000 | 128500 |
| 3. | 1991-92 | 12500 | 147000 |
| 4. | 1991-92 | 113900 | 218100 |
| 5. | 1991-92 | 159500 | 196300 |

അടുത്തതായി കഴിഞ്ഞ വർഷത്തെ ചെലവുകുസംബന്ധിച്ച കണക്ക് പരിശോധിക്കാം.

**പട്ടിക 4**

| ക്രനമ്പർ | ഇനം | രൂപ |
|---|---|---|
| 1. | ഭരണച്ചെലവ് | 521886 |
| 2. | പൊതുമരാമത്ത് | 519172 |
| 3. | വിദ്യാഭ്യാസം | 114114 |
| 4. | ഓടകൾ, ആരോഗ്യം, ജലവിതരണം | 34745 |
| 5. | തെരുവുവിളക്കുകൾ | 83640 |
| 6. | മറ്റുള്ളവ | 96653 |

ചെലവിനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ് ഭരണച്ചെലവ്. ശുദ്ധജലവിതരണം തെരുവുവിളക്കുകൾ, ആരോഗ്യപരിപാലനം എന്നിവക്ക് വേണ്ടിവരുന്ന ചെലവും മാറ്റിവെക്കാനാവുന്നതല്ല. ഗ്രാന്റ് ഉപയോഗിച്ച് റോഡുനന്നാക്കലും, ചെക്കുഡാമുകൾ, ബണ്ടുകൾ എന്നിവയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

അൺ ടൈഡ് ഫണ്ടായിക്കിട്ടുന്ന തുക പഞ്ചായത്തിന്റെ സൗകര്യാർത്ഥം ചെവഴിക്കാം. ഉപാധിരഹിതഫണ്ടെന്ന പേരിൽ നിന്നു തന്നെ അതു മനസ്സിലാക്കാവുന്നതാണ്. അടുത്തത് JRY ഫണ്ടാണ്. അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുഭരണസമിതി ഉണ്ടാക്കുന്ന ആക്ഷൻ പ്ലാൻ അനുസിരച്ച് അതതു സാമ്പത്തിക വർഷം തന്നെ JRY ഫണ്ട് ചെലവഴിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ സാദ്ധ്യതകൾ

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദനികുതി, ലൈസൻസ്ഫീസ് എന്നീ ഇനങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെ മാത്രം തീരുമാനത്തിലുപരി ഭരണസമിതി നേരിട്ടു ശ്രദ്ധിച്ചാൽ വരുമാനവർദ്ധനവ് ഉണ്ടാക്കാൻ കഴിയും. നാട്ടിൽ ഉണ്ടാക്കാവുന്ന സാമ്പത്തിക വളർച്ചയുടെ തോതനുസരിച്ച് പഞ്ചായത്തിന്റെ വരുമാനത്തിനും വർദ്ധനവ് ഉണ്ടാവേണ്ടതാണ്. തൊഴിൽ നികുതി ചുമത്താൻ കഴിയു

## പഞ്ചായത്തിന്റെ ചിലവിനങ്ങൾ




ന്ന മുഴുവൻ ആളുകൾക്കും നികുതിചുമത്താൻ കഴിയുമെങ്കിൽ കൂടുതൽ നല്ലതാണ്.

നമ്മുടെ പഞ്ചായത്തിൽ 14 വ്യത്യസ്ത സ്ഥലങ്ങളിൽ സാമൂഹ്യജലസേചനപദ്ധതിക്കായി സർവ്വേ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതു പൂർത്തീകരിക്കണമെങ്കിൽ മൊത്തം എസ്റ്റിമേറ്റിന്റെ പത്തു ശതമാനം മനുഷ്യദ്ധ്വാനമായി സംഘടിപ്പിക്കേണ്ടതുണ്ട്. മേൽ സൂചിപ്പിച്ച 14 പദ്ധതികൾക്ക് ഉദ്ദേശം 25 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. ഭൂഗർഭജലം ഉപയോഗിച്ച് ചേറുകിട കുടിയിരുപ്പുകാർക്കും നാമമാത്രകർഷകർക്കും പറമ്പുകൃഷിചെയ്യുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിന് ഗുണഭോക്താക്കൾ നൽകുന്ന പത്തുശതമാനം സംഭാവനക്കു പുറമേ പദ്ധതി പൂർത്തീകരിച്ച ശേഷം പത്ത് ഏക്കറിൽ കുറയാത്ത ഓരോപദ്ധതി പ്രദേശത്തും കൃഷിപ്പണിക്കായി കൂടുതൽ അദ്ധ്വാനം സ്വരൂപിക്കപ്പെടുന്നു. ഇതുവരെയില്ലാത്ത കാർഷികോല്പാദനം നമ്മുടെ പ്രദേശത്ത് പുതിയതായി മുടക്കം കൂടാതെ ലഭ്യമാക്കുന്നു എന്നതും ഈ പദ്ധതിയുടെ സവിശേഷതയാണ്.



ഇതിനു പുറമെ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെയുള്ള ജലവാഹിനി പദ്ധതി ഉപരിതലജലം സംരക്ഷിച്ച് ജലസേചനത്തിന് ഉപയോഗിക്കാവുന്ന സ്കീമാണ്. 5 മുതൽ 10 ഹെക്ടർ വരെയുള്ള നെൽകൃഷിക്ക് ഉപയോഗിക്കുന്ന വിധം തലക്കുളങ്ങളം, ചെക്കുഡാമുകളം എന്നിവയുടെ സംരക്ഷണവും നിർമ്മാണവും നിർദ്ദേശിക്കാവുന്നതാണ്. 26 പാടശേഖരസമിതികളുള്ള തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഒന്നിന് ഒരു പദ്ധതി എന്ന കണക്കിൽ മൂന്ന് പദ്ധതിയെങ്കിലും നടപ്പിലാക്കാൻ കർഷകസമിതികൾ യത്നിക്കണം.

സംസ്ഥാനഭവനനിർമ്മാണ ബോർഡിന്റെ രാജീവ് ദശലക്ഷം പദ്ധതി അടക്കമുള്ള ഭവനപദ്ധതികൾ ശരിയായ രീതിയിൽ ഉപയോഗിക്കപ്പെട്ടാൽ പാർപ്പിടപ്രശ്നം പരിഹരിക്കപ്പെടുന്നതോടെ നമ്മുടെ പഞ്ചായത്തിന് അത് നല്ല ഒരു മുതൽക്കൂട്ടാവും.

പച്ചക്കറി കൃഷിയും, ബാക്ക്യാർഡ് കോഴിവളർത്തലും പഞ്ചായത്തിന്റെ ചെലവിൽ ജനകീയ പരിപാടിയാക്കുന്ന പക്ഷം ഒരു ദശലക്ഷം രൂപ മുതൽ മുടക്കിയവർ നാലു ദശലക്ഷം രൂപയുടെ മനുഷ്യ ദ്ധ്വാനവും സ്വരൂപിക്കാൻ കഴിയും. അതിൻഫലമായി പച്ചക്കറിയും, കോഴിസമ്പത്തും വർദ്ധിച്ച തോതിൽ ഉണ്ടാക്കാനും നമുക്ക് സാധിക്കും.

സംയോജിത ഗ്രാമവികസനപരിപാടി(IRDP), പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി (PMRY)വനിതാ ശിശുക്ഷേമപദ്ധതി (DWCRA)എന്നിവകളിലൂടെ സബ്സിഡി സംഖ്യക്കുപുറമേ ലക്ഷക്കണക്കിനുരൂപയുടെ ബാങ്കുവായ്പകൾ നമ്മുടെ പ്രദേശത്ത് ഉപയുക്തമാക്കാവുന്നതാണ്. വക മാറി ചെലവഴിക്കാതിരുന്നാൽ കുടുംബവരുമാനം വർദ്ധിപ്പിക്കാനും, ഉല്പാദന വർദ്ധനവുണ്ടാക്കാനും മേല്പറഞ്ഞ പദ്ധതികൾ വഴി നമുക്കു കഴിയും. നമ്മുടെ പഞ്ചായത്തിൽ




പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിക്ഷേപസംഖ്യയുടെ എൺപതുശതമാനം സംഖ്യയും ഇവിടെ കോസ്റ്റ്ബനിഫിറ്റ്വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായസംരഭകർക്കും മറ്റുപദ്ധതികളുടെ ഗുണഭേക്താക്കളാകാൻ അർഹതയുള്ളവർക്കും ലഭ്യമാക്കാൻ കഴിഞ്ഞാൽ കൂടുതൽ സാമ്പത്തിക വളർച്ച നേടാൻ നമുക്കു കഴിയും.

വികസന പ്രക്രിയയിൽ ഒരു പുത്തൻ കാഴ്ചപ്പാടുണ്ടാവണം. ഓരോരുത്തർക്കും ചെയ്യാൻ കഴിയുന്ന ശ്രമവും സംഭാവനയും സമൂഹത്തിനുവേണ്ടി നൽകാൻ തയ്യാറാവുകയും അധികാരവികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊള്ളുകയും ചെയ്താൽ ജനകീയ ആസൂത്രണം കൊണ്ട് വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യം നമുക്കു കൈവരിക്കാനാകും.

1997 ഏപ്രിൽ ഒന്നുമുതൽ തുടങ്ങുന്ന ഒമ്പതാം




പഞ്ചവത്സരപദ്ധതിയിൽ 35 മുതൽ 40 ശതമാനം വരെ സംഖ്യയുടെ വികസനപ്രവർത്തനം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കാൻ അവസരം കിട്ടുകയാണ്. ഉല്പാദന വർദ്ധനവിനും സാമ്പതിതക രംഗത്ത് നേട്ടങ്ങൾക്കും ഉതകുന്ന പദ്ധതികൾക്ക് മുൻഗണന കൊടുക്കാൻ വിവിധ വിഷയങ്ങളിലെ ഗ്രൂപ്പ് അംഗങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ പദ്ധതി നടത്തിപ്പിൽ പങ്കാളികളായും മേൽനോട്ടം വഹിച്ചും ചെലവഴിക്കാൻ പോകുന്ന മുഴുവൻ സംഖ്യയും ചോർച്ചയില്ലാതെ ഉപയോഗപ്പെടുത്തി എന്ന് ഉറപ്പുവരുത്തുകയും വേണം. തീർച്ചയായും നല്ലൊരു മാറ്റം നാട്ടിൻപുറങ്ങളിൽ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കാം.

---

നാം കർമ്മം ചെയ്യുന്നത് യജമാനനെ പോലെ ആയിരിക്കണം, അടിമയപ്പോലെ ആയിരിക്കരുത്.

**സ്വാമി വിവേകാനന്ദൻ**

---

മനുഷ്യന്റെ പ്രശ്നങ്ങൾക്കുകാരണം അജ്ഞതയും അച്ചടക്കരാഹിത്യവുമാണ്.

**ചാണക്യൻ**

---

മറ്റൊരുത്തന്റെ ചുണ്ടിൽ ആനന്ദത്തിന്റെ പുഞ്ചിരി വിടർത്തുന്ന ഏതൊരു കർമ്മവും സൽപ്രവർത്തിയാകുന്നു.

**മുഹമ്മദ് നബി**

---

നിന്നോടു ചെയ്യുമ്പോൾ നീ ഇഷ്ടപ്പെടാത്തത് മറ്റുള്ളവരോടും ചെയ്യാതിരിക്കുക.

**കൺഫ്യൂഷ്യസ്**

# ഉപസംഹാരം

''തസ്മാദസക്തഃ സതതം കാര്യം കർമ സമാചാര
അസക്തോ ഹ്യാചരൻ കർമ്മ പരമാപ്നോതിപുരുഷ ഃ''

ജനകീയാസൂത്രണ പ്രസ്ഥാനം കേരളരാഷ്ട്രീയത്തിൽ ഗുണപരമായ സ്വാധീനം ഇതിനകം ചെലുത്തിയിരിക്കുന്നതായികാണാം. അതായത് സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിനതീതമായ കാഴ്ചപ്പാട് രൂപപ്പെട്ടുവരുന്നു എന്നതാണ് ഈ ഗുണപരമായ സ്വാധീനം കൊണ്ട് ഉദ്ദേശിക്കുന്നത്.

നമ്മുടെ രാജ്യത്ത് ഇദംപ്രഥമായിട്ടാണ് ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണം ഒരു യാഥാർത്ഥ്യമായിത്തീരാൻ പോകുന്നത്. അനുകരിക്കാൻ മറ്റ് മാതൃകകൾ ഒന്നുമില്ല. നമ്മുടെ പാത നാം തന്നെ തെളിയിക്കേണ്ടിയിരിക്കുന്നു. വളരെ ചുരുങ്ങിയ സമയം കൊണ്ടാണ്, അതും വേണ്ടത്ര മുന്നൊരുക്കങ്ങളൊന്നും ഇല്ലാതെയാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതിന്റേതാകുന്ന പരിമിതികളും റിപ്പോർട്ടിലുണ്ടാകാം. എങ്കിലും ആവുന്നത്ര ആധികാരികത വച്ചു പുലർത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലം, സാംസ്കാരിക ചരിത്രം, ഭൂപ്രകൃതി എന്നിവയും വികസന മേഖലകളുടെ ഇന്നലെ ഇന്ന് നാളെ എന്ന കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകളും പരിഹാരനിർദ്ദേശങ്ങളും ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിന്റെ സർവ്വതല വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ രൂപപ്പെടുത്താൻ ഈ റിപ്പോർട്ട് ഒരു മാർഗ്ഗദർശിയാകുമെന്ന പ്രത്യാശ ഞങ്ങൾക്കുണ്ട്. ഇതിലെ കുറവുകൾക്കുള്ള കൂട്ടിചേർക്കലുകളും സമ്പുഷ്ടമായ ചർച്ചയും ''൯-ാം പദ്ധതി ജനകീയ പദ്ധതി'' എന്ന സങ്കൽപ്പം യാഥാർത്ഥ്യത്തിലേക്ക് എത്തിക്കുമെന്ന പരിപൂർണ്ണ വിശ്വാസവും ഞങ്ങൾക്കുണ്ട്.

ഈ വികസന റിപ്പോർട്ടിന്റെ പണിപ്പുരയിൽ ഏതാണ്ട് ഇരുനൂറോളം മനുഷ്യാദ്ധ്വാന ദിനങ്ങൾ ചെലവഴിക്കപ്പെട്ടിട്ടുള്ളതായി അനുമാനിക്കുന്നു. ഇത്രയും മനുഷ്യാദ്ധ്വാനങ്ങൾ സംഭാവനചെയ്ത സമർപ്പിത ചേതസ്സുകളായ പ്രവർത്തകരെ ഹൃദയപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

**എൻ. കുമാരൻ**
*ജനറൽ കൺവീനർ*

## റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ചവർ

| | |
|---|---|
| വി. അരവിന്ദാക്ഷൻ | വേലായുധൻ മാസ്റ്റർ |
| എം.ആർ. മണി | മുകുന്ദൻ മാസ്റ്റർ |
| ആർ. കുമാരദാസ് | മദനമോഹനൻ മാസ്റ്റർ |
| ഡോ. നാസർ. എം.എ. | കെ. രവീന്ദ്രൻ |
| എം. അരവിന്ദാക്ഷൻ നായർ | കെ.സി. വേലായുധൻ |
| ശങ്കുണ്ണി മാസ്റ്റർ | സി. മോഹനൻ |
| വി. ചന്ദ്രൻമാസ്റ്റർ | എ. മക്കുട്ടി |
| പി. നാരായണൻ കുട്ടി | ശാരദനാരായണൻ നായർ |
| ടി.കെ. വാസുഗോവിന്ദൻ | ഏരുകുളം വിജയൻ |
| ദേവകുമാരി അമ്മ | പി. രാമകൃഷ്ണൻ നായർ |
| കെ. ദിവാകരനുണ്ണി | ഭാസ്കരൻ |
| പി.എ. ഉസ്സനാർ | സി. ശിവശങ്കരൻ |
| എസ്. രാമൻ | സഹദേവൻ |
| പി.കെ. രാജേന്ദ്രൻ | പി.സി. വേലായുധൻ |
| കെ. ഗോവിന്ദൻ കുട്ടി | കെ. രവിചന്ദ്രൻ |
| കെ.പി. ശോഭ | രാധാശിവശങ്കർ |
| സി. പ്രഭാകരൻ മാസ്റ്റർ | സുമതി |
| വി.പി. കൃഷ്ണൻ | പി. ലക്ഷ്മികുട്ടി |
| കെ.എൻ. സുലൈമാൻ | പി. ബാലാമണി |
| പി. രാമൻ നായഡു | പാർവ്വതി |
| കെ.എൻ. മാധവൻ | കമലം |
| ജോയി മേക്കാട്ടുകുളം | എസ്. വത്സല |
| വി.കെ.രാമചന്ദ്രൻ | ടി.കെ. ബാലചന്ദ്രൻ |
| എം.ഒ. ശിവകുമാർ | കെ. രാമൻ |
| എ. അണ്ണാമല | നളിനാക്ഷൻ |
| സോമൻ നാണാശ്ശേരി | എ. നാരായണൻ |
| വി.പി. രവീന്ദ്രൻ | യു.വി. രാമനാഥൻ |
| സി.എൻ. കുമാരൻ | ഡോ. മാധവൻ |
| പുരുഷോത്തൻനമ്പൂതിരി | പി. സേതുമാധവൻ |
| ഡോ. എൻ.കെ. ബാബു | എ. സുബ്രഹ്മണ്യൻ |
| മോഹനൻ | രാമചന്ദ്രൻ മങ്ങാട്ട് |
| സോമരാജൻ മാസ്റ്റർ | ആർ. സുകുമാരൻ |

ജനാധിപത്യപ്രക്രിയ ഔന്നത്യങ്ങളിലെത്തി നില്ക്കുന്ന

ഭാരതത്തിലെ പരസഹസ്രം ഗ്രാമപ്രദേശങ്ങളിലൊന്നായ തിരുവില്വാമല........

വൈവിദ്ധ്യമാർന്ന ജാതിമതവിശ്വാസങ്ങൾ നിലനില്ക്കുന്ന ഈ ഗ്രാമപ്രദേശത്ത്

വൈരുദ്ധ്യമാർന്ന ആശയങ്ങളും, ചിന്താഗതികളും ഉള്ളിലേറി നടക്കുന്ന രാഷ്ട്രീയ സംവിധാനങ്ങൾ നിലനിൽക്കേ

നാനാത്വത്തിൽ ഏകത്വം കണ്ടെത്തുന്ന ഈ പുണ്യഭൂമിയെപ്പറ്റി ഒട്ടനവധി ഭൗതിക വിവരങ്ങൾ സമാഹരിക്കുവാനും

ഈ പുസ്തകത്തിലെ കൊച്ചുതാളുകളിൽ അണിനിരത്തുവാനും കൈകോർത്തു നിന്ന ഏവർക്കും

"നന്ദി"

എഡിറ്റർ

Design Typeset & Offset printing ***SCIENTIFIC PRINTOSYSTEMS*** Ottapalam-3, ✆ 644573


ഉത്സവ കാലങ്ങളിൽ.....